ശ്രീ. പി. ടി. ചാക്കോ: ലോക്കൽ പോലീസ് തന്നെയാണ് അന്വേഷണം നടത്തുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: ഇക്കാര്യത്തിൽ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ അതും കൂടി ഈ അന്വേഷണത്തിന് വിധേയമായിത്തീർന്നിട്ടുണ്ടോ?

ശ്രീ. പി. ടി. ചാക്കോ: മെഡിക്കൽ സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതുംകൂടി കണക്കിലെടുത്തുകൊണ്ടാണ് അന്വേഷണം നടത്തുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇക്കാര്യത്തിൽ സമ്മർദ്ദത്തിനെ വകവെയ്ക്കാതെ നിയമത്തിൽകൂടി നേരായ മാർഗ്ഗത്തിൽകൂടി മുന്നോട്ടുപോകുമെന്ന് പ്രതീക്ഷിക്കാമോ?

ശ്രീ. പി. ടി. ചാക്കോ: നിശ്ചയമായും പ്രതീക്ഷിക്കാം.

ശ്രീ. ആർ. സുഗതൻ: ഇനി അന്വേഷണം നടത്തിവരുമ്പോൾ ഇതിൽ പറയുന്ന ആളം അല്ല മരിച്ചതെന്നും വേറൊരാളാണ് മരിച്ചതെന്നും പറഞ്ഞ് അന്വേഷണം തേച്ചുമാച്ചുകളയുമോ? കണ്ടറ ഇങ്ങനെ ഒരു സംഭവമുണ്ടായിട്ടുള്ളതറിയാമോ?

ശ്രീ. പി. ടി. ചാക്കോ: കണ്ടറയിൽ നടന്നതുപോലെയല്ല ഇത്. ഇതിൽ അങ്ങനെ വരികയില്ല. കാരണം ഇതിൽ പ്രേതം കിട്ടിയിട്ടുണ്ട്.

LEGISLATIVE BUSINESS

The Kerala Land Reforms Bill

Consideration of amendments to the Bill as reported by the Select Committee (Contd.)

Mr. Speaker: Now we pass on to the Legislative Business.

Clause 45

Mr. Speaker: There are no amendments.

The question that Clause stand part of the Bill was put and carried

Clause 45 was added to the Bill.

Clause 46

Mr. Speaker: Shri K. Hassan Gani may move amendment Nos. 699 & 700, Shri M. Narayana Kurup may move amendment No. 1086 and Smt. K. R. Gouri may move amendment No. 1537.

(Shri K. Hassan Gani is not in his seat)

Shri M. Narayana Kurup: Sir, I am not moving my amendment.

Smt. K. R. Gouri: Sir, I move amendment No. 1537.

In clause 46, redraft sub clause (1) as follows:

"(1) Where by act of parties or by operation of law, any interest of the landlord, or the tenant in the holding has been severed before the commencement of this Act, each such part shall be considered as a separate holding except for the purpose of exercising the right of resumption. On such severance, the landlord or the tenant as the case may be, apply to the Land Tribunal for the apportionment of rent and security for rent, if any."

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ ഈ ഭേദഗതി കൊണ്ടു് പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നതു് ശ്രീ. നാരായണക്കുറുപ്പിന്റെ ഭേദഗതി മൂവ്വുചെയ്യുകയാണെങ്കിൽ അതിനെ കൗണ്ടർ ചെയ്യുന്നതിനു് വേണ്ടിയാണു്. ആ ഭേദഗതി മൂവ്വ ചെയ്യുമെന്നു് വിചാരിച്ചാണു് ഞാൻ ഇതു് കൊണ്ടുവന്നിട്ടുള്ളതു്. ഈ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്:

'where by act of parties or by operation of law, any interest of the landlord, or the tenant in the holding has been severed before the commencement of this Act, each such part shall be considered as a separate holding except for the purpose of exercising the right of resumption. On such severance, the landlord or the tenant as the case may be, apply to the Land Tribunal for the apportionment of rent and security for rent, if any."

ഇതാണു്. ഇങ്ങനെ ചെയ്യുന്നതു് നിയമം നടപ്പിൽ വരുന്നതിനുമുമ്പു ഇതിൽ ഏതെങ്കിലും holding നിയമപ്രകാരമോ വ്യക്തികളുടെ ഇടപെടൽ മൂലമോ രണ്ടായോ കൂടുതലായോ വിഭജിച്ചാൽ പ്രത്യേക holding ആയി അതിനെ ഓരോന്നിനെയും കാണണമെന്നാണു്. ക്ലാസ്സ് 46 പ്രകാരം before the commencement of this Act ഇതു് നടപ്പിലാകുമെന്നു് മാത്രമല്ല അപ്പോർഷൻമെന്റു് ഓഫ് റെന്റിൽ ഉള്ളതാണു്. പ്രത്യേകമായി ഹോൾഡിംഗ്സ് മാത്രംകണക്കാക്കണമെന്നും, അതുകൊണ്ടു് റിസംപ്ഷനുള്ള അവകാശം പ്രത്യേകമായി ആക്കരുതെന്നുമാണു് എന്റെഅഭിപ്രായം. എന്റെ ഈ ഭേദഗതി സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം.

ശ്രീ. പി. ടി. ചാക്കോ: സർ, ശ്രീമതി ഗൗരി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സ്വീകരിക്കുന്നില്ല.

Mr. Speaker: Do you press your amendment?

Smt. K. R. Gouri: Yes, Sir.

Amendment No. 1537 moved by Smt. K. R. Gouri was put and lost.

The question that Clause 46 stand part of the Bill was put and carried.

Clause 46 was added to the Bill.

New Clause after Clause 46

Mr. Speaker: Smt. K. R. Gouri may move her amendment.

Smt. K. R. Gouri: Sir, I move amendment No. 1538.

After clause 46, add a new clause as 47 and renumber.

"47. Where in respect of a holding the tenant is not bound to pay any rent, and is not paying any rent consequent on it, or where there is no stipulation for the payment of any rent to the landlord by the tenant, in the contract of tenancy, the tenant is bound to pay, from the commencement of this Act, a sum of rupees two as rent in addition to the cesses and taxes due to the Government and local authorities."

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

സർ, കാർഷികബന്ധനിയമത്തിൽ വിട്ടുപോയ ഒരു വകുപ്പ് എല്ലാവർക്കും അറിയാവുന്നതും അംഗീകരിച്ചതുമായ ഒരു വസ്തുതയാണ്. അതായതു ചില കുടിയാന്മാരെ സംബന്ധിച്ച് ഇന്നു പാട്ടം കൊടുക്കുന്നതിനു വ്യവസ്ഥ യാതൊന്നുംതന്നെ ഇല്ലാത്തപ്പോൾ purchase ചെയ്യാൻ അവർ ഏതടിസ്ഥാനത്തിൽ അപേക്ഷിക്കണമെന്നു ചില ഡാക്കുമെൻറിൽ എഴുതിവെച്ചിരിക്കുന്നതു് കാണമെന്നായിരിക്കും, ചിലതിൽ എഴുതിവെച്ചിരിക്കുന്നതു് ഒററിയെന്നായിരിക്കും. Otty, which shall be termed as kanam and which comes under kanam ഇങ്ങനെയുള്ളതും വരാം. അങ്ങനെയുള്ള ചില പ്രമാണങ്ങളിൽ കസ്ററമറി ഡ്യൂസ് മാത്രം കൊടുക്കുന്നതിനുള്ള വ്യവസ്ഥ കാണും. വസ്തു നിങ്ങൾ അനുഭവിച്ചുകൊള്ളണമെന്നും, ഓണത്തിനു് ഒരു കുലയോ മറേറാ കാഴ്ചയായി കൊടുക്കണമെന്നും മാത്രം എഴുതിവെച്ചിരിക്കും. നിയമം നടപ്പിൽ വന്നതിനുശേഷം Customary dues കൊടുക്കണ്ട എന്നു ആയതോടുകൂടി ആ വിഭാഗക്കാർ ഒന്നും കൊടുക്കേണ്ട എന്നായിട്ടുണ്ടു്. അങ്ങനെയുള്ള Tenancy കൾക്കു് ഒന്നുംതന്നെ പ്രത്യേകമായിട്ടു് പാട്ടം കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള നിർബന്ധം കൊണ്ടല്ല ഞാനീ ഭേദഗതി അവതരിപ്പിക്കുന്നതു്. 1074-ാം നമ്പരായിട്ടു് മന്ത്രിയുടെ ഭാഗത്തുനിന്നും ഒരു ഭേദഗതികൊടുത്തിട്ടുണ്ടു്. അതു് പർച്ചേസ് റൈററ് വാങ്ങിക്കുമ്പോൾ എന്തായിരിക്കണം ഈ വിധത്തിനുള്ള purchase price എന്നുള്ളതിനെ സംബന്ധിച്ചാണു്. Where there is no provision for payment of rent—annuity യെ സംബന്ധിച്ചും പറയുന്നുണ്ടു്. പർച്ചേസ് ചെയ്യുമ്പോൾ തന്നെ ഭരണഘടനയ്ക്കു് വിധേയമായിരിക്കണമെന്നാണല്ലോ പറയുന്നതു്. ഭരണഘടനാപരമായി ഏതെങ്കിലും ഒരാളിൻെറ അവകാശം നിയമപ്രകാരം ഇല്ലാതാക്കണമെങ്കിൽ അതിനു പ്രതിഫലം കൊടുക്കണം, തുക എത്തുച്ഛമായാലും കൊടുത്തേ പററൂ, കേന്ദ്രഗവണ്മെൻറുതന്നെ ഒരു കോമ്പൻസേഷൻകൊടുക്കാതെ വസ്തുക്കളിലുള്ള അവകാശം നിറുത്തൽ ചെയ്യുന്നതിനു് അംഗീകാരമോ, അംഗീകാരം കൊടുത്താൽ നിയമപരമോ ആകുമെന്നു തോന്നുന്നില്ല.

അപ്പോൾ പർച്ചേസ് റൈററ് വാങ്ങിക്കുന്നതിനു് ഏതെങ്കിലും വിധത്തിൽ കോമ്പൻസേഷൻ കൊടുക്കേണ്ടിവരും. അങ്ങനെ കോമ്പൻസേഷൻ കൊടുക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഇന്നു് വളരെ ആവശ്യമാണു്. തുച്ഛമായിട്ടു് മാത്രം എന്തെങ്കിലും ഭാഗം കൊടുക്കണമെന്നു് പറഞ്ഞിരിക്കുന്ന ഭൂമിയെ സംബന്ധിച്ചു് ഇതാവശ്യമാണു്. പഴയകാലത്തു് നിലവിലിരുന്ന സർവ്വീസിനേയും മററും പരിഗണിച്ചു കൊണ്ടു് കർഷക തൊഴിലാളികൾ ജന്മികളുടെ പറമ്പുകളിൽ വീടുകെട്ടിത്താമസിച്ചു്, ജന്മിയുടെ കീഴിൽ ജോലിചെയ്തു കർഷകതൊഴിലാളികളായി ജീവിക്കുന്നവരുണ്ടു്. അവർ വല്ല വിശേഷദിവസങ്ങളിൽ അതായതു് ഓണത്തിനോ, കൃസ്തുമസ്സിനോ, പെരുന്നാളിനോ എന്തെങ്കിലും കാഴ്ചയായി ജന്മിയ്ക്കു കൊടുക്കുന്നതിനുള്ള വ്യവസ്ഥ എഴുതിവെച്ച പ്രമാണങ്ങളും ഈ രാജ്യത്തു് ധാരാളം ഉണ്ടു്. ഇങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം ചെറിയ ഒരു പ്രതിഫലം കൊടുത്തു ജന്മം വാങ്ങാൻ അവകാശം കൊടുക്കേണ്ടതാണു്. മലബാറിനെ സംബന്ധിച്ചു് നോക്കുകയാണെങ്കിൽ അവിടത്തെ മലയോര കുടിയേററക്കാരെ സംബന്ധിച്ചു് ഇതു് ഒരു വലിയ പ്രശ്നവുമാണു്. അവരെ സംബന്ധിച്ചു് ക്ലാസ് 71- പ്രകാരം purchase ചെയ്യാതിരിക്കാനും പററില്ല. കാരണം ഭേദഗതി 1534 പ്രകാരം purchase ചെയ്തില്ലെങ്കിൽ നിർബന്ധമായി ഭൂമി ഗവണ്മെൻറു് Notification പ്രകാരം കുടിയാനിൽ നിക്ഷിപ്തമാക്കുകയും അതിനു് ബലമായിട്ടുള്ള വില കൊടുക്കേണ്ടിവരികയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടു്.

"At any time after the expiry of the period allowed under Clause (1) of section 18 for applying for resumption of land, or, where any appeal has been preferred from the orders of the Land Tribunal under Section 22, after the disposal of the appeal, the Government may, by notification in the Gazette, declare that right, title and

LIBRARY ARCHIVES Kerala Legislative Assembly

interest of the land-owners and intermediaries in respect of holdings which have not been purchased by cultivating tenants, shall vest in the cultivating tenants free from all encumbrances; and different notifications may be issued for different areas in the State''.

കാർഷികബന്ധനിയമം പാസ്സാക്കിയ അവസരത്തിൽ ഇതുപോലുള്ള കുടിയാന്മാർക്ക് purchase ചെയ്യുന്നതിന് Compensation കൊടുക്കേണ്ടിവരു മെങ്കിൽ ഉപയോഗിക്കാനായി Fair rent schedule-ൽ ഒരു item ചേർത്തിരുന്നു. എന്നാൽ For lands on which the gross produce could not be ascertained under law'' എന്നുള്ളത് ഈ ഭൂമികളെ ബാധിക്കുകയില്ല എന്നായി. ഈ ഭൂമികളെ സംബന്ധിച്ച് നിയമത്തിൽ പ്രത്യേക വകുപ്പ് എഴുതി rent തിട്ടപ്പെടുത്തിയില്ല എങ്കിൽ schedule-ലുള്ള fair rent കൊടുക്കേണ്ട ഒരു സ്ഥിതി വിശേഷം ഉളവാകും. എന്നാൽ ഭൂമി Purchase ചെയ്യണ്ട എന്നു വിചാരിച്ച് കുടിയാനിരുന്നാൽപോലും Compensation vesting provision ഇരിക്കുന്നതുകൊണ്ട് അതിനും നിവൃത്തിയില്ലാതെയിരിക്കുകയാണ്. ഈഭൂമികളെ സംബന്ധിച്ച് Schedule പ്രകാരമുള്ള fair rent കൊടുക്കുന്നതിന് വ്യവസ്ഥ എഴുതിചേർത്തിരിക്കുന്ന സ്ഥിതി അന്യായമാണ്. അതു ബുദ്ധിമുട്ടുളവാക്കുന്നതുമാണ്. ഈ മലയോര ഭൂമികളെ സംബന്ധിച്ച് ഇന്നുവരെ പാട്ടമില്ലാതെയിരിക്കാൻ പ്രത്യേക കാരണമുണ്ട്. അതുപോലെ ഭോഗങ്ങൾ മാത്രം കൊടുത്തു അനുഭവിക്കുവാൻ കൊടുക്കുന്ന വസ്തുക്കളും പ്രത്യേക ചില അവകാശത്തിന്റെ പേരിലും ചില നിർബന്ധസേവനങ്ങൾ നടത്തിയതിന്റെ പേരിലുമുള്ളതാണ്. ഈ ഭൂമികളെ സംബന്ധിച്ച് ഇന്നു കുടിയായ്മ ഉണ്ടെന്നു സ്ഥാപിച്ചാൽ പാട്ടത്തിന് ജന്മിയ്ക്കും അപേക്ഷ കൊടുക്കാമെന്നുള്ള വ്യവസ്ഥ അംഗീകരിച്ച സ്ഥിതിക്ക് പാട്ടം തിട്ടപെടുത്താൻ കുടിയാനു അപേക്ഷ കൊടുത്തില്ല, എങ്കിൽതന്നെ ജന്മിക്കു അപേക്ഷകൊടുക്കുവാൻ അധികാരം കൊടുത്തിരിക്കുന്ന സ്ഥിതിക്കു ജന്മി പാട്ടം തിട്ടപ്പെടുത്താൻ അപേക്ഷ കൊടുക്കാതിരിക്കുകയില്ല. ഇങ്ങനെയുള്ള ഭൂമിയ്ക്കു പാട്ടം Contract rent or schedule rent whichever is less എന്ന തത്വം (ഈ ഭൂമികളുടെ ജന്മികൾ വലിയ ജന്മികളാണെന്നു അംഗീകരിച്ചുകൊണ്ടു) അംഗീകരിച്ചാൽതന്നെ ഇന്നു Contract rent ഇല്ലാത്തതിനാൽ fair rent in schedule ഇവർ കൊടുക്കേണ്ടിവരും. അതു ഭാരിച്ചതുകയുമായിരിക്കും. മലയോര കയ്യേററക്കാർ കുറഞ്ഞതു് അഞ്ചിനും, പത്തുലക്ഷത്തിനും ഇടയ്ക്കുവരും ഇവരിൽ, പകുതിപ്പേർ എങ്കിലും രേഖയില്ലാത്തവരും പാട്ടം കൊടുക്കാത്തവരുമാണ്. ഇവർ Schedule അനുസരിച്ച fair rent കൊടുക്കുന്നതു് അന്യായമാണ്, പിടിച്ചു പറിയാണ്. കാരണം ഞാൻ ഇതിനു മുൻപ് പലപ്പോഴും ഈ സഭയിൽ പറഞ്ഞിട്ടുള്ളതു പോലെ അല്പം ചിലരൊഴിച്ച് ബാക്കിയുള്ളവർ ഭൂമിയുടെ വില മാനുഷമായിക്കൊടുത്തു് നിലവിലിരിക്കുന്ന നിയമം കൈമാററങ്ങൾ അനുവദിക്കാത്തതിനാൽ പ്രമാണം നടത്താതെ ഭൂമിയിൽ കൃഷിചെയ്യുന്നവരാണ്. ഗവൺമെൻറിലും മററും സ്വാധീനം ചെലുത്താൻ സാധിച്ചവർക്കു പ്രമാണങ്ങൾ കിട്ടിയിട്ടുണ്ടു്, നിയമപരമായകരണങ്ങളും നടന്നിട്ടുണ്ട്.

എന്നാൽ ഒന്നിനും നിവൃത്തിയില്ലാത്ത വിഭാഗക്കാരാണ് ഇവർ. അവരുടെ ഇന്നത്തേതായ അവകാശം പരിമിതപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് വാസ്തവത്തിൽ നാം ഇന്നു നോക്കുകയാണെങ്കിൽ അവരുടെ ഭൂമിയെ സംബന്ധിച്ച് ആ ഭൂമിയുടെ വില അവർ കൊടുത്തുകഴിഞ്ഞ സ്ഥിതിയ്ക്കു് പാട്ടം കുറഞ്ഞതോതിൽ നിശ്ചയിക്കണം. മാനുഷം അതായതു ഭൂമിയുടെ വില കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അവർ ഇന്നു രണ്ടു വിഭാഗത്തിൽമാത്രമേ ടെനൻറായി കണ്ടിന്യൂ ചെയ്തിട്ടുള്ളു. ഒന്നു രുമക്കത്തായ നിയമപ്രകാരം കുടുംബത്തിലെ കാരണവരോ മററോ ആണ് ട്രാൻസ്ഫർ ചെയ്യുന്നതെങ്കിൽ ജന്മിക്കു് കൊടുക്കുന്നതിന് അവകാശമില്ല. ലീസിനു മാത്രമേ അവകാശമുള്ളു. രണ്ടാമത്തു് പ്രൈവററ് ഫോറസ്ററ് നിയമപ്രകാരം കളക്ടരുടെ അംഗീകാരം കിട്ടാതെ നടക്കുന്ന ട്രാൻസ്ഫർ invalid ആണ്. ആ ട്രാൻസ്ഫർ കണക്കിലെടുക്കാതെ ലീസ് എന്നുള്ള നിലയിൽ ഡോക്യുമെൻറ്സ് ഇല്ലാതെ മാനുഷം കൊടുത്തുകഴിഞ്ഞതിനുശേഷം ജന്മിയിൽ നിന്നു ഭൂമി വാങ്ങിയങ്ങനെ കൈ

[ശ്രീമതി കെ. ആർ. ഗൗരി]

വശം വച്ചു കൃഷിചെയ്യുന്ന ഒരു വിഭാഗക്കാരാണ്. ഈ ട്രാൻസ്ഫർ 1957 ഏപ്രിൽ 11-ന് രണ്ടുകൊല്ലത്തിനു മുൻപുള്ളവരുടെ കൈവശമേ നിയമപരമായി Tenant ആയി ഈ നിയമത്തിൽ അംഗീകരിച്ചിട്ടുള്ളു. രാഷ്ട്രീയമായോ, സാമ്പത്തികമായോ സ്വാധീനം ഉപയോഗിക്കാൻ സാധിക്കുന്ന ആളുകൾക്ക് എല്ലാം മിക്കവാറും കളക്ടരും ഗവണ്മെൻറും അവരുടെ ട്രാൻസ്ഫറെല്ലാം അംഗീകരിച്ചുകൊടുത്തിട്ടുണ്ട്. ഇതു പോലെ മലമ്പുഴ ഇറിഗേഷനു ദോഷം സംഭവിക്കുമെന്നുള്ള കാരണത്താൽ അവിടെയുള്ള കുറെ ട്രാൻസ്ഫർ കളക്ടർ തള്ളിക്കളഞ്ഞതിനുശേഷം അതിലെ കക്ഷികൾ ഗവണ്മെൻറിലേക്ക് അപ്പീൽ കൊടുത്തിരുന്നു. അപ്പീൽ കൊടുത്തിരുന്ന ആളുകളുടെ ലിസ്റ്റു നോക്കുകയാണെങ്കിൽ അവർക്ക് അംഗീകാരം കൊടുക്കാതിരുന്നാൽ അതു മന്ത്രിസഭയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്നുള്ളതുകൊണ്ട് അവർക്ക് അംഗീകാരം കൊടുത്തുകഴിഞ്ഞു എന്നാണ് ഞാനറിഞ്ഞതു്. കൊടുക്കാതിരിക്കുവാൻ നിവൃത്തിയില്ലല്ലോ. ഏതായാലും ആ ലിസ്റ്റ് ആദ്യം പോയതു് ശ്രീ. ഇ. പി. പൗലോസിൻെറ അടുത്താണ്. ഏതായാലും ശ്രീ. എം. പി. ഗോവിന്ദൻ നായരുടെ അടുത്തല്ലായിരുന്നു. അതിൻെറ വിശദവിവരം അറിഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ആദ്യം ശ്രീ. ഇ. പി. പൗലോസിൻെറ മുൻപിലാണ് ആ ലിസ്റ്റു പോയതു്. പിന്നീട് ആ ലിസ്റ്റ് ശ്രീ. എം. പി. ഗോവിന്ദൻ നായരുടെ മുൻപിൽ വന്നിരിക്കാം. ഏതായാലും ആ പട്ടിക വച്ചുനോക്കുകയാണെങ്കിൽ ഗവണ്മെൻറിന് ഇന്നത്തെ നിലയിൽ മന്ത്രിസഭ തുടരണമെങ്കിൽ ആ ട്രാൻസ്ഫർ എല്ലാം അംഗീകരിച്ചുകൊടുത്തേ ഒക്കുകയുള്ളു എന്നു നിർബന്ധമാണ്. കാരണം ആ വിധത്തിലുള്ള ആൾക്കാരാണ് ആ ലിസ്റ്റിലുള്ളതു്. അങ്ങനെയുള്ള ആളുകളുടെ ട്രാൻസ്ഫർ അംഗീകരിച്ചിട്ടുണ്ട്. ഞാൻ മുൻപു പറഞ്ഞതു് 1957 ഡിസംബർ 18-നു ശേഷമുള്ള കൈമാററങ്ങളാണ്. എന്നാൽ പണം കൊണ്ട് സ്വാധീനിക്കാൻ സാധിക്കാതെ മാനുഷം കൊടുത്തു ഭൂമിയിൽ പ്രവേശിപ്പിച്ച പാവപ്പെട്ടവർക്കു പ്രമാണം കിട്ടിയില്ല എന്നു മാത്രമല്ല ആ വിഭാഗക്കാരുടെ കയ്യേററം ജന്മി തക്കിച്ചാൽ അവർക്ക് ഈ നിയമപ്രകാരം Tenancy right പോലും guarantee ചെയ്യിട്ടില്ല. അതിനുമുമ്പുള്ളവരുടെ കേസുമാത്രമേ ഈ നിയമത്തിൽ ബാധകമാകുകയുള്ളു. ആ നിലയിൽ ഈ വിഭാഗക്കാരെ സംബന്ധിച്ച് എന്തായാലും കാമ്പൻസേഷൻ ഫിക്സ് ചെയ്യുന്നതിനുള്ള നാർമലായിട്ടുള്ള ഒരു റെൻറു വേണം. കാർഷികബന്ധനിയമം എഴുതിയപ്പോൾ ആ നിയമത്തിൽ ഈ വിഭാഗക്കാരെ സംബന്ധിച്ചു എഴുതുന്നതിനു പ്രത്യേക ഉദ്ദേശമുണ്ടായിരുന്നു. ആ ഉദ്ദേശം ഈ വിഭാഗക്കാരെ സംബന്ധിച്ചു എന്തെങ്കിലും റെൻറ് കൊടുക്കുന്നതിനുള്ള പ്രൊവിഷൻ ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തിൽ നോട്ടിഫിക്കേഷൻ ആഫ് ഫെയർ റെൻറ് Schedule-ൽ അവസാന item ഇവർക്കു വേണ്ടി എഴുതിയതാണ്. അന്നത്തെ ഉദ്ദേശം ഇതുപോലുള്ള ഭൂമികളെ സംബന്ധിച്ച് എന്തെങ്കിലും വിധത്തിൽ കാൺട്രാക്റ്റുറെൻറ് ഒക്കുകയില്ല. ഗ്രാസ് പ്രൊഡ്യൂസ് കൊടുക്കുന്നതിനു നിശ്ചയിക്കാനൊക്കുകയില്ല, അതുകൊണ്ട് ആ വിധത്തിലുള്ള ഭൂമികളെ സംബന്ധിച്ച് ഒരു വ്യവസ്ഥ വേണമെന്നു അന്നു വിചാരിച്ചിരുന്നു. പക്ഷെ എഴുതിയപ്പോൾ ആ item Drafting-ൽ വന്ന തകരാറുമൂലം clause interpretation-ൽ ഇത്തരം കുടിയാന്മാരെ അതു ബാധിക്കുകയില്ല എന്നു വന്നു. അതുകൊണ്ടാണ് നിർബന്ധമായും ഈ വിഭാഗക്കാർക്ക് പ്രത്യേക പാട്ടം നിജപ്പെടുത്തി ഏക്കറിന് 2 രൂപാ Tax-നും cess-നും ചുമതല കൊടുക്കത്തക്കവിധത്തിൽ ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. അവരെ സംബന്ധിച്ചത്രയും ശ്രീ. ബലറാം കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ പറയുകയുണ്ടായി. കൊട്ടിയൂർ ദേവസ്വത്തിലെ കുറെ ഭൂമിയിൽ കൃഷി ചെയ്യുന്ന കുടിയാന്മാർ ഫെയർ റെൻറ് നിശ്ചയിച്ചു കിട്ടുന്നതിനുള്ള അപേക്ഷ കൊടുത്തു. ആ അപേക്ഷ Contract റെൻറില്ലാത്തതുകൊണ്ട് ഷെഡ്യൂൾ പ്രകാരമുള്ള ഫെയർറെൻറായി കണക്കാക്കി അതു് ഇന്നു് ഒരു രൂപപോലും കൊടുക്കാത്ത സ്ഥലത്തു് 100 രൂപാ 150 രൂപ വരെ പാട്ടം കൊടുക്കത്തക്ക സ്ഥിതിഗതികൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുകയാണ്. ആ വിഭാഗത്തെ സംബന്ധിച്ച് ഒരു പ്രൊവിഷൻ ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അതു് ഒരാം രണ്ടു രൂപ കൊടുക്കണമെന്നാണോ ?

ശ്രീമതി. കെ. ആർ. ഗൗരി: ഹോൾഡിംഗ്സിനു് പാട്ടം എന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഹോൾഡിംഗ്സിനു ഒരേക്കർ സ്ഥലത്തു് രണ്ടുരൂപാ എന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഹോൾഡിംഗിനെ സംബന്ധിച്ച ഏതായാലും എന്റെ ഉദ്ദേശം ഏക്കറിനു് ഒരു ഹോൾഡിംഗിനു് അല്ലെങ്കിൽ ഒരു ഹോൾഡിംഗിനല്ലെങ്കിലും വിരോധമില്ല, ഒന്നും കൊടുക്കാനില്ലാത്തതായ സ്ഥലത്താണെങ്കിലും വിരോധമില്ല. അതു് മുന്നേക്കറോ അതിൽ കുറവോ ഏതുമാകാം, അതിൽ വിരോധമില്ല, ഏതായാലും ഇവരെ സംബന്ധിച്ച ഡ്രാഫ്റ്റിംഗിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ അതു തിരുത്തുന്നതിനും എനിക്കു് വിരോധമില്ല. അന്യായമായ വിധത്തിൽ പാട്ടം ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകരുതു്. അതാണു് എന്റെ ഉദ്ദേശം. ബഹുമാനപ്പെട്ട മന്ത്രിയുടെ 1094–ാം നമ്പർ ഭേദഗതി, ചതുരംഗത്തിൽ ഒരു കരു അപ്പുറത്തും ഇപ്പുറത്തും ഉണ്ടാകുമല്ലോ, അതുമാതിരി ഗവണ്മെന്റു് ആനുവിററി കൊടുക്കുന്നതിനാവശ്യമുള്ള പ്രൊവിഷനാണു് ഇതിൽ കാണുന്നതു്. കുടിയാന്മാരെ സംബന്ധിച്ചത്രയും അവർ കൊടുക്കേണ്ടതായ പർച്ചേസ് റൈററ് 52 മുതൽ അങ്ങോട്ടുള്ള പ്രൊവിഷനാണു്. ആനുവിററിയെ സംബന്ധിച്ചു് 1094–ാം നമ്പർ ഭേദഗതി ഞാൻ വായിച്ചു നോക്കി. 63 മുതൽ 68 വരെയുള്ള വകുപ്പുകളും വായിച്ചുനോക്കി. 52 മുതൽ പർച്ചേസു റൈററു് കൊടുക്കേണ്ടതായ വകുപ്പുകളും വായിച്ചുനോക്കി. പർച്ചേസ് റൈററു് കൊടുക്കുന്നതിനു ഒരു പ്രൊവിഷൻ 52 മുതൽ ഇങ്ങോട്ടു് വരുന്നതായ വകുപ്പുകളിൽ ഉണ്ടെങ്കിൽ കുടിയാൻ അതു കൊടുത്താൽമതി. ഗവണ്മെന്റിനു് നിർബന്ധമാണെങ്കിൽ ദേവസ്വങ്ങൾക്കു് ഗവണ്മെന്റു് ആനുവിററി കൊടുത്തുകൊള്ളണം. കുടിയാന്മാരെ ശല്യപ്പെടുത്തരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഫെയർ റെന്റു് എന്നുള്ളതു് 52 മുതൽ 58 വരെയുള്ള വകുപ്പുകളിൽ പർച്ചേസ് റൈററു് കൊടുക്കേണ്ടതായ ഫെയർറെന്റു് നിശ്ചയിക്കാതിരിക്കുന്നത്രയും കാലം ഈ കോടതി വിധികളുടെ വെളിച്ചത്തിൽതന്നെ "Lands, the gross produce of which cannot be ascertained എന്നു് Last item ചേർത്തിരിക്കുന്നതുകൊണ്ടു് ഈ ഭൂമി schedule ൽ അവസാനഭാഗം വരികയില്ല. അവർക്കു് അതാതു Class land ന്റെ schedule rate ആയ fair rent ആണു് apply ചെയ്യുന്നതു്. അതു വളരെ വലുതുമായിരിക്കും. അതു് കൊടുക്കാൻ ഇടയാകരുതു്. അതു് കൊടുക്കാൻ ഇടയാകാത്ത വിധത്തിൽ ഇതുപോലുള്ള റെന്റു് കൊടുത്തുകഴിഞ്ഞതിനുശേഷം അന്യായമെന്നു തോന്നാതിരിക്കാനാണു് സെസ്സ്, ടാക്സ്, ഇങ്ങനെ ഗവണ്മെന്റിനു കൊടുക്കേണ്ടതായ ടാക്സുകളും കുടിയാൻതന്നെ കൊടുത്തുകൊള്ളണമെന്നും ബാക്കി രണ്ടു രൂപാ പാട്ടം ജന്മിക്കും കൊടുക്കാൻ വ്യവസ്ഥ വേണമെന്നും എഴുതിയിരിക്കുന്നതു്. ഈ രണ്ടുരൂപവരെ ഏക്കറിനുള്ളതു്, അതൊന്നും കിട്ടാത്ത ഭൂമികളാണു്. നമ്മുടെ നിയമം നടപ്പിൽവരുന്നതുവരെ ഒരൊററ കാശുകിട്ടാത്ത ഭൂമികളാണു്. ആ ഭൂമികളെ സംബന്ധിച്ചു് നിയമം നടപ്പിൽവന്നുകഴിഞ്ഞതിനുശേഷം 350 രൂപ പാട്ടം കൊടുക്കത്തക്ക സ്ഥിതി Schedule rate ഏർപ്പെടുത്തിയാൽ ഉണ്ടാകും. പർച്ചേസ് റൈററു് വാങ്ങണമെങ്കിൽ 350 രൂപ പാട്ടം കൊടുക്കണമെന്നു് എഴുതിവച്ചാൽ അതു് ഭയങ്കര അന്യായമാണു്. കാർഷിക പരിഷ്കരണത്തിൽ കുടിയാനു് എന്തെങ്കിലും കൊടുക്കണമെന്നുള്ള മൗലിക തത്വത്തിനുതന്നെ ഞാൻ എതിരാണു്. മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളിൽ പ്ലാനിംഗ്കമ്മീഷനു മററും പറഞ്ഞിരിക്കുന്നതിനെതിരായിട്ടു് ഈ ഗവണ്മെന്റു്, ഇനി കേന്ദ്രഗവണ്മെന്റും പ്ലാനിംഗ് കമ്മീഷനും തമ്മിൽ വേറെ എന്തെങ്കിലും ധാരണയുണ്ടോ എന്നറിഞ്ഞുകൂടാ, ഉണ്ടായിരിക്കുമല്ലോ, അല്ലെങ്കിൽപിന്നെ ഇങ്ങനെയുള്ള ബില്ലിനു അവതരണാനുമതി സ്വീകരിക്കുമായിരുന്നോ, പാട്ടം കൂട്ടികൊടുക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കുകയാണു്. ഒരു രൂപാ പോലും പാട്ടം കൊടുക്കാത്ത ഭൂമികളെ സംബന്ധിച്ചു് 350 രൂപാ പാട്ടം കൊടുക്കത്തക്ക വ്യവസ്ഥയുണ്ടാക്കിയിരിക്കുകയാണു്. ഇതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

റെൻറിനെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ള മൗലിക തത്വങ്ങൾക്കുപോലും എതിരാണ്. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു വകുപ്പ് എഴുതിച്ചേർത്തുകൊണ്ട് ഒരു വൻപിച്ച തുക കുടിയാൻ പാട്ടം കൊടുക്കാനുള്ള ഈ സംരംഭം തെററാണ്. ഇന്നത്തെ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഒരു നാർമൽ ഫെയർറെൻറ് നിശ്ചയിക്കുന്നതിനുള്ള പ്രൊവിഷൻ എഴുതിച്ചേർക്കണമെന്നുള്ള വിധത്തിലാണ് എൻെറ ഭേദഗതി നിൽക്കുന്നത്. അത് ഗവണ്മെൻറ് സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എൻ. ഈ. ബലറാം: സർ, ഞാൻ ശ്രീമതി ഗൗരിയുടെ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഭേദഗതിയിലെ വാക്കുകൾ മാററേണ്ടതുണ്ട്. ഇതിൽ ഇത്രസ്ഥലം ഹോൾഡിംഗിനെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ ഒരു മാററം വരുത്തിയാൽ മതിയാകും. ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കാൻ കാരണം നമ്മുടെ നാട്ടിൽ നടപ്പില്ലാത്ത ഒരു പാട്ടം തീരുമാനിക്കുകയും നിർബന്ധപൂർവ്വം ഒരു നിയമനിർമ്മാണംമൂലം കുടിയാനതു് കൊടുത്തുകൊള്ളണമെന്ന് നിയമസഭ പാസാക്കുകയും ചെയ്യുന്നതു ഒരിക്കലും ഉചിതമല്ല എന്നതുകൊണ്ടാണ്. സർ, മലംപ്രദേശങ്ങളിൽ കൃഷി നടത്തുന്ന കുടിയാന്മാർ കഴിഞ്ഞ കുറെ കൊല്ലങ്ങൾക്കു മുമ്പ് മലബാറിൽ പാട്ടംതന്നെ കൊടുക്കേണ്ടതുണ്ടായിരുന്നില്ല. ഇപ്പോഴും ചില ഭാഗങ്ങളിൽ പാട്ടം കൊടുക്കാത്ത കുടിയാന്മാരുണ്ട്. നമുക്കറിയാം മൈസൂറിലെ കാർഷിക പരിഷ്കരണബിൽ ചർച്ച ചെയ്യുമ്പോൾ പാട്ടം കൊടുക്കാത്ത കുടിയാന്മാർ ആ ബില്ലിൽ ഒരു പ്രശ്നമായിരുന്നുവെന്ന്. ഏതാണ്ട് ഇതുപോലെ പാട്ടം കൊല്ലംതോറും കൊടുക്കാത്ത ഒരുതരം കുടിയായ്മ പ്രദേശങ്ങൾ ഉണ്ടായിരുന്നു. ആ കുടിയാന്മാർ ആരാണെന്നും, എങ്ങനെ ഉണ്ടായവരാണെന്നും വിവരിക്കാം. ആദ്യമായിട്ട് പുനംകൃഷിക്ക് ഒരു പാട്ടമുണ്ട്. അത് സ്ഥലത്തിൻേറയും വിളവിൻേറയും ഒക്കെ സൗകര്യം അനുസരിച്ചു കൊടുക്കുന്ന പാട്ടമാണ്. പാട്ടം ചിലപ്പോൾ ഇരുപതിൽ ഒരു ഭാഗം കൊടുത്താൽ മതി, ചിലപ്പോൾ മുപ്പതിലൊരുഭാഗം ചിലപ്പോൾ പത്തിലൊരുഭാഗം കൊടുത്താൽ മതി. ഇങ്ങനെ ആദ്യത്തെ കൊല്ലം പുനംകൃഷി നടത്തുമ്പോൾ പാട്ടം കൊടുക്കാറുണ്ട്. പുനംകൃഷിചെയ്തു കഴിഞ്ഞതിനുശേഷം പിന്നീട് കുറേകാലത്തേക്ക് എന്തെങ്കിലും കൃഷിചെയ്താൽ അതിന് പാട്ടം കൊടുക്കേണ്ടതില്ല. പിന്നീട് കുരുമുളക് കൃഷിയ്ക്ക് ഏൽപ്പിക്കുന്നു, അങ്ങനെ കുരുമുളകു കൃഷിക്ക് ഏൽപ്പിക്കുമ്പോൾ ഒന്നുകിൽ 10 കൊല്ലം അല്ലെങ്കിൽ 12 കൊല്ലം കുടിയാൻ പാട്ടം കൊടുക്കേണ്ടതില്ല. കാരണം വിളവുകൾ ഉണ്ടാകുന്നതുവരെ പാട്ടം കൊടുക്കേണ്ട എന്നു വച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ 10 കൊല്ലം കൂടുമ്പോഴോ, 12 കൊല്ലം കൂടുമ്പോഴോ ഒരുകൊല്ലത്തെ വിളവ് പാട്ടമായി കൊടുക്കേണ്ടിവരുന്നു. അതാണ് പത്തിലൊന്ന്, പന്ത്രണ്ടിലൊന്ന് എന്നൊക്കെ പറയാൻ കാരണം. ബാക്കിയുള്ള കൊല്ലങ്ങളിൽ പാട്ടം കൊടുക്കേണ്ടതില്ല. 12 കൊല്ലത്തെ പാട്ടം കണക്കുകൂട്ടി അതു മുഴുവൻ കൊടുക്കണമെന്നു പറയുന്നതു ശരിയല്ല. മുമ്പ് മലബാറിൽ ഭൂമി ഏററുവാങ്ങുമ്പോൾ മാനുഷം കൊടുക്കേണ്ടതുണ്ടായിരുന്നു. ഈ കുരുമുളകുകൃഷി സ്ഥലത്തിനു മാനുഷം കൊടുക്കേണ്ടതില്ല. ഇതു് ഇപ്പോഴും പല പ്രദേശങ്ങളിലും നടക്കുന്നുണ്ട്. മററു ചില കാര്യങ്ങളിൽ കുടിയാന്മാർ വളരെ തുഛമായ പാട്ടം കൊടുക്കണമെന്നേയുള്ളു. ഏക്കറിനു രണ്ടുറുപ്പികയും, മൂന്നുറുപ്പികയും വീതം മാത്രം. ഇതു പുതിയ കാര്യമൊന്നുമല്ല. പണ്ടുപണ്ടേയുള്ള പതിവാണ്. മലംപ്രദേശങ്ങളിലെ പാട്ടം പേരിനു മാത്രമുള്ളതായിരുന്നു. നമ്മളാണെങ്കിൽ ഇപ്പോൾ ചില തത്വം അതായതു് ഫെയർ റെൻറ് എങ്ങനെ നിശ്ചയിക്കാം എന്ന തത്വം വച്ചുകൊണ്ടാണ് പാട്ടം നിശ്ചയിക്കാൻ പോകുന്നതു്. അതായതു് 19-ാം നൂററാണ്ടിൽ ജീവിച്ച സാമ്പത്തിക ശാസ്ത്രജ്ഞനായ റിക്കാസോ പറഞ്ഞ മാതിരി ഗ്രൗണ്ട് റെൻറ് ഫിക്സുചെയ്യുക, അതാണ് നമ്മുടെ തത്വം, എന്താണ് വിളവുണ്ടാകുക, ആ വിളവിൻെറ എത്രശതമാനം പാട്ടം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം എന്നുള്ള വിധത്തിലാണ് പാട്ടം നിശ്ചയിക്കേണ്ടത്. ഇറക്കിയ മൂലധനത്തിന്റെ തോതുനോക്കിവേണം പാട്ടം നിശ്ചയിക്കാൻ എന്നുവന്നാൽ അതതു പാട്ടനിർണ്ണയം കഴപ്പമുണ്ടാക്കും. അതാണു ഗവണ്മെൻറിന്റെ ഉദ്ദേശമെങ്കിൽ തുറന്നുപറയണം.

ശ്രീ. പി. ടി. ചാക്കോ : നോട്ടീസു കൊടുക്കുന്നതിനുമുമ്പ് ഭേദഗതികളൊക്കെ സഭയിൽ വരുന്നതാണ്, അതുകൊണ്ട് ഇതൊന്നും ഇപ്പോൾ പറയേണ്ട ആവശ്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : അതു പറയേണ്ടിവരും. നോട്ടീസ് കൊടുത്തു എന്നുവച്ച് മറെറാരു ഭേദഗതിയെപ്പററി സംസാരിക്കുമ്പോൾ അതിലൊക്കെ ചിലപ്പോൾ ഊന്നിനിൽക്കേണ്ടിവരും.

ശ്രീമതി കെ. ആർ. ഗൗരി : മന്ത്രി നോട്ടീസു കൊടുത്താൽ അതു മൂവ് ചെയ്യാനാണെന്നാണ് വിചാരിക്കുന്നതു്.

മി. സ്പീക്കർ : ഈ ഭേദഗതിയുടെ ക്ലാസ് ഉണ്ടല്ലോ. ആ ക്ലാസ് വരുമ്പോൾ അതേപ്പററി ഡിസ്കസ് ചെയ്യാം.

ശ്രീ. എൻ. ഇ. ബലറാം : ചർച്ചയിൽ ഇടക്കിടക്ക് ഓരോന്നുപറഞ്ഞു് ബുദ്ധിമുട്ടിക്കരുതെന്നു് മന്ത്രിയോടു പറയണം. ഇവിടെ പറഞ്ഞിട്ടു വലിയ കാര്യമൊന്നുമില്ലെന്നറിയാം. അപ്പോൾ പുതുതായി പഴയ മലബാറിൽ ഭൂമി ചാർത്തിക്കൊടുക്കുമ്പോൾ നമ്മൾ ഇന്നു നിശ്ചയിക്കുന്ന ഒരു പാട്ടവും കൊടുക്കേണ്ടതില്ലായിരുന്നു. ഉദാഹരണത്തിനു് കൊട്ടിയൂർ ദേവസ്വം ഭൂമി എടുക്കാം. കൊട്ടിയൂർ ദേവസ്വം ഭൂമി പതിച്ചുകൊടുത്തതു് 2 ഉറുപ്പിക പാട്ടത്തിനാണ്.

മി. സ്പീക്കർ : ഇപ്പോൾതന്നെ ശ്രീമതി ഗൗരി വളരെ ദീർഘമായിട്ട് ഇതിനെപ്പററി പ്രസ്താവിച്ചുവല്ലോ. അതുകൊണ്ട് കുറെ ചുരുക്കി പ്രസ്താവിച്ചാൽ മതി.

ശ്രീ. എൻ. ഇ. ബലറാം : ചുരുക്കിപ്പറയാം. deemed ടെനൻറ് മര്യാദപ്പാട്ടം കൊടുക്കണമെന്നതാണ് മന്ത്രിയുടെ ഭേദഗതി. അതു ക്ഷേത്രത്തിനു നൽകുന്ന ആനുവിററിയുടെ നിരക്ക് വർദ്ധിപ്പിക്കാനാണത്രെ. ഫലമെന്താണെന്നു നോക്കാം. ഇപ്പോൾ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ദേവസ്വം ഭൂമികൾക്ക് മുഴുവനും പാട്ടം നിശ്ചയിച്ചുകൊടുത്തിട്ടില്ല. പാട്ടം നിശ്ചയിച്ച കഴിഞ്ഞ ഭൂമികളുണ്ട്, പാട്ടം നിശ്ചയിക്കാത്ത ഭൂമികളുണ്ട്. ജന്മിയും കുടിയാനും തമ്മിൽ നിശ്ചയിച്ച പാട്ടമുണ്ട്. നമ്മളെന്തു നിശ്ചയിച്ചാലും രേഖാമൂലം നിശ്ചയിച്ചുകഴിഞ്ഞ പാട്ടം അവിടെ കൊടുത്താൽ മതി. അതിന്റെ തോതു് എങ്ങനെയാണെന്നു ചോദിച്ചാൽ കൊട്ടിയൂർ ദേവസ്വംഭൂമി ചാർത്തിവാങ്ങിയ കാലത്തു് ഏക്കറിനു് 2 ഉറുപ്പിക പാട്ടം കൊടുത്താൽ മതി. ഏവൂർ ദേവസ്വത്തിനു് 2 ഉറുപ്പിക മുതൽ 10 ഉറുപ്പികവരെ പാട്ടം കൊടുത്താൽ മതി. പുൽപ്പള്ളി ദേവസ്വം ഭൂമിക്ക് 10 രൂപ മുതൽ 25 രൂപവരെ പാട്ടം കൊടുത്താൽ മതി. വെള്ളാട്ട് ദേവസ്വം ഭൂമിക്ക് 4 ഉറുപ്പിക മുതൽ 10 ഉറുപ്പികവരെ പാട്ടം കൊടുത്താൽ മതി. ഈ പാട്ടനിശ്ചയം എല്ലാം ബഹുമാനപ്പെട്ട ചാക്കോ മന്ത്രിയുടെ ഭരണകാലത്തുതന്നെ നടന്നുകഴിഞ്ഞിട്ടുള്ളതാണ്. ഏതാനും ആളുകൾ ഭൂമി ഇങ്ങനെ ചാർത്തിക്കഴിഞ്ഞു. ഈ ക്ഷേത്രങ്ങളുടെ ആനുവിററി എന്താണെന്നു് ഇപ്പോൾതന്നെ നമുക്ക് തീർച്ചപ്പെടുത്താം. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറാന്നും വേണ്ട. ഇതിനെപ്പററി വലിയ വാദപ്രതിവാദത്തിന്റെയൊന്നും ആവശ്യവുമില്ല. ആറേഴ ദേവസ്വങ്ങളുടെ കീഴിൽ 1 ലക്ഷത്തോളം ഭൂമി അഞ്ഞൂറോളം കുടിയാന്മാർക്കാണ് നൽകിയതു്. കുടിയാന്മാർ അഞ്ഞൂറിലധികം വരുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. അത്രയും ആളുകളുടെ കൈയ്യിൽ കുറെ ഭൂമികൾ പതിച്ചുകൊടുത്തു. അതുകൊണ്ട് ആ മാതിരി ക്ഷേത്രങ്ങളുടെ ഭൂമി ചാർത്തിക്കൊടുത്തുകഴിഞ്ഞു. അവർ ഏക്കറിനു് ശരാശരി രണ്ടു രൂപ കൊടുത്താൽ മതി. അതിലധികം ഒററ നയാപൈസയും ക്ഷേത്രത്തിനു ലഭിക്കില്ല. ദേവസ്വങ്ങൾക്ക് എന്തെങ്കിലും അഭിവൃദ്ധി ഉണ്ടാകുമെന്നു പറയുന്നതു്, വെറുതെയാണ്. പറയുക എന്നുള്ളതിൽ കവിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

യാതൊരു പ്രയോജനവും ഇതുകൊണ്ടു് ദേവസ്വങ്ങൾക്കു കിട്ടാൻ പോകുന്നില്ല. ഈ പറഞ്ഞ ദേവസ്വങ്ങൾക്കു് ഒന്നുംതന്നെ ഒരു ഗുണവും കിട്ടാൻ പോകുന്നില്ല. കൊട്ടിയൂർ പുൽപ്പള്ളി മുതലായ ദേവസ്വം ഭൂമികൾ ഞാൻ നേരത്തെ പറഞ്ഞ മാതിരി പാട്ടം മുൻകൂറായി നിശ്ചയിച്ചു് ഏൽപ്പിച്ചുകൊടുത്തതുകൊണ്ടു് അവർക്കു് കൂടുതൽ പാട്ടം കിട്ടാൻപോകുന്നില്ല. പക്ഷെ മന്ത്രിയുടെ ഭേദഗതി കൊണ്ടു കൊട്ടിയൂർ, പുൽപ്പള്ളി ദേവസ്വങ്ങളുടെ ഭൂമി കൈവശം വെയ്ക്കുന്ന നാട്ടുകാരായ കുടിയാന്മാർ മര്യാദപ്പാട്ടം കൊടുക്കേണ്ടിവരും. ആ പാട്ടം ഇടനിലക്കാരായ നായർസർവ്വീസ് സൊസൈററിക്കാണു കിട്ടുക, ദേവസ്വത്തിന്നതു ലഭിക്കില്ല, അതാണു വരാൻപോകുന്നതു്. അതുകൊണ്ടു് അവർ കൊടുക്കേണ്ടതായിട്ടുള്ള പാട്ടം എന്താണെന്നും മററുമൊക്കെ, പ്രധാനമായി മലബാർഭാഗങ്ങളിലൊക്കെ, മലംപ്രദേശങ്ങൾ വെട്ടിത്തെളിച്ചു് കൃഷിചെയ്തിട്ടുള്ള കൃഷിക്കാരെല്ലാം കൊടുത്തിരുന്ന പാട്ടം വളരെ തുച്ഛമാണു്. ആദായം എത്രതന്നെ ഉണ്ടായിരുന്നാലും, ആ കൃഷിയുടെ ബുദ്ധിമുട്ടൊക്കെ പരിഗണിച്ചുകൊണ്ടു് വളരെ തുച്ഛമായ പാട്ടംമാത്രമേ കുടിയാൻ കൊടുക്കേണ്ടിവന്നിട്ടുള്ളൂ. അപ്പോൾ ഇതു നിലനിറുത്തുക എന്നുള്ളതിൽകവിഞ്ഞു് നമ്മൾ തീർച്ചയായിട്ടും വരുമാനമൊക്കെ നോക്കിക്കൊണ്ടു് പാട്ടം നിശ്ചയിച്ചാൽ ആ ഭാഗങ്ങളിൽ ഭൂരിഭാഗം ആളുകൾക്കും പാട്ടം വളരെയേറെ വർദ്ധിക്കുന്ന ഒരു നിലവരും. അങ്ങനെ വരത്തക്കവിധത്തിലുള്ള യാതൊരു നിയമങ്ങളും നമ്മൾ അംഗീകരിക്കരുതു്. കാരണം അതു് അവിടങ്ങളിൽ നടപ്പില്ലാത്ത കാര്യമാണു്. നാം നിയമനിർമ്മാണം നടത്തുമ്പോൾ നാട്ടിൽ നടപ്പില്ലാത്ത കാര്യങ്ങൾ നാട്ടുകാരുടെമേൽ വച്ചുകെട്ടരുതു്. ഈ ഭാഗത്തുള്ളവർ കൊടുത്തിരുന്ന പാട്ടം വളരെ തുച്ഛമാണു്. കാർഷികബന്ധനിയമം തയ്യാറാക്കുമ്പോൾ വളരെ തുച്ഛമായിരുന്നു. നിങ്ങൾ ഡീംമ്ഡ് ടെനൻറടക്കം ഉൾപ്പെടുത്തിക്കൊണ്ടു് അവർ ഈ നിയമപ്രകാരം മര്യാദപ്പാട്ടം കൊടുക്കണം എന്നു പറയുകയാണെങ്കിൽ അതു വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണു്. അതുകൊണ്ടു് ഇപ്പോൾ ശ്രീമതി ഗൗരി പറഞ്ഞ മാതിരി ചെയ്താൽ മതി.

ശ്രീമതി കെ. ആർ. ഗൗരി : ഇതിൽതന്നെ 1054-ൽ ഭേദഗതി കൊടുത്തതിൽ കുറച്ചുവച്ചിട്ടുണ്ടു്.

ശ്രീ. എൻ. ഈ. ബലറാം : ഇതിന്റെ ഒരു ഐഡിയാ ഈ ബില്ലിൽ കൊണ്ടുവന്നാൽ മതിയാകും. ഇല്ലെങ്കിൽ നാട്ടിൽ നടപ്പില്ലാത്ത പാട്ടം കൊടുക്കേണ്ട ഒരു ഘട്ടത്തിൽ കുടിയാന്മാർ വന്നുചേരും. അതുകൊണ്ടു് ഈ പ്രദേശങ്ങളിലെ നടപ്പും ആചാരവും മനസ്സിലാക്കിക്കൊണ്ടു് അതനുസരിച്ചുള്ള പാട്ടത്തിൽ കൂടുതൽ വയ്ക്കേണ്ട ആവശ്യമില്ല. 2 ഉറുപ്പിക ബേസിക് ടാക്സ് ഇപ്പോഴില്ല. അതുകൊണ്ടു് ബേസിക് ടാക്സിന്റെ പ്രശ്നവും വരുന്നില്ല. കുടിയാന്മാർ വെറും രണ്ടുറുപ്പികവീതം കൊടുത്താൽമതി. അവിടങ്ങളിലുള്ള പതിവനുസരിച്ചാണു് ദേവസ്വം ഭൂമികൾ 5 ഉറുപ്പിക 10 ഉറുപ്പിക ഈ ക്രമത്തിൽ ചാർത്തിക്കൊടുത്തതു്. നമ്മൾ ഇത്ര പെട്ടെന്നു് ഒരു മാററം വരുത്തുമ്പോൾ ദേവസ്വങ്ങൾക്കു ഗുണം കിട്ടുമോ എന്നു നോക്കണം. നായർ സർവ്വീസ് സൊസൈററിക്കാണെങ്കിൽ 10-30 കൊല്ലത്തേക്കു് ഭൂമി ചാർത്തിക്കൊടുത്തു കഴിഞ്ഞു. അവർ നിശ്ചയിച്ച തുക മാത്രമേ കൊടുക്കേണ്ടതുള്ളൂ. ദേവസ്വങ്ങൾക്കു ഗുണത്തിനുവേണ്ടിയാണെന്നുപറഞ്ഞു് പാട്ടം കൂട്ടിയാൽ അതു് അന്യായമാണു്. ഞാൻ നേരത്തെ പറഞ്ഞ ആറേഴ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം അവിടെയുള്ള ഒരുലക്ഷത്തോളം ഏക്കർ ഭൂമിയും അഞ്ഞൂറോളം കുടിയാന്മാർക്കു് 2 ഉറുപ്പിക, 5 ഉറുപ്പിക ഇങ്ങനെ പാട്ടത്തിനു കൊടുത്തുകഴിഞ്ഞതാണു്. പിന്നെ ദേവസ്വങ്ങൾക്കെന്നുപറഞ്ഞു് പാട്ടം കൂട്ടേണ്ട ആവശ്യമില്ല. ഇന്നിപ്പോൾ ദേവസ്വത്തിന്റെ പേരുപറഞ്ഞു് ഒരുതരം മദ്ധ്യവർത്തികളായ മുതലാളിമാർക്കു് പാട്ടം കൂട്ടിക്കൊടുക്കണമെന്നാണു് ഉദ്ദേശമെങ്കിൽ ഇതാവശ്യംതന്നെയാണു്. അങ്ങനെയായാൽ N. S. S. നു് കുടിയാന്മാർ നൽകേണ്ട പാട്ടം ഏക്കറിനു ഇരുന്നൂറുമുന്നൂറു രൂപവരും. N, S, S. കൊട്ടിയൂർ ക്ഷേത്രത്തിനു നൽകേണ്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തരികട്ടെ ഏക്കറിനു രണ്ടുറുപ്പികയും. കാര്യം ഭംഗിയായല്ലോ. ശ്രീമതി ഗൗരിയുടെ ഭേദഗതി വളരെ ആവശ്യമാണു്. നാട്ടാചാരപ്രകാരമുള്ള നാട്ടിൽ നടപ്പുള്ള 2 ഉറുപ്പിക എന്ന തോതിനുള്ള പാട്ടത്തിൽക്കവിഞ്ഞു് കൂടുതൽ പാട്ടം വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സർ, 1538-ാം നമ്പർ ഭേദഗതിയുടെ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ മന്ത്രിയുടെ ഭാഗത്തുനിന്നുതന്നെ ഇതിനു മുമ്പ് ഉണ്ടായിട്ടുള്ള പരാമർശനങ്ങൾ ഓർമ്മയിൽ വെക്കേണ്ടതുണ്ടു്. അതായതു യാതൊരു പാട്ടവുംകൂടാതെ ഭൂമി കൈവശംവച്ചു കൃഷിനടത്തണമെന്നാണോ ആവശ്യം എന്നു് അദ്ദേഹം ഒന്നുരണ്ടുതവണ ഇവിടെ ചോദിക്കുകയുണ്ടായി. രേഖകൾ പരിശോധിച്ചാൽ, ജന്മിയുടെ പക്കൽനിന്നു് കുടിയാൻ ഏററു വാങ്ങിച്ച അവസരത്തിൽ ഉണ്ടായിട്ടുള്ള ധാരണ നോക്കുകയാണെങ്കിൽ കൃത്യമായിട്ടു പാട്ടം നിശ്ചയിക്കാത്ത ധാരാളം കേസുകൾ ഉണ്ടെന്നു കാണാം. ഇവിടെ വ്യക്തമാകേണ്ടതു് എല്ലാ വസ്തുക്കൾക്കും പാട്ടം നിശ്ചയിക്കാനും കയററിക്കൊടുക്കാനും ആരോടെങ്കിലും കരാർ എടുത്തിട്ടുണ്ടോ എന്നാണു്. അതാണോ കാർഷികപരിഷ്ക്കരണത്തിൽ സ്വീകരിക്കേണ്ട തത്വം? വല്ല കാരണവശാലും നാട്ടുനടപ്പനുസരിച്ചോ മററോ, പാട്ടം നിജപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളിൽ ഈ നിയമത്തിൽ കുത്തിത്തിരുകിയ തോതനുസരിച്ചു് പാട്ടം കെട്ടുകയും അതു പിരിച്ചു കൊടുക്കുകയും ചെയ്യാമെന്നു് കരാർ ചെയ്തിട്ടുണ്ടോ? ഉണ്ടെന്നാണു് ന്യായമായും കരുതേണ്ടതു്. സമ്മറി പ്രൊസീഡിയർ അനുസരിച്ചു് ഒരു നിശ്ചിത തുക വരുന്ന പാട്ടം പിരിച്ചുകൊടുക്കുവാൻ ഇവിടെ ഒരു വകുപ്പു പാസ്സാക്കി. ഇനിയുള്ളതു പാട്ടം നിശ്ചയിച്ചിട്ടില്ലാത്ത കേസ്സുകളിൽ പാട്ടം കെട്ടലും കൂട്ടലുമാണു്. പാട്ടം നിശ്ചയിക്കാതിരിക്കുവാൻ വല്ല കാരണവും ഉണ്ടോ എന്നന്വേഷിച്ചുവോ? ആരുടെയും സൗജന്യംകൊണ്ടും സന്മനസ്സുകൊണ്ടും അങ്ങനെ വന്ന മിക്കവാറും തീറു് വിലകൊടുത്താണു് അത്തരം ഭൂമികൾ കുടിയാൻ ഏററു വാങ്ങിയതെന്നു് മനസ്സിലാക്കാനൊരുക്കം വേണം. കാലാകാലങ്ങളിൽ ഒരു നിശ്ചിത സംഖ്യ പാട്ടമായി കിട്ടണമെന്നു ജന്മിക്കോ, അതുകൊടുക്കണമെന്നു് കുടിയാനോ പ്രതീക്ഷയില്ല; ഉദ്ദേശിച്ചതുമല്ല. അങ്ങിനെയൊട്ടു നിശ്ചയവുമില്ല. തീർന്നുകഴിഞ്ഞ ഒരിടപാടിന്റെ മട്ടുണ്ടതിനു്. അവിടെയൊക്കെക്കടന്നു പാട്ടം കെട്ടിക്കളയാമെന്നാണിപ്പോൾ കണ്ടുവെച്ചിട്ടുള്ളതു്. ഇതാർക്കുവേണ്ടിയാണെന്നു വ്യക്തമല്ലേ? വിശേഷിച്ചും മലബാർ ഭാഗത്തു് ദേവസ്വങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയല്ല. ദേവസ്വങ്ങളുടെ ഭൂമി മേൽചാർത്തു വാങ്ങിയവർക്കുവേണ്ടിയാണു്. ദേവസ്വങ്ങളുടെ രക്ഷയ്ക്കാണെന്നു പറയുന്നതിൽ ഒട്ടും സത്യമില്ല. ശ്രീ. ബലറാം അതു് വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ദേവസ്വങ്ങളിൽനിന്നു് മേൽച്ചാർത്തു് എടുത്തവർ ദേവസ്വങ്ങൾക്കു് കൊടുക്കേണ്ട പാട്ടത്തിനു വ്യക്തമായ രേഖ ചെയ്തു കൊടുത്തിട്ടുണ്ടു്. ദേവസ്വം ഭൂമികൾ ഏതാനും ചിലർ മേൽച്ചാർത്തു വാങ്ങിയിരിക്കയാണു്. അവരും അവരുടെ കീഴിലുള്ള കുടിയാനും തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്നതാണു് കാര്യം. കുടിയാന്മാരുടെ പക്കൽനിന്നു് കൂടുതൽ പാട്ടം വാങ്ങാൻ സൗകര്യം കിട്ടണം അവർക്കു്. എൻ. എസ്സ്. എസ്സിനും അതുപോലെയുള്ളവർക്കും ഇതു് സാധിപ്പിച്ചുകൊടുക്കണമെന്നു് മന്ത്രി ഏററു പറഞ്ഞമാതിരി കാണുന്നുണ്ടു്. നായർ സർവ്വീസ് സൊസൈററിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനാണു്, അതുപോലെയുള്ള മേൽച്ചാർത്തുകാരുടെ രക്ഷക്കുവേണ്ടിയാണു്, ദേവസ്വങ്ങളുടെ രക്ഷക്കല്ല ഈ നിയമത്തിലെ വകുപ്പുകൾ കൊണ്ടുവന്നിട്ടുള്ളതു്. പുതുതായി പാട്ടം കെട്ടുന്നതുകൊണ്ടും കൂട്ടുന്നതുകൊണ്ടും ഒരൊററ നയാപൈസപോലും ദേവസ്വങ്ങൾക്കു കിട്ടുകയില്ല. വിദഗ്ദ്ധ നിയമോപദേശം വാങ്ങി, സർക്കാരിന്റെ സഹായത്തോടെ ദേവസ്വം ഭൂമികൾ, തുച്ഛമായ പാട്ടത്തിനു ഏററു വാങ്ങിയവർക്കു്, കൈവശക്കുടിയാന്റെ കയ്യിൽനിന്നു് വൻ തുകകൾ വാങ്ങിക്കൊടുക്കാനുള്ള കുത്സിത വേലയാണിതു്. ദേവന്റെ രക്ഷക്കാണെന്നും പറഞ്ഞു്, ദേവസ്വങ്ങളുടെ സ്വത്തുക്കൾ ഏക്കറിനു രണ്ടും മൂന്നും രൂപ വിലവച്ചു വാങ്ങിയവർ ദേവസ്വങ്ങളെ പൊളിക്കുകയാണു്

[ശ്രീ. ഈ. പി. ഗോപാലൻ]

ചെയ്യുന്നതു്. ഒരേക്കർ വനഭൂമിയിൽനിന്നു് തടിവെട്ടി വിററു് ആയിരവും രണ്ടായിരവും രൂപ കീശയിലാക്കുന്നവർ ദേവസ്വത്തിന്റെ താൽപ്പര്യമല്ല സ്വന്തം താൽപ്പര്യമാണു് നോക്കുന്നതു്. മലബാറിലുള്ള അമ്പലങ്ങളുടെ ശോചനീയസ്ഥിതി കണ്ടു് മനം നൊന്തു വന്നതല്ല. മുതൽകണ്ടിട്ടു് അതെടുത്തു പററാൻ വന്നതത്രെ. ഒരു ഏക്കറിനു് രണ്ടു രൂപ കൊടുത്തു വാങ്ങിയാൽ ആദ്യത്തെ കൊല്ലംതന്നെ അതിൽനിന്നും തടിവിററു് രണ്ടും മൂന്നും ആയിരം രൂപയടിക്കാം. അതിൽനിന്നും മനസ്സിലാക്കുന്നതോ, ഇതുകൊണ്ടു്, ആർക്കാണു രക്ഷ, മനുഷ്യനോ ദേവനോ എന്നു്. അപ്പോൾ ദേവസ്വങ്ങളുടെ കാര്യമല്ല. വ്യക്തമായിട്ടും ദേവസ്വങ്ങളിൽനിന്നും മേൽച്ചാർത്തു എടുത്തിട്ടുള്ളവരും അവരുടെ കുടിയാന്മാരും തമ്മിലുള്ള പ്രശ്നമാണു്. കുടിയാൻ നല്ലൊരു സംഖ്യ മാനുഷം കൊടുത്തു ഭൂമിവാങ്ങിച്ചു വെട്ടിത്തെളിയിച്ചു് കൃഷിചെയ്തു വരുന്നുണ്ടു്. അവരുടെ കയ്യിൽനിന്നും ഈ നിയമത്തിന്റെ വകുപ്പുകൾ അനുസരിച്ചു പാട്ടം വാങ്ങിക്കണം. അതിനുള്ള കള്ളപ്പോരാണു് ഈ വകുപ്പിലടങ്ങിയിരിക്കുന്നതു്. ഒളിഞ്ഞും തെളിഞ്ഞും വരുന്നുണ്ടു് അതു്. അവരുടെ കയ്യിൽനിന്നു് വലിയ സംഖ്യ പാട്ടമായി വാങ്ങിക്കൊടുക്കാനെന്തൊരു തിടുക്കമാണെന്നോ! ഏററു വാങ്ങുമ്പോൾ മൊട്ടപ്പറമ്പു്. പാട്ടം കെട്ടാൻ നോക്കുമ്പോഴോ, തെങ്ങിൻ തോപ്പു്. അല്ലെങ്കിൽ കമുകിൻതോട്ടം. അതിന്റെ ഗ്രോസു് പ്രൊഡ്യൂസു് കണക്കാക്കി പാട്ടം ചുമത്തിയാൽ വലിയൊരു സംഖ്യവരും. അതു് കിട്ടുന്നതു് മേൽച്ചാർത്തുകാർക്കും. അതിനു വാദിക്കുന്നതു് ദേവന്റെ പേരിലും. ഇത്രയും നിർല്ലജ്ജമായ കുടിയാൻ വിരോധവും നാടുവാഴി—നാട്ടുപ്രമാണിപക്ഷപാതവും വേറെ കാണാൻ പററില്ല. ആനുവിററി കണക്കാക്കാനാണു് പാട്ടം നിശ്ചയിക്കുന്നതെന്നു പറയുന്നതു് നേരല്ല. ദേവസ്വത്തിലേക്കുള്ള വരവു നിശ്ചയിച്ചു കഴിഞ്ഞതാണു്. അതു നോക്കി ആനുവിററി കണക്കാക്കാം. അങ്ങിനെ കണക്കാക്കാനേ ഒക്കുകയുള്ളു. പാട്ടം നിശ്ചയിക്കുന്നതും വർദ്ധിപ്പിക്കുന്നതും മേൽച്ചാർത്തുകാരനു് വേണ്ടിയാണു്.

ശ്രീമതി കെ. ആർ. ഗൗരി: പാട്ടം 20 രൂപയായി വർദ്ധിപ്പിക്കുമെന്നു പറഞ്ഞതു മനസ്സിലായില്ല. ഒരു കമുകിൻതോട്ടത്തിനു ആണ്ടിൽ ശരാശരി വരുമാനം കാർഷികവകുപ്പുകണക്കാക്കിയിരിക്കുന്നതു പ്രകാരം 2,500 രൂപയാണു്. ഫെയർ റെന്റു ഷെഡ്യൂളിൽ അതിന്റെ പത്തിലൊന്നു എന്നു പറയുന്നതു് 250 രൂപയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: കൃഷിക്കാരൻ കൊടുക്കേണ്ട പാട്ടം വല്ലാതെ വർദ്ധിപ്പിക്കുമെന്നു് തീർച്ചയാണു്. തോതു പറയുവാൻ എളുപ്പമല്ല. ഏറിയും കുറഞ്ഞുമിരിക്കാൻ വഴിയുണ്ടു്. എഴുതിവച്ച രേഖകളില്ലാത്തതിനാൽ, ഗ്രോസു് പ്രൊഡ്യൂസിന്റെ തോതിൽ ചുമത്തും. അപ്പോഴതു വലിയ സംഖ്യയായി വരും. അങ്ങനെ ഭാരിച്ച തുകകൾ കുടിയാന്റെ പക്കൽനിന്നും വാങ്ങി, ഇടത്തട്ടുകാർക്കു കൊടുക്കാൻ കല്പിച്ചുകൂട്ടി നടത്തുന്ന ഉദ്യമത്തെ എതിർക്കാതിരിക്കാൻവയ്യ. തീറുവിലയോളം മാനുഷം കൊടുത്തു ഏററുവാങ്ങി ചമയിച്ച ഭൂമിക്കു് പാട്ടം ചുമത്താനും അതു് ഭാരിച്ച ഒരു സംഖ്യയാക്കാനും അതു് ദേവസ്വം അപഹരിച്ചു വക്കു് കൊടുക്കാനും പാടില്ലെന്നു ഉറപ്പിച്ചു പറയുന്നു. കുടിയാനു് അനുകൂലവും ന്യായമായി കാര്യം സാധിക്കുന്നതുമാണു് ഈ ഭേദഗതി.

Shri P. T. Chacko: Sir, I cannot accept this amendment for two reasons. One is that if the amendment is accepted in cases where the tenant is not bound to pay anything, he will have to pay Rs. 2. This is the amendment:

> 'Where in respect of a holding the tenant is not bound to pay any rent, and is not paying any rent consequent on it, or where there is no stipulation for the payment of any rent to the landlord by the tenant, in the contract of tenancy,

LIBRARY ARCHIVES Kerala Legislative Assembly

the tenant is bound to pay from the commencement of this Act, a sum of Rupees two as rent in addition to the cesses and taxes due to the Government and local authorities.'

Thus the amendment provides that he shall pay Rs. 2. I cannot accept such a position.

Secondly, here rent is prescribed for a holding. I do not know how it is scientific. It is said in the amendment that "where in respect of a holding the tenant is not bound to pay any rent........ a sum of rupees two as rent in addition to the cesses and taxes due to the Government and local authorities." So in respect of a holding, a tenant should pay Rs.2. That is the amendment. I can't accept this amendment.

Smt. K. R. Gouri : Sir, I press my amendment.

Amendment No. 1538 moved by Smt. K. R. Gouri was put and lost.

Smt. K. R. Gouri: Sir, I demand a Poll.

A poll was taken when the House divided as follows:

AYES—(18)

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, P. Balachandra Menon
4 ,, C. K. Balakrishnan
5 ,, N. E. Balaram
6 ,, E. P. Gopalan
7 Smt. K. R. Gouri
8 Shri K. V. John
9 ,, O. Koran
10 ,, K. Krishna pillai
11 Shri P. K. Kunjachan
12 ,, P. M. Kunhiraman Nambiar
13 ,, A. K. Ramankutty
14 ,, T. K. Ramakrishnan
15 ,, E. M. Sankaran Namboodiripad
16 ,, R. Sugathan
17 ,, M. V. Vasu
18 ,, P. Viswambharan

NOES—(37)

1 Shri K. C. Abraham
2 ,, K. K. Balakrishnan
3 ,, P. C. Balakrishnan Nambiar
4 ,, N. Bhaskaran Nair
5 ,, P. Chacko
6 ,, P. T. Chacko
7 ,, G. Chandrasekhara Pillai
8 ,, K. A. Damodara Menon
9 ,, T. A. Dharmaraja Iyer
10 ,, K. M. George
11 ,, M. P. Govindan Nair
12 ,, Thomas John
13 ,, George Joseph Podipara
14 ,, P. S. Karthikeyan
15 ,, K. G. Karunakara Menon
16 ,, N. S. Krishna Pillai
17 ,, P. Kumaran
18 Shri K. Kunhambu
19 ,, M. Kunjukrishnan Nadar
20 ,, C. Kunjukrishnan Nair
21 ,, N. Kunjuraman
22 Smt. Kusumam
23 ,, Leela Damodara Menon
24 Shri V. Madura
25 ,, M. M. Mathai
26 ,, M. Narayana Kurup
27 ,, Kuroor Neelakantan Namboodiripad
28 ,, E. P. Poulose
29 ,, R. Raghava Menon
30 ,, M. Ravindranath
31 ,, R. Sankar
32 Smt. O. T. Sarada Krishnan
33 ,, K. R. Saraswathi Amma
34 Shri T. A. Thomman
35 ,, P. P. Ummer Koya
36 ,, K. R. Vijayan
37 ,, K. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

NEUTRALS—2

1. Shri Joseph Chazhikattu
2. Shri C. M. Kutty.

Mr. Speaker: For the amendment—18

Against the amendment—37

Neutrals—2

The amendment is lost.

Clauses 47 and 48

Mr. Speaker: The question is that clauses 47 and 48 stand part of the Bill.

The question that Clauses 47 and 48 stand part of the Bill was put and carried.

Clauses 47 and 48 were added to the Bill.

Clause 49

Shri P. T. Chacko: Sir, I move amendment No. 1619. In clause 49, the following further poviso shall be inserted, namely:

"Provided further that the extent of land, the interest over which a cultivating tenant may surrender to his landlord shall not exceed the extent if any, which the landlord would have been entitled to resume from the tenant under Section 14, Section 15, Section 16 or Section 17."

9 a. m.]

Mr. Speaker: The following amendments may be moved:

Amendment No. 704 and 705 by Shri K. Hassan Gani, 1232 by Shri N. E. Balaram, 1233 by Shri K. Bhargavan, 1517 by Shri M. Narayana Kurup, 1540 by Smt. K. R. Gouri. As Mr. Hassan Gani is not in his seat, the others can move their amendments.

Shri N. E. Balaram: Sir, I move the following amendment

1232—Delete clause 49 and substitute the following:

"A tenant may transfer his right of tenancy in favour of his landlord after making an application to that effect before the Land Tribunal and the Land Tribunal shall decide the amount of compensation payable to the tenant in case of such transfer."

Shri K. Bhargavan: Sir, I move the following amendment:—

1233. In clause 49, add the following proviso at the end:

"Provided also that the tenant shall not be called in to admit the surrender before the expiry of one month after it is presented to the Land Tribunal and that the land so surrendered shall be taken possession of by the landlord before such admission."

Shri M. Narayana Kurup: Sir, I move amendment No. 1517.

1517. In clause 49, for the words 'any land held by him' substitute, "his holding."

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : Sir, I move the following amendment:

1540. For the existing clause 49, substitute the following:

"49. where in respect of a holding mentioned in clause 37 that holding has been rendered permanently unfit for the purpose for which it is leased, the tenant shall have the right to surrender the holding to the landlord, and this surrender is to be effected through Land Tribunal."

ശ്രീ. എൻ. ഈ. ബലറാം: ഈ ക്ലാസിനെ സംബന്ധിച്ചിടത്തോളം അതു ഒന്നു മാററണമെന്നുള്ളതുകൊണ്ടാണു് ഞാൻ ഭേദഗതി അവതരി 9 a. m. പ്പിച്ചതു്. സർ, ഭൂമി സറണ്ടർചെയ്യുന്ന കാര്യത്തെപ്പററി അതിന്റെ എല്ലാ ഭാഗങ്ങളേയും പരിഗണിച്ചുകൊണ്ടാണെങ്കിൽ തന്നെയും അതിനെ ഇത്രയധികം ദുരുപയോഗപ്പെടുത്താൻ സൗകര്യമുള്ള വേറെ വകുപ്പുകളൊന്നുമില്ല. കുടിയാനു ഭൂമി ആവശ്യമില്ല എന്നു തോന്നിയാൽ ആ ഭൂമി എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു്. അതു തിരിച്ചേൽപ്പിക്കുക. അങ്ങനെ തിരിച്ചേൽപ്പിക്കുമ്പോൾ അതു ഏറെറടുക്കാൻ ജന്മി ബാദ്ധ്യസ്ഥനാണു്. അതു തിരിച്ചുകൊടുക്കാൻ കുടിയാനും തയാറായിരിക്കണം. അതുകൊണ്ടു് ഈ ഭൂമി സറണ്ടർചെയ്യുന്ന കാര്യം അത്ര ബുദ്ധിമുട്ടുള്ളതാണോ എന്നു ചോദിച്ചാൽ അതല്ല. എന്നാൽ ആ അധികാരം എങ്ങനെയാണു് വിനിയോഗിക്കുന്നതെന്നു പരിശോധിച്ചു നോക്കിയാൽ മിക്കവാറും അതു ദുരുപയോഗപ്പെടുത്തുന്നതായിട്ടാണു് കണ്ടിട്ടുള്ളതു്. ഇപ്പോഴത്തെ നിയമത്തിൽ അതു ട്രിബ്യൂണൽ സമ്മതിക്കണം എന്നു എഴുതിവച്ചിട്ടുണ്ടു്. പക്ഷേ, അതു പ്രവർത്തനത്തിൽ വരുമ്പോൾ എങ്ങനെയായിരിക്കും? പലപ്പോഴും കുടിയാൻ ജന്മിക്കു കൊടുക്കേണ്ടതായ പാട്ടമോ മററു വല്ലതുമോ ബാക്കിവന്നാൽ അതല്ലെങ്കിൽ ജന്മി രസീതു തീരെ കൊടുക്കാതിരുന്നാൽ അതിന്റെ പേരിൽ ഭൂമി സറണ്ടർ ചെയ്യിക്കും. അല്ലെങ്കിൽ തന്നെ...................

ശ്രീ. പി. ടി. ചാക്കോ: ഈ പറയുന്നതു നടക്കുകയില്ല. കാരണം, എന്റെ അമെൻറുമെൻറുകൊണ്ടു് ലാൻഡ് ലാർഡിനു റെസ്യൂം ചെയ്യാൻ അവകാശമുണ്ടെങ്കിൽതന്നെ അതു ഒഴിഞ്ഞുകൊടുക്കാതെ എടുക്കാൻ ഒക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഏതാണു് അമെൻറുമെൻറു്?

ശ്രീ. പി. ടി. ചാക്കോ: അമെൻറുമെൻറു് നമ്പർ 1619.

ശ്രീ. എൻ. ഈ. ബലറാം: ആ അമെൻറുമെൻറു് ഞാൻ കണ്ടില്ല.

ശ്രീ. പി. ടി. ചാക്കോ: അതുകൊണ്ടല്ലേ ഞാനിപ്പോൾ പറഞ്ഞതു് അങ്ങനെ ഉണ്ടല്ലോ എന്നു്.

ശ്രീ. എൻ. ഈ. ബലറാം: അതു നേരത്തേ കിട്ടിയിരുന്നു എങ്കിൽ ഈ സമയം കളയണ്ടാ എന്നു വച്ചു് ഞാൻ സംസാരിക്കയില്ലായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ മന്ത്രിയുടെ 1619-ാം നമ്പർ ഭേദഗതി ആ ക്ലാസിനു ഒരു ഇംപ്രൂവ്മെൻറാണു്. ആ ക്ലാസുതന്നെ ഡിലീററു് ചെയ്യണമെന്നും ഒരു പുതിയ ക്ലാസ്സ് കൊണ്ടുവരണമെന്നും ഉദ്ദേശിച്ചാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിരുന്നതു്. ഈ സറണ്ടറിന്റെ കാര്യം മാത്രമാണു് ഈ നിയമത്തിൽ നിൽക്കുന്നതു്. അതു പലപ്പോഴും ദുരുപയോഗപ്പെടുത്തി എന്നു വന്നേക്കാം. ഞാൻ ഒരു കാര്യം പറയാം. അത്രൂർ നടന്നതായ ഒരു സംഭവമാണു് ഞാൻ പറയാനുദ്ദേശിക്കുന്നതു്. അത്രൂരിൽ തരകന്മാരുടെ വസ്തുക്കളെ സംബന്ധിച്ചു് അവരുടെ ഭൂമി എല്ലാ വാരക്കാരുടേയും കൈവശമിരുന്നതു രജിസ്റ്റേർഡ് പ്രമാണപ്രകാരം ഇപ്പോൾ അവർ ഒഴിഞ്ഞു വാങ്ങിച്ചിരിക്കുന്നു. അതിന്റെ പിന്നിലുള്ള സമ്മർദ്ദം എന്തെല്ലാമാണെന്നു നമുക്കറിയാം. അതിനെ അതിജീവിക്കത്തക്കവണ്ണം കൃഷിക്കാരുടെ തന്റേടമെല്ലാം എത്രയുണ്ടെന്നുള്ളതും നമുക്കറിയാം. ആ നിലയ്ക്കു ആ ക്ലാസ് വളരെ ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളതുകൊണ്ടാണു് അതു ഡിലീററു ചെയ്യണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതു്. ആ ക്ലാസ് ഡിലീററുചെയ്തുകഴിഞ്ഞതിനുശേഷം ഈ ക്ലാസ് പുതിയതായി ചേർക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

"Where in respect of a holding mentioned in Clause 37 that holding has been rendered permanently unfit for the purpose for which it is leased the tenant shall have the right to surrender the holding to the landlord, and this surrender is to be effected through Land Tribunal".

സർ, ഈ ക്ലാസ് 37-ൽ പറയുന്നതെന്താണ്. ക്ലാസ് 37 പ്രകാരം "Abatement or reduction of rent" എന്നാണ് അതിന്റെ ഹെഡ്ഡിംഗ് കൊടുത്തിരിക്കുന്നത്, ക്ലാസ് 37 സബ്ക്ലാസ് 3 ആണ് ഞാൻ ഉദ്ദേശിക്കുന്നത്.

"Where any material part of the holding is wholly destroyed or rendered substantially and permanently unfit for the purpose for which it was let, by fire, or flood or any other act of God".

അതുകൊണ്ട് ഞാൻ ഒരു ഭേദഗതി കൊടുത്തിരുന്നു; ആക്റ്റ് ആഫ് ഗാഡ് എന്നുള്ളതു മാററണമെന്ന്. അതു തള്ളിക്കളഞ്ഞു. "the rent payable shall be proportionately reduced" അങ്ങനെ പ്രപ്പോർഷനായി റെൻറ് റെഡ്യൂസ് ചെയ്യണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങനെ ആ ഭൂമി കൊല്ലം കൊല്ലമായി കൃഷിചെയ്യാൻ ഒക്കാതെ ചീത്തയായിപ്പോയി. അതു ഉപയോഗിക്കാൻ നിവൃത്തിയില്ലാതെ വന്നു. അങ്ങനെയുള്ള സംഗതിയിൽ ടെനൻറിനു സറണ്ടർ ചെയ്യാനുള്ള അവകാശം മന്ത്രിയുടെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു പോലെ 15, 16, 17 ഈ വകുപ്പുകളം പ്രകാരം അവർക്കു കിട്ടാവുന്നതിനേക്കാളം കൂടുതൽ അവകാശം അവർക്കു കൊടുക്കണം എന്നാണ്. സർ, ഇതു മുമ്പു കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതാണ്. ഇതുംകൂടി അതിൽ എഴുതിവച്ചിരുന്നു. ആ വകുപ്പിന്റെ അവസാനഭാഗത്തു എഴുതിവച്ചിരുന്നതു, ആ ഭൂമി ഒന്നിനും കൊള്ളാതെ വരികയാണെങ്കിൽ അതു ടെനൻറിനു സറണ്ടർ ചെയ്യാനുള്ള അവകാശം വേണം എന്നുള്ള നിലയ്ക്കാണ്. അപ്പോൾ ഈ മന്ത്രിയുടെ ഭേദഗതി അനുസരിച്ച ഒരു കാര്യംമാത്രം പറഞ്ഞാൽ അതായതു്, ഈ ക്ലാസസ് 15, 16, 17 അനുസരിച്ച റെസ്യൂം ചെയ്യുന്നതിനു ലാൻഡ് ലാർഡിനു ഒരു കാലപരിധി വച്ചിട്ടുണ്ട്; ഈ നിയമം നടപ്പിൽവന്നതിനു ശേഷം ഇത്ര കാലത്തിനുള്ളിൽ റെസ്യൂം ചെയ്യാനുള്ള ആപ്ലിക്കേഷൻ കൊടുക്കണം. അതിൽ എന്തു ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരായാലും ഡിസ് എബിലിററീസ് ഉള്ളവരാണെങ്കിലും അതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ കാലാവധി അവസാനിച്ചാലും ഈ ആപ്ലിക്കേഷൻ കൊടുക്കുന്നതിനു ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് അതു എഴുതിവച്ചിരിക്കുന്നതു്. എന്നാൽ ആ ആളുകളെ സംബന്ധിച്ചിടത്തോളം വ്യവസ്ഥചെയ്തിട്ടുള്ളതായി ഈ മന്ത്രിയുടെ ഭേദഗതിയിൽ ഒന്നും പറയുന്നില്ല. ആ കാലാവധി കഴിയുന്ന ആളുകളെ സംബന്ധിച്ച അവർക്കു കൊടുക്കേണ്ട ആവശ്യമില്ലെന്നാണ്.

ശ്രീ. പി. ടി. ചാക്കോ: ഇതുകൊണ്ട് അവർക്ക് കിട്ടുകയില്ല. Because after the period, they would not be land resumable.

ശ്രീമതി കെ. ആർ. ഗൗരി: ആ ഭേദഗതികൊണ്ട് ഞാൻ പറയുന്നതാണ്. അതിൽ എഴുതിവച്ചിരിക്കുന്നതു കണ്ടുകൊണ്ട് അങ്ങോട്ടു ഞാൻ പറയുകയാണ്. "Provided further that the extent of land the interest over which a cultivating tenant may surrender to his landlord shall not exceed the extent if any which the landlord would have been entitled". അതു എക്സ്റ്റൻറ് ചെയ്യാൻ മാത്രമാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്. "will be subject to" എന്നു പറഞ്ഞെങ്കിൽ വേണ്ടുകില്ല. ആ എക്സ്റ്റൻറ് 14, 15, 16, 17-ൽ പറയുന്ന എക്സ്റ്റൻറിനേക്കാൾ കൂടുതൽ പാടില്ലാ എന്നാണ്. അപ്പോൾ മന്ത്രി ഉദ്ദേശിക്കുന്നതു ആ ക്ലാസ് കഴിഞ്ഞതിനുശേഷം അതിന്റെ ബുദ്ധിമുട്ട് എന്താണെന്നു വച്ചാൽ ക്ലാസ് 17-ൽ എല്ലാം റെസ്ട്രിക്ഷൻ ആണ് പറഞ്ഞിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

"General conditions and restrictions applicable to resume under section 14, section 15, section 16, and section 17".

ക്ലാസ് 18-ലാണ് പറഞ്ഞിരിക്കുന്നത്. 14, 15, 16, 17 പ്രകാരം ഉപയോഗിക്കുന്നതിനുള്ള അധികാരം 18-ലാണ്. ആ 18 ഇവിടെ പറഞ്ഞിട്ടില്ല. ഇങ്ങനെയുള്ള അവകാശങ്ങൾ കുടിയാന്മാരെ സംബന്ധിച്ച മററു വകുപ്പുകളെല്ലാം നാം പരിശോധിച്ചുകഴിഞ്ഞിട്ടുണ്ട്. ആപ്ലിക്കേഷൻ കൊടുത്താൽ അവർ കൊടുക്കേണ്ട അവകാശം ആ തീയതി മുതൽക്കേ വകവയ്ക്കുകയുള്ളു എന്നു പറയുന്നുണ്ട്. ഞങ്ങളെ വെറുതേ കുററം പറയരുത്. ഞങ്ങൾ പറയുന്നതുപോലെ എപ്പോഴും ഒരു ഭാഗത്തിന്റെ തൂക്കം കുറഞ്ഞുപോകുന്നു. കുടിയാന്റെ ഭാഗത്തു കിട്ടേണ്ട ആനുകൂല്യത്തിന്റെ തൂക്കം കുറഞ്ഞുപോകുന്നു. ജന്മിയുടെ ആനുകൂല്യങ്ങൾ കുറിക്കപ്പെട്ടിട്ടുള്ളപ്പോൾ താഴോട്ടു പോകുന്ന ത്രാസ് കുടിയാന്റെ ആനുകൂല്യങ്ങളുള്ള ത്രാസ് മേല്പോട്ടു പോകുകയാണ്. ഈ റിസ്ട്രിക്ഷൻ ഒക്കെ അപ്ലൈ ചെയ്യപ്പെടുകയും, ഇവിടെ "which the landlord would have been entitled to resume from the tenant under section 14, section 15, section 16 or section 17". എന്നുകൂടി എഴുതിച്ചേർക്കുകയും വേണം. അതു മാത്രംകൂടി മതിയാകും. "will be subject to provisions in Section 14, section 15, section 16, section 17, and section 18". എന്നു പറഞ്ഞാൽ അതുകൊണ്ടു വലിയ ബുദ്ധിമുട്ടു വരികയില്ല. മാത്രമല്ല, അതുകൊണ്ട് വലിയ ബുദ്ധിമുട്ടുകൂടാതെ കഴിക്കുന്നതിനും കോടതിയിൽ പോകുന്ന ചെലവു ഒഴിവാക്കാനും കഴിയും. അങ്ങനെ കൊള്ളുകില്ലാതെ വന്നിരിക്കുന്ന ഭൂമി ഒഴിഞ്ഞു കൊടുക്കാനുള്ള അവകാശം ടെനൻറിനു കൊടുക്കണം.

ശ്രീ. എൻ. ഈ. ബലറാം: എന്റെ ആദ്യത്തെ ആക്ഷേപങ്ങൾക്ക് വകയില്ലാത്ത തരത്തിലാണ് മന്ത്രിയുടെ ഭേദഗതി. പക്ഷേ, എന്റെ ഭേദഗതി കുറേക്കൂടി വ്യത്യാസപ്പെട്ട ഒന്നാണ്. അതിൽ പറയുന്നതു് ഇങ്ങനെയാണ്. 'A tenant may transfer his right of tenancy in favour of his landlord after making an application to that effect before the Land Tribunal and the Land Tribunal shall decide the amount of compensation payable to the tenant in case of such transfer'. ഇവിടെ സറണ്ടർ എന്നല്ല പറയുന്നതു്. ചിലപ്പോൾ കുടിയാനു് ഭൂമി തിരിച്ചേൽപ്പിക്കണമെന്നു തോന്നിയാൽ ഏൽപ്പിക്കാം. അങ്ങനെ ട്രൈബ്യൂണലിന്റെ മുമ്പാകെ അപേക്ഷ കൊടുക്കുമ്പോൾ എന്തു പ്രതിഫലം അതിനു കൊടുക്കണമെന്നുള്ളതു് ട്രൈബ്യൂണൽ നിശ്ചയിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതിയിൽ പറയുന്നതു്. ശരിയായ പ്രതിഫലം കുടിയാനു് കിട്ടത്തക്ക ഒരു നടപടിക്രമം അംഗീകരിക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്. ക്ലാസ് 18 ചേർക്കാത്തതുകൊണ്ടുള്ള വിഷമത്തെപ്പററി ശ്രീമതി ഗൗരി ഇവിടെ പറഞ്ഞിട്ടുണ്ട്. വെറും സറണ്ടർ ക്ലാസ് 21 ചേർക്കുന്നതു ആപത്താണ്. സറണ്ടറിന്റെ പേരിൽ ബാക്കി ഒഴിപ്പിച്ചെടുക്കും.

ശ്രീ. കെ. ഭാർഗ്ഗവൻ: മന്ത്രിയുടെ ഭേദഗതി വന്നതുകൊണ്ട് ബുദ്ധിമുട്ട് കുറെ ഒഴിവാകുമെന്നു തോന്നുന്നു. സമ്മർദ്ദം ഉപയോഗിക്കത്തക്ക തരത്തിൽ സറണ്ടർ ക്ലാസ് വച്ചാൽ സമ്മർദ്ദം ഉപയോഗിച്ചു ഭൂമി സറണ്ടർ ചെയ്യാൻ ടെനൻറിനെ നിർബന്ധിക്കും. 18-ാമത്തെ ക്ലാസ് ഇതിൽ ഉൾപ്പെടുത്താത്തതിനെ സംബന്ധിച്ച ശ്രീമതി ഗൗരി പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണ്. എങ്കിലും വലിയ ബുദ്ധിമുട്ടു ഈ ഭേദഗതി പ്രകാരമില്ല. ഈ എഴുതിവച്ചിരിക്കുന്നതിൽ പല വൈഷമ്യങ്ങളും വരുമെന്നുള്ളതു ഒരു വസ്തുതയാണ്. ഇനി തുടർന്നു വരുന്ന ക്ലാസുകളിലും പല വൈഷമ്യങ്ങൾ വരും. എല്ലാ ക്ലാസുകളിലും അങ്ങനെ ഭേദഗതി വരുത്തേണ്ടതുണ്ട്. രണ്ടാമതു് ഇതിനെപ്പററിയൊക്കെ ആലോചിക്കേണ്ടിവരും.

ശ്രീ. പി. ടി. ചാക്കോ: രണ്ടാമതു് ആലോചിക്കാൻ പോകുന്നുണ്ടെന്നു പറഞ്ഞ സ്ഥിതിക്ക് അപ്പോൾ ആലോചിച്ചാൽ മതി. ഇപ്പോൾ എന്റെ ഭേദഗതി മതി.

2/747/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : എന്റെ ഭേദഗതി ഇതാണ്. In clause 49, for the words, any land held by him' substitute, "his holding". ഞാൻ ആദ്യം വിചാരിച്ചതു് കുടിയാന്മാർക്ക് ചിലപ്പോൾ ദോഷകരമായി അനുഭവപ്പെടുന്നതു് സറണ്ടർ ചെയ്യാവുന്ന പൊതുവകുപ്പായിരിക്കണമെന്നാണ്. ശ്രീമതി ഗൗരി ചൂണ്ടിക്കാണിച്ച കൃഷിനാശംകൊണ്ടും മററും അവർക്കു കിട്ടുന്ന ആനുകൂല്യം പരിപൂർണ്ണമായി പരിഹാരമാകുകയില്ലെങ്കിൽ ഒഴിഞ്ഞുകൊടുത്തേക്കാമെന്നു്. കമ്പിളിക്കെട്ട് വിട്ടുപോയാൽ കൊള്ളാമെന്നുള്ള പരിതഃസ്ഥിതിയുണ്ടാകും. അതിലേക്കുകൂടി ഉപയോഗപ്പെടുമായിരിക്കുമെന്നാണ് ഞാൻ ആദ്യം വിചാരിച്ചതു്. എന്നാൽ ഇപ്പോൾ മന്ത്രിയുടെ ഭേദഗതി അതിനെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. അതൊരുപക്ഷേ പ്രതിപക്ഷത്തു നിന്നും ഉന്നയിച്ചിട്ടുള്ള ആശങ്കകളെ ഭയപ്പെട്ടിട്ടായിരിക്കണം. ഈ നിയമം ഉണ്ടെങ്കിലും നിലവിലുള്ള അവകാശം രജിസ്റ്റർ പ്രമാണപ്രകാരം ഒരു കുടിയാനു് ഒഴിഞ്ഞുകൊടുക്കാൻ യാതൊരു വിരോധവുമില്ല. എന്റെ ഭേദഗതി മന്ത്രി പറഞ്ഞതാണ് ഉദ്ദേശമെങ്കിൽ അതിനു സഹായകമായ ഒന്നാണ്. ഉടമസ്ഥനും, മദ്ധ്യവർത്തിക്കും, നടപ്പുകാരനും ഒഴിഞ്ഞുകൊടുപ്പാൻ അവകാശം ഉണ്ടാകും. ഇപ്പോൾ നടപ്പുകാരനു മാത്രമേ ഈ അവകാശം ഒഴിഞ്ഞുകൊടുക്കാനുള്ള അധികാരം കൊടുക്കുന്നുള്ളു. മുഴുവൻ ഉദ്ദേശ്യവും നടപ്പിലാക്കണമെങ്കിൽ എന്റെ ഭേദഗതിക്കൂടി സ്വീകരിക്കണം. അങ്ങനെയാണെങ്കിലേ മദ്ധ്യവർത്തിക്ക് ഒഴിഞ്ഞുകൊടുക്കാനുള്ള അവകാശം കിട്ടുകയുള്ളു. 18-ാം വകുപ്പുകൂടി ഇതിൽ ചേർക്കണമെന്നു പറയുന്നതിനോടു് നിയമപരമായി യോജിക്കാൻ നിവൃത്തിയില്ല. 18-ാം വകുപ്പുപ്രകാരമുള്ള ബാദ്ധ്യതകൾ അനുസരിച്ചാൽ മാത്രമേ 17-ാം വകുപ്പിൻപ്രകാരം ഒഴിപ്പിക്കാൻ സാദ്ധ്യതയുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ : മന്ത്രിയുടെ ഭേദഗതിപ്രകാരം കുടിയാൻ ഭൂമി ഒഴിഞ്ഞുകൊടുക്കുന്ന കേസുകളിൽ ഒഴിഞ്ഞുവാങ്ങുന്നവരെ സംബന്ധിച്ചിടത്തോളം 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറയുന്ന നിബന്ധനകൾ അനുസരിക്കണമെന്നു അനുശാസിക്കുന്നുണ്ടു്. ഭൂമി ഒഴിപ്പിക്കലായിട്ടായാലും ഒഴിഞ്ഞുകിട്ടലായിട്ടായാലും അതു മേൽപറഞ്ഞ വകുപ്പുകൾക്കനുസരിച്ചാവണമെന്നുണ്ടു്. ഭൂമി കുടിയാന്മാരിൽനിന്നും ഒഴിപ്പിച്ചെടുക്കുമ്പോൾ, ഒരു നിശ്ചിത പരിധികല്പിച്ചതു പോലെ, ഒഴിഞ്ഞുവാങ്ങുന്നതിനും ഉണ്ടു് പരിധി എന്നർത്ഥം. 14 മുതൽ 17 വരെയുള്ള വകുപ്പുകൾ പ്രകാരം കുടിയാന്റെ കയ്യിൽനിന്നും ഭൂമി തിരിച്ചെടുക്കുമ്പോൾ വിസ്തൃതിക്കു മാത്രമല്ല, കാലത്തിനും ഒരു നിർണ്ണയം വച്ചിട്ടുണ്ടു്, അതിൽ, കാലനിർണ്ണയം മാത്രം ഇവിടെ വരികയില്ല. എന്നുവച്ചാൽ ഒരു ഭൂവുടമസ്ഥന്റെ കയ്യിൽ ഏററിയതു് ഇത്ര ഏക്കറേ പാടുള്ളുവെന്നു നിബന്ധനവെച്ചപോലെ, ആയതു് ഈ നിയമം നടപ്പായി ഒരു കൊല്ലത്തിനുള്ളിൽ വേണമെന്ന കാര്യം മന്ത്രിയുടെ ഭേദഗതിയിൽനിന്നു് മാററിക്കളഞ്ഞിരിക്കുന്നു. ഈ വകുപ്പ് ആദ്യം നിന്നിരുന്ന രൂപത്തിൽ നിന്നും ഏറെയൊന്നും വ്യത്യാസമില്ലാതെയാണിപ്പോഴും നിൽക്കുന്നതെന്നു തോന്നുന്നു. ഒഴിഞ്ഞുകിട്ടുന്ന ആൾക്കു് വിസ്തൃതിയുടെ കാര്യത്തിൽ പരിമിതിവെച്ചപോലെ, കാലനിർണ്ണയത്തിൽ പരിമിതി പറഞ്ഞിരുന്നുവെങ്കിൽ, സമ്മർദ്ദം ഉപയോഗിച്ച ഒഴിയലുകൾ കുറയുമായിരുന്നു. കാഴ്ചയിൽ ഒഴിയലും യഥാർത്ഥത്തിൽ ഒഴിപ്പിക്കലും ആണു് സംഭാവ്യത. ലാൻഡ് ട്രൈബ്യൂണൽ വഴി വേണമെന്ന ശ്രീ. ബലറാമിന്റെ ഭേദഗതിയാണു് നല്ലതെന്നു് തോന്നുന്നു. കുടിയാന്റെ മേൽവന്നു വീഴുന്ന സമ്മർദ്ദം ഒഴിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. അല്ലെങ്കിൽ ഒഴിയലിന്റെ പേരിൽ ഒഴിപ്പിക്കലുകളാണു് നടക്കുക. വിസ്തൃതിക്കു് പരിമിതി വച്ചപോലെ, കാലത്തിലും പരിമിതി വയ്ക്കണം. ലാൻഡ് ട്രൈബ്യൂണൽ മുഖാന്തിരം നടത്തുകയും വേണം. അല്ലെങ്കിൽ, ഒഴിയലിന്റെ വേഷത്തിൽ, ധാരാളം ഒഴിപ്പിക്കലുകൾ നടക്കും എന്നുള്ളതു് തീർച്ചയാണ്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : മന്ത്രിയുടെ 1619-ാം നമ്പർ ഭേദഗതി ആവശ്യമുണ്ടോ എന്നു ഞാൻ ഉറക്കെ ചിന്തിക്കുകയാണ്. ഒരു പാട്ടക്കാരൻ സൗമനസ്യത്തോടെ യാതൊരു പ്രേരണയും കൂടാതെ പാട്ടബാദ്ധ്യത ജന്മിക്കു്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിഞ്ഞുകൊടുക്കുന്നതിനു പ്രതിബന്ധമായിട്ടാണ് ഇതു വരുന്നതു്. എന്തു പ്രതിഫലം കൊടുത്താലും ഒരു പരിമിതിക്കപ്പുറം ഒഴിഞ്ഞുകൊടുക്കാൻ പാടില്ല എന്നാണ് ഈ വകുപ്പ് നിർദ്ദേശിക്കുന്നതു്. 14 മുതൽ 17 വരെയുള്ള വകുപ്പുകൾ പ്രകാരം വസ്തു ജന്മിക്കു് ഒഴിപ്പിക്കുന്നതിനും മറ്റും ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടു്. എനിക്കു് ജന്മാവകാശമുള്ള വസ്തു എനിക്കു് വില്ക്കാമെന്നുണ്ടെങ്കിൽ എനിക്കു് പാട്ടാവകാശമുള്ള വസ്തു വില വാങ്ങിച്ചുകൊണ്ടു് ആവശ്യമുള്ളവക്കു് ഒഴിഞ്ഞുകൊടുക്കാൻ എന്താണു പ്രതിബന്ധമുള്ളതു്.

Shri P. T. Chacko : May I point out Clause 48 where it is clearly stated that the right of tenant shall be heritable and alienable. There cannot be any doubt about that.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള ; അങ്ങനെയാണെങ്കിൽ ഇതിന്റെ ആവശ്യമുണ്ടോ എന്നുതന്നെ ചിന്തിക്കണം.

ശ്രീ. പൊന്നറ ജീ. ശ്രീധർ : ഒരു മനുഷ്യനുള്ള അവകാശം മുഴുവനും ഇതിൽ എടുത്തുകളഞ്ഞിരിക്കുകയാണു്. അവനവന്റെ കയ്യിലുള്ള വസ്തു വില്ക്കാനുള്ള അവകാശമാണു് എടുത്തുകളഞ്ഞിരിക്കുന്നതു്. ബില്ലിൽ ചില വ്യവസ്ഥകൾ വച്ചിട്ടുണ്ടു്. അതിൽ കൂടുതലുള്ളതു് ആക്കുവേണമെങ്കിലും കൊടുക്കാം. അങ്ങനെയുള്ളതു് കൊടുക്കുമ്പോൾ തന്റെ അടുത്തുള്ള ആളിനു കൊടുക്കാൻ പാടില്ലെന്നു പറയുന്നതു ശരിയല്ല.

ശ്രീമതി. കെ. ആർ. ഗൗരി: ട്രാൻസ്ഫർ എന്നുപറയുന്നതും, സറണ്ടർ എന്നു പറയുന്നതും രണ്ടല്ലേ? സറണ്ടർ ഒഴിഞ്ഞു കൊടുക്കുന്നതാണു്.

ശ്രീ. പൊന്നറ ജീ. ശ്രീധർ : എന്റെ റൈററു് വില്ക്കുന്നതിനുള്ള അവകാശം എനിക്കു് നിഷേധിച്ചിട്ടില്ല. അങ്ങനെയിരിക്കുമ്പോൾ മറെറാരാളിനു് കൊടുക്കുന്നതിനെ എന്തുകൊണ്ടു നിഷേധിക്കണം. നല്ല വില കിട്ടുന്ന വസ്തുക്കൾക്കു് ആ വില കിട്ടാതിരിക്കാനാണു് ഉദ്ദേശമെങ്കിൽ ഇതുകൊള്ളാം. അതല്ലാ ടെനൻറിനെ സഹായിക്കാനാണു് ഉദ്ദേശമെങ്കിൽ ആവശ്യമുള്ളവക്കു് നല്ല വിലയ്ക്കു് കൊടുക്കാൻ അനുവദിക്കണം.

Shri P. T. Chacko : Sir, the timelimit that was insisted upon by the members of the main opposition, according to me, is not necessary and I may make it clear that this is not intended.

As regards the doubt expressed by Shri N. S. Krishna Pillai and Shri Ponnara Sreedhar, I want to make it clear that this section is intended to prevent surrenders by pressure from the landlords. This will not bar in any way the right of alienation, say, sale or some other demise because under Section 48, it is clearly stated that the right is alienable and heritable. So any tenant is free to alienate. Now this is intended as a protection to the tenant. The rights of tenants should not be surrendered because of some pressure which the landlord might bring about. Two limitations are there. One, when the land is surrendered, it becomes effective only if it is registered, in the office of the Land Tribunal. The amendment which I move today makes another limitation that the surrender will be valid only to the extent of land which can be resumed under Section 14, 15 etc. This section is necessary and I request the House to accept the Section with my amendment.

ശ്രീ. ഈ. പി. ഗോപാലൻ: മന്ത്രി ഇപ്പോൾ പറഞ്ഞതു് അനുസരിച്ചു്, ഭൂ ഉടമസ്ഥു് സറണ്ടർചെയ്യാതെ, വസ്തു വേറൊരാൾക്കു വിൽക്കാനുള്ള അധികാരം തടയപ്പെടുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു്; കുടിയാൻ വിചാരിക്കുകയാണു് ഇനി ഈ മാരണം വേണ്ടാ, ആർക്കെങ്കിലും കൊടുത്തേക്കാം എന്നു കരുതിയാൽ അതിനുള്ള അധികാരം ഉണ്ടെന്നാണോ പറയുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ കൈമാററം ചെയ്യാനുള്ള അധികാരമുണ്ടെന്നാണ് പറഞ്ഞത്.

Shri N. E. Balram : Sir, I don't press.

The amendment moved by Shri N. E. Balaram, was by leave withdrawn.

Shri K. Bhargavan: Sir, I don't press.

The amendment moved by Shri K. Bhargavan, was by leave, withdrawn.

Shri M. Narayana Kurup: Sir, I don't press.

The amendment moved by Shri M. Narayana Kurup, was by leave withdrawn.

ശ്രീമതി. കെ. ആർ. ഗൗരി : 37 പ്രകാരം, തീരെ കൊള്ളരുതാത്തതാണ്, നഷ്ടപ്പെട്ടുപോകുന്നതാണെന്നു തോന്നുന്നതാണെങ്കിൽ, അതു മുഴുവൻ കൊടുക്കാൻ വിരോധമുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ : ആ കാര്യമല്ല ഇവിടെ പറഞ്ഞിരിക്കുന്നത്.

Smt. K. R. Gouri : Sir, I press my amendment.

The amendment moved by Smt. K. R. Gouri, was put and lost.

"Amendment No. 1619, moved by the Minister was put and carried, namely.

In clause 49, the following further proviso shall be inserted, namely:

"Provided further that the extent of land the interest over which a cultivating tenant may surrender to his landlord shall not exceed the extent of any, which the landlord would have been entitled to resume from the tenant under section 14, section 15, section 16 or section 17."

The question that clause 49, as amended, stand part of the Bill was put and carried.

Clause 49, as amended, was added to the Bill.

New Clause After Clause 49.

Shri M. Narayana Kurup : I move amendment No. 706:

After clause 49, add the new clause 49 A :

"49 A. Surrender of rights by cultivating Kanomdar and customary verumpattomdar: A cultivating Kanomdar or customary verumpattamdar may surrender his rights as a Kanomdar or customary verumpattomdar and elect to continue as a cultivating verumpattomdar."

സർ, ഇതൊരു നിർദ്ദോഷമായ വകുപ്പാണ്. മലബാർ ടെനൻസി ആക്ററിൽ ഉണ്ടായിരുന്ന ഒരു വകുപ്പിനനുസരണമായ ഒരു വകുപ്പാണ്. കാണം കസ്ററമറി വെറും പാട്ടം, സാധാരണനിലയിൽ, വെറുംപാട്ടത്തേക്കാൾ മെച്ചമായ ഒരു ഏർപ്പാടു, കുടിയായ്മ ആണെങ്കിൽകൂടി, ചില സന്ദർഭങ്ങളിൽ വെറുംപാട്ടക്കാരുടെ അവകാശങ്ങൾക്കാണ് വില കല്പിച്ചിരിക്കുന്നത്. ചില സന്ദർഭങ്ങളിൽ വെറുംപാട്ടമായിരിക്കും കുടിയാനു കൂടുതൽ അനുകൂലമാവുക. ആ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു വകുപ്പുണ്ടായിരിക്കുന്നതു നല്ലതാണ്. ഇതുകൊണ്ടു ജന്മിക്കു ദോഷം ഒന്നും വരാൻ പോകുന്നില്ല. ഇതു സ്വീകാര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ഭേദഗതി സ്വീകരിക്കുന്നില്ല.

Mr. Speaker : Do you press your amendment?

Shri M. Narayana Kurup: No, Sir.

Amendment No. 706 moved by Shri M. Narayana Kurup, was by leave, withdrawn.

Clause 50.

Shri T. A. Thomman : I move amendment No. 710:

In clause 50, the following shall be added as sub-clause (6):

"(6) If any dispute arises as to the rights of the landowner, intermediary and cultivating tenant over timber trees, the Land Tribunal shall on the application of the landowner, intermediary or cultivating tenant, by order, decide the question after hearing all the persons interested."

Smt. K. R. Gouri: I move amendments Nos. 1234 and 1541:

1234: In clause 50 (1), delete the words "cultivating tenant" occurring before the last portion beginning with "shall belong to the cultivating tenant.

1541. In clause 50, redraft sub-clause (1) as follows:

> " (1) Notwithstanding any law, custom, or contract to the contrary all timber trees, planted by the cultivating tenant, or his predecessor in interest, or spontaneously sprouting and growing in the holding after the commencement of the tenancy, shall belong to the cultivating tenant.

Explanation : Commencement of the tenancy means, the starting of the tenancy in the case of the cultivating tenant and his predecessor in interest if any, taking into consideration all renewals also, if any."

Shri N. E. Balaram: I move amendments 1235 and 1236:

1235. In clause 50 (3), substitute "¼" in the place of '½'.

1236. In clause 50 (4), substitute "¾" instead of "½".

Shri T. A. Thomman : My amendment is :

"In clause 50, the following shall be added as sub-clause (6):

> "(6) If any dispute arises as to the rights of the landowner, intermediary and cultivating tenant over timber trees, the Land Tribunal shall, on the application of the landowner, intermediary or cultivating tenant, by order, decide the question after hearing all the persons interested."

This clause relates to rights as to timber trees planted by the cultivating tenant, landlord or the intermediary. What are timber trees? It is defined in clause 2 (58). What is laid down in clause 50 is that all timber trees planted by the cultivating tenant or spontaneously sprouting and growing in his holding after the commencement of his tenancy as cultivating tenant shall belong to the cultivating tenant subject to certain conditions. This was in the Agrarian Relations Act also. As far as the Travancore area

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

is concerned, before the Tenants' Improvements Act came into force, the position was that the tenant was not entitled to the value of trees of spontaneous growth. The clause says that all the timber trees which have been in existence during the period of tenancy can be removed by the tenant.

Clauses 3 and 4 deal with how the value of the timber trees may be apportioned between the landlord and the tenant: the tenant is to get half the value and the landlord is to get half the value. There might arise disputes among them and it is necessary to see that those disputes among the landlord and the intermediary and the tenant are amicably settled. Disputes may arise as to whether the trees were planted by the tenant or spontaneously grown, or whether the trees were in existence during the period of tenancy. About the value of trees also there might arise disputes. The disputes has to be settled by Tribunal. So Land Tribunal may be vested with the power to decide the question. It is for that purpose that I have tabled this amendment.

ശ്രീമതി. കെ. ആർ. ഗൗരി: സർ, എന്റെ ഭേദഗതി ഒന്ന് 1234 ആണ്:

In clause 50 (1) delete the word "cultivating tenant" occurring before the last portion beginning with "shall belong to the cultivating tenant."

ക്ലാസ്സ് 50 (1)—ൽ പറയുന്നത്:

" Notwithstanding any law, custom or contract to the contrary, all timber trees planted by the cultivating tenant or spontaneously sprouting and growing in his holding after the commencement of his tenancy as cultivating tenant shall belong to the cultivating tenant."

എന്നാണ്. അതിൽ 'കൾട്ടിവേറ്റിംഗ് ടെനന്റ്' എന്നുള്ളത് ആവശ്യമില്ലെന്നാണ് ആദ്യത്തെ ഭേദഗതി.

പിന്നെ എന്റെ ഒരു ഭേദഗതി, 1541 ആണ്. ഇന്നത്തെനിലയിൽ, ആ ക്ലാസ്സിനെസംബന്ധിച്ച ഒരു സംശയം മാറ്റുന്നതിനുവേണ്ടിയാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എൻ. ഭാസ്കരൻ നായർ: കൾട്ടിവേറ്റിംഗ് ടെനന്റിന്റെ പീരിയഡിൽ ചെയ്യുന്ന പ്ലാൻറേഷനെപ്പറ്റിയല്ലേ ഇതിൽ പറയുന്നത്?

ശ്രീമതി. കെ. ആർ. ഗൗരി: 'കൾട്ടിവേറ്റിംഗ് ടെനന്റ്' എന്നു പറയേണ്ട ആവശ്യമില്ല. ഒരാളിന്റെ കൈവശമില്ലാത്ത ഭൂമിയിൽ ആരെങ്കിലും കൃഷിചെയ്യുമോ? അതു പറയേണ്ട ആവശ്യമില്ല.

Shri N. Bhaskaran Nair: He might have some other right as intermediary or something like that, other than the right of a tenant. During the period in which the land was not in his possession, he should not get the benefit........

ശ്രീമതി. കെ. ആർ. ഗൗരി: ഇതിൽ, Notwithstanding any law, custom or contract to the contrary, all timber trees planted by the cultivating tenant or spontaneously sprouting and growing in his holding after the commencement of his tenancy........"

("his tenancy" may create hardship.)

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്നതുകൊണ്ട്, കൾട്ടിവേറ്റിംഗ് ടെനൻറിൻെറ കൈവശം ഇരിക്കുമ്പോൾ, കൾട്ടിവേറ്റിംഗ് ടെനൻറു പ്ലാൻറു ചെയ്തതായിട്ടേ വരികയുള്ളു. കൾട്ടിവേറ്റിംഗ് ടെനൻറ് ട്രാൻസ്ഫർ ചെയ്യും കൾട്ടിവേറ്റിംഗ് ടെനൻറുണ്ടാകും. മി. ഭാസ്കരൻ നായർ പറഞ്ഞതു് കൾട്ടിവേറ്റിംഗ് ടെനൻറു ആകുമ്പോൾമാത്രം ചെയ്യുന്ന കൃഷിയെസംബന്ധിച്ചുള്ള കാര്യമാണ്. സാധാരണ നിലയിൽ കൈമാററം മൂലം ടെനൻസി മററൊരാൾക്കു കൊടുക്കാം. അങ്ങനെ അവകാശം ഒഴിഞ്ഞുകൊടുക്കാറുണ്ട്. അങ്ങനെ വരികയാണെങ്കിൽ ഇപ്പോഴത്തെ വകുപ്പിൽ ഒരു ബുദ്ധിമുട്ടുനേരിടും. അതു വരാതിരിക്കാനാണ് എൻെറ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. cultivating tenant നു മുൻപ്പ് അദ്ദേഹത്തിൻെറ predecessor in interest വച്ച trees ന് അവകാശമില്ല എന്നു വയ്ക്കണോ—കിട്ടാൻഅവകാശപ്പെട്ട ആളിനു് അതു കിട്ടണം.

ടെനൻറ് പാട്ടം കൈമാററംചെയ്യാറുണ്ട്. കാണം കൈമാററം വാങ്ങുന്നവർ ചിലപ്പോൾ ജന്മാവകാശംകൂടി വാങ്ങാറുണ്ട്, അങ്ങനെ വാങ്ങുമ്പോൾ അതിലെ ദേഹണ്ഡങ്ങൾക്കും എല്ലാം വിലകൊടുത്തിട്ടാണു വാങ്ങുന്നതു്. അതുകൊണ്ടാണ് സ്പെസിഫിക്കായിട്ട് ഇതിൽ "his predecessor in interest" എന്നുകൂടി ചേർക്കണമെന്നു പറയുന്നതു്. കാർഷിക ബന്ധനിയമത്തിൽ ഇങ്ങനെ ഉണ്ടായിരുന്നോ എന്നു ചോദിച്ചാൽ, ഇല്ലായിരുന്നു. പക്ഷേ, അതു് ഇപ്പോൾ ആവശ്യമായിരിക്കുകയാണ്. ഒരാൾ മററൊരാളുടെ അവകാശം കൈമാററം വാങ്ങുകയാണെങ്കിൽ അയാൾ പ്ലാൻറുചെയ്തിട്ടുള്ള മരങ്ങൾ മററൊരാളുടേതാകാൻ പാടില്ല. "his tenancy" എന്നുചേർത്താൽ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടാണ് ഞാൻ ഒരു വിശദീകരണം കൂടി ഇതിൽ ചേർത്തിരിക്കുന്നതു്.

"Commencement of the tenancy means, the starting of the tenancy in the case of the cultivating tenant and his predecessor in interest if any, taking into consideration all renewals also if any."

സർ, നമ്മുടെ നാട്ടിലെ പ്രമാണങ്ങൾ പരിശോധിച്ചാൽ ഒരു വസ്തുത വ്യക്തമാകും. 12 കൊല്ലത്തിലൊരിക്കൽ പ്രമാണങ്ങൾ പുതുക്കി എഴുതാറുണ്ട്. അങ്ങനെ എഴുതുമ്പോൾ, വസ്തുവിലെ എല്ലാ ദേഹണ്ഡങ്ങളും ജന്മിയുടേതാണെന്നുള്ള വാചകം പ്രത്യേകം അതിൽ എഴുതിച്ചേർക്കാറുണ്ട്. വസ്തുവിലുള്ള മുഴുവൻ അവകാശവും, അതിലെ ദേഹണ്ഡങ്ങളും ഞാൻ വിട്ടുതന്നിരിക്കുന്നു എന്നു അന്നു മുതൽ പുതിയ Tenancy എന്ന നിലയിൽ എല്ലാ വൃക്ഷങ്ങളും ജന്മിയുടേതായിട്ടു സ്ഥാപിച്ചാണ് പ്രമാണത്തിൽ എഴുതിവയ്ക്കുന്നതു്. കൾട്ടിവേറ്റിംഗ് ടെനൻറ് ആദ്യം ആരായിരുന്നോ, ടെനൻസി ആരംഭിച്ച ദിവസം മുതൽ അയാളെ കൾട്ടിവേറ്റിംഗ് ടെനൻറിൻെറ നിർവ്വചനത്തിൽ പരിഗണിക്കണമെന്നാണ് എൻെറ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. സംശയം മാററാൻ വേണ്ടിയാണ്, ഇതൊരു അടിസ്ഥാനതത്വമായിട്ട് പരിഗണിക്കണമെന്നല്ല; ഒരു അനാമലി വരാൻ ഇടയുള്ളതു് ഒഴിവാക്കാൻ, ഇതിൻെറ അവകാശം കുടിയാനു കിട്ടണമെന്നുള്ളതുമാത്രമാണ് ഉദ്ദേശം. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ എൻ. ഇ. ബലറാം: കുടിയാൻ വെച്ചുപിടിപ്പിക്കുന്ന timber trees കുടിയാൻേറതല്ല എന്നുള്ള സങ്കല്പത്തിൽ അതു ജന്മിക്ക് മുറിച്ചു വില്ക്കുന്നതിനും, അതിൻെറ വിലയുടെ പകുതി കുടിയാനും, പകുതി ജന്മിയ്ക്കും കൊടുക്കുന്നതിനുമാണ് ഈ ബില്ലിൽ എഴുതിവെച്ചിരിക്കുന്നതു്. അതു മാററിയിട്ട് മാർക്കററു വിലയുടെ നാലിൽമൂന്നു കുടിയാനും ബാക്കിയുള്ളതു് ജന്മിക്കും കൊടുക്കണമെന്നാണ് എൻെറ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. മലബാറിലുള്ള കുടിയാന്മാരെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ ഇങ്ങനെയുള്ള മരങ്ങളിൽ ഭൂരിഭാഗവും കുടിയാൻ വെച്ചുപിടിപ്പിച്ചതാണെന്ന് കാണാം. 1920 മുതൽ 29 വരെയുള്ള കാലഘട്ടത്തിൽ കുടിയാന് സ്ഥിരാവകാശം സിദ്ധിക്കാത്ത ഒരു കാലമായിരുന്നു. അക്കാലത്താണ് മേൽച്ചാർത്തും പൊളിച്ചെഴുത്തും നടന്നതു്. കുടിയാനു് യാതൊരുവിധത്തിലുള്ള അവകാശവും ഇല്ലായിരുന്നുവെന്ന് രേഖകളിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

നിന്നും കാണാവുന്നതാണ്. അവർ വെച്ചുപിടിപ്പിച്ച ട്രീസിന്റെ അവകാശം മുഴുവനും ജന്മിക്കായിരുന്നുവെന്ന് കാണാവുന്നതാണ്. 1930–നു ശേഷം ഉണ്ടായ പല നിയമങ്ങളിലും ഈ രീതി തുടർന്നു വന്നിട്ടുള്ളതു് കാണാം. ഈ ടിമ്പർ ട്രീകളിൽ ജന്മിയ്ക്കു പൂർണ്ണമായി അവകാശം ഇല്ല. പക്ഷെ അതു് കുടിയാന്റേതാണെന്നു് അംഗീകരിക്കുന്നതുമില്ല. വിളവിന്റെ നാലിലൊന്നു മാത്രം ജന്മിയ്ക്കു് പാട്ടമായിട്ടു് കൊടുത്താൽ മതിയെന്നു അംഗീകരിച്ചിട്ടുണ്ടു്. ആ നിലയ്ക്കു് ഈ ട്രീസിന്റെ കാര്യത്തിലും ജന്മിക്കു് അതിന്റെ നാലിലൊന്നിൽ കൂടുതൽ വില കൊടുക്കേണ്ട ആവശ്യമില്ല. ടിമ്പർ ട്രീസ് എന്നു പറയുന്നതു് വളരെ വിലപിടിച്ച മരങ്ങളാണു്. അതിനു് മാക്കററിൽ നല്ല വില കിട്ടും. ജന്മിയ്ക്കു് മരങ്ങളിൽ പൂർണ്ണമായ അവകാശം കൊടുക്കുകയാണെങ്കിൽ അവക്കു ആവശ്യമെന്നു തോന്നുമ്പോഴെല്ലാം മരങ്ങൾ മുറിച്ചുവിററു് പകുതിവില അവർക്കും എടുക്കാം, പകുതിവില കുടിയാനും കൊടുക്കാം. ഇങ്ങനെയായാൽ വലിയ വില കൂടിയ മരങ്ങളും ജന്മിക്കു് തോന്നുമ്പോൾ മുറിച്ചുവിൽക്കാവുന്നതാണു്. ഉദാഹരണമായിട്ടു് വേപ്പു്, പൊങ്ങു്, തേക്കു, ഇരുപ്പ മുതലായ മരങ്ങൾ ടിമ്പർ ട്രീസ്സാണു്. ഈ പ്രധാനപ്പെട്ട നാലു മരങ്ങളിൽനിന്നും വളരെയധികം വിലയുള്ള എണ്ണക്കുരുക്കൾ കിട്ടും. എണ്ണക്കുരുക്കൾ കിട്ടുന്ന മരങ്ങൾ നശിപ്പിക്കുന്നതു ശരിയല്ല. അതു തടയുകയാണു് ഗവണ്മെൻറു ചെയ്യേണ്ടതു്. വിലപിടിച്ച മരങ്ങളെല്ലാം ജന്മിക്കു് കാശിനു ആവശ്യമുണ്ടെങ്കിൽ മുറിച്ചു വിൽക്കാം എന്നാണു് ഈ ബില്ലിൽ ഉള്ളതു്. അതിന്റെ പകുതി വിലമാത്രം കുടിയാനു് കൊടുത്താൽ മതിയാകുന്നതാണു്. അങ്ങനെ വരാതിരിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഒരു ഭേദഗതി ഇതിനു കൊടുത്തിട്ടുള്ളതു്. അതായതു് മരങ്ങൾ മുറിച്ചു വിൽക്കുമ്പോൾ മാക്കററു വിലയുടെ നാലിൽമൂന്നു ഭാഗം കുടിയാനും ബാക്കിയുള്ളതു് ജന്മിക്കും കൊടുക്കണമെന്നാണു്. അല്ലാതെ ഇതിൽ എഴുതിവെച്ചിരിക്കുന്നതുപോലെ പകുതി വില മാത്രം കുടിയാനു് കൊടുത്താൽ മതിയെന്നുള്ളതിന്റെ അർത്ഥം എന്താണെന്നു് മനസ്സിലാകുന്നില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, എനിക്കു് ഇവിടെ ഒരു സംശയമുള്ളതു് തീക്കാൻവേണ്ടി 6–ാമതൊരു സബ് ക്ലാസായിട്ടു് 'For the purpose of this section, land owner, intermediary and the cultivating tenant shall include their predecessors in interest'. എന്നുകൂടി വേണമെങ്കിൽ ചേക്കണമെന്നു് മാത്രമാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, ക്ലാസ് 50–ൽ പറയുന്നതു്,

'in his holding after the commencement of his tenancy'

എന്നാണു്. അപ്പോൾ 'ഹിസ്' രണ്ടുംകൂടി വരുമ്പോൾ രണ്ടു മൂന്നുകൊല്ലത്തെ ഒരു ടെനൻസിയുടെ അവകാശം തീറു് വാങ്ങിച്ചിട്ടില്ലെങ്കിൽ അവനു് ആ ഫേഹണ്ഡവില കിട്ടുകയില്ലെന്നാണു് എന്റെ അഭിപ്രായം. ഇങ്ങനെ രണ്ടു 'ഹിസ്' ചേർത്തതുകൊണ്ടു്, ഒരു ടെനൻസി അവന്റെ അവകാശം തീറു വാങ്ങിച്ചില്ലെങ്കിൽ, അവൻ ഇരുപതു കൊല്ലമോ ഇരുപത്തിയഞ്ചുകൊല്ലമോ ദേഹണ്ഡിച്ചാലും അതിന്റെ ആദായം ആ ടെനൻറിനു് കിട്ടുകയില്ല. ഈ ബില്ലിന്റെ നിർമ്മാതാക്കൾ ടെനൻറിനു് ഇതിനുള്ള ഗുണം കിട്ടുന്നില്ലെന്നുള്ള കാര്യം ആലോചിച്ചിട്ടുണ്ടോ? ഏതായാലും ഇതിനെപ്പററി ശ്രീമതി ഗൗരി പറഞ്ഞതിനോടു് ഞാനും യോജിക്കുകയാണു്. ഇതിൽ എന്തെങ്കിലും ഒരു ഭേദഗതി വരുത്തേണ്ടതാവശ്യമാണു്.

Shri P. T. Chacko: Sir, I am accepting the suggestion made by Smt. Gouri and supported by Shri Joseph Chazhikattu. In clause 50 (1) for the word 'his', the word 'the' may be substituted.

LIBRARY ARCHIVES Kerala Legislative Assembly

I also accept amendment No. 710 moved by Shri T. A. Thomman. The acceptance of the verbal amendment and the amendment of Shri T. A. Thomman I hope will remove all difficulties, because if a dispute arises, the Tribunal is given the power to go into the merit of the dispute and decide. With these amendments the clause may be approved.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. തൊമ്മൻെറ ഭേദഗതി ആവശ്യമാണോ എന്നു് എനിക്കൊരു സംശയമുണ്ടു്. 'land includes something planted in it.' എന്നെല്ലാം ഇതിൽ വരുന്നുണ്ടു്. അതു ആവശ്യമാണോ? ഇതിനൊരു ക്ലാരിഫിക്കേഷൻ ആവശ്യമാണു്. റന്യൂവലിനെ സംബന്ധിച്ചു് ഇതു വരുമോ യെന്നുള്ളതിനു ഒരു സംശയനിവൃത്തി വരുത്തിതന്നാൽ കൊള്ളാം.

Shri P. T. Chacko: Sir, to make it more clear I am also prepared to insert the words' by the cultivating tenant or his predecessor in interest'. That will make the position clearer. I move "In clause 50, sub-clause (1) may be recast as follows: (1) 'Notwithstanding any law, custom of contract to the contrary all timber trees planted by the cultivating tenant or his predecessor in interest or spontaneously sprouting and growing in the holding after the commencement of the tenancy or cultivating tenant shall belong to the cultivating tenant'. The word 'his' occurring in two places of this clause is substituted by the word [the' and instead of the words 'by the cultivating tenant' the words 'by the cultivating tenant or his predecessor in interest' is inserted.

Smt. K. R. Gouri: Sir, what about my 'explanation'?

Shri P. T. Chacko: I think that is not necessary. The position is very clear.

The amendment moved by the Minister was put and carried.

The amendments moved by Smt. K. R. Gouri were, by leave, withdrawn.

Shri N. E. Balaram: Sir, I press my amendments.

Amendment No. 1235 moved by Shri N. E. Balaram was put and lost.

Amendment No. 1236 moved by Shri N. E. Balaram was put and lost.

Amendment No· 710 moved by Shri T.A. Thomman, was put and carried namely:—

'In clause 50, the following shall be added as sub clause (6):—

"(6) If any dispute arises as to the rights of the land lowner, intermediary and cultivating tenant over timber trees, the land Tribunal shall on the application of the land lowner, intermediary or cultivating tenant, by order, decide the question after hearing all the persons interested."

The question that Clause 50, as amended, stand part of the Bill was put and carried.

Clause 50, as amended, was added to the Bill.

New Clause after Clause 50

10 a. m.] **Smt. K. R. Gouri:** I move amendment No. 1237.

1237. After the present clause 50, add a new clause 51 as follows and renumber.

2/747 V

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

"51. Every tenant of a kudiyiruppu shall be entitled to purchase the rights of the landlords in the kudiyiruppu free of all encumbrances on payment of 12 times 75 per cent of the annual rent payable by him in twelve equal annual instalments together with interest at $4\frac{1}{2}\%$ per annum on the amount outstanding at the time of the payment of each instalment".

My amendment is 'Every tenant of a Kudiyiruppu shall be entitled to purchase the rights and interest of the landlords in the kudiyiruppu free from all encumbrances on payment of 12 times 75% of the rent payable by him in 12 and equal instalments together with interest at $4\frac{1}{2}\%$ perannum on the amount outstanding at the time of the payment of such instalment.

ഈ വകുപ്പ് കുടിയിരുപ്പ് സംബന്ധിച്ച് ഒരു പ്രധാനമായിട്ടുള്ള വകുപ്പാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കാൻ കാരണം. (51)-നു മുമ്പേ ഇതു് ചേർക്കുവാൻ പറയാൻകാരണം. 51-(1)-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതിതാണ്.

51(1) Subject to the provisions of subsection (2), a cultivating tenant (including the tenant of a kudiyiruppu), entitled to fixity of tenure under section 13, shall be entitled to purchase the right title and interest of the landowner and intermediaries, if any, in respect of the land comprised in his holding; ഈ വകുപ്പുപ്രകാരം കുടിയിരുപ്പുകാർക്കു മററു കുംടിവേററിംഗ് ടെനൻറിൻെറ ഒപ്പം ജന്മിയുടേയും മദ്ധ്യവർത്തിയുടേയും അവകാശം കിട്ടുന്നുണ്ട്.

51—ൽപറയുന്ന കൾട്ടിവേററിംഗ് ടെനൻറിൻെറ definition-ൽകുടിയിരുപ്പുകാരൻ പെടുമെങ്കിലും അവരെ പ്രത്യേകമായി "Including the tenant of a kudikidappu" എന്നു എഴുതിച്ചേർക്കുവാൻ കാരണം കാർഷികബന്ധ നിയമത്തിൽ കുടിയിരുപ്പുകാരെ സംബന്ധിച്ചു പ്രത്യേകമായിട്ടുള്ള വ്യവസ്ഥ എഴുതിച്ചേർത്തിരുന്നതുകൊണ്ടാണ്. മററു കുടിയാന്മാർ ഇതിനുകൊടുക്കേണ്ടതായ പ്രതിഫലത്തെക്കാൾ ഈ കുടിയിരുപ്പുകാർക്കു ഒരു ചെറുതായ ദാക്ഷിണ്യം കാണിച്ചിരുന്നതു് മററവർ 16 തവണ ഫെയർ റെൻറു് കൊടുക്കുമ്പോൾ ഇവരെ സംബന്ധിച്ചത്രയും 12 തവണ അവർ കൊടുത്തുകൊണ്ടിരിക്കുന്ന പാട്ടത്തിൻെറ 75% 12 ഗഡുക്കളായി അടച്ചാൽ മതിയെന്നായിരുന്നു. ആ വ്യവസ്ഥ കാർഷികബന്ധനിയമത്തിലുണ്ടായിരുന്നു. ഈ നിയമത്തിലും കുടിയിരുപ്പുകാരെ സംബന്ധിച്ച് ഇതു് ചേർക്കണമെന്നാണ് എൻെറ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. കുടിയിരുപ്പുകാർ മററു ടെനൻസി കൊടുക്കേണ്ട വിധത്തിൽ പ്രതിഫലം കൊടുക്കാത്തക്കവിധത്തിൽ ഒരു വ്യവസ്ഥയാണു ഈ നിയമത്തിൽ 53-ാംവകുപ്പിൽ എഴുതിച്ചേർത്തിട്ടുള്ളതു്. കാർഷികബന്ധനിയമം നടപ്പിൽ വന്നു കഴിഞ്ഞപ്പോൾ കുടിയിരുപ്പുകാരെ സംബന്ധിച്ചു അവർക്കു കുടിയായ്മ വാങ്ങുന്നതിനുള്ള അവകാശവും നടപ്പിൽ വന്നു കഴിഞ്ഞിരുന്നു. ആ അവകാശപ്രകാരം വളരെ വളരെ കുടിയിരുപ്പുകാർ ലാൻഡ് ട്രൈബ്യൂണലുകളിൽ അപേക്ഷ കൊടുത്തു്. കുടിയായ്മ വാങ്ങിയിട്ടുള്ളതായി ആർഡർ വന്നു കഴിഞ്ഞിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ കേസ് നിൽക്കുന്നു പണം കെട്ടിവച്ചു. ആ ആർഡർ വന്നു കഴിഞ്ഞതിനുശേഷം അവരെ സംബന്ധിച്ചു പുതിയതായ ഒരു വ്യവസ്ഥപ്രകാരം ഇതു വാങ്ങുന്നതിനുള്ള ഒരു വ്യവസ്ഥ എന്നുള്ള നിലയിൽ വരുകയാണെങ്കിൽ പ്രതിഫലത്തോതു് കൂടും. മാത്രമല്ല അന്യായം പുതിയതായി ഫയൽ ചെയ്യേണ്ടിവരും. രണ്ടാമതു് മററുള്ള ആളുകളെ സംബന്ധിച്ച് എന്തു വ്യവസ്ഥ എഴുതിവച്ചാലും അതു് വാങ്ങുന്നതിനുള്ള പ്രതിഫലം കുടിയിരുപ്പുകാരെ സംബന്ധിച്ച് കൂടുതലാണ്. അവരുടെ ഭൂമിയ്ക്കും പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്സ് 27 വച്ച പാട്ടം കൂട്ടുന്നതിനു ചെറുകിട ജന്മിക്ക് അപേക്ഷിക്കാം. കൂട്ടുകയും ചെയ്യും. ആയതിനാൽ കുടിയിരുപ്പുകാരെ സംബന്ധിച്ച് പ്രത്യേകമായി ഒരു വ്യവസ്ഥ അത്യന്താപേക്ഷിതമായി വന്നിരിക്കുകയാണ്. മലബാറിൽ കുടിയിരുപ്പവകാശം കൊടുത്തിരുന്നതു് പ്രധാനമായും ഷെഡ്യൂൾ കാസ്റ്റിനും ഷെഡ്യൂൾ ട്രൈബ്സിനുമാണ്. കഴിഞ്ഞകാലത്തു് ജാതിയും മതവും തീണ്ടലും തൊടീലും ഉള്ള കാലത്തു കർഷക ജോലിക്കാവശ്യമായ ജോലിക്കാർക്ക് താമസസ്ഥലത്തിനു പുറത്തു് ഭൂമികൾ ചെറിയ പാട്ടത്തിനു കൊടുത്തിരുന്നു. അവർ കൊടുത്തുകൊണ്ടിരുന്ന പാട്ടവും വളരെ തുച്ഛമാണ്. കാരണം പ്രധാനമായും ഇവരാണ് ജന്മികളുടെ പണിയാളുകൾ.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതു തീരെ ശരിയാണെന്നു തോന്നുന്നില്ല. ഷെഡ്യൂൾ കാസ്റ്റിനും ഷെഡ്യൂൾ ട്രൈബ്സിനും അങ്ങനെ പ്രത്യേക കുടിയിരുപ്പ് ഒന്നുമില്ല. അവിടെ എല്ലാവരും ജന്മിയുടെ കീഴിൽ താമസിക്കുന്നതു് കുടിയിരുപ്പിൽതന്നെയാണ്.

ശ്രീമതി കെ. ആർ. ഗൗരി: എന്റെ അഭിപ്രായം ഞാൻ പറയുകയാണ്. മിസ്റ്റർ നാരായണക്കുറുപ്പിന്റെ അഭിപ്രായം അദ്ദേഹം പറഞ്ഞുകൊള്ളണം. ഷെഡ്യൂൾ കാസ്റ്റിനേയും ഷെഡ്യൂൾ ട്രൈബ്സിനേയും സംബന്ധിച്ച് ഞാൻ ഉറപ്പിച്ച് പറയുകയാണ്. അവർക്ക് പാട്ടത്തിനു ഭൂമി കാണുക വളരെ കുറവായിരിക്കും. അവരുടെ കൈവശത്തിൽ ഭൂമി ചെല്ലുന്നതു് കുടിയിരുപ്പവകാശത്തിൽ മാത്രമാണ്. ഞാൻ അതു് ശരിയാണെന്നുള്ള ബോദ്ധ്യത്തിൽ പറയുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ: ഷെഡ്യൂൾ കാസ്റ്റിനും അതുപോലുള്ള പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ആളുകൾക്കും ജന്മിയുടെ കീഴിൽ താമസിക്കുന്നതിനുള്ള കുടിയിരുപ്പു പറഞ്ഞിട്ടുണ്ട്. അതിൽ പ്രത്യേകിച്ച് അഭിപ്രായ വ്യത്യാസമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: മറ്റുള്ളവർ താമസിക്കുന്ന കാര്യവും അതുപോലെ വരുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: അപ്പോൾ മിസ്റ്റർ നാരായണക്കുറുപ്പ് സമ്മതിച്ചു. ഷെഡ്യൂൾ കാസ്റ്റിനും ഷെഡ്യൂൾ ട്രൈബ്സിനും പഴയകാലത്തു് മലബാറിൽ ഈ തീണ്ടലും തൊടീലുമായിരുന്ന കാലത്തു് അവരെക്കൊണ്ട് ജന്മിമാർ ജോലി ചെയ്യിച്ചിരുന്നു. ഈ വിഭാഗത്തെ സംബന്ധിച്ച് 100 ശതമാനവും ഭൂമിയില്ലാത്തവരാണ്. ഇപ്പോഴാണെങ്കിൽ ഒരു അഞ്ചോ പത്തോ പേർക്ക് ശ്രീ. ചടയനെപ്പോലുള്ള ആളുകൾക്ക് കുറച്ചു ഭൂമി കാണും. ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം ആളുകൾക്കും സ്വന്തമായി ഭൂമി ഇല്ല. എത്ര സാമൂഹ്യ പരിഷ്ക്കരണനിയമം വന്നാലും ഷെഡ്യൂൾ കാസ്റ്റിനേയും ഷെഡ്യൂൾട്രൈബ്സിനേയും സംബന്ധിച്ച് അവർക്ക് യാതൊരു ഗുണവും കിട്ടാൻ പോകുന്നില്ല. നിങ്ങളാണെങ്കിൽ അവരുടെ പാട്ടവും കൂട്ടും. ഈ നിയമത്തിൽ 25 ശതമാനം മിച്ചഭൂമി ഈ വിഭാഗത്തിനു് വിതരണം ചെയ്യണമെന്നു പ്രത്യേക വ്യവസ്ഥ മിച്ചഭൂമി വിതരണത്തിൽ എഴുതിയിട്ടുണ്ടെങ്കിലും ഒരിഞ്ചു ഭൂമിയും കൊടുക്കാനുണ്ടാകുകയില്ല എന്ന ഉത്തമബോദ്ധ്യത്തിലാണ്. ഇവർക്ക് പ്രത്യേകമായി കൈവശം വച്ചിരുന്ന മററു ഭൂമികളോ ലീസോ ആണെങ്കിൽ അതൊക്കെ കുറവാണ്. വെറും പാട്ടമോ കാണമോ കസ്റ്റമറി പാട്ടമോ ഇതെല്ലാം കുറവാണ്. കാണുകയുമില്ല. മലബാറിൽ നോക്കുകയാണെങ്കിൽ കോവിലകം പാട്ടങ്ങളും മററും ധാരാളമായിട്ടുണ്ട്. അതൊക്കെ നമ്പൂതിരിമാരുടെ അവകാശികളാകാൻ അർഹതപ്പെട്ട നായർ കുടുംബങ്ങൾക്കാണ് കൊടുത്തിരിക്കുന്നതു്. ഷെഡ്യൂൾ കാസ്റ്റിനും മററും പാലക്കാട്ട് ജില്ലയിൽ കുറച്ചു പാട്ടമുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളെസംബന്ധിച്ച് നോക്കുകയാണെങ്കിൽ ഈ ഷെഡ്യൂൾ കാസ്റ്റിനും ഷെഡ്യൂൾ ട്രൈബ്സിനും ഉള്ള ഏക ടെനൻസി കുടിയിരുപ്പ് മാത്രമാണ്. അതുകൊണ്ടാണ് കാർഷികബന്ധനിയമം ചർച്ചചെയ്തുവന്നപ്പോൾ കുടിയിരുപ്പിനെ സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

പ്രത്യേകമായ വ്യവസ്ഥ എഴുതിയതു്. ആ പ്രത്യേകമായ വ്യവസ്ഥ അന്നു് കൊടുത്തുകൊണ്ടിരിക്കുന്ന പാട്ടമോ മര്യാദപാട്ടമോ ഏതു് കുറവെന്നാൽ അതിന്റെ 75% വച്ചു് 12 കൊല്ലത്തെ പാട്ടം 12 ഗഡുക്കളായി കൊടുത്താൽ കുടിയിരുപ്പവകാശം വാങ്ങാമെന്നായിരുന്നു. ആ വകുപ്പു മററു വകുപ്പുകളോടൊപ്പം നടപ്പിൽ വരുകയും ചെയ്തിരുന്നു. അതുപ്രകാരം വളരെ അപേക്ഷകൾ ലാൻഡു് ട്രിബ്യൂണലിൽ കൊടുത്തു. കുറെ വിധിയായി. ചിലർ പണം കെട്ടിവച്ചു. മററു ചിലർ കേസ്സു് നടത്തുന്നു. ഇതാണു സ്ഥിതി. ഈ വിഭാഗക്കാരെ പ്രത്യേക പരിഗണനയിൽ വച്ചുകൊണ്ടാണു് അങ്ങനെ ഒരു വകുപ്പു് എഴുതിച്ചേർത്തതു്. അതു് ഈ ക്ലാസിൽ എഴുതിച്ചേർത്തിരിക്കുന്നതു് മററു കുടിയാന്മാരുടെ കൂട്ടത്തിലും മററുള്ളവർ കൊടുക്കുന്ന എൻഹാൻസ്ഡ് പാട്ടത്തിന്റെ തോതിൽ തന്നെ പ്രതിഫലം കൊടുക്കാനുമാണു്. അതു പോരാ, സ്പെഷ്യൽ കൺസിഡറേഷൻ അവരെ സംബന്ധിച്ചിടത്തോളം കൊടുക്കേണ്ടതായിട്ടുണ്ടു്. ഈ കുടിയിരുപ്പിനെ സംബന്ധിച്ചിടത്തോളം അവരുടെ കയ്യിലിരിക്കുന്ന ഭൂമി ഒഴിപ്പിക്കാൻ പാടില്ലെന്നു നാം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ലാൻഡു് അസൈൻ ചെയ്യുന്ന കൂട്ടത്തിൽ ഷെഡ്യൂൾഡ് കാസ്റ്റിനും മററും ഭൂമിയില്ലാത്ത വിഭാഗമെന്ന പരിഗണനയിൽ എടുത്തുകൊണ്ടു മിച്ച ഭൂമി ഉണ്ടാകുകയാണെങ്കിൽ, ഉണ്ടാകുമോ എന്നുള്ള കാര്യം കണ്ടറിയണം, എങ്കിലും നാം തത്വം എന്നുള്ള നിലയിൽ ഇത്ര ശതമാനം ഈവിഭാഗക്കാർക്കു് ട്രാൻസ്ഫർ ചെയ്യണമെന്നു് അംഗീകരിച്ചു. ഈ വിഭാഗക്കാരെ സംബന്ധിച്ചു് ഒരു പ്രത്യേകമായ നിബന്ധന, അതായതു് ഇത്ര ശതമാനം പാട്ടത്തിന്റെ ഇരട്ടി പ്രതിഫലത്തുകയായി കൊടുത്താൽ മതിയെന്നും മററു കുടിയാന്മാർക്കു് കൊടുക്കേണ്ട വിധത്തിൽ പാട്ടം കൊടുക്കേണ്ട എന്നും വയ്ക്കണം. കാർഷിക ബന്ധനിയമം ചർച്ച ചെയ്തപ്പോൾ അമെൻമെൻറിനെ സംബന്ധിച്ചു് അന്നു ശ്രീ. കുഞ്ഞമ്പു ഒരു ഭേദഗതി ടേബിൾ ചെയ്തിരുന്നു. മിസ്ററർ കുഞ്ഞമ്പുവിന്റെ ഭേദഗതിയുടെ ആ സ്പിരിററു് ഉൾക്കൊള്ളിച്ചുകൊണ്ടു് അന്നു് ഗവൺമെൻറു് ഭാഗത്തുനിന്നും അതു് ഡ്രാഫ്ററു് ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഈ വിഭാഗക്കാരെ സംബന്ധിച്ചു് ഒരു പ്രത്യേക പരിഗണന ആവശ്യമാണു്. ഈ അവസരത്തിൽ ഇന്നുള്ള നിലയിൽ ഇത്തരത്തിലുള്ള ആളുകളെ രക്ഷിക്കുന്നതിനു അവർക്കു് കുടിയിരുപ്പു് വാങ്ങിക്കുന്നതിനു ഒരു പ്രത്യേക ക്ലാസു് ആവശ്യമായിരിക്കുന്നതുകൊണ്ടു എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Shri T. K. Ramakrishnan: I move my amendment.

1491. After Clause 50 add a new clause 50 A.

"50. A. Notwithstanding any law custom or contract to the contrary, a Varamdar shall have the exclusive right to carry on fishing in the land covered by the varam arrangement and be entitled to the income derived therefrom, subject to the obligation to pay fair rent."

Under clause (viii) of schedule III "

ഇതു് കാർഷികബന്ധനിയമം നടപ്പിൽ വന്നു കഴിഞ്ഞതിനുശേഷം, നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം ആരംഭിച്ചതിനുശേഷം ഉണ്ടായിട്ടുള്ള ചില കേസുകളേയും സംഭവങ്ങളേയും അടിസ്ഥാനമാക്കി കൊണ്ടുവന്നിട്ടുള്ള ഒരു പുതിയ ഭേദഗതിയാണു്, വാരകൃഷിക്കാർക്കു വാരഭൂമിയിൽ മത്സ്യാദായം എടുത്തുകൊണ്ടിരിക്കുന്ന നിലങ്ങളിൽ ആ വാര അവകാശം നിഷേധിക്കുന്നതിനുള്ള ചില പരിശ്രമങ്ങൾ ഭൂഉടമസ്ഥന്മാരുടെ ഭാഗത്തുനിന്നു ഉണ്ടായിട്ടുണ്ടു്.

ഇതിനെ ആസ്പദമാക്കി കുറെ കേസുകൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. കുറെ കേസുകളിൽ വാരകൃഷിക്കാരുടെ കൈവശാവകാശത്തിൽനിന്നു് ആദായം എടുക്കുന്നതിനെ നിഷേധിച്ചുകൊണ്ടു തീർപ്പുണ്ടായിട്ടുണ്ടു്. കാർഷികബന്ധനിയമത്തിലില്ലാത്ത ഒരു കാര്യം ഈ നിയമത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മൂന്നാമത്തെ ഷെഡ്യൂളിൽ മത്സ്യാദായം കൊടുക്കുന്നതിന്റെ വിഹിതം

LIBRARY ARCHIVES Kerala Legislative Assembly

എത്രയാണെന്ന് നിശ്ചയിച്ചിരിക്കുന്നതാണ് ഇക്കാര്യം. 1/8 ഭൂഉടമസ്ഥന്മാർക്ക് കൊടുക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. വാരനിലങ്ങളിൽ മത്സ്യാദായം എടുത്തുകൊണ്ടിരിക്കുന്ന വാരക്കാർ ഈ ബില്ലിലെ തത്വമനുസരിച്ച് ലഭിച്ചിട്ടുള്ള സ്ഥിരാവകാശത്തിന്റെ അടിസ്ഥാനത്തിൽ മര്യാദപ്പാട്ടം നിശ്ചയിച്ചു കിട്ടുന്നതിനുവേണ്ടി ട്രൈബ്യൂണലുകളുടെ മുമ്പിൽ അപേക്ഷ കൊടുക്കുകയും അതു് നിശ്ചയിച്ചുകഴിഞ്ഞാൽ പിന്നെ ഭൂമി പർച്ചേസ് ചെയ്യുന്നതിനുള്ള അവകാശം കൃഷിക്കാർക്കു കൊടുത്തുകഴിഞ്ഞതിനുശേഷം തീർച്ചയായും മത്സ്യാദായം എടുക്കാൻ വേണ്ടിയുള്ള അവകാശം വാരക്കാർക്ക് സിദ്ധിക്കുന്നു. പക്ഷെ അങ്ങനെ സിദ്ധിക്കണമെങ്കിൽ വാരക്കാരുടെ കൈവശം നിലമുണ്ടായിരിക്കണം.

ഈ അവകാശം വാരക്കാർക്ക് സിദ്ധിക്കുമെന്നു കണ്ടുകൊണ്ടുതന്നെ മുമ്പു മത്സ്യാദായം എടുക്കുന്നതിനുവേണ്ടിയുള്ള സൗകര്യം കൊടുത്തിരുന്ന നിലങ്ങളിൽ നിന്ന് ഈ മത്സ്യാദായം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ നഷ്ടപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളാണ് ഇന്ന് പറവൂർ, കൊച്ചി, കണയന്നൂർ താലൂക്കുകളിലെ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. മിക്കവാറും വാരനിലങ്ങളിൽ നിന്നു വാരക്കൃഷി കഴിഞ്ഞിട്ട് പിന്നീടുള്ള സമയം മത്സ്യം പിടുത്തത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന നിലങ്ങളാണ് അവിടെയുള്ളത്. പറവൂർ താലൂക്കിലും കൊച്ചി, കണയന്നൂർ താലൂക്കിലെ ഭാഗങ്ങളിലും വളരെ മുമ്പു തന്നെ ഇങ്ങനെ മത്സ്യാദായം എടുക്കുന്നതിനു അവകാശം കൊടുത്തുകൊണ്ടിരുന്നതാണ്. ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്ന പ്രദേശങ്ങളുണ്ട്. ഞാറയ്ക്കൽമണ്ഡലത്തിലും പറമ്പുകാട്ടിലും ഇപ്പോഴും ഭൂഉടമസ്ഥന്മാർ ഈ അവകാശം നിഷേധിക്കുന്നില്ല. പറവൂർ, കണയന്നൂർ, കൊച്ചി ഈ താലൂക്കുകളിലെ ചില ഭാഗങ്ങളിൽ കാർഷികബന്ധനിയമം നടപ്പിൽ വരാൻ തുടങ്ങിയതിനുശേഷം ഈ അവകാശങ്ങൾ നിഷേധിച്ചുകൊണ്ടുള്ള കേസുകൾ ഉണ്ടായിട്ടുണ്ട്. തിരുമല ദേവസ്വത്തിന്റെ കീഴിലുള്ള 40 ഏക്കർ ഭൂമിയിൽ വളരെ വർഷങ്ങളായി മത്സ്യാദായം എടുത്തുകൊണ്ടിരുന്ന കൃഷിക്കാർക്ക് മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശമില്ലെന്ന നിലയിൽ ആ ഭൂമിയുടെ കാര്യത്തിൽ ഇപ്പോൾ കേസുണ്ട്. മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശം നിഷേധിക്കത്തക്ക രീതിയിൽ പറവൂർ താലൂക്കിൽ വളരെയധികം കേസുകളുടെ വിവരങ്ങൾ എനിക്ക് കിട്ടിയിട്ടുണ്ട്. ഏതാണ്ട് 10, 12–ഓളം കേസുകളിൽ മത്സ്യാദായം എടുക്കുന്നതിനുള്ള അധികാരം മാത്രം റിസീവറിൽ വച്ചുകൊണ്ട് കൃഷിക്കാരുടെ കൈവശാവകാശം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ചില പ്രദേശങ്ങളിൽ ഭൂമി കൃഷിക്കാരുടെ കയ്യിൽ തന്നെയുണ്ട്. കൃഷിക്കാരുടെ വാരക്കൃഷി കഴിഞ്ഞാൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കുന്നു. ലേലം ചെയ്യുമ്പോൾ കൂടുതൽ ആദായം കൊടുക്കാമെന്നു സമ്മതിക്കുന്നവർക്കും മത്സ്യാദായം എടുക്കുന്നതിന് അവകാശം കിട്ടുന്നു. വാരഭൂമികളിൽ തന്നെ മത്സ്യം പിടിക്കുന്നതിൽനിന്നുള്ള അവകാശം ഈ ലേലവ്യവസ്ഥയനുസരിച്ചുള്ള കരാർ പ്രകാരം കൂടുതൽ സംഖ്യക്ക് ലേലം ചെയ്യുന്ന ആളിന് കിട്ടുന്നു. അപ്പോൾ ഒരു ഭൂമിയിൽ മത്സ്യാദായം എടുക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം ലേലം ചെയ്തുകൊടുക്കുന്ന മറ്റൊരാളിന് ലഭിക്കുന്നു. അതിന്റെ അർത്ഥം വാരക്കാരന്റെ കൈവശാവകാശം നഷ്ടപ്പെട്ടുപോകുന്നു. സാധാരണഗതിയിൽ പണ്ടുകാലത്ത് സ്ഥിരാവകാശനിയമം നടപ്പിൽ വരാതിരുന്ന കാലത്ത് കൃഷിക്കാരുടെ കയ്യിൽനിന്ന് മത്സ്യാദായം എടുക്കുന്നതിനുവേണ്ടി ലേലം ചെയ്ത് മറ്റൊരാളുടെ കൈവശം ഭൂമി പോയാൽ മത്സ്യം പിടുത്തസമയം കഴിഞ്ഞ് കൃഷിക്ക് സമയമാകുമ്പോഴേക്കും പഴയ വാരക്കാരന് ഭൂമി തിരിച്ചുകൊടുത്തിരുന്നു. പക്ഷെ പഴയ വാരക്കാർക്ക് കൊടുത്തതു പോലെ വാരക്കാരുടെ സ്ഥിരാവകാശനിയമം വന്നതോടുകൂടി കൂടുതൽ ബുദ്ധിമുട്ട് വരുമെന്ന് കരുതി ഈ മത്സ്യാദായം എടുക്കുന്നതിനു കൊടുക്കുന്ന ആളുകളുടെ കയ്യിൽനിന്ന് ആ ഭൂമി വാരക്കാർക്ക് കൊടുക്കുന്ന കാര്യത്തിൽ ജന്മിമാർ വളരെയധികം എതിർപ്പ് സൃഷ്ടിക്കുകയും വീണ്ടും കൃഷിയിറക്കുന്നതിന് വാരക്കാർ നിലത്തിൽ പ്രവേശിക്കുന്ന സമയത്ത് നിലത്തിൽ പ്രവേശിക്കാൻ അവകാശമില്ലെന്ന് പറഞ്ഞുകൊണ്ട് കേസിനു പോകുകയും ചെയ്യുന്നു. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചില കേസുകളിൽ വാരാവകാശംതന്നെ ഇല്ലാതായിട്ടുള്ള സ്ഥിതിവരെ ഉണ്ടായിട്ടുണ്ട്. മത്സ്യാദായത്തിനുള്ള അവകാശം വാരക്കാർക്ക് ഉണ്ടോ ഇല്ലയോ എന്നുള്ള കാര്യം കോടതിയുടെ മുമ്പിൽ വരികയും മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശം വാരക്കാർക്കില്ല എന്നുള്ള വിധി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

ചില കേസുകൾ തർക്കമായി ഇപ്പോഴും കോടതിയിൽ ഇരിക്കുകയും ചെയ്യുന്നു. എത്രയോ അധികം കൊല്ലങ്ങളായി കൊടുത്തുകൊണ്ടിരുന്നതായ അവകാശം വാരക്കാർക്ക് നിഷേധിക്കാൻ പാടില്ല. അതുപോലെതന്നെ മത്സ്യം പിടിക്കുന്നതിനു വേണ്ടിയുള്ള ഭൂമികൾ മത്സ്യം പിടിക്കുന്നതിനുവേണ്ടി വേറൊരാൾക്ക് പാട്ടം ചെയ്ത് കൊടുത്തിട്ട് അതു കഴിഞ്ഞതിനുശേഷം വാരക്കാരൻ ചെല്ലുമ്പോൾ അതു കൊടുക്കാതെ കേസുകൊടുക്കുകയും, അങ്ങനെ കാലാകാലങ്ങളായി വാരക്കാരൻ അനുഭവിച്ചുപോന്നിരുന്ന നിലത്തിലുള്ള അവകാശം യഥാർത്ഥത്തിൽ കൃഷിക്കാരനു് നഷ്ടപ്പെടത്തക്കനിലയിലാണ് ഇപ്പോൾ വന്നുഭവിച്ചിട്ടുള്ളതു്. അങ്ങനെ ഒട്ടേറെ കേസുകൾ നടക്കുന്നതിന്റെ വെളിച്ചത്തിലാണ് വാരക്കാർക്ക് വാരാവകാശവും, ആ ഭൂമിയിലുള്ള മത്സ്യാദായമെടുക്കുന്നതിനുള്ള അവകാശവുംകൂടി കൊടുക്കണമെന്ന വ്യവസ്ഥ ഇതിൽ ചേർക്കണമെന്നു് ഞാൻ പറയുന്നതു്. ഇപ്പോൾ തർക്കനിലത്തിൽ മത്സ്യാദായം എടുക്കുന്നതിനുവേണ്ടി ബണ്ടുറപ്പിക്കുകയും മറ്റും ചെയ്യുതിന്റെ ഫലമായി വളരെയധികം ചെലവ് വാരക്കാർക്ക് വന്നിട്ടുണ്ട്. ഈ ഭൂമി മറ്റൊരാൾക്ക കൊടുക്കുകയാണെങ്കിൽ കൃഷിയിൽനിന്നു കിട്ടുന്ന ആദായം കുറയുന്നുണ്ട്. വളരെ വർഷങ്ങൾക്ക മുമ്പ് ഈ ഭൂമിയിൽനിന്നു കിട്ടിയിരുന്ന നെല്ലിന്റെ ഉൽപ്പാദനം മത്സ്യാദായം എടുക്കാൻ തുടങ്ങിയതോടുകൂടി കുറയുന്നുണ്ട്. മത്സ്യാദായമെടുക്കുന്നതിനുവേണ്ടിയുള്ള അവകാശം വാരക്കാർക്ക കൊടുത്താൽ മത്സ്യാദായവും, അവർക്ക് നിലത്തിൽനിന്നു കിട്ടുന്ന ആദായവും എല്ലാംകൂടി കൃഷിച്ചെലവുകഴിച്ച് പാട്ടംകഴിച്ച് വല്ലതും ലഭിക്കും. മത്സ്യം പിടിക്കുന്നതിനുള്ള അവകാശം മറ്റൊരാൾക്ക പോകുന്നതോടുകൂടി മുമ്പുതന്നെ ജന്മിക്ക കൊടുക്കേണ്ടിവരുന്ന കൂടുതൽ പാട്ടം കൊടുക്കുകയും വേണം, കൃഷിയിൽ നിന്നു കിട്ടുന്ന ആദായം കുറയുകയും ചെയ്യുന്നു. ഇങ്ങനെയുള്ള അബദ്ധമൊക്കെ യഥാർത്ഥത്തിൽ വന്നുചേർന്നിട്ടുണ്ട്. ഈ അബദ്ധമെല്ലാം അംഗീകരിക്കണമെന്നാണോ? മത്സ്യാദായംകൂടി എടുത്തുകൊണ്ടിരുന്ന കൃഷിനിലങ്ങളിൽ വാരക്കാർക്കുള്ള നെല്ലുൽപ്പാദനത്തിന്റെ അവകാശം മാത്രമല്ല അതിൽനിന്നു കിട്ടുന്ന മത്സ്യം പിടിക്കുന്നതിനുവേണ്ടിയുള്ള അവകാശവുംകൂടി ഈ വാരക്കാർക്കുണ്ടെന്നു് ഈ നിയമത്തിൽ വ്യക്തമായി ഉണ്ടായിരുന്നതു് ചേർക്കണം. അങ്ങനെ എഴുതിവയ്ക്കാത്തതുകൊണ്ടാണ് ഹൈക്കോടതിയിൽ മത്സ്യാദായമെടുക്കുന്നതിനുള്ള അവകാശം വാരക്കാർക്കില്ല എന്നുള്ള വിധി ഉണ്ടായിട്ടുള്ളതു്. ആ വിധിയിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒട്ടേറെ കേസുകളിലും മുമ്പു കൃഷിക്കാർക്ക കൊടുത്തുകൊണ്ടിരുന്ന അവകാശം തന്നെ കൃഷിക്കാരനാണോ ജന്മിക്കാണോ എന്നു തോന്നിക്കുന്ന തർക്കങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ ഇത്തരം ഒരു പുതിയ വകുപ്പ് ഈ ബില്ലിൽ എഴുതിച്ചേർത്തിട്ടില്ലെങ്കിൽ വാരക്കാരനു് വാരാവകാശംതന്നെ നഷ്ടപ്പെട്ടു പോകുമെന്ന ഒരു അബദ്ധം ഒഴിവാക്കുന്നതിനുവേണ്ടിയും 3-ാം ഷെഡ്യൂളിൽ മത്സ്യാദായത്തിന്റെ എട്ടിലൊന്നു കൊടുത്താൽ മതിയെന്നു സമ്മതിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തണമെന്നുണ്ടെങ്കിലും, കർഷകന്റെ കൈവശം ഭൂമി ഇരിക്കണമെന്നുള്ള തത്വം അംഗീകരിക്കുന്നുണ്ടെങ്കിൽ ആ തത്വം നടപ്പിൽ വരുത്താൻവേണ്ടിയും ഈ പുതിയ ക്ലാസ് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

Shri K. Krishna Pillai: Sir, I move.

1544. After clause 50, the following shall be inserted as New Clause 51 :

LIBRARY ARCHIVES Kerala Legislative Assembly

51. Notwithstanding anything contained in the Indian Evidence Act, 1882, in all cases where any dispute arises between a cultivating tenant and a landowner or intermediary in the matter of determining fair rent under section 30, as to whether a landowner or intermediary is a small holder or not, the onus of proof shall lie with the landowner or the intermediary as the case may be".

ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നതു് കാർഷികബന്ധനിയമം പ്രാബല്യത്തിലിരുന്നപ്പോൾ ഫെയർറെൻറു നിശ്ചയിച്ചു കിട്ടുന്നതിനും അതിനെത്തുടർന്നു് മററവകാശങ്ങൾ കിട്ടുന്നതിനും ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ മനസ്സിൽവച്ചുകൊണ്ടാണു്. ഈ ഫെയർ റെൻറു് നിശ്ചയിച്ചു കിട്ടാൻവേണ്ടിയുള്ള അപേക്ഷയുമായി ട്രൈബ്യൂണലിനെ കൃഷിക്കാരൻ സമീപിക്കുമ്പോൾ ജന്മി താൻ ചെറുകിട ജന്മിയാണെന്നു വാദിച്ചുകഴിഞ്ഞാൽ അതല്ലെന്നു തെളിയിക്കേണ്ട ചുമതല ഇപ്പോഴത്തെ നിലയ്ക്കു് കുടിയാനു് ആയിരിക്കുന്നതാണു്. ഒരു ജന്മിയെ സംബന്ധിച്ചിടത്തോളം പല വില്ലേജുകളിലായിട്ടു് അല്ലെങ്കിൽ പല താലൂക്കുകളിലായിട്ടു് അല്ലെങ്കിൽ പല ഡിസ്ട്രിക്ടുകളിലായിട്ടു് ഭൂമി ഉണ്ടായിയെന്നു വരും. അതിന്റെ എല്ലാം രേഖകൾശേഖരിച്ചു് ഹാജരാക്കി തന്റെ അവകാശം സ്ഥാപിക്കുന്നതു് സാധാരണ കുടിയാനെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമാണെന്നുള്ളതു് വ്യക്തമാണു്. അപ്പോൾ സാധാരണ ഗതിയിൽ ഒരു ജന്മി എന്നുള്ള നിലയിൽ കുടിയാനു കൊടുക്കേണ്ട അവകാശങ്ങൾക്കുവേണ്ടി ഒരു അപേക്ഷ ട്രൈബ്യൂണൽ സ്വീകരിച്ചു കഴിഞ്ഞാൽ ജന്മിയല്ല ചെറുകിടക്കാരനാണു്, അതുകൊണ്ടു് ചെറുകിടക്കാരനു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തനിക്കു കിട്ടണമെന്നു് ജന്മി വാദിച്ചാൽ, ജന്മിക്കുതന്നെ ആയിരിക്കണം അതു തെളിയിക്കാനുള്ള ബാദ്ധ്യത എന്ന വിധത്തിലാണു് നിയമത്തിന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഏതായാലും ഇത്തരമൊരു വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്. കാർഷികബന്ധനിയമം നിലവിലിരുന്നപ്പോൾതന്നെ പല കൃഷിക്കാരും ഫെയർറെൻറു നിശ്ചയിച്ചു കിട്ടാനുള്ള അപേക്ഷയുമായിട്ടു പോയപ്പോൾ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഒരു ജന്മി താൻ ചെറുകിടക്കാരനാണു് ചെറുകിടക്കാരനു് പ്രത്യേകമായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തനിക്കും കിട്ടാൻ അർഹതയുണ്ടെന്നു വാദിച്ചാൽ അതു തെളിയിക്കാനുള്ള ചുമതല ഈ ജന്മിക്കുതന്നെ ആയിരിക്കണം. ഈ തത്വം സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് പ്രയാസമുണ്ടാവുകയില്ല എന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഇതു സ്വീകരിക്കുമെന്നുതന്നെയാണു് എന്റെ വിശ്വാസം.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഞാൻ ഈ ക്ലാസ്സിന്നു് ഭേദഗതി അവതരിപ്പിച്ചിട്ടില്ല. കുടിയിരുപ്പുകാരുടെ കാര്യത്തിൽ കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതുപോലെ ഉള്ള നിബന്ധനകൾ, ഈ ബില്ലിൽ ഉൾക്കൊള്ളിയ്ക്കാൻ വേണ്ടുന്ന ഭേദഗതി വേറൊരിടത്തു കൊടുത്തിട്ടുണ്ടു്. എന്നാൽ, ഈ കാര്യം ഇവിടെ 50-ാമത്തെ വകുപ്പിനുശേഷം ഒരു പുതിയ വകുപ്പു് എഴുതിച്ചേർക്കണമെന്ന വിധത്തിലുള്ള ശ്രീമതി ഗൗരിയമ്മയുടെ ഭേദഗതി നിൽക്കുന്ന സ്ഥിതിക്കു് ഇതിനെ സംബന്ധിച്ചു് എനിക്കു് ചില അഭിപ്രായം പറയുവാനുണ്ടു്.

Clause 18 sub clause 3-ൽ "no Kudiyirippu shall be resumed" എന്നു് എഴുതിവച്ചിട്ടുണ്ടു്. അതു സഭ അംഗീകരിച്ചതുമാണു്. എന്തിനാണു് ഇങ്ങനെ എഴുതിവയ്ക്കുന്നതു് എന്നു പരിശോധിക്കുന്നതു് എന്തുകൊണ്ടും നല്ലതാണു്. യാതൊരു കാരണവശാലും കുടിയിരുപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലെന്നു് പ്രൊവൈഡു് ചെയ്യുന്നതു്, ഒഴിപ്പിക്കലുകൾക്കുള്ള വകുപ്പിലാണെന്നതു് അത്ഥവത്താണു്. കുടിയിരുപ്പുടമസ്ഥന്മാരിൽ ഒരു ഭാഗം ധാരാളം കഴിവുള്ളവരാണു്, പണക്കാരാണു്, പ്രമാണികളാണു്. അവർക്കു് എന്തിനാണിങ്ങിനെ ഒരു സൌജന്യം ചെയ്തുകൊടുത്തതു്. ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട കുടിയിരുപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ല എന്നു് നിശ്ചയിച്ചതു് വെറുതെയല്ല. കാർഷികബന്ധനിയമത്തിലും അങ്ങിനെതന്നെ ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

51-ാം വകുപ്പിൽ മററു കുടിയാന്മാരായിട്ടുള്ള ആളുകളുടെകൂടെ കുടിയിരുപ്പുകാരെയും പെടുത്തിയതു് ഒരു വ്യതിയാനമാണു്; സോദ്ദേശ്യമാണു് എന്നു കാണണം. പ്രതിഫലം കണക്കാക്കുമ്പോൾ കൾട്ടിവേററിംഗ് ടെനൻറിനും കുടിയിരുപ്പുകാർക്കും ഒരേ തോതിലാക്കാനാണു് ഇപ്പണി ഒപ്പിച്ചിട്ടുള്ളതു് എന്നു വ്യക്തമാകുന്നു. കുടിയിരുപ്പുകാർക്കു് കൂടുതൽ ഭാരം ഉണ്ടാക്കുന്നതും അത്രകണ്ടു് ജന്മിക്കു് പ്രതിഫലം കൂടുന്നതും ആയ ഈ വകുപ്പു് പുതിയതാണു്. ഉദ്ദേശം വ്യക്തവുമാണു്. കുടിയിരുപ്പുകാരനുള്ള പ്രത്യേകത എടുത്തുകളഞ്ഞു. പ്രതിഫലം വർദ്ധിപ്പിക്കുന്നു. കാർഷികബന്ധ നിയമത്തിലെ വ്യവസ്ഥയെന്തിരാണിതു്. മലബാർ ഭാഗത്തു് ഒട്ടേറെ കുടിയിരുപ്പുടമസ്ഥന്മാർ ലാൻഡു് ട്രൈബ്യൂണലിനെ സമീപിച്ചു് മര്യാദപ്പാട്ടത്തിൻെറ അടിസ്ഥാനത്തിൽ പ്രതിഫലവും കണക്കാക്കി അതുകെട്ടിവച്ചു കഴിഞ്ഞിട്ടുണ്ടു്. അതൊക്കെ റദ്ദാക്കുന്നതിനുള്ള വേലയാണിതു്. അതു ശരിയാണോ, ന്യായമാണോ, ഒരിക്കലുമല്ല. ഇതിനെ സംബന്ധിച്ചു് 1960 ലെ അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ എഴുതിവച്ചതല്ലേ ഉള്ളു, നടപ്പായോ എന്നു് ചോദിക്കാൻ ധൈര്യമുള്ളവരുണ്ടോ? കുടിയിരുപ്പു് പ്രതിഫലം കൊടുത്തു വാങ്ങാൻവേണ്ടി ലാൻറു് ട്രൈബ്യൂണലിൽ ഹർജി കൊടുത്തതിനെ തുടർന്നുള്ള നടപടികൾ ഭരണഘടനാ വിരുദ്ധമാണെന്നു് ഏതെങ്കിലും കോടതി വിധിച്ചിട്ടുണ്ടോ? ആ മാതിരി കുരുട്ട ന്യായങ്ങളൊന്നും ഇതിനെപ്പററി ആരും പറയുമെന്നു തോന്നുന്നില്ല. വേറെ വല്ല ന്യായവും പറയാനുണ്ടോ? ഉണ്ടാവില്ല. മലബാർ കുടിയായ്മ നിയമം മുതൽ, കുടിയിരുപ്പുകാരോടു പ്രത്യേക പരിഗണന കാണിച്ചു പോന്നിട്ടുണ്ടു്. കാർഷികബന്ധ നിയമത്തിലും അതു തുടർന്നു. എന്നാൽ ഇപ്പോൾ ഇവിടെ അതെല്ലാം നിഷേധിക്കുന്നു. 1960-ലെ ആക്ററു നടപ്പാക്കിയിടത്തോളം അതിനെ കുഴിച്ചുമൂടണം, അതിൻെറ മുകളിൽ കാക്കിച്ചുതുപ്പണം എന്നാണു് നിങ്ങൾക്കാവശ്യമെന്നു് തെളിഞ്ഞിരിക്കുന്നു. കുടിയിരുപ്പുകാർക്കു് കൈവന്ന ഒരു ആനുകൂല്യം അടിയോടെ മുറിച്ചുകളയുന്ന ഹീനമായ ഒരു പ്രവൃത്തിയാണിവിടെ ദൃശ്യമാകുന്നതു്. കാർഷികബന്ധ നിയമത്തെ എതിർക്കുന്നവർ എന്തിനാണിങ്ങനെ ചെയ്യുന്നതെന്നതിൻെറ തെളിവാണു് ഈ ബില്ലു്. തങ്ങളുടെ യജമാനന്മാരുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള വ്യഗ്രതകൊണ്ടാണു് നിങ്ങളിതു് ചെയ്യുന്നതു്. കുടിയിരുപ്പുകാരൻെറ കയ്യിൽ നിന്നു കൂടുതൽ പ്രതിഫലം വാങ്ങി ജന്മിക്കു് കൊടുക്കാനാണിവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഭരണഘടനയെച്ചൊല്ലി മൗലികാവകാശങ്ങളെച്ചൊല്ലി നിങ്ങൾ കാണിക്കുന്ന വ്യഗ്രത യഥാർത്ഥത്തിൽ, ജന്മികളുടേയും തോട്ടമുടമസ്ഥന്മാരുടേയും കായൽ രാജാക്കന്മാരുടേയും താൽപ്പര്യസംരക്ഷണത്തിനുള്ള വ്യഗ്രതയാണെന്നു് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതു സാധിച്ചു കിട്ടാൻ നിങ്ങളുടെ കയ്യിൽ പല പ്രയോഗങ്ങളും ഉണ്ടു്. 1960-ലെ നിയമം വല്ല മണ്ഡലങ്ങളിലും നടപ്പാക്കിയിട്ടുണ്ടെങ്കിൽ അതൊക്കെത്തന്നെ ഇല്ലായ്മ ചെയ്യണം, മായ്ച്ചുകളയണം എന്നു പകവച്ച പണിയാണു ചെയ്യുന്നതു്. ആ പക തുടരാൻ ഈ ബില്ലിൽ ഉടനീളം ശ്രമിച്ചിട്ടുണ്ടു്. ആ നിയമപ്രകാരം കുടിയാനും കുടിയിരുപ്പുകാരനും കുടികിടപ്പുകാരനും കിട്ടിയ അവകാശങ്ങൾ പകവെച്ചു മാററുന്നു. ജനങ്ങളുടെ ഭാഗത്തും ഈ പക പരക്കും, ഉറച്ചും അവരുടെ പകയും തിരിച്ചടിക്കുമെന്നോർക്കുക. കുടിയിരുപ്പുടമസ്ഥന്മാർ 1960—ലെ നിയമത്തിൻെറ അടിസ്ഥാനത്തിൽ ലാൻറു് ട്രൈബ്യൂണലുകളിൽ പ്രതിഫലം കെട്ടിവച്ചു് ഉടമാവകാശം വാങ്ങാൻ കാത്തിരിക്കുകയാണു്. അതെല്ലാം അപ്പടി പൊളിച്ചിരിക്കുന്നു. അതത്രയും നിഷ്ഫലമാക്കിയിരിക്കുന്നു. കുടിയിരുപ്പുകാരെ മററു കുടിയാന്മാരുടെകൂടെ കൂട്ടിക്കെട്ടിയതു് പ്രതിഫലം വർദ്ധിപ്പിക്കാനാണു് . മറെറാന്നിനുമല്ല. മുമ്പു് അവരുടെ പ്രതിഫലസംഖ്യ ചുരുങ്ങിയിരുന്നു. അതിപ്പോൾ കൂട്ടുകയാണു്. ശ്രീമതി ഗൗരിയമ്മ പറഞ്ഞു കുടിയിരുപ്പുകാരിൽ ബഹുഭൂരിഭാഗവും പാവപ്പെട്ട ഹരിജനങ്ങളും പിന്നോക്ക വിഭാഗക്കാരുമാണെന്നു്. കുടിയിരുപ്പിനു് രേഖപോലുമില്ലാത്ത വരുണ്ടു്. കുടിയിരുപ്പിലവർ കുടിയിരിക്കുന്നുവെന്നതുമാത്രമാണു് രേഖ. എന്നാൽ മലബാർ ടെനൻസി ആക്ററു മുതൽ കുടിയിരുപ്പുകാർക്കു് കിട്ടിയ പ്രത്യേക ആനുകൂല്യങ്ങൾ കാർഷികബന്ധനിയമംവരെ സംരക്ഷിക്കപ്പെട്ടുപോന്നു. കുടിയിരുപ്പു് ഒഴിപ്പിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

"no Kudiyirippu shall be resumed" എന്നു വന്നു. 18—ാം വകുപ്പിലെ ഈ 3-ാം വകുപ്പിനു മുമ്പിൽ ഒഴിപ്പിക്കാനുള്ള വകുപ്പുകളുടെ ഘോഷയാത്രയാണ്. എന്നിട്ടും ആ വകുപ്പിന്റെ അവസാനത്തിൽ

"no Kudiyirippu shall be resumed"

എന്ന് എഴുതിവയ്ക്കേണ്ടിവന്നു. കഷ്ടം തോന്നുന്നുണ്ടോ എന്നറിഞ്ഞില്ല. ഇനി മറ്റൊരു മുഹൂർത്തത്തിൽ ഈ ക്ലാസ് 18, സബ് ക്ലാസ് 3 എഴുതി വയ്ക്കേണ്ടിവന്നതു് തെറ്റായിപ്പോയി എന്ന് വിചാരിക്കുമോ എന്തോ ? ഏതായാലും 18 (3) ന്റെ ചരടുപിടിച്ചുവരവെ, പ്രത്യേക ട്രീറ്റുമെന്റ് കുടിയിരുപ്പുകാർക്കു നൽകിക്കൊണ്ടുള്ളതാണ് ശ്രീമതി ഗൌരിഅമ്മയുടെ 1237-ാമത്തെ ഭേദഗതി. കുടിയിരുപ്പുകാരുടെ പ്രതിഫലം കണക്കാക്കുന്ന അവസരത്തിൽ മറ്റു കൾട്ടിവേറ്റിംഗ് ടെനന്റിനു പ്രതിഫലം കണക്കാക്കുന്ന തോതിലാകാൻ പാടില്ല. അതിലും കുറയണം. അതിന്നു ചുവടെ കൊടുക്കുന്ന ഉപാധി സ്വീകരിക്കണമെന്നാണ് ഭേദഗതി. ഇതൊട്ടു പുത്ത നല്ലതാനും.

ഇതു കാർഷികബന്ധ നിയമത്തിൽ ഉള്ളതാണോ എന്നു ബഹുമാനപ്പെട്ട തൊമ്മൻ ചോദിക്കാത്തതെന്താണെന്നാണ് ഞാനാലോചിക്കുന്നതു് ? ഗൌരിയുടെ ഭേദഗതിയുടെ ഉള്ളടക്കം കാർഷികബന്ധനിയമത്തിൽ ഉള്ളതാണോ എന്നു വല്ലവരും ചോദിക്കുമെന്നു വിചാരിച്ചു. ഇതാരും ചോദിക്കാൻവഴിയില്ല എന്തുകൊണ്ട് ? ചോദിച്ചാൽ ചോദിക്കുന്നവർക്കുക്ഷീണംതട്ടും. കാർഷിക ബന്ധനിയമത്തിലുള്ള വകുപ്പുകൾ വ്യക്തമായി അറിയാവുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ സമ്മതിക്കുമെന്നെനിക്കുറപ്പുണ്ട്. ഈ വകുപ്പിൽ കാർഷികബന്ധ നിയമത്തിൽ പറയാത്ത കാര്യങ്ങളാണുള്ളതെന്നും നിലവിലുള്ള നിയമ ത്തിലെ വകുപ്പനുസരിച്ചു കുറഞ്ഞപ്രതിഫലം കൊടുത്താൽ മതിയെന്നുള്ളതു് മാറ്റി കൂടുതൽ പ്രതിഫലം കൊടുക്കാൻ വ്യവസ്ഥചെയ്യുന്നു. അതുകൊണ്ടാണ് ആരും ചോദ്യത്തിന് നിൽക്കാത്തതു്. ലാൻഡ് ട്രിബ്യൂണലുകളിൽ പ്രതി ഫലസംഖ്യകെട്ടിവെച്ച് ജന്മാവകാശം വാങ്ങാൻ നിൽക്കുന്ന കുടിയിരുപ്പുകാരെ അവിടെനിന്നും തള്ളിത്താഴത്തിട്ട് കൂടുതൽ പ്രതിഫലം കൊടുക്കാൻ എന്തിന് നിർബ്ബന്ധിക്കണം ? കുടിയിരുപ്പുകാരും അവരുടെജന്മിമാരും തമ്മിലുള്ള ബന്ധം അവസാനിച്ചുഎന്നു തീർച്ചപ്പെട്ടകേസ്സുകളിൽ, പിന്നേയും കെട്ടഴിച്ച് ജന്മിക്ക് കൂടുതൽ പ്രതിഫലം കൊടുക്കാൻ നിങ്ങൾക്കെന്താണിത്ര തിരക്ക് ? ഇതിനെ എതിർക്കാതെ യാതൊരു നിവ്വാഹവുമില്ല. ഇവിടെ വ്യക്തമായി കുടിയിരുപ്പുകാരോട് അനീതികാണിക്കുകയാണ്. കുടിയിരുപ്പുകാരിൽ ബഹുഭൂരിപക്ഷവും ഈ ബില്ല്പ്രകാരം വരുന്ന പ്രതിഫലം കൊടുക്കുവാൻ കഴിവില്ലാത്തവരാണ്. ഒരു ചെറിയതോതിലുള്ള പ്രതിഫലം കൊടുപ്പിച്ചു കുടിയിരുപ്പിന്റെ ഉടമാവകാശം വാങ്ങാനുള്ള സൗകര്യം കളഞ്ഞിരിക്കുന്നു അവരെക്കൊണ്ട് കൂടുതൽ സംഖ്യ ജന്മിക്കുപ്രതിഫലം കൊടുക്കുന്നതിനാണ് വെമ്പൽ കാണിക്കുന്നതു്. ഉള്ളവനെതടിപ്പിക്കാൻ ഇല്ലാത്തവന്റെ കീശ യിൽ തപ്പുന്നപണിയാണിതു്. കുടിയിരുപ്പുകാരനോട് കാണിക്കേണ്ട പ്രത്യേക പരിഗണന കുടിയിരുപ്പുകാരന്റെ ജന്മിയോടാണിവിടെ കാണി ക്കുന്നതു്. പ്രതിഫലത്തെ സംബന്ധിച്ചിടത്തോളം മറ്റു കൾട്ടിവേറ്റിംഗ് ടെനന്റ് കൊടുക്കുന്ന തോതിൽതന്നെ കുടിയിരുപ്പുകാരെക്കൊണ്ടു പ്രതിഫലം കൊടുപ്പിക്കാൻ ചെയ്യുന്നപണി രണ്ടുകൂട്ടരേയും ഒരേവകുപ്പിൽ കുത്തിത്തിരുകി വെക്കുകയാണ്. ശ്രീ. എം. നാരായണക്കുറുപ്പിനോടൊരപേക്ഷയുണ്ട്. മലബാ റിലെ കുടിയിരുപ്പുകാരെ ഇതെങ്ങിനെ ബാധിക്കുമെന്ന് ആലോചിക്കണ മെന്ന്. ബഹുഭൂരിപക്ഷം വരുന്ന കുടിയിരുപ്പുകാരെ ....

ശ്രീമതി കെ. ആർ. ഗൗരി : ചെറുകിട എന്നു പറഞ്ഞു കുടിയിരുപ്പുകാരെ ഒഴിപ്പിക്കുവാൻ അവകാശം വേണമെന്നു മെമ്പർ ആവശ്യപ്പെട്ടിട്ടുണ്ട്.

2 747 V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : അവർ അങ്ങനെ പറയുന്നതിൽ എന്താണ് അത്ഭുതം. അതവർ മുമ്പേപറഞ്ഞിട്ടുണ്ട്. ഇപ്പൊഴത്തെ നിയമമാക്കാനും നോക്കുന്നു. മലബാർ ടെനൻസി നിയമം മുതൽക്കു കുടികിടപ്പുകാരോടു പ്രത്യേക രീതിയിൽ പെരുമാറണമെന്നു ശാസിച്ചിരുന്നതു് മാററുകയാണ് ഇതു് മലബാറിലെ കുടിയിരുപ്പുകാരെ സാരമായി ബാധിക്കുകയില്ലെന്നു പ്രകാരാന്തരേണ ധ്വനിപ്പിക്കുന്ന രീതിയിൽ ആ ഭാഗത്തുനിന്നും.....

ശ്രീ. എം. നാരായണക്കുറുപ്പ് : കാർഷികബന്ധനിയമത്തിൽ കുടിയിരിപ്പിനു വാങ്ങാമെന്നുള്ള ഭേദഗതി, ശ്രീമതി ഗൗരി അന്നു സ്വീകരിച്ചിരുന്ന ഭേദഗതി, ഞാൻ കൊണ്ടുവന്നതാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ ഓർമ്മിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : പിന്നെ ഇപ്പോൾ എന്തിനു പുറകോട്ടു പോകുന്നു?

ശ്രീ. ഇ. പി. ഗോപാലൻ : അന്നത്തെ കുറുപ്പുതന്നെയാണോ ഇന്നത്തെ കുറുപ്പ് ; എങ്കിൽ ഇപ്പോൾ എന്തുകൊണ്ടു അനങ്ങാതിരിക്കുന്നു ?

ശ്രീ. എം. നാരായണക്കുറുപ്പ് : ഞാൻ പറഞ്ഞതു വസ്തുതയല്ലയോ ? ജന്മിക്കു അവകാശമില്ലാത്ത കുടികിടപ്പിൽ താമസിക്കുന്നതു ആരായാലും അയാൾ കുടികിടപ്പുകാരൻ അല്ലയോ ? ഒരുപക്ഷെ അല്ലാത്തപക്ഷം അയാൾ കുടികിടപ്പിൽ താമസിക്കുന്ന ആളാണ്. അതാണ് പറഞ്ഞതു്.

ശ്രീ. ഇ. പി. ഗോപാലൻ : ശ്രീമതി കെ. ആർ. ഗൗരി ഹരിജനങ്ങളും പിന്നോക്കസമുദായക്കാരുമായ ഭൂരിപക്ഷമാണ് കുടിയിരുപ്പുകാർഎന്നു പറഞ്ഞപ്പോൾ മററുള്ളവരും കുടിയിരുപ്പുകാരാണെന്നു വാദിക്കുന്നതു് എന്തുതരത്തിലുള്ള വസ്തുതയാണ് ? കുടിയിരുപ്പുകാരന്റെ അവകാശത്തെപ്പററി ശ്രീമതി ഗൗരി പറഞ്ഞ അവസരത്തിൽ അവർ മാത്രമല്ലാ കുടിയിരുപ്പുകാർ എന്നുപറയുന്നതിന്റെ പ്രസക്തി എന്താണ് ?

ശ്രീ. എം. നാരായണക്കുറുപ്പ് : യാഥാർത്ഥ്യത്തിനു നിരക്കാത്ത വസ്തുതകൾ പറയുമ്പോൾ അറിവുള്ളവർ തിരുത്തികൊടുക്കുക എന്ന സാമാന്യ മര്യാദയനുസരിച്ചാണ് പറഞ്ഞതു്. അങ്ങനെ പറഞ്ഞു എന്നേയുള്ളു. മലബാർ ഭാഗത്തുള്ള കാര്യങ്ങൾ ശ്രീമതി ഗൗരിയേക്കാൾ കുറച്ചുകൂടി എനിക്കറിയാം.

ശ്രീ. ഇ. പി. ഗോപാലൻ : അതല്ല. എ ന്തേ ത തി രു ത്ത ിയതെന്ന് അറിയുന്നില്ല. ഹരിജനങ്ങളും പാവപ്പെട്ടവരും മാത്രമല്ല കുടികിടപ്പുകാരായിട്ടുള്ളതെന്നതു് ഒരു തിരുത്തലാണോ ? ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട കുടിയിരുപ്പുകാരുടെകാര്യം പറയുമ്പോൾ അവർമാത്രമല്ല കുടിയിരുപ്പുകാർ എന്നു പറയുന്നതു് ഒരു പ്രത്യേക അറിവിന്റേയും ലക്ഷണമല്ല. പാവപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന കുടിയിരുപ്പുകാർക്കു് കിട്ടിക്കഴിഞ്ഞ ആനുകൂല്യം തട്ടിയെടുക്കുന്നതിന്ന് നിയമനിർമ്മാണം ചെയ്യുമ്പോൾ അനങ്ങാതിരിക്കുന്നതു് അറിവിന്റെ ലക്ഷണമായി കണക്കാക്കാൻവയ്യ. ശ്രീ. കുറുപ്പ് പരിഭ്രമമില്ലാതെ ഇരിക്കുന്നതു് കാണുമ്പോൾ............

മിസ്റ്റർ സ്പീക്കർ : ഇവിടെ നാരായണക്കുറുപ്പിനുള്ള പരിഭ്രമത്തെപററി പറഞ്ഞിട്ടുകാര്യമില്ല. മെമ്പർ ഭേദഗതിയെസംബന്ധിച്ച പറഞ്ഞാൽ മതി.

ശ്രീ. ഇ. പി. ഗോപാലൻ : അപ്പോൾ കുടിയിരുപ്പുകാരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനു് ശ്രീ. കുറുപ്പ് മന്ത്രിയുടെ കൂടെ ചേർന്നുകൊണ്ടു ഉത്സാഹിക്കുന്നതു് കാണുമ്പോൾ, അതിശയംതോന്നിപ്പോകുന്നു.

ശ്രീമതി. കെ. ആർ. ഗൗരി : 30—ാം വകുപ്പു അനുസരിച്ച്ഗവൺമെന്റു നോട്ടിഫിക്കേഷൻ പ്രകാരം നടപടി നടത്തിയ അവസരത്തിൽ കുറുപ്പു ഭേദഗതി കൊണ്ടുവന്നതു കുറുപ്പിന്റെ ഈ തത്വത്തിൽനിന്നും പുറകോട്ടു പോയതുകൊണ്ടല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഇതിനൊന്നും ഞാൻ മറുപടി പറയേണ്ട കാര്യമില്ല. വളരെ വ്യക്തമാണ്, ഈ ബില്ലിനെ അനുകൂലിക്കുന്ന ശ്രീ. കുറുപ്പ് വല്ലാതെപിന്നോക്കം പോയിരിക്കുന്നു. വകുപ്പ് 18 (3) പ്രകാരം ലഭിച്ചപ്രത്യേകപരിഗണനകളെ കണക്കാക്കാതെയാണ് 51-ാം വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്.

ശ്രീ. കെ. ഭാർഗ്ഗവൻ : കുറുപ്പിന്റെ ഇരുപ്പതന്നെ മാറിയസ്ഥിതിക്ക ആശയഗതിക്കും സാമാന്യമായ മാററം ഉണ്ടാകുമെന്നു ഊഹിച്ചുകൂടേ ?

ശ്രീ. ഇ. പി. ഗോപാലൻ : അങ്ങനെയല്ലാതെ സംഭവിക്കാൻ വയ്യല്ലോ. നാട്ടിൽ പതിനായിരത്തിന്റെ കാര്യത്തിൽ മോശംവന്നിരിക്കുന്നു. ശ്രീ. കുറുപ്പിന്നതിൽ പരിഭ്രമംഇല്ല. കുറുപ്പിനു ഇരിപ്പുമാററം. കുടിയിരുപ്പുകാർക്ക വല്ലാതെ ദോഷം വന്നിരിക്കുന്നു. മററു എന്തെല്ലാം വസ്തുതകൾ ഉണ്ടായിരുന്നാലും ഇവിടെ കുടിയിരുപ്പുകാർക്ക് ദോഷമാണ്. ഇക്കാര്യം ശ്രീ. കുറുപ്പ് അംഗീകരിക്കുമോ ? മറെറന്തെല്ലാം വസ്തുതകൾ ഉണ്ടായാലും ഇവിടെ വസ്തുത നമ്പർ 1 കാർഷികബന്ധനിയമത്തിൽനിന്നും പുറകോട്ടുപോയിരിക്കുന്നു. വസ്തുത നമ്പർ 2 ഇതു് കുടിയിരുപ്പുകാരനെന്നതിരാണ്. വസ്തുത നമ്പർ 3 ഇതു വ്യക്തമായും ജന്മി വിഭാഗത്തെ സഹായിക്കാനുള്ള നീതികെട്ട പണിയാണ്. ഈ മൂന്നു വസ്തുതകളേയും ചോദ്യം ചെയ്യാനുള്ള വല്ല വസ്തുതകളും ഉണ്ടോ ?

ശ്രീ. എം. നാരായണക്കുറുപ്പ് : ഞാൻ ഒരു വസ്തുത അംഗീകരിക്കുന്നുണ്ട്. അതു മുമ്പു പാസ്സാക്കിയിട്ടുള്ളതു ശ്രീ. ഇ. പി. ഗോപാലന്റെ അഭിപ്രായമനുസരിച്ചും ആയിരുന്നില്ല, ഇപ്പോൾ ഈ ഭ്ര പരിഷ്ക്കരണ നിയമം കൊണ്ടുവന്നിരിക്കുന്നതു് ഇവിടെ ഏതെങ്കിലും വ്യക്തിയുടെ അഭിപ്രായം അനുസരിച്ചല്ല എന്നും ഉള്ളതു ഒരു വസ്തുതയാണെന്നു ഞാൻ അംഗീകരിക്കുന്നു. ഇതു ആ ഭാഗത്തുള്ളവരും അംഗീകരിച്ചിട്ടുള്ളതല്ലേ ? പിന്നെ എന്തിനാണ് ഇങ്ങനെ ശഠിക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : ശ്രീ. കുറുപ്പിന്റെ ആദ്യത്തെ വാദം കുറുപ്പിന്റെ ഉറപ്പുപോലെയാണ്. അതു വസ്തുതയല്ല. തെററിദ്ധാരണയാണ്. അതുമാററാൻ സാദ്ധ്യമല്ല. 1957—ൽ കൊണ്ടുവന്ന കാർഷികബന്ധനിയമം അവസാന രൂപം കൈക്കൊണ്ടതു ബഹുമാനപ്പെട്ട നാരായണക്കുറുപ്പ അടക്കം അന്നത്തെ സഭയിലെ മെമ്പർമാരുടെഎല്ലാം സംഭാവനയോടു കൂടിയാണെന്നാണ് എന്റെ അഭിപ്രായം. ഇവിടെ അതല്പകാര്യം. ആ നിയമത്തിൽകൂടി കിട്ടിയ ആനുകൂല്യം ഇപ്പോൾ ഇല്ലായ്മചെയ്യുന്നു എന്നാണ്. കലതൊടാൻ കാലത്തു് തളപ്പുറത്തില്ലെ ? ഇത്രയും കണ്ടിട്ടും അനങ്ങാതിരിക്കുന്നവരെപ്പററി എന്തുപറയാനാണ്. ശ്രീമതിഗൗരിയുടെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു് വകുപ്പ 18 (3)—ൽ അംഗീകരിച്ച തത്വം തുടരണമെന്നാണ്. പതിനെട്ടാം വകുപ്പ് മൂന്നാം ഉപവകുപ്പ് പാസ്സാക്കി കഴിഞ്ഞിട്ടുണ്ട്. അതു സ്വീകരിച്ചപ്പോൾ എതിർപ്പ ആർക്കും കണ്ടില്ല. അതു് നിലവിലുള്ള കാർഷികബന്ധനിയമത്തിൽ ഉള്ളതാണ്. ഈ ബിൽ മുഖേന കൊണ്ടുവന്നിട്ടുള്ള തോതനുസരിച്ചുള്ള പ്രതിഫലം കണക്കാക്കാൻ പാടില്ലഎന്നതു് കൊണ്ടാണ് 50—നു ശേഷം പുതിയ ക്ലാസ്സായി ഇതു് എഴുതിചേർക്കണമെന്നു പറയുന്നതു്. ഈ ഭേദഗതിക്കാധാരമായിട്ടുള്ള വസ്തുതയാണ് ഇവിടത്തെ ചർച്ചാവിഷയം. എന്തായാലും ശ്രീമതി ഗൗരിയുടെ 1237—ാം നമ്പർ ഭേദഗതിയെ സഭയിലെ ഒട്ടേറെ മെമ്പറന്മാർ അനുകൂലിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്. എന്തുകൊണ്ട്, അക്കഥയെല്ലാം നേരത്തെ പറഞ്ഞുകഴിഞ്ഞതുകൊണ്ടു് വിശദീകരിക്കുന്നില്ല. ഇതുപോലുള്ള ഒരു നിയമനിർമ്മാണത്തിൽ ഇപ്പോൾ എടുക്കുന്ന നിലപാടു തുടരുകയാണെങ്കിൽ എവിടെയാകും അവസാനം. നേടിയെടുത്തിട്ടുള്ളവയെല്ലാം പിടിച്ചു പറിയ്ക്കപ്പെടുന്നു. നിയമനിർമ്മാണത്തിൽ പിന്നോക്കം പോകുന്നു. കുടിയാന്മാരുടെയും കുടികിടപ്പുകാരുടെയും കുടിയിരുപ്പുകാരുടെയും എതിർപ്പുതുടരാൻമാത്രമേ നിവൃത്തിയുള്ളു. ശ്രീമതി ഗൗരിയമ്മയുടെ ഈ 1237-ാം നമ്പർ ഭേദഗതി അംഗീകരിക്കയാണാവശ്യം. പഴയ കാർഷികബന്ധനിയമത്തിലുള്ള ഒരു ക്ലാസ് എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

അപ്രാപ്രിയേററായിട്ടുള്ള ഒരുഭാഗത്തു വച്ചു എന്നുമാത്രം. ഈ ഭേദഗതിയുടെ ആവശ്യകത വ്യക്തമായിക്കഴിഞ്ഞു. ഈ ഭേദഗതിയെ ഞാൻ ശക്തിയായി പിന്താങ്ങുന്നു. കുടിയിരുപ്പുകാരൻ കൊടുക്കേണ്ട പ്രതിഫലസംഖ്യവർദ്ധിപ്പിക്കാൻ യാതൊരുകാരണവശാലും സമ്മതിയ്ക്കാവുന്നതല്ല.

Shri. P. T. Chacko : Sir I move for a closure. There has been sufficient discussion on this point.

ശ്രീമതി കെ. ആർ. ഗൗരി : കൺട്രിവേററിംഗ് ടെനൻറു എന്നുള്ള ഭാഗം ഇവിടെ പാസ്സാക്കുകയാണെങ്കിൽ അതുകൊണ്ടു് വളരെ ബുദ്ധിമുട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഈ ഒരു സെക്ഷനെപ്പററി എത്രമണിക്കൂറായി സംസാരിക്കുന്നു.

There has been sufficient discussion and I move for a closure ഈ ക്ലാസ്സിനെസംബന്ധിച്ച എത്ര മണിക്കൂർ സംസാരിച്ചതാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ക്ലോഷറിനെസംബന്ധിച്ച സഭയിൽ ഒരു ഡിസിഷൻ എടുക്കണം. ക്ലോഷർതന്നെ വേണമോ എന്നുള്ള കാര്യവും സഭയുടെ മുമ്പാകെ വയ്ക്കണം.

Mr. Speaker : I have already said that there has been sufficient discussion on this clause.

ശ്രീ. ഇ. പി. ഗോപാലൻ : ചർച്ച കുറച്ചു നീണ്ടുപോയി എങ്കിലും അമെൻറുമെൻറു കൊണ്ടുവന്നിട്ടുള്ള മെമ്പർക്ക സംസാരിക്കാൻ സമയം കൊടുക്കണം.

Mr. Speaker : I have no objection in doing it. But several Members have been saying the same thing.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ബിൽ തന്നെ ഒരു റെപ്പററീഷനാണു്. പിന്നെ ഇവിടെ പറയുന്നതുമാത്രം റെപ്പററീഷനാണെന്നു പറഞ്ഞാൽ എങ്ങനെയാണു് ?

മിസ്റ്റർ സ്പീക്കർ : ഇതിനു ഇത്ര വലിയ ഒരു ഡിസ്കഷൻെറ ആവശ്യമില്ല എന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. പി. സി. രാഘവൻ നായർ : എൻെറ അമെൻറുമെൻറിൻെറ പേരിൽ എനിക്ക സംസാരിക്കുവാൻ കഴിയുമോ സർ,

Mr. Speaker : Have you got any other point to say ?

Shri P. C. Raghavan Nair : Yes, Sir.

Shri P. T. Chacko : What about my closure motion, Sir ?

Mr. Speaker : I call upon Shri P. C. Raghavan Nair to speak now.

ശ്രീ. പി. സി. രാഘവൻനായർ: ക്ലാസ് 52–നു ഞാൻ ഒരു അമെൻറുമെൻറു കൊടുത്തിട്ടുണ്ടായിരുന്നു. എനിക്ക അതേസംബന്ധിച്ച പറയാനുള്ളതു, കുടിയിരിപ്പു കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പുതിയ ഒരു സൗജന്യം കൊടുക്കാൻ ഞങ്ങളാരും ആവശ്യപ്പെടുന്നില്ലെന്നാണു്. നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ പുതുതായി അവതരിപ്പിക്കുന്ന ഭൂപരിഷ്കരണ നിയമംമൂലം നഷ്ടപ്പെടുകയില്ലെന്നു ആയിരം ആയിരം തവണ ആവർത്തിച്ച മന്ത്രി ഇവിടെ പറയുകയുണ്ടായിട്ടുണ്ടു്. അങ്ങനെ ആവർത്തിച്ചാവർത്തിച്ച പറഞ്ഞിട്ടുള്ളതിനെല്ലാം കടകവിരുദ്ധമായിട്ടാണു് ഇപ്പോഴും മന്ത്രി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതു്. കാർഷികബന്ധനിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ 36–ാം വകുപ്പിലുള്ള അതേകാര്യങ്ങൾ ഇതിൽ ചേർക്കണമെന്നുമാത്രമേ ഞങ്ങൾ അഭ്യർത്ഥിക്കുന്നുള്ളു. അതിനുള്ള ന്യായങ്ങൾ, എത്രയോ ന്യായങ്ങൾ അതു സംബന്ധിച്ചു ഇവിടെ ഉന്നയിക്കാനുണ്ടു്. സർ, ഒരു ലക്ഷത്തോളം ഹർജികൾ ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ ആകെ മൊത്തം കൊടുത്തിട്ടുണ്ടായിരുന്നു എന്നും, അതിൽ 25000 ഹർജികൾ പർച്ചേസിനെസംബന്ധിച്ചുള്ള ഹർജികളാണെന്നുമാണു് എനിക്കു അറിയാൻ കഴിഞ്ഞതു്. കുടിയിരിപ്പുകാരെസംബന്ധിച്ചു........

ശ്രീ. പി. ടി. ചാക്കോ: ഈ കണക്കുകൾ എല്ലാം എവിടെനിന്നു ലഭിച്ചതാണെന്നു പറയാമോ?

ശ്രീ. പി. സി. രാഘവൻനായർ: 23898 ഹർജികൾ ലാൻഡു് പർച്ചേസിനുവേണ്ടി കുടിയാന്മാർ കൊടുത്തിട്ടുണ്ടു് എന്നു് ഒരു ചോദ്യത്തിനു മറുപടിയായി മന്ത്രി തന്നിട്ടുള്ള കണക്കു ഞാൻ കുറിച്ചുകൊണ്ടു വന്നതാണു്.

ശ്രീ. പി. ടി. ചാക്കോ: കുടിയിരിപ്പിന്റെ പർച്ചേസിനുവേണ്ടി എത്ര ആളുകൾ ഹർജി കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. സി. രാഘവൻനായർ: അയ്യായിരത്തോളമാണു്. കുടിയിരിപ്പുകാരന്റെ അവകാശം പർച്ചേസ് ചെയ്യുന്നതിനുള്ള ഹർജികൾ അയ്യായിരത്തോളമാണു്. ശരിക്കുള്ള ഫിഗർ എനിക്കു ഓർമ്മയില്ല. അങ്ങനെ 23898–ഹർജികളാണു് പർച്ചേസു് റൈററിനു വേണ്ടി കൊടുത്തിട്ടുള്ളതു്. അയ്യായിരത്തോളംപേർ 36–ാം വകുപ്പു പ്രകാരമുള്ള ഹർജികൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഇതുവരെ ഡിസ്പോസ് ചെയ്യാത്ത ഹർജികൾ 4368–മാത്രമേയുള്ളു.

ശ്രീ. പി. സി. രാഘവൻനായർ: അയ്യായിരവും നാലായിരത്തിൽ ചില്വാനവുമായി വലിയ വ്യത്യാസമില്ലല്ലോ.

ശ്രീ. പി. ടി. ചാക്കോ: കുടിയിരിപ്പുമാത്രമല്ല. ആകെമൊത്തം 4368 എന്നാണു് കാണുന്നതു്.

ശ്രീ. പി. സി. രാഘവൻനായർ: ആ കണക്കു തെററാണു്. ഈ അസംബ്ലിയിൽ ഒരു ചോദ്യത്തിനു ലഭിച്ച ഉത്തരത്തിൽനിന്നാണു ഞാൻ ഇതു പറയുന്നതു്. ഏതായാലും എന്റെ സ്വന്തം കണക്കുകളല്ല. അപ്പോൾ ഈ വകുപ്പുപ്രകാരംതന്നെ അയ്യായിരം ഹർജികളാണുള്ളതു്. ആകെ മൊത്തം 23,000 ത്തിൽപരം ഹർജികൾ ബോധിപ്പിച്ചിട്ടുള്ളതു് ജന്മിമാരുടെ അവകാശം പർച്ചേസ് ചെയ്യാനാണു്. ചെറുകിടക്കാർക്കു 12 ഇരട്ടി നഷ്ടപരിഹാരം കൊടുത്തുവാങ്ങാനും, വൻകിട ചെറുകിട വ്യത്യാസമില്ലാതെ 36–ാം വകുപ്പു പ്രകാരം കുടിയിരിപ്പു വിലക്കെടുക്കാനും കൂടിയുള്ളതാണു് ഈ ഹർജികളത്രയും. എന്നാൽ ഈ 36–ാം വകുപ്പു് അനുസരിച്ചു ചെറുകിടക്കാരെന്നോ, വൻകിടക്കാരെന്നോ നോക്കാതെ കുടിയിരിപ്പുകാരനു ഭൂമി വിലയ്ക്കെടുക്കാൻ അവകാശമുണ്ടായിരുന്നു. ഈ 36–ാം വകുപ്പു വളരെ അധികം ആളുകൾ ഉപയോഗപ്പെടുത്തിട്ടുണ്ടായിരുന്നു. അതിൽ മിക്കവാറും ആളുകൾക്കു് വിധികിട്ടീട്ടും ഉണ്ടായിരുന്നു. അതിൽ പന്ത്രണ്ടോളം പർച്ചേസ് സർട്ടിഫിക്കററാണു് കൊടുത്തതെന്നു പറയപ്പെടുന്നു. 12 ക്രയ സർട്ടിഫിക്കററു കൊടുത്തിട്ടുള്ള കുടിയിരിപ്പുകാരുണ്ടെന്നാണു അറിയാൻ കഴിഞ്ഞിട്ടുള്ളതു്. അങ്ങനെ പർച്ചേസ് റൈററിനു വേണ്ടി ഹർജി കൊടുക്കുകയും വിധി സമ്പാദിക്കുകയും ചെയ്തിട്ടുള്ളവർക്കു് കുടിയിരിപ്പുവിലക്കെടുക്കാൻ കേവലം പാട്ടത്തിന്റെ ഒൻപതു ഇരട്ടി മാത്രമേ കൊടുക്കേണ്ടി വരുന്നുള്ളു. അതായതു് 75 ശതമാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

പന്ത്രണ്ടിരട്ടി മാത്രമേ കൊടുക്കേണ്ടി വരുന്നുള്ളു. അങ്ങനെ ഒൻപതിരട്ടി കൊടുത്തു കുടിയിരിപ്പു അവകാശം വാങ്ങാൻ അവകാശമുണ്ടായിരുന്ന സ്ഥലത്തു തിരിയെ അതു എടുത്തുമാററിയിരിക്കുകയാണു്. അതിന്റെ സ്ഥാനത്തു, 16 ഇരട്ടികൊടുക്കാൻ കുടിയിരിപ്പുകാരൻ നിർബന്ധിതനായിത്തീരുകയാണു്. അതുകൊണ്ടു കുടിയിരിപ്പു കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ഏററവും ന്യായമായിട്ടുള്ള ഒരു ആവശ്യമാണു് ഇതു്. അതിലേക്കു എത്രയോ ആളുകൾ ഹർജികൊടുത്തിട്ടുണ്ടു്. വിധിവാങ്ങീട്ടുണ്ടു്, ക്രയ സർട്ടിഫിക്കററു കിട്ടീട്ടുണ്ടു്. അതുകൊണ്ടു തീർച്ചയായും ഈ വകുപ്പു ഇതിനകത്തു എഴുതിച്ചേർത്തേ മതിയാകൂ. അല്ലാത്തപക്ഷം ഈ കുടിയിരിപ്പു കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ഇതു ഏററവും ദ്രോഹകരമായ ഒരു നിയമനിർമ്മാണമാകും. അതുകൊണ്ടു അവരെസംബന്ധിച്ചിടത്തോളം അവർക്കു ആനുകൂല്യം നൽകുന്ന ഈ വ്യവസ്ഥ ഇതിൽ എഴുതിചേർക്കണം.

ശ്രീ. ഓ. കോരൻ: ശ്രീമതി ഗൗരിഅമ്മ അവതരിപ്പിച്ചിട്ടുള്ള 1237-ാം നമ്പർ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. ഇതു ഒരു പുതിയ അമെൻറുമെൻറല്ല. പഴയനിയമത്തിലുള്ളതാണു്. ഞാൻ അതിനെ ശക്തിയായി പിൻതാങ്ങാൻ കാരണം, നമ്മുടെ നാട്ടിൽ ഭൂപ്രശ്നത്തെസംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഹരിജനങ്ങളെപ്പോലെയുള്ളവർ താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ അവർക്കു ആ സ്ഥലങ്ങളുടെ അവകാശം വാങ്ങിക്കാൻ വളരെക്കാലമായി അവർ ആഗ്രഹിച്ചുകൊണ്ടിരുന്നതു അനുവദിച്ചു കൊടുത്തേ കഴിയൂ എന്നുള്ളതുകൊണ്ടാണു്. ജന്മിത്വത്തിന്റെ അല്ലെങ്കിൽ, അവരെ മർദ്ദിച്ചുകൊണ്ടിരുന്ന ആ വ്യവസ്ഥിതിക്കു ഒരുമാററം വരുത്തുന്നതിനുള്ള ഒരു ഉപാധിയാണു് ഇതു്. അതേസംബന്ധിച്ചു നമ്മുടെ പ്രധാനമന്ത്രിയായ ശ്രീ പണ്ഡിററു ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ 'ഇൻഡ്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നുണ്ടു്, ജാതിവ്യത്യാസത്തിന്റെ ആരംഭം തുടങ്ങുന്നതു്, സ്വന്തമായ ഭൂമിയില്ലാത്തവരേയും മലം നീക്കംചെയ്യുന്നവരേയും ആദ്യം അസ്പൃശ്യരായ് കണക്കാക്കുവാൻ തുടങ്ങി, അങ്ങനെ ജാതിവ്യത്യാസം തുടങ്ങി. സ്വയം അടിമകളായി കഴിഞ്ഞുവന്നിരുന്ന ഈ കൂട്ടക്കു് തങ്ങൾ താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമി വിലകൊടുത്തുവാങ്ങാൻ ഉള്ള അവകാശം കൊടുക്കേണ്ടതു് ഏററവും ആവശ്യമാണു്. അതിനു എത്രയും താമസംകൂടാതെ ഏററവും പ്രധാനമായ ഈ വകുപ്പു അംഗീകരിക്കുകയും, അതു നടപ്പാക്കുകയും ചെയ്യണം. ഈ കൂട്ടർക്കു് അവർ താമസിക്കുന്ന ഭൂമിതന്നെ അതിനുള്ള വില നിശ്ചയിച്ചു വാങ്ങുന്നതിനുള്ള ബുദ്ധിമുട്ടും കഷ്ടപ്പാടും പരിഗണിക്കുമ്പോൾ അവർക്കു അതിനൊരു മാർജിൻതന്നെ ഈ ഗവണ്മെൻറു അനുവദിച്ചുകൊടുക്കണം എന്നുപറയാൻ ഞാനാഗ്രഹിക്കുന്നു. കാരണം, ഭരണഘടനയിൽതന്നെ അതു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഈ സംപ്രദായം അംഗീകരിച്ചുകൊണ്ടു ഈ നാട്ടിൽ അങ്ങനെയുള്ള വിഭാഗങ്ങൾക്കു അവരുടെ ബുദ്ധിമുട്ടുകൾക്കു ഒരുമാററം വരുത്താൻവേണ്ടി അവർക്കു ഈ ജന്മിയുടെ കുടിയിരിപ്പു വാങ്ങിക്കാനും സ്വന്തമായിട്ടു ഭൂമിവാങ്ങിച്ചു താമസിക്കാനുമുള്ള ഒരു ആഗ്രഹം ഉള്ളതായും ആ ഒരു വീക്ഷണത്തോടുകൂടി സംസാരിക്കുന്നതായും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അവർ ഇതുവരെ ജന്മിമാരുടെ കീഴിൽ അടിമകളായിട്ടു ജീവിച്ചുകൊണ്ടിരിക്കുകയാണു്. അവർക്കു സ്വന്തമായി സ്ഥിരാവകാശം ഉള്ളതായ ഒരു നിലവരുക എന്നുള്ളതു ജന്മിമാരും സാധൂകരിക്കേണ്ടതാണു്. ഇന്നു അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അടിമത്വവും അവശതകളും മാററാനായിട്ടു എടുത്ത കാൽവയ്പാണു് ഇതു്. ഇവർക്കു മാർക്കററു വിലപ്രകാരമുള്ള വിലക്കു് കൊടുത്താൽതന്നെയും ഭൂമി വാങ്ങിക്കാൻ സാധിക്കുന്നില്ല. പ്രത്യേകിച്ചും ഹരിജനങ്ങൾക്കു്. ഒരു കാര്യം ഞാൻ പറയാം. കൊയിലാണ്ടി താലൂക്കിൽമൂടാടി എന്ന സ്ഥലത്തു ഒരു സർവ്വേ നടത്തിയതിൽ 375 ഹരിജൻകുടുംബം ഉള്ളതിൽ അവിടെ സ്വന്തം ഭൂമിയിൽ പാർക്കുന്നതു് ഒരു കുടുംബം മാത്രമാണെന്നുകണ്ടു. ബാക്കിയുള്ളവർ അന്യരുടെ ഭൂമിയിൽ കിടന്നു ജീവിച്ചുകൊണ്ടിരിക്കുന്നു. അവിടെ ഏകദേശം

LIBRARY ARCHIVES Kerala Legislative Assembly

മുന്നൂററിഎഴുപത്തിഅഞ്ചു കുടുംബങ്ങളുണ്ട്. ഇവിടെയാണെങ്കിൽ ഭൂമി പലതവണ വിലകൊടുത്തുവാങ്ങിക്കുകയും വിൽക്കുകയും ചെയ്യുന്ന ഒരുനില നമ്മുടെ നാട്ടിലുണ്ട്. എന്നാൽ ഈ വിഭാഗക്കാരെസംബന്ധിച്ചിടത്തോളം സ്വന്തമായി ഭൂമിയില്ലാതെ ജന്മിമാരുടെ അടിമകളായിട്ടുതന്നെ ജീവിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ഈ അവശ നിലയെ പരിഗണിച്ചു മദ്രാസുഗവണ്മെൻറിന് മലബാർ കുടിയായ്മനിയമപ്രകാരം പതിനഞ്ചുസെൻറുഭൂമി വീതം ഈ ഹരിജനങ്ങൾക്കു അനുവദിച്ചുകൊടുത്തു അവരുടെ ഭൂപ്രശ്നത്തിനു ഒരു മാററം വരുത്തണമെന്നുള്ള ഒരു ചിന്താഗതിയുണ്ടായിരുന്നു. എന്നാൽ പിന്നീട് അവർ അതിൽനിന്നും പുറകോട്ടു പോകുകയാണുണ്ടായത്. അതുകൊണ്ടു അങ്ങനെയുള്ള വിഭാഗക്കാർക്കു കൂടുതലായിട്ടു അവകാശങ്ങൾ നൽകുന്നതിനു സാധാരണഗതിയിൽ ഇങ്ങനെയുള്ള ഒരു വ്യവസ്ഥ ഈ നിയമത്തിൽ അംഗീകരിക്കണം. മറെറന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്കു മാററം വരുത്താൻ സാധിക്കുന്നില്ലെങ്കിലും ഇതു പ്രത്യേകിച്ചു പരിഗണിക്കണം എന്നു അഭ്യർത്ഥിച്ചുകൊണ്ടു ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

Shri P. T. Chacko : I don't accept this amendment. A special treatment is given to tenants of the Kudiyirippu under section 18. As has already been pointed out, no land from the holding of a tenant in the case of a Kudiyirippu can be resumed under any circumstance. That is a special privilege given to the tenants of the Kudiyirippu. It is after having considered all the aspects of the question that this provision that even the small holder cannot resume any portion of the Kudiyirippu is made. It was thought that he need not be given a special treatment in the matter of purchasing the right.

One reason is that the rent which the tenant of a kudikidappu pays is invariably much less in comparison to the rent that is paid by other tenants. Therefore, when the purchase is made the tenant of the kudikidappu gets his kudiyirippu, for 16 times the contract rent. It may be remembered that an amendment is accepted that wherever the contract rent is less than the fair rent that would be considered as fair rent. He there fore gets the advantage of purchasing his entire holding for 16 times contract rent. Therefore, it is considered that this amendnent need not be accepted.

Sir, as regards the number of persons affected, I may also say that it would not affect too many. According to the information I have with me, the total number of persons will be only just over 500. Some of the applications were disposed of and some of them are pending.

ശ്രീമതി കെ. ആർ. ഗൗരി : അയ്യായിരം അപേക്ഷ കൊടുക്കുന്നതിനു കെട്ടിവച്ച പണം എത്രയെന്നും അവക്ക് അതിന് ചെലവായിട്ടുള്ള തുക എത്രയെന്നുംകൂടി പറയാമോ ?

ശ്രീ. പി. ടി. ചാക്കോ : എൻെറ കയ്യിൽ ആ വിവരമൊന്നും ഇല്ലാത്തതുകൊണ്ടു പറയാൻ നിവൃത്തിയില്ല.

That would not affect too many and because of the advantages that have been given under clause 38 and after having considered the aspects which I have indicated, Government are not prepared to accept the amendment.

ശ്രീമതി കെ. ആർ. ഗൗരി : കുടിയിരിപ്പ് ഒഴിപ്പിക്കാൻ പാടില്ലെന്നു കാർഷികബന്ധനിയമത്തിലും ഉണ്ടായിരുന്നു. ഇപ്പോൾ പുതുതായി ഒരു അവകാശം കൊടുത്തതൊന്നുമല്ല.

Mr. Speaker : Do you press your amendment ?

Smt. K. R. Gouri : Yes, Sir.

LIBRARY ARCHIVES Kerala Legislative Assembly

11 A. M.] Amendment No. 1237 moved by Smt. K. R. Gouri was put and lost.

Shri. E. P. Gopalan: Sir, I demand a poll.

A poll was taken when the House divided as follows:

AYES—30

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, P. Balachandra Menon
4 ,, C. K. Balakrishnan
5 ,, N. E. Balaram
6 ,, K. Bhargavan
7 ,, E. P. Eapen
8 ,, E. P. Gopalan
9 ,, N. Gopala Kurup
10 Smt. K. R. Gouri
11 Shri O. Koran
12 ,, R. Krishnan
13 ,, K. Krishna Pillai
14 ,, S. Kumaran
15 ,, P. K. Kunjachan
16 ,, P. V. Kunhunni Nayar
17 ,, P. M. Kunhiraman Nambiar
18 Shri P. K. Narayanan Nambiar
19 ,, T. C. Narayanan Nambiar
20 ,, P. Narayanan Thampi
21 ,, N. Neelakantaru Pandarathil
22 ,, P C. Raghavan Nair
23 ,, A. K. Ramankutty
24 ,, T. K. Ramakrishnan
25 ,, P. Ravindran
26 ,, E. M. Sankaran Namboodiripad
27 ,, R. Sugathan
28 ,, M. M. Sundaram
29 ,, M. V. Vasu
30 ,, P. Viswambharan

NOES 49

1 Shri K. C. Abraham
2 ,, K. T. Achuthan
3 ,, K. K. Balakrishnan
4 ,, P. C. Balakrishnan Nambiar
5 ,, T. O. Bava
6 ,, N. Bhaskaran Nair
7 ,, P. Chacko
8 ,, P. T. Chacko
9 ,, G. Chandrasekhara Pillai
10 ,, P. C. Cherian
11 ,, K. A. Damodara Menon
12 ,, T. A. Dharmaraja Iyer
13 ,, P. R. Francis
14 ,, K. M. George
15 ,, P. Gopalan
16 ,, M. Gopalankutty Nair
17 ,, M. P. Govindan Nair
18 ,, Vayala Idicula
19 ,, A. L. Jacob
20 ,, Thomas John
21 ,, George Joseph Podipara
22 ,, P. S. Karthikeyan
23 ,, K. G. Karunakara Menon
24 ,, N. S. Krishna Pillai
25 Shri P. Kumaran
26 ,, K. Kunhambu
27 ,, M. Kunjukrishnan Nadar
28 ,, C. Kunhikrishnan Nair
29 ,, M. Kunhikannan Nambiar
30 ,, N. Kunjuraman
31 Smt. Kusumam
32 Shri P. Madhavan
33 ,, V. Madura
34 ,, M. M. Mathai
35 ,, T. Murugesan
36 ,, M. Narayana Kurup
37 ,, Kuroor Neelakantan Namboodiripad
38 ,, E. P. Poulose
39 ,, R. Raghava Menon
40 ,, M. Ravindranath
41 ,, R. Sankar
42 Smt. O. T. Sarada Krishnan
43 ,, K. R. Saraswathi Amma
44 Shri C. M. Stephen
45 ,, K. T. Thomas
46 ,, T. A. Thomman
47 ,, P. P. Ummer Koya
48 ,, K. R. Vijayan
49 ,, K. K. Viswanathan

Neutral :—1

Shri. C. M. Kutty

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker :

For the amendment : 30
Against the amendment 49
Neutral : 1

The amendment is lost.

Shri T. K. Ramakrishnan : Sir, I press my amendment.

Amendment No. 1491 moved by Shri T. K. Ramakrishnan was put and lost.

Shri K. Krishna Pillai : Sir, I press my amendment.

Amendment No. 1544 moved by Shri K. Krishna Pillai was put and lost.

Clause 51

Mr. Speaker : The following amendments may be moved.

Shri P. T. Chacko : Sir, I have given notice of an amendment to Clause 51.

1525. In clause 51, sub clause (2), the following portion shall be omitted, namely :—

"(i) where the landowner or an intermediary is a religious, charitable or educational institution of a public nature, the right of the cultivating tenant to purchase the rights title and interest of the landowner and intermediaries shall be subject to the provisions of sections 63 to 69:

In clause 51 (ii) and in sub clause (3) for the words, brackets and figures 'clause (ii) of sub section (2)" the word, brackets and figure 'sub section (2)" shall be substituted.

Mr. Speaker : Amendment No. 711 by Shri P. K. Narayanan Nambiar, 714 by Shri K. Chandrasekharan,...........

Shri M. Narayana Kurup : Sir, on a point of order. Amendment Nos. 711, 1243, 1257 and some of the other amendments given notice of by hon. Members are to redraft clause 51 without sub clauses 2 and 3. They are barred by Clause 17, which we have already accepted. Other amendments for the deletion of sub clauses 2 and 3 are also out of order in view of our acceptance of Clause 17. I may be permitted to read the relevant portion of Rule 80 of the Rules of Procedure : (i) An amendment shall be within the scope of the Bill and relevant to the subject matter of the clause to which it relates (ii) an amendment shall not be inconsistent with any previous decision of the Assembly on the same question (iii) an amendment shall not be such as to make the clause, which it proposes to amend un-intelligible or ungrammatical. Amendments of Shri P. K. Narayanan Nambiar and Smt. K. R. Gouri want to redraft Clause 51 without sub clauses (2) and (3). That is definitely opposed to clause 17 and it makes clause 17 un-intelligible and meaningless. If these amendments are allowed then clause 17 has got to be amended for which no amendment is given notice

2/747/V

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup :

of, and moreover it is not possible. Therefore, it is very clear that there should be a finality over the decision. The same question should not be agitated time and again. Therefore, these two amendments and some other similar amendments are not in order.

ശ്രീമതി. കെ. ആർ, ഗൗരി : ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് ക്ലാസ് മുഴുവൻ എടുത്തുകളയണമെന്നുള്ള ഭേദഗതിയല്ല. ഇതിലെ ഒരു ഉപവകുപ്പ് എടുത്തു കളയാൻ മന്ത്രിയുടെതന്നെ ഒരു ഭേദഗതി വന്നിട്ടുണ്ടു്. മെയിൻ ക്ലാസ് 51 ആണു്. 17 പാസായിപ്പോയതുകൊണ്ടു് 51. നെ സംബന്ധിച്ച ഒന്നുംപറയാൻ അവകാശമില്ലെന്നു ശ്രീ. കുറുപ്പ്........

Shri M. Narayana Kurup: You can say everything not inconsistent with Clause 17.

ശ്രീമതി കെ. ആർ. ഗൗരി ; ഒരു ക്ലാസ് എടുക്കുമ്പോൾ അതിൻെറ ഉപവകുപ്പ രണ്ടുമൂന്നും ആവശ്യമാണോ എന്നു ചർച്ചചെയ്യേണ്ടിവരും. അങ്ങനെ ചർച്ച് ചെയ്യുമ്പോൾ അതിൽ അവശ്യമാണെങ്കിൽ ചെറിയ ഭേദഗതിവരുത്താം. ക്ലാസ് 17 പാസായതുകൊണ്ടു് 51—ലെ രണ്ടും മൂന്നും ഉപവകുപ്പ് ഡിലീററു ചെയ്യാനുള്ള അവകാശം ഇല്ലെന്നു ശ്രീ. കുറുപ്പ പറയുന്നതു ശരിയല്ല. അങ്ങനെ ഭേദഗതി അയക്കാനും അതു പാസാക്കാനും അവകാശമുണ്ടെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. കെ. ഭാർഗ്ഗവൻ : 17 —ാംവകുപ്പിൽ പറയുന്നതു ഇങ്ങനെയാണു്.

'Provided further that except as provided in sub sections (2) and (3) of section 51'

51. ലെ ഉപവകുപ്പ രണ്ടുംമൂന്നും 17 —ാം വകുപ്പിനു ലിമിറേറഷൻ ആകുമെന്നല്ലാതെ 17—ാം വകുപ്പ 51. ലെ രണ്ടിനും മൂന്നിനും ലിമിറേറഷൻ ആകുകയില്ല. ശ്രീ. കുറുപ്പിൻെറ വ്യാഖ്യാനം നേരെമറിച്ചായിരുന്നു.

Mr. Speaker: Since the clauses of the Bill are so inter-related the position taken by Mr. Kurup will not stand. Therefore, I allow the members to move these amendments.

Shri P. K. Narayanan Nambiar: Sir, I move:

711. In clause 51, instead of the present clause insert the following:

"A cultivating tenant including the tenant of a Kudiyiruppu entitled to fixity of tenure under this Act, shall be entitled to purchase the right, title and interest of the land owner and the intermediaries if any in respect of the land comprised in his holding:

Provided that in areas of the State not being the Cochin and Malabar areas, in cases where the landlords so requires, the right of purchase can be exercised only in respect of half the holding, the other half of the holding being surrendered to the landlord on payment of the value of improvements, if any, and any other sum that may be lawfully due to the tenant from the landlord."

Shri O. Koran: Sir, I move the following amendments

"714. In clause 51 (1), delete the provisos."

"715. In clause 51, delete the proviso to sub clause (1), and delete the sub clauses (2) and (3)."

Shri T. A. Thomman: Sir, I move:

LIBRARY ARCHIVES Kerala Legislative Assembly

"717. In clause 51 (1), Explanation I shall be omitted and the figure 'I' in Explanation II shall be omitted."

Shri P. V. Kunhunni Nair : Sir, I move the following amendments :

719. In clause 51 (2), delete sub-section (ii).

721. In clause 51, delete sub-clause (3).

Shri E. P. Gopalan : Sir, I move :

1087. In clause 51 (2), delete (ii) and substitute the following :—

"where the landowner or an intermediary is a small holder and the cultivating tenant was entitled to fixity of tenure immediately before the 21st January, 1961, under any law then in force the cultivating tenant shall be entitled to purchase the right, title and interest of the land owner and intermediaries if he so chooses and in that case he shall pay to the landlord or the intermediary as the case may be in a lump, 12 times of the rent payable by him."

Shri M. Narayana Kurup : Sir, I move :

1518. In clause 51, sub-clause (1), line three, after the words 'a cultivating tenant' and on the date of commencement of this Act or on the date of the application."

Sir, I am not moving my amendment No. 1088.

Smt. K. R. Gouri : Sir, I move the following amendments :

1243. Redraft clause 51 as follows :

"Tenants right to purchase landlords rights :—

Every cultivating tenant entitled to fixity of tenure and from whom lands have not been resumed or only part have been resumed, and intermediaries who resumed lands from the tenants, or to whom lands have been surrendered under section 49 are entitled to purchase the rights, title and interests of the landowner, and intermediaries, if any, in the land comprised in the holdings or part of the holding:

Provided no cultivating tenant or intermediary is entitled to purchase the holding if the cultivating tenant, or if he is a member of a family such family, or if the intermediary, or if he is a member of a family, such family owns or holds other lands above ceiling area; or if they own, or hold no lands, or own or hold lands below ceiling area, so much of lands as to make it up to the ceiling area."

I am not moving my amendment No. 1241, and 1258, but I am moving my amendment Nos. 1621 and 1622:

1621. In clause 51, add at the end a new proviso as follows: "provided if any person holds or owns, or if he is a member of a family, that family holds or owns, lands, exempted from the provisions of ceiling chapter, to the extent if calculated in area, area, above ceiling, applicable to individuals or families, and if such person or family holds other classes of lands as a cultivating tenant then, that person, or family is not entitled to purchase such lands, and he is bound to surrender the land to the Government."

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri

1622. In clause 51 (2), (ii) may be redrafted as follows :

"(ii) where the landowner, or the intermediary is a small holder, and the cultivating tenant was entitled to fixity of tenure before 21st January 1961 under any other law in force then, that cultivating tenant can, if he chooses, purchase the whole of the holding in his possession, if he pays twelve years rent as fixed in section 29 in a lump, or

(2) if the cultivating tenant and the small holder agrees, the cultivating tenant can surrender one half to the small holder, and retain the other half, and in this case, the right, title and interest of the small holder, over the holding retained by the tenant shall in consideration of the surrender of rights of fixity enjoyed by the tenant over the half surrendered to the small holder vest in the tenant free of all encumbrances created by the small holders or intermediaries if any."

Mr. Speaker : Amendment No. 1247 is in the name of Shri P. S. Sreenivasan. The member is not in his seat. So Mr. T. C. Narayanan Nambiar may move his amendment No. 1249.

Shri. T. C. Narayanan Nambiar: Sir, I move:

1249. Inclause 51, delete sub-clause (2).

Shri K. Bhargavan : Sir, I move:

1545: In clause 51, sub clause (2) (ii), add the following proviso:

Provided that notwithstanding anything contained in section 18 (1), if the small holder under this sub section fails to comply with the provisions under section 22 (1) within a period of six months from the commencement of this Act, the cultivating tenant under such small holder shall be entitled to purchase the right, title and interest of such small holder in respect of the land comprised in his holding.'

Shri K. Krishna Pillai: Sir, I move:

1546. In clause 51, sub clause (2) (ii), add a proviso:

'Provided that notwithstanding anything contained in section 18 (1), the small holder shall forfeit his right of resumption under section 17 if he fails to comply with the provision under section 22 within a period of six months.'

1548. In clause 51, add a new sub clause (4) after sub clause (3)g

"(4) Notwithstanding anything contained in sub clauses (2) and (3), where both the small holder and the tenant agree, the tenant shall be entitled to retain one half of the holdinig after surrendering the other half to the small holder."

Shri N. Gopala Kurup : Sir, I move :

1259. In clause 51, add a new provisio as (iv) :

"No cultivating tenant of a holding comprised in any land excluded from the provisions of ceiling, shall be entitled to purchase the right, title and interest in respect of that holding."

LIBRARY ARCHIVES Kerala Legislative Assembly

Shri P. K. Kunjachan : Sir, I move :

1526. In clause 51, sub-clause (3) (i), after the words 'small holder', insert the following:

"excluding Cochin and Malabar area.

Mr. Speaker : Amendment Nos. 712 and 713 are the same as 711.

716, 718 are the same as 715.

720, 1246, 1251, 1252 and 1253 are same as 719.

722, 723, 724, 1254 and 1257 are same as 721.

1248 is same as 1247.

1250 is same as 1249.

1245 is same as 714.

Amendment No. 1547 by Shri R. Krishnan is not properly worded.

<u>ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ</u> : സർ, കാർഷികപരിഷ്ക്കരണത്തിന്റെ പ്രധാന ലക്ഷ്യമെന്താണോ അതിനു വഴി തെളിക്കുന്ന ഒരു വകുപ്പാണിതു്. ഈ രാജ്യത്തു് കൃഷിചെയ്യുന്ന കർഷകർക്കു് ഭൂമിയിൽ ഉടമാവകാശമുണ്ടെന്നു സ്ഥാപിക്കുന്നതിനുതകുന്ന ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ചിന്തിക്കുമ്പോഴും മുമ്പു് കർഷകർക്കുണ്ടായിരുന്ന ആനുകൂല്യങ്ങൾ എത്രത്തോളം, ഈ വകുപ്പു പ്രയോഗത്തിൽ വരുമ്പോൾ ഇല്ലാതാകുമെന്നു് നാം പരിശോധിക്കേണ്ടതുണ്ടു്. കാർഷികബന്ധനിയമപ്രകാരം, ജന്മിയുടെ അവകാശം വിലയ്ക്കു വാങ്ങുവാൻ കുടിയാനു അവകാശമുണ്ടായിരുന്നു. എന്നാൽ, ഈ നിയമത്തിൽ അതിനു ചില പരിമിതികൾ വച്ചിരിക്കുകയാണു്. ഇതു് കാര്യമായി ബാധിക്കുന്നതു്, സ്ഥിരാവകാശം കിട്ടിയ മലബാറിലെയും, കൊച്ചിയിലെയും കുടിയാന്മാരെയാണു്. മലബാറിലെയും, കൊച്ചിയിലെയും സ്ഥിരാവകാശംകിട്ടിയ കുടിയാന്മാർ, അവരുടെ അവകാശം പകുതി പകുതി വീതം ജന്മിയും കുടിയാനുമായി വീതിച്ചെടുക്കുന്ന തരത്തിലാണു് ഇതിൽ എഴുതി വച്ചിരിക്കുന്നതു്. വളരെക്കാലമായി അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ അവർ ജന്മിക്കു് വിട്ടുകൊടുക്കാൻ തയ്യാറാകുമോ എന്ന കാര്യം സംശയമാണു്. വളരെക്കാലത്തെ സമരത്തിനുശേഷം, നേടിയെടുത്ത ഈ അവകാശം വിശേഷിച്ചു് മലബാർ പ്രദേശത്തു് കുടിയാന്മാർക്കു് നഷ്ടപ്പെടുന്നതു് അവർ അനുവദിക്കുമോ എന്നു എനിക്കു സംശയമുണ്ടു്. ഈ നിയമത്തിൽ കുടിയായ്മ സമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ള തത്വത്തെ പരാജയപ്പെടുത്തി ജന്മിത്തത്തിനു നിലനില്പുണ്ടാക്കാനാണു് ശ്രമിച്ചുകാണുന്നതു്. അതിനു, മറ്റൊരുദാഹരണമാണു്, ബഹുമാനപ്പെട്ട മന്ത്രി, 71-ാം ക്ലാസിനു് 1534-ാം. നമ്പരായി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി. ഒരു പുതിയ രൂപത്തിൽ, 71-ാം വകുപ്പിനു് ഒരു പ്രൊവൈസോ എഴുതിവച്ചിരിക്കുകയാണു്. ഇത്തരത്തിൽ, ജന്മി താല്പര്യത്തിനുവേണ്ടിയാണു് ഈ നിയമത്തിൽ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നു് സെലക്റ്റു കമ്മിറ്റി ചർച്ച നടന്നപ്പോൾ അഭിപ്രായപ്പെട്ടെങ്കിലും, അന്നു മന്ത്രി പറഞ്ഞതു് കുടിയാന്മാരുടെ ന്യായമായ അവകാശങ്ങൾ വേണ്ടവിധം സംരക്ഷിക്കപ്പെടുമെന്നായിരുന്നു. അന്നു് ഈ നാട്ടിലെ ജനങ്ങളും, ഞങ്ങളും വിശ്വസിച്ചു, അതു ശരിയായിരിക്കുമെന്നു്. അത്തരത്തിലുള്ള ഒരു നീക്കം ഗവണ്മെന്റുഭാഗത്തുനിന്നുണ്ടാകുമെന്നു വിശ്വസിച്ചിരുന്നു. പക്ഷെ, അതു ശരിയല്ലെന്നാണു് ഇപ്പോൾ 71-ാം വകുപ്പിനുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി പരിശോധിച്ചാൽ മനസ്സിലാകുന്നതു്. മന്ത്രിയുടെ ഭേദഗതിമൂലം, ചെറുകിടജന്മിമാരുടെ കീഴിലുള്ള കുടിയാന്മാർക്കു് ദോഷം സംഭവിക്കുമെന്നുള്ളതു തീർച്ചയാണു്. എന്തുകൊണ്ടാണു് ബഹുമാനപ്പെട്ടമന്ത്രി, ഇത്തരത്തിലുള്ള ഒരു ഭേദഗതി അവതരിപ്പിച്ചതെന്നു് മനസ്സിലാകുന്നില്ല. ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കാൻ മന്ത്രിയെ പ്രേരിപ്പിച്ചതെന്താണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിന്റെ പ്രയോഗംമൂലം, മലബാറിലെ കുടിയാന്മാർക്ക് ജന്മികളുടെ കീഴിൽ എന്തെങ്കിലും കുഴപ്പം നേരിടുമെന്നു ചൂണ്ടിക്കാണിച്ചാൽ അതു് പരിഹരിക്കാമെന്നു ബില്ലിന്റെ ചർച്ചാവേളയിൽ ഗവണ്മെന്റുഭാഗത്തുനിന്നും പറഞ്ഞിരുന്നതാണു്. അങ്ങനെ സൂചിപ്പിച്ചിട്ടുള്ള കുഴപ്പങ്ങൾ പരിഹരിക്കാൻ ഗവണ്മെന്റുഭാഗത്തുനിന്നു പരിശ്രമിച്ചിട്ടുള്ളതായി കാണുന്നില്ല. മലബാറിലെയും, കൊച്ചിയിലെയും കുടിയാന്മാരെ സംബന്ധിച്ചിടത്തോളം വളരെ ന്യൂനതയുള്ള ഒരു വകുപ്പാണിതു്. ഇതു പാസ്സാക്കുകയാണെങ്കിൽ, 71-ാം വകുപ്പിനു മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൂടി പാസ്സാക്കുകയാണെങ്കിൽ മലബാറിലെയും, കൊച്ചിയിലെയും കുടിയാന്മാർ എന്നെന്നും ചെറുകിട ജന്മിമാരുടെ കീഴിൽ കുടിയാന്മാരായി കഴിഞ്ഞുകൂടുന്ന ഒരു പരിതഃസ്ഥിതി വന്നുചേരുന്നതാണു്. നാം ഒരു കാർഷികപരിഷ്കരണം നടത്തുമ്പോൾ അതു് ഈ രാജ്യത്തെ കാർഷികരംഗത്തുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്നുകൂടി ആലോചിക്കേണ്ടതാണു്. നമ്മുടെ പ്രധാനമന്ത്രിയും, പ്ലാനിംഗ് കമ്മിഷനും, അതുപോലെതന്നെ, അടുത്തുകൂടിയ എ.ഐ.സി.സി. സമ്മേളനത്തിൽപോലും കാർഷികപരിഷ്കരണത്തെ സംബന്ധിച്ചു് ഒരു നീക്കം അത്യാവശ്യമാണെന്നും, എല്ലാ സംസ്ഥാനങ്ങളിലും കാർഷികപരിഷ്കരണം നടപ്പാക്കാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളണമെന്നും തീരുമാനിച്ചു കഴിഞ്ഞിരിക്കുകയാണു്. അങ്ങനെ എല്ലാ സംസ്ഥാനത്തും കഴിയുന്നതുംവേഗം കാർഷികപരിഷ്കരണം നടപ്പാക്കാൻ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുമ്പോൾ, ആ പ്രഖ്യാപനം നമ്മുടെ സംസ്ഥാനത്തിനു് ബാധകമാകാതെ വരുമോ? ആ പ്രഖ്യാപനത്തിനനുസരണമായി നാം മുന്നോട്ടു നീങ്ങുന്നില്ലെങ്കിൽ അതു കഷ്ടമാണു്. സർ, ഈ നിയമം, മലബാറിലെയും കൊച്ചിയിലെയും കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, ഒരു രാഷ്ട്രീയ കരുനീക്കമായി പരിഗണിക്കേണ്ട അവസ്ഥയിലേക്കു് ഗവണ്മെന്റു് നീങ്ങുന്നതായിട്ടു കരുതേണ്ടിയിരിക്കുന്നു. സർ, ഈ രാജ്യത്തെ കർഷകർ വളരെക്കാലം സമരംചെയ്തു നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ നശിപ്പിക്കുന്ന തരത്തിലുള്ള വകുപ്പുകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങളെ ഈ ഗവണ്മെന്റു് നേരിടേണ്ടിവരുമെന്നു് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണു്. ചെറുകിടക്കാരുടെ ആനുകൂല്യത്തിന്റെ പേരിൽ കൂടുതൽ കൂടുതൽ സ്ലാബ് ഹോൾഡേഴ്സിനെ ഈ നിയമത്തിൽ ഉണ്ടാക്കി വച്ചിട്ടു്, കോഴിക്കോടു്, കണ്ണൂർ മുതലായ പ്രദേശങ്ങളിലെ കുടിയാന്മാരെ എന്നെന്നും ചെറുകിടക്കാരുടെ കീഴിലുള്ള കുടിയാന്മാരാക്കിത്തീർക്കാനാണു് ശ്രമിക്കുന്നതു്. ഇന്നു് ഈ നിയമത്തിൽ, നാലു സ്റ്റാൻഡേർഡ് ഏക്കർവരെ ചെറുകിടക്കാർക്കു് കൈവശം വയ്ക്കാമെന്നാണു് നാം നിശ്ചയിച്ചിരിക്കുന്നതു്. അതാണു് നാം സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥ. ആ വ്യവസ്ഥ നടപ്പിൽ വരികയാണെങ്കിൽ, കോഴിക്കോട്ടും കണ്ണൂരും 16 ഏക്കർവരെ ഒരു പുകിൽനിലം കൈവശംവയ്ക്കാവുന്ന ഒരു ജന്മി ചെറുകിടക്കാരനായിരിക്കും.

സർ, ഈ വകുപ്പു ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചു് പാസ്സാക്കി അതു് പ്രാബല്യത്തിൽ വരികയാണെങ്കിൽ ഒരൊററ ആളും വൻകിടജന്മിയുടെ കീഴിൽ കുടിയാനായിവരികയില്ലെന്നും, എല്ലാവരും ചെറുകിട ജന്മിമാരുടെ കീഴിലുള്ള കുടിയാന്മാരായി വരികയില്ലേ എന്നും ഞാൻ സംശയിക്കുകയാണു്. ഈ 51-ാം വകുപ്പു പാസ്സാക്കുമ്പോൾ ഈ നിയമത്തിലെ 71-ാം വകുപ്പുകൂടി കണക്കിലെടുക്കേണ്ടതാണു്. 71-ാം വകുപ്പിൽ പറയുന്നതു് ചെറുകിടജന്മിമാരുടെ കീഴിലുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിൽനിന്നും പുറപ്പെടുവിക്കുന്ന നോട്ടിഫിക്കേഷൻ പ്രാബല്യത്തിൽ വരികയില്ല എന്നാണു്. അതേ അവസരത്തിൽ തിരുവിതാംകൂറിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കൈവശമുള്ള ഭൂമിയിൽനിന്നും പകുതി സ്ഥലം ജന്മിക്കു് ആവശ്യമുണ്ടെങ്കിൽ ഒഴിപ്പിച്ചെടുക്കാമെന്നുള്ള ഒരു വ്യവസ്ഥകൂടി എഴുതിചേർത്തിട്ടുണ്ടു്. അതു് ഇന്നു് നിയമത്തിൽ അംഗീകരിച്ചിട്ടുമുണ്ടു്. അതുകൊണ്ടു് നാം വിചാരിക്കുന്ന രീതിയിലുള്ള കാർഷികപരിഷ്കരണം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിൽ വരുത്തുവാൻ ഈ ബില്ലുകൊണ്ടു സാധിക്കുകയില്ല. അങ്ങനെ വരാതിരിക്കുന്നതിനു് അനുയോജ്യമായ ഒരു തത്വമാണു് എന്റെ ഭേദഗതിയിൽ കൊടുത്തിട്ടുള്ളതു്. അതുകൊണ്ടു് ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഒ. കോരൻ: സർ, ഇവിടെ എന്റെ മാന്യ സ്നേഹിതൻ ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ പറഞ്ഞതുപോലെ കാർഷിക പരിഷ്കരണനിയമത്തിൽ ഏററവും പ്രധാനപ്പെട്ട ഒരു വകുപ്പാണു് ഇതു്. കാർഷികപരിഷ്കരണനിയമത്തിലെല്ലാംതന്നെ കാതലായിട്ടുള്ള ഒരു തത്വം കൃഷിഭൂമി കുടിയാനു് ആയിരിക്കണമെന്നുള്ളതാണു്. ഇവിടെ നാം ഈ വകുപ്പിൽ കൊടുത്തിട്ടുള്ള തത്വം നോക്കുകയാണെങ്കിൽ, മലബാർഭാഗത്തുള്ള കുടിയാന്മാർക്കു് നിയമപ്രകാരം കിട്ടിയിട്ടുള്ള അവകാശത്തിൽനിന്നും വളരെ പിന്നോക്കം പോയിരിക്കുന്നതായിട്ടു് കാണാം. അതുപോലെതന്നെ കൊച്ചിയിലെയും തിരുവിതാംകൂറിലെയും കാര്യം ഇതുതന്നെയാണെന്നു് എന്റെ സുഹൃത്തു പറയുകയുണ്ടായി. കൃഷിഭൂമിയിലുള്ള എല്ലാ അവകാശങ്ങളും കൃഷിക്കാരനു് ആയിരിക്കണമെന്നുള്ള തത്വത്തിൽനിന്നും പിന്നോക്കം പോകുന്നതു് ഒരിക്കലും ഒരു സ്റ്റേററിന്റെ അഭിവൃദ്ധിക്കു് യോജിച്ചതല്ല. ഈ വകുപ്പു പ്രകാരം ചെറുകിടക്കാർക്കു് കുടിയാന്റെ കൈവശം ഇരിക്കുന്നതിൽനിന്നും പകുതി ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുക്കുകയാണു്, ഇതു് അംഗീകരിച്ചാൽ വളരെയധികം വിമർശനങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമായിത്തീരുമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ നിയമത്തിന്റെ കരടു രൂപം അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ടമന്ത്രി പറയുകയുണ്ടായി കൃഷിക്കാരനു് കിട്ടിയിട്ടുള്ള അവകാശങ്ങളിൽനിന്നും പിന്നോക്കംപോകുന്ന ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നു്. മലബാർ കുടിയായ്മനിയമപ്രകാരം മലബാറിലെ കുടിയാന്മാർക്കു് ഭൂമിയിൽകിട്ടിയിട്ടുള്ള അവകാശത്തെ ഇല്ലാതാക്കുന്നതും, അവരുടെ കൈവശമുള്ള ഭൂമി ഒഴിപ്പിക്കാമെന്നുള്ള വ്യവസ്ഥയും അംഗീകരിക്കുന്നതു് ഏററവും ആക്ഷേപത്തിനു് കാരണമായിത്തീരുമെന്നാണു് മുൻ കൊച്ചിയിലെ ഒരു മന്ത്രിയും ഇപ്പോഴത്തെ എം. പി.യുമായ ശ്രീ. കെ. മാധവമേനോൻ ഈ വ്യവസ്ഥയെപ്പററി പറഞ്ഞതു്. നാം ഇവിടെ അംഗീകരിച്ചിട്ടുള്ളതിനു് കടകവിരുദ്ധമായിട്ടുള്ള ഒരു വ്യവസ്ഥ സ്വീകരിക്കുന്നതു് ശരിയല്ല. അതു് ആക്ഷേപത്തിനു് ഇടയാക്കും. കൃഷിക്കാരനു് കൃഷിഭൂമിയിൽ ഉടമാവകാശവും സ്വാതന്ത്ര്യവും കൊടുത്താൽ മാത്രമേ നമ്മുടെ കാർഷികോൽപ്പാദനം അഭിവൃദ്ധിപ്പെടുകയുള്ളു. അതിനുള്ള സാഹചര്യം കൃഷിക്കാരനു് ഉണ്ടാക്കിക്കൊടുത്താൽ മാത്രമേ കാർഷികപരിഷ്കരണം കൊണ്ടു് നാം ഉദ്ദേശിക്കുന്ന നിലയിൽ എത്തുകയുള്ളു. കൃഷിക്കാരൻ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയിൽ പകുതി ഒഴിപ്പിച്ചെടുക്കുന്നതു ശരിയല്ല. അങ്ങനെ ഒഴിപ്പിച്ചെടുക്കുന്നതു് ഇല്ലായ്മ ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. അങ്ങനെ ഒരു സാഹചര്യം ഉണ്ടാക്കുന്നതിനു അനുയോജ്യമായ തത്വം ഉൾക്കൊള്ളുന്നതാണു് ഞാൻ ഇവിടെ കൊടുത്തിട്ടുള്ള ഭേദഗതി, ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. ടി. എ. തൊമ്മൻ: സർ, 717-ാം നമ്പർ ഭേദഗതിയാണു് ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. അതിൽ പറഞ്ഞിരിക്കുന്നതു്—

717. In clause 51 (1), Explanation I shall be omitted and the Figure "II" in explanation II shall be omitted."

എക്സ്പ്ലനേഷൻ ഒന്നിൽ പറഞ്ഞിരിക്കുന്നതു് ഒരു ഇൻറർ മീഡിയറിക്കു് റസ്യൂം ചെയ്യാമെന്നാണു്. അക്കാര്യത്തെക്കുറിച്ചാണു് ഞാൻ പ്രതിപാദിക്കുന്നതു്. അതുപോലെ സെക്ഷൻ 49 അനുസരിച്ചു് ഇൻറർമീഡിയറിക്കു് ടെനൻറു സറണ്ടർ ചെയ്യാമെന്നാണു് പറഞ്ഞിരിക്കുന്നതു്. നിയമം ഉണ്ടാക്കുന്ന അവസരത്തിൽതന്നെ നാം വളരെ സൂക്ഷ്മ ദൃഷ്ടിയോടുകൂടി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതു് ആവശ്യമാണു്. കാരണം അതിന്റേതായ വ്യാഖ്യാനങ്ങൾ കോടതികളിൽ വരുന്നതാണു്. അതുകൊണ്ടു വളരെ

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികമായി കൈകാര്യം ചെയ്യേണ്ട ഒന്നാണ്. നിയമവും നിയമത്തിലെ വകുപ്പുകളും വളരെ സാങ്കേതികമായി കൈകാര്യം ചെയ്താലും നാം നിയമത്തിൽ എഴുതിവച്ചിരിക്കുന്നതിന്റെ ഉദ്ദേശം എന്തുതന്നെ ആയാലും കോടതിയുടെ വ്യാഖ്യാനത്തിൽ അതിനു ഭിന്നമായി വരുന്നുണ്ട്. 14, 15, 16. 17 എന്നീ വകുപ്പുകളിലാണ് റിസംപ്ഷനെക്കുറിച്ച് നാം പറഞ്ഞിരിക്കുന്നത്. "An intermediary who has resumed any land comprised in his holding" എന്നാണ് ഇവിടെ explanation-ൽ പറയുന്നത്. അപ്പോൾ യഥാർത്ഥത്തിൽ 14, 15, 16, 17 എന്നീവകുപ്പുകളിൽ റിസംപ്ഷനിൽ പറഞ്ഞിരിക്കുന്നവാക്ക ലാൻഡ്ലോഡ് എന്നാണ്, അല്ലാതെ ഇൻറർമീഡിയറി എന്നല്ല. ആ നിലയിൽ ഈ എക്സ്പ്ലനേഷൻ ശരിയല്ല. ക്ലാസ് 49—ൽ ടെനൻറു സറണ്ടർ ചെയ്യുന്നതിനെപ്പററി പറഞ്ഞിരിക്കുന്നതു് in favour of the landlord' എന്നാണ്. എന്നാൽ ഈ എക്സ്പ്ലനേഷനിൽ പറഞ്ഞിരിക്കുന്നതു ഇൻറർമീഡിയറിക്ക് സറണ്ടർ ചെയ്തിരിക്കുന്നുവെന്നാണ്. നാം പാസ്സാക്കിയിരിക്കുന്ന 14, 15, 16, 17, 49 വകുപ്പുകളനുസരിച്ച് നോക്കുകയാണെങ്കിൽ അതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി : ലാൻഡ് ലോർഡു എന്നുപറയുന്നതു് "includes intermediary and also we have accepted a smallholder." The first preference we have given to a small holder. Suppose the small holder is an intermediary, what we can say ?

ശ്രീ. ടി. എ. തൊമ്മൻ : റിസംപ്ഷനെപ്പററിയുള്ള 14, 15, 16, 17, 49 എന്നീ വകുപ്പുകളിൽ നാം ഉപയോഗിച്ചിരിക്കുന്ന വാക്ക് ലാൻഡ്ലോർഡ് എന്നാണ് ഇൻറർമീഡിയറി എന്നല്ല.

Smt. K. R. Gouri : Landlord means not the land owner but will include an intermediary also.

ശ്രീ. ടി. എ. തൊമ്മൻ : 'Landlord'—ന്റെ ഡെഫനിഷൻ ക്ലാസിൽ ആരെല്ലാം പെടുമോ, അവരെല്ലാം ഇതിലും വരും. ലാൻഡ് ലോർഡ് എന്നുള്ളതു് പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇൻറർമീഡിയറിയെ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. ഒരു പദം ഒരു പ്രാവശ്യം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ വരുന്ന എല്ലാ ക്ലാസിലും ആ പദംതന്നെ സ്വീകരിക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി : എക്സ്പ്ലനേഷൻ ഒന്നിൽ പറയുന്നതു് ഇൻറർമീഡിയറിയോ. ലാൻഡ്ലോർഡോ എന്നല്ല. Suppose that intermediary got the land in his possession as a result of resumption he will be considered as a cultivating tenant. ഒരു ക്ലാരിഫിക്കേഷൻ കൊടുത്തിട്ടുണ്ടെങ്കിൽ, മറ്റു് "and so he will be entitled to purchase under Section 51" എന്നാണ്.

ശ്രീ. ടി. എ. തൊമ്മൻ : ക്ലാസ് 49—ൽ *Surrender by tenant* : Notwithstanding anything contained in this Act, a tenant may terminate the tenancy in respect of any land held by him at any timely surrender of his interest therein in favour of the landlord ഇങ്ങനെയാണ്. പറയുന്നതു്, അപ്പോൾ ക്ലാസ് 49-ൽ ലാൻഡ്ലോർഡ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുകയാണ്. എന്നാൽ ഇതിൽ ലാൻഡ്ലോർഡ് എന്നല്ല ഇൻറർമീഡിയറി എന്നാണ് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ട് ഇതിനുമുമ്പു പാസ്സാക്കിയിട്ടുള്ള വകുപ്പനുസരിച്ച് ഈ എക്സ്പ്ലനേഷൻ ഒന്നിന്റെ ആവശ്യമില്ല. എക്സപ്ലനേഷൻ ഒന്ന് ഒമിററു ചെയ്യുമ്പോൾ ക്ലാസ് 51-ൽ എക്സ്പ്ലനേഷൻ 2 എന്നു കൊടുത്തിരിക്കുന്നതു മാററിയിട്ട് എക്സ്പ്ലനേഷൻ 1 എന്നാക്കണം. കാരണം അമെൻറുമെൻറു കൊടുക്കുമ്പോൾ ശരിയായ രീതിയിൽ കൊടുത്തില്ലെങ്കിൽ പിന്നീട് കുഴപ്പങ്ങളും ഉണ്ടാകും. ഇവിടെ പലപ്പോഴും അതു് വരുന്നതുകൊണ്ടാണ് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : റൈററ്' സ്പെസിഫൈ ചെയ്യുന്നതു് "is not as the right as a landlord here. The right enjoyed by an intermediary, when he resumes the land as a right of cultivating tenant" എന്നാണ്. അപ്പോൾ ഇതിനു് ബുദ്ധിമുട്ടുണ്ടോ ? എക്സ്പ്ലനേഷൻ 'ഒന്നു്' ഡിലീററു് ചെയ്യാതിരുന്നാൽ വലിയ ശല്യമുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : ശല്യം ഉള്ളതായിട്ട് എനിക്കു് തോന്നി. അതുകൊണ്ടാണു് അതു് ഡിലീററു് ചെയ്യണമെന്നു് ഞാൻ പറയുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഞാൻ എന്റെ 1518-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു. ഈ വകുപ്പിൽ സാങ്കേതികമായ വിഷമം ഉണ്ടെങ്കിൽ അതു് നീക്കംചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി കൊടുത്തിട്ടുള്ളതു്. സർ, 51-ാം വകുപ്പ് നടപ്പുകുടിയാനു് ഭൂ ഉടമയുടെ അവകാശം വിലയ്ക്കു വാങ്ങാൻ അധികാരം നൽകുന്ന ഒന്നാണു്. ആ അധികാരം എപ്പോഴാണു് സിദ്ധിക്കുകയെന്നുള്ളതാണു് എന്റെ സംശയം. 51-ാം വകുപ്പ് നിയമമായി ഊർജ്ജിതത്തിൽ കൊണ്ടുവരുമ്പോഴാണു് അതിനുള്ള അവകാശം സിദ്ധിക്കുന്നതെങ്കിൽ അതിൽ ഒരു പ്രശ്നമുണ്ടാകും. അതായതു് ഈ അവകാശം എത്ര കാലത്തിനുള്ളിൽ ഉപയോഗപ്പെടുത്തണമെന്നുള്ളതിനെപ്പററി ഒരു കാലപരിധി 51, 52 വകുപ്പുകളിലും നിശ്ചയിച്ചിട്ടില്ല. അതിനു് ഒരു പരിധി വേണമെന്നാണു് എന്റെ അഭിപ്രായം. അതിനു് ഞാൻ വേറൊരു ഭേദഗതി കൊടുത്തിട്ടുണ്ടെങ്കിലും അതു് മൂവ് ചെയ്തിട്ടില്ല. നടപ്പുകുടിയാനു് ഉടമാവകാശം വാങ്ങിക്കുന്നതു് ഈ 51-ാം വകുപ്പ് ഊർജ്ജിതത്തിൽവരുന്ന സന്ദർഭത്തിലായിരിക്കണമോ, അതോ ഹർജി കൊടുക്കുന്ന സമയത്തു് നടപ്പുകുടിയാനായാൽ മതിയോയെന്നുള്ള ഒരു പ്രശ്നം ഉൽഭവിക്കുന്നുണ്ടു്. അതിനെപ്പററി വ്യക്തമായിട്ടൊന്നും മനസ്സിലാക്കാൻ എനിക്കു് കഴിഞ്ഞിട്ടില്ല. നിയമപരമായി ചിന്തിക്കുകയാണെങ്കിൽ 51-ാം വകുപ്പ് ഏതു ദിവസം നടപ്പിൽ വരുന്നുവോ അന്നുള്ള നടപ്പ് കുടിയാനു് മാത്രമേ ഈ അവകാശം സിദ്ധിക്കുകയുള്ളു എന്നു് ഞാൻ വ്യാഖ്യാനിക്കുകയാണു്. അങ്ങനെയാണെങ്കിൽ അതു് ശരിയായിരിക്കുമോ ? വസ്തു ഒഴിപ്പിക്കാൻ ഒരു കൊല്ലത്തെ സമയം നിയമം അനുവദിക്കുന്നുണ്ടു്. ഒഴിപ്പിക്കലുകളും അവകാശം വാങ്ങലുമെല്ലാം ഒന്നായി നടക്കുന്നതിനു് എനിക്കു് വിരോധമില്ല. ട്രിബ്യൂണലിൽ രണ്ടും ഒന്നിച്ചു് വിചാരണ ചെയ്യണം. ഒരു പരിതഃസ്ഥിതിയിലും ഒഴിപ്പിച്ചുകൊടുക്കാനുള്ള കാലാവധി ഒരു കൊല്ലത്തിലധികം നീട്ടണമെന്നല്ല എന്റെ വാദം. ചിലപ്പോൾ ഒരു കൊല്ലത്തിനകംതന്നെ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിരിക്കും. മററു ചിലപ്പോൾ ഒഴിപ്പിക്കൽ നടപടികൾ ഒരു കൊല്ലം കഴിഞ്ഞാലും പൂർത്തിയാകുകയില്ല. അങ്ങനെ വരുന്നതുകൊണ്ടും ക്ലാസ്സ് 51-ൽ ഒരു കാലപരിധി വെയ്ക്കാത്തതുകൊണ്ടും ഒഴിപ്പിച്ചുകൊടുത്തശേഷം അയാൾക്കു് ഉടമാവകാശം വാങ്ങാനുള്ള സന്ദർഭം ഉണ്ടാകുമോ, അധികാരമുണ്ടാകുമോ എന്നുള്ളതൊക്കെ സംശയമായിട്ടാണു് എനിക്കു് തോന്നുന്നതു്. പ്രത്യേകിച്ചും ശ്രീ. തൊമ്മൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിലുള്ള വിശദീകരണം സ്വീകരിക്കുകയാണെങ്കിൽ എന്റെ അഭിപ്രായത്തിൽ കൂടുതൽ കുഴപ്പങ്ങളുണ്ടാകുന്നതാണു്. ഏതെങ്കിലും ഒരു സംഗതി വ്യക്തമായി നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. ഇതിനെ സംബന്ധിച്ചുള്ള ഗവണ്മെൻറിന്റെ ഉദ്ദേശം എന്താണെന്നു് എനിക്കു് മനസ്സിലായില്ല. ഈ വകുപ്പ് പ്രാബല്യത്തിൽ വന്നാൽ നടപ്പുകുടിയാനെമാത്രമല്ല, മലബാറിലെ ചെറുകിടക്കാരേയും സാരമായി ബാധിക്കുന്നതാണു്. മലബാറിലെ കുടിയായ്മ നിയമപ്രകാരം സ്ഥിരാവകാശം കിട്ടിയിട്ടുള്ള ചെറുകിടക്കാരിൽ നിന്നും ഭൂമി ഒഴിപ്പിച്ചുകൊടുക്കാനുള്ള അവകാശം ഈ 51-ാം വകുപ്പ് ഊർജ്ജിതത്തിൽവന്നാൽ ഉണ്ടാകും. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഈ വകുപ്പ് ഊർജ്ജിതത്തിൽ വന്നുകഴിഞ്ഞാൽ ചെറുകിടക്കാരുടെ കീഴിൽ സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാർക്കു് ഉടമാവകാശം കിട്ടുന്നതിനുവേണ്ടി അപേക്ഷിക്കുമ്പോൾ അവർ പകുതിഭൂമി ഒഴിഞ്ഞുകൊടുക്കാൻ തയ്യാറുണ്ടോയെന്നുള്ളതിനു് ഒരു സ്റ്റേറ്റുമെൻറു് ബോധിപ്പിക്കണം, പിന്നീടു് ഒഴിപ്പിക്കാൻ പോകുന്നുണ്ടെ

2/774/V

യെന്നുള്ളതും ട്രൈബ്യൂണൽ അന്വേഷിക്കണം. ഈ വകുപ്പ് നടപ്പിൽ വന്നതിനുശേഷമുള്ള നടപ്പ കുടിയാനുകൂടി ഈ വകുപ്പിൽ ഉദ്ദേശിക്കുന്ന അവകാശം ലഭിക്കണമെന്നാണ് ഉദ്ദേശമെങ്കിൽ അതുംകൂടി വ്യക്തമാക്കണം. എല്ലാ നടപ്പ കുടിയാനും ഈ അവകാശം ഉണ്ടായിരിക്കണമെന്നും പറയണം.

മിസ്റ്റർ തൊമ്മന്റെ ഭേദഗതിയിൽ എനിക്ക് ഒരു സംശയം പറയുവാനുണ്ട്. ഇതൊരു അനാവശ്യമായ നിലയിലുള്ള വകുപ്പാണ്, അതുകൊണ്ട് ഈ വകുപ്പ് എടുത്തുകളയാനാണ് അദ്ദേഹം പറയുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനു പറഞ്ഞ കാരണങ്ങൾ കേട്ടാൽ ആ ഭാഗമില്ലെങ്കിലും ന്യൂനതയില്ലെന്ന ധാരണയാണ്. നാം പല നിയമങ്ങളും കണ്ടിട്ടുണ്ട്, അതിൽ ചിലപ്പോൾ സംശയനിവാരണത്തിനുവേണ്ടി വകുപ്പുകൾ ചേർക്കാറുണ്ട്. അതുപോലെയുള്ള ഒരു സംശയനിവാരണവകുപ്പാണിത്. അതു എടുത്തുകളഞ്ഞാൽ അതിന്റെ അനന്തരഫലം എന്തായിരിക്കും ? അദ്ദേഹത്തിന്റെ ഭേദഗതി ഇങ്ങനെയാണ്.

In clause 51 (1), Explanation I shall be omitted and the figure 'II' in Explanation II shall be omitted.

ഇതില്ലെങ്കിൽകൂടി അവകാശം സിദ്ധിക്കുന്നു എന്നു വിശ്വാസമുണ്ടെങ്കിൽ പോലും ഒരു കരുതലെന്നനിലയിൽ ഈ വകുപ്പ് നിലനിൽക്കുന്നതു് നല്ലതാണെന്നു എനിക്കു തോന്നുന്നു. അതൊരു വലിയ തെററായി പരിഗണിക്കണമെന്നില്ലല്ലോ. പ്രത്യേകിച്ചും ഇതുപ്രകാരം ഭൂമി ഒഴിഞ്ഞുകിട്ടുന്ന ആളുകൾകൂടി നടപ്പുകുടിയാൻ ആകുമെന്നു പറയുന്നതുകൊണ്ട്. അതു ഏതു കാലത്തെന്നും പറയുന്നില്ല. ഈ വകുപ്പ നടപ്പിൽ വന്നുകഴിഞ്ഞതിനുശേഷം ഭൂമി ഒഴിഞ്ഞു കിട്ടുന്ന ആളുകൾക്ക് ഈ അവകാശം സിദ്ധിക്കുമെന്നുള്ള രീതിയിൽ വിശദീകരണം വ്യാഖ്യാനിക്കാമെന്നാണ് എനിക്കു പറയുവാനുള്ളതു്. ആ നിലയിൽ എടുത്തുകളയണമെന്നുള്ളതിനെപ്പററി സഭ ആലോചിക്കണമെന്നാണ് എനിക്കു ഒന്നുകൂടി പറയുവാനുള്ളതു്. എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു് സംശയം തീർക്കാനാണ്. ബഹുമാനപ്പെട്ട മന്ത്രി സംശയനിവാരണം വരുത്തിത്തരുമെന്നു ഞാൻ വിശ്വസിക്കുന്നു. ആവശ്യമുണ്ടെങ്കിൽ ഈ ഭേദഗതിയോ അല്ലെങ്കിൽ അതനുസരിച്ചുള്ള മറേറതെങ്കിലും ഭേദഗതിയോ സ്വീകരിക്കണം. ഏതായാലും ഇതു് വ്യക്തമാക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : ഞാൻ അവതരിപ്പിച്ചിട്ടുള്ള 1087–ാം നമ്പർ ഭേദഗതി ഇതാണ് :

In clause 51 (2), delete (ii) and substitute the following :

"Where the land owner or an intermediary is a small–holder and the cultivating tenant was entitled to fixity of tenure immediately before the 21st January, 1961 under any law then in force the cultivating tenant shall be entitled to purchase the right, title and interest of the land owner and intermediaries, if he so chooses and in that case he shall pay to the landlord or the intermediary as the case may be in a lump, 12 times of the rent payable by him".

ഈ ബില്ലിലെ വകുപ്പ് നീക്കിക്കളയണം. എന്റെ ഈ വകുപ്പ സ്വീകരിച്ച് താഴെ പറയുന്ന ബില്ലിലെ വകുപ്പ് നീക്കണം.

"where the landowner or an intermediary is a samll-holder and the cultivating tenant was entitled to fixity of tenure immediately before the 21st January, 1961, under any law then in force, the cultivating tenant shall not be entitled to purchase the right, title and

LIBRARY ARCHIVES Kerala Legislative Assembly

interest of the landowner and the intermediaries unless the cultivating tenant agrees in writing that the small holder may exercise the right of resumption in respect of the holding under section 17."

സർ, ഈ ക്ലാസ്സ് (51) ന്റെ ഹെഡ്ഡിംഗ്

'cultivating tenant's right to purchase landlord's rights' എന്നാണ്.

ഭൂമിയുടെ ഉടമസ്ഥാവകാശം കുടിയാന്മാർക്ക് വാങ്ങാൻ അവകാശം കൊടുക്കുന്ന ഒരു വകുപ്പാണ് (51). അതിൽ സബ്ക്ലാസ്സ് (2) വളരെ വലിയൊരു വിഭാഗം കുടിയാന്മാരെ ഒരുവിധത്തിൽ വിഷമിപ്പിക്കുന്ന മട്ടിലാണ് ചേർത്തിരിക്കുന്നത്. കുടിയാന്മാർക്ക് ഒരു അവകാശം കൊടുക്കുന്നു. എന്നാൽ അത് ഫലപ്പെടാതിരിക്കുവാൻ ഒരു നിയന്ത്രണം ചെലുത്തുകയും ചെയ്യുന്നു. അത് എടുത്തുകളയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. പറഞ്ഞുവന്നപ്പോൾ, 1961 ജനുവരി 21-ാം തീയതിവരെ നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം ഒരു കുടിയാന് സ്ഥിരാവകാശം കിട്ടിപ്പോയത് ഒരു ആപത്തുപോലെയായിത്തീർന്നിരിക്കുന്നു. നിലവിലുള്ള നിയമപ്രകാരം അന്നുവരെ സ്ഥിരാവകാശം കിട്ടിയിട്ടില്ലാത്ത ആളുകളെ ബാധിക്കാവുന്ന വകുപ്പ് സ്ഥിരാവകാശം കിട്ടിയവരേയും ബാധിക്കുക എന്നു പറഞ്ഞാൽ സ്ഥിരാവകാശം കിട്ടിയത് കഷ്ടമായി എന്നല്ലേ അർത്ഥം. സ്ഥിരാവകാശം കിട്ടിപ്പോയത് മോശമായിപ്പോയി എന്നു തെളിയിക്കാൻ ഇങ്ങനെയുള്ള വകുപ്പിനല്ലാതെ മറ്റെങ്ങനെ സാധിക്കും ? എന്നാൽ ഒരു കാര്യം പറയാം. മലബാറിലേയും കൊച്ചിയിലേയും കൃഷിക്കാർ നിയമപ്രകാരം സ്ഥിരാവകാശം നേടിയെടുത്തത് ചില്ലറവിലൊന്നുമല്ല. അവർക്ക് കുടിയാനായി തുടരാൻ അനുവാദമുണ്ട്. അതൊഴിച്ചാൽ ബാക്കിയൊക്കെ ദോഷമാണ്. അവർ കൊടുക്കേണ്ട പാട്ടത്തെ സംബന്ധിച്ചുള്ള വകുപ്പുകൾ മുൻപ് പാസ്സാക്കി. അതിനി പറഞ്ഞിട്ട് കാര്യമില്ലല്ലോ. ഇന്നുള്ളതിൽനിന്ന് ഇരട്ടിയും അതിലധികവും ഒത്തുകിട്ടുന്നതുപോലെ പാട്ടം കൂട്ടാൻ വഴിവെച്ചുകൊടുത്തു. പാട്ടം കുറയുമെന്നുദ്ദേശിച്ചതുതെറ്റി. പിന്നെ ഒരു മെച്ചമുണ്ടെന്നു കരുതിയിരുന്നത് ഭൂമി വിലയ്ക്കു വാങ്ങാൻ കഴിയുമെന്നാണ്. അതിന്മേലും കടന്നുപിടിച്ചു. പകുതി ഭൂമി വിലക്ക് വാങ്ങണമെങ്കിൽ മറ്റെ പകുതി ഒഴിഞ്ഞുകൊടുക്കുമെന്നു ആദ്യം സമ്മതിക്കണം. വ്യക്തമാണത്. ഭൂമി വാങ്ങണമോ വാങ്ങാം. പകുതിമാത്രം. ഇടത്തട്ടുകാരെ ഇല്ലായ്മ ചെയ്യുന്നതിനല്ല ഇതുപകരിക്കുക. ഇടത്തട്ടുകാരെ ഇരുത്തിപ്പൊററാനാണ് ഇത് സഹായിക്കുക. പേര് കാർഷികപരിഷ്ക്കരണമെന്നും. ഭൂമി കുടിയാന്മാരെക്കൊണ്ട് പർച്ചേസ് ചെയ്യിപ്പിക്കുന്നതിന് പകുതി ഭൂമി ഒഴിഞ്ഞുകൊടുക്കാൻ നിർബന്ധിക്കുന്നു. അപ്പോൾ മലബാറിലേയും കൊച്ചിയിലേയും സ്ഥിരാവകാശം സമ്പാദിച്ച കൃഷിക്കാരെ സംബന്ധിച്ചത്രയും സ്ഥിരാവകാശം നേടിയെടുത്തത് വെറുതേയാകും. 1960—ലെ നിയമത്തിൽ സ്ഥിരാവകാശം കിട്ടിയിരുന്നവരും കിട്ടാത്തവരും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു. ഈ വകുപ്പ് ചർച്ച ചെയ്യുമ്പോൾ, എങ്ങിനെയോ വന്നുപെട്ട ഒരു തെററിദ്ധാരണ തീർത്താൽ കൊള്ളാമെന്നുണ്ട്. മലബാറിലേയും കൊച്ചിയിലേയും ചെറുകിട ജന്മിമാരുടെ കുടിയാന്മാർക്ക് പാട്ടത്തിന്റെ കാര്യത്തിൽ "വിച്ചെവർ ഈസ് ലെസ്സ്" എന്ന തത്വം ബാധകമാകുന്നില്ല. മുമ്പ് അവർക്ക് കിട്ടിയിരുന്ന ഒരു ഗുണമാണത്. തിരുവിതാംകൂർ ഭാഗത്തേയ്ക്കു കുടിയാന് സ്ഥിരാവകാശം കിട്ടാത്ത കാര്യത്തിൽ ഇത് ചെയ്യണമെന്നില്ല. ഈ വ്യത്യാസം മനസ്സിലാക്കാത്തത് കഷ്ടമാണ്. സ്ഥിരാവകാശം കിട്ടിയ കുടിയാന്മാരുടെ മേക്കിട്ടുകയറരുത്. ശ്രീ. പി. ഗോപാലൻ പറയുന്നതുകേട്ടു കൃഷിക്കാർക്ക് ഇന്നു കിട്ടുന്ന യാതൊരവകാശവും എടുത്തുകളയുകയില്ല എന്നും മററും. ഞാൻ ചോദിക്കുകയാണ്, മലബാർഭാഗത്തു ഇതിന്റെ പ്രത്യാഘാതം എന്തായിരിക്കുമെന്ന് ഓർത്തുനോക്കുന്നുണ്ടോ ? മലബാർ കുടിയായ്മ നിയമപ്രകാരം ഉള്ള അവകാശങ്ങൾ വെറുതെ കിട്ടിയതൊന്നുമല്ല. കിട്ടിയ അവകാശങ്ങളെ അടിസ്ഥാനപ്പെട

LIBRARY ARCHIVES Kerala Legislative Assembly

ത്തിതന്നെയാണു് 1960-ലെ നിയമത്തിൽ പ്രത്യേക പരിരക്ഷകൾ മലബാർ-കൊച്ചി പ്രദേശത്തെ കുടിയാന്മാർക്കു നൽകിയതു്. 1960-ൽ പ്രസിഡന്റു് നിർദ്ദേശിച്ച ഭേദഗതികളോടെ പാസ്സാക്കിയ ബില്ലിലും അതംഗീകരിച്ചു. അന്നു് ആ ഭാഗത്തിരുന്നവരാരും അക്കാര്യത്തിൽ ഭേദഗതികൊണ്ടുവരാൻ തയ്യാറായില്ല. അങ്ങനെ ഇരിക്കെ ഇപ്പോൾ ഈ ബില്ലിൽ മലബാർ-കൊച്ചി പ്രദേശത്തെ സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞ കുടിയാന്മാർക്കു് പർച്ചേസ് ചെയ്യാനുള്ള അവകാശത്തെ നിയന്ത്രിക്കുവാൻ വെമ്പുന്നതെന്തിനു്? പകുതി പർച്ചേസ് ചെയ്യാൻ അവകാശം കൊടുക്കുന്നുണ്ടു് എന്നു പറയുന്നതു് ആരുടെ കണ്ണിൽ പൊടിയിടാനാണു്? നിങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള കാർഷികപരിഷ്കരണത്തിന്റെ തനിനിറം ഇതാ വെളിച്ചത്തായിരിക്കുന്നു. ഉണ്ടോ ഉണ്ടു്, എന്നാൽ ഒട്ടില്ലതാനും. ആ മട്ടിലാണു് ഈ മന്ത്രി വകുപ്പെഴുതിയിരിക്കുന്നതു്. മലബാർ ഭാഗത്തെ സ്മാൾ ഹോൾഡേഴ്സിനു് കുടിയാന്മാരിൽനിന്നു് പകുതി ഭൂമി ഒഴിപ്പിച്ചെടുക്കാൻ അവസരം നൽകുന്നതുകൊണ്ടു് കഴിവതും കുടിയാൻ പകുതി ഭൂമി വാങ്ങാതെ കുടിയാനായി തുടരാനാണിഷ്ടപ്പെടുക. എന്തുകൊണ്ടു്? പകുതി ഒഴിഞ്ഞുകൊടുക്കാൻ മനസ്സില്ലാത്തതുകൊണ്ടു്. ചെറിയ കുടിയാന്മാർ പകുതി ഭൂമി ഒഴിഞ്ഞുകൊടുക്കാൻ പ്രയാസമാണു്. വലിയ കുടിയാന്മാർ പകുതി ഒഴിഞ്ഞുകൊടുത്തു ബാക്കി പകുതി വാങ്ങുമോ എന്നു് കണ്ടുതന്നെ അറിയണം. സ്മാൾ ഹോൾഡേഴ്സിന്റെ കീഴിലുള്ള ചെറിയ കുടിയാന്മാർ ഭൂമി പർച്ചേസ് ചെയ്യുവാൻ ഒരു ക്ലാസ്സ് കാർഷികബന്ധനിയമത്തിൽ ഉണ്ടു്. പാട്ടത്തിന്റെ പന്ത്രണ്ടിരട്ടി മൊത്തം സംഖ്യയായി കൊടുക്കാനുള്ളതാണു് ആ നിബന്ധന. ഈ ബില്ലിൽ ഇങ്ങനെ ഒരു നിബന്ധന ഇല്ലതന്നെ. ഒന്നിച്ചൊരു സംഖ്യ രൊക്കം കൊടുത്തു് സ്മാൾ ഹോൾഡേഴ്സിന്റെ കീഴിലുള്ള കുടിയാന്മാർക്കു് ഭൂമി പർച്ചേസ് ചെയ്യാൻ അവകാശം കൊടുക്കുന്നതു് സ്മാൾ ഹോൾഡേഴ്സിനും നല്ലതാണു്, കുടിയാന്മാർക്കും നല്ലതാണു്. ആ തത്വം ഇവിടെ തള്ളപ്പെട്ടിരിക്കുകയാണു്. 1960-ലെ നിയമത്തിൽ നിശ്ചയിച്ച തോതു് അംഗീകരിക്കാവുന്നതല്ലെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈ നിബന്ധന തന്നെ എടുത്തുകളഞ്ഞതു് തെററായിപ്പോയി. രണ്ടുകൂട്ടർക്കും മോശമായി. എന്നു മാത്രമല്ല നൂലാമാല പിടിച്ച ഇന്നത്തെ സിസ്റ്റം ഏതെങ്കിലുംവിധത്തിൽ ഒന്നു് അവസാനിപ്പിക്കുവാൻ മനസ്സില്ലെന്നതിന്റെ തെളിവാണു് ഇതു്. ഇന്നു നിലവിലുള്ള കാർഷികബന്ധങ്ങൾ ഒന്നു അയയ്ക്കാനോ, അറുക്കാനോ ശ്രമിച്ചാൽ നിശ്ചയമായും ചിലേടത്തൊക്കെ വേദന തട്ടുമെന്നു തീർച്ചയാണു്.

Shri P. T. Chacko: Sir, a point of order. This question whether purchase rights should be given to the tenants of the small holders was elaborately discussed when we discussed Clause 17. Is it in order for the Member to repeat all the arguments even now? You have very kindly ruled that any member can move the amendment. That does not, Sir, in my view, mean that all the arguments which were advanced for not giving the purchase right to the tenants of the small holders shall be repeated.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഇതു് ആർഡറിലാണു്. പ്രതിഫലം ലംപ് ആയി കൊടുത്തിട്ടു് ഭൂമി പർച്ചേസ് ചെയ്യാനുള്ള അവകാശം കുടിയാനു് കിട്ടണമെന്നുള്ളതാണു് എന്റെ ഭേദഗതിയുടെ കാതലായ ഭാഗം. ഇതു് ആവർത്തനമല്ല.

Mr. Speaker: It is all right. But the basic arguments need not be repeated and you may please confine yourself as far as possible to the points in the amendment.

ശ്രീ. ഇ. പി. ഗോപാലൻ: 18-ൽ പറഞ്ഞിരിക്കുന്നതു് പഴയ കാര്യമാണു്, എന്റെ ഭേദഗതി മുമ്പു് പറഞ്ഞതിനെപ്പററിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എന്നാലും നിയമത്തിന്റെ അടിസ്ഥാനതത്വങ്ങളെക്കുറിച്ച്

12 Noon കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ: ക്ലാസ് 2 കഴിഞ്ഞിട്ട് ഈ ബില്ലിലെ പല ക്ലാസുകളെപ്പററിയും ചർച്ചയുവരുമ്പോൾ മററു കാര്യങ്ങൾ പറയാൻ പാടില്ലെന്നു പറയുന്നത് വാസ്തവത്തിൽ ഈ വകുപ്പിനെപ്പററി ചർച്ച ചെയ്യേണ്ട എന്നു പറയുന്നതിനോടു തുല്യമാണ്. അങ്ങനെയാണെങ്കിൽ ഈ ബില്ലിലെ ഏതു ക്ലാസും എല്ലാം കഴിഞ്ഞിട്ടു ഡിസ്കഷൻ മതി എന്നു വരും. ഈ വകുപ്പിനെപ്പററി മാത്രമല്ല, ഇവിടെ പറയുന്നതിന്റെ അർത്ഥം ഒരു വകുപ്പിനെപ്പററിയും ഡിസ്കസ് ചെയ്യേണ്ട എന്നാണോ?

മി. സ്പീക്കർ: ഇതിൽ പ്രത്യേകമായ ഒരു റൂളിംഗിന്റെ ആവശ്യമില്ല. റിപ്പീററ് ചെയ്യാതെ കാര്യം പറഞ്ഞാൽ മതിയാകും. ആദ്യം ജനറൽ ഡിസ്കഷൻ കഴിഞ്ഞാൽ പിന്നീട് വലിയ ഡിസ്കഷന്റെ കാര്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഈ നിയമനിർമ്മാണത്തിൽ ഓരോ സംഗതിയെപ്പററി പറയുമ്പോഴും ചിലപ്പോൾ, പൊതുതത്വത്തിന്റെ കാര്യം സ്പർശിക്കേണ്ടിവരും. റിപ്പററീഷൻ കൂടാതെ കഴിക്കാം

മി. സ്പീക്കർ: ആരംഭം മുതൽ സരിഗമപതനിസ തുടങ്ങി പറയേണ്ട എന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ഗോപാലൻ: സംഗീതം നിലനിൽക്കുന്നിടത്തോളം കാലം സരിഗമപതനിസ ഉണ്ടാകും. ഈ നിയമത്തിന്റെ കാര്യത്തിൽ പൊതുതത്വം പരമപ്രധാനമാണ്. സർ, ഇവിടെ പ്രസക്തമായിട്ടുള്ള വാദം ഈ ബില്ലിൽ വിട്ടുകളഞ്ഞ ഒരു കാര്യത്തെപററിയാണ്. അത് സ്മാൾഹോൾഡറിന്റെ കീഴിലുള്ള കുടിയാന്മാർക്ക് അവരുടെ കൈവശമുള്ള ഭൂമി മൊത്തമായി ഒരു സംഖ്യകൊടുത്തുവാങ്ങാനുള്ള പ്രൊവിഷൻ വിട്ടുകളഞ്ഞു എന്നാണ്. ആ വിഷയം ഇവിടെ ചർച്ചചെയ്യുതല്ല. അതു വിട്ടുകളഞ്ഞത് എന്തിനാണ് എന്നാണറിയേണ്ടത്. സ്മാൾഹോൾഡേഴ്സിന്റെ കുടിയാന്മാരായവർക്ക് അവരുടെ ഭൂമി പർച്ചേസ്ചെയ്തു ഉടമസ്ഥനായിട്ടു വരാനുള്ള സന്ദർഭം ഇവിടെ നിഷേധിച്ചിരിക്കുകയാണ്. സ്മാൾഹോൾഡേഴ്സിന് അവരുടെ കുടിയാന്മാരിൽ നിന്നും കിട്ടാവുന്ന സംഖ്യ മൊത്തമായിട്ട് വാങ്ങി, ജന്മി-കുടിയാൻ ബന്ധം അവസാനിപ്പിക്കാനുള്ള സന്ദർഭം ഇല്ലായ്മ ചെയ്തിരിക്കുകയാണ്. ഇവിടെയാണ സർ, തത്വം വരുന്നത്, തത്വമെന്താണ്? ടെനൻസി നിയമമാണിതെന്നുപറഞ്ഞാൽ തക്കമില്ല. ഇത് കാർഷികപരിഷ്ക്കാരമാവണമെങ്കിൽ പെസൻറ് പ്രൊപ്രൈറേർസ് ആവുന്നതിനുള്ള സൗകര്യമുണ്ടാക്കണം, ഇവിടെ അതു നിഷേധിക്കപ്പെടുന്നു. കുടിയായ്മ തുടരാനും പാട്ടം കൊടുക്കലും വാങ്ങലും തുടരാനും ഏർപ്പാടുചെയ്യുന്നു. അതാണ വിഷമം. സ്മാൾ ഹോൾഡിംഗ്സിന്റെ കീഴിലുള്ള കൾട്ടിവേററിംഗ് ടെനൻസിനു് അവരുടെ കൈയിലുള്ള ഭൂമി മൊത്തം വിലകൊടുത്തിട്ട് രൊക്കം വാങ്ങാനുള്ള സൗകര്യം ഉണ്ടാകണം. അതിനുപകരം അവർ നേടികഴിഞ്ഞിട്ടുള്ള സ്ഥിരാവകാശത്തെ നിഷേധിച്ച് കുടിയാന്മായി തുടരാൻ നിർബന്ധിക്കുന്നു. കുടിയാനോട് പകവെച്ചു പെരുമാറുന്നു. മലബാറിലും, കൊച്ചിയിലും സ്ഥിരാവകാശം നേടിക്കഴിഞ്ഞിട്ടുള്ള കുടിയാന്മാരോടെന്തോ പകയുള്ളപോലെയുണ്ടല്ലോ. ഇതു അന്യായമാണ്. ഒരു കാലത്തും സ്വീകരിക്കപ്പെടാൻ പാടില്ലാത്ത ഒരു നിലയാണ് ഇക്കാര്യത്തിലെടുക്കുന്നത്. സ്ഥിരാവകാശം നേടിക്കഴിഞ്ഞിട്ടുള്ളത് സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിലാണെന്നുള്ളത് വിസ്മയിക്കാൻ പാടില്ലാത്തതാണ്. ഈ സംസ്ഥാനത്തിന്റെ ഭാവിയെ അപകടപ്പെടുത്തുന്നതിനുതകുന്ന നില കൈക്കൊള്ളരുത്. ഒരു സംസ്ഥാനത്തിന്റെ ഏതാനും ഭാഗങ്ങളിൽ നിലവിലിരിക്കുന്ന ഒരാനുകൂല്യത്തെ വാക്കുകൊണ്ട് അംഗീകരിക്കുകയും പ്രവൃത്തികൊണ്ടു് നിഷേധിക്കുകയും ചെയ്യുക എന്നുള്ള ഹീനമായ പ്രവൃത്തി ചെയ്യരുത്. ഇതു വാസ്തവത്തിൽ മലബാർ—കൊച്ചി വിഭാഗത്തുള്ള കുടിയാന്മാരോടു കാട്ടുന്ന അനീതിയാണ്. സ്മാൾ ഹോൾഡേഴ്സിനു് ഒരു സഹായം ചെയ്തുകൊടുക്കേണ്ട സംഗതിയാണെങ്കിൽ നിശ്ചയമായിട്ടും പരിഗണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

മന്ത്രി ഒരു കുടിയാനായിരുന്നെങ്കിൽ കിട്ടിക്കഴിഞ്ഞ അവകാശങ്ങളും വിട്ടുകളയാൻ സമ്മതിക്കുമോ ? കൂടുതൽ പാട്ടം കൊടുക്കേണ്ടിവന്നാലും കുടിയാനായിട്ടു തുടരാനാണ് ഇടവരിക. ചെറുകിടക്കാരെ സഹായിക്കുന്നതു് കുടിയാന്റെ ചിലവിലാണെന്ന കാര്യം മറക്കരുതു്. വലിയൊരുവിഭാഗമാണ് കുടിയാന്മാരെന്ന കാര്യവും ഓർമ്മയിരിക്കട്ടെ. ഇതുവരെ അവക്കു് ഒരുറപ്പുണ്ടായിരുന്നു. എന്തായാലും സ്ഥിരാവകാശമുണ്ടല്ലോ എന്നു്. അതിന്മേലും തൊട്ടുകളി തുടങ്ങി. അവക്കു് റൈററു് പർച്ചേസു് ചെയ്യണമെങ്കിൽ പകുതി ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്നുള്ള അന്യായമായ ഒരു ഭാരമാണ് ഇവരുടെ തലയിൽ കയററി വയ്ക്കുന്നതു്. ഇതു മാററിയിട്ടു് മുമ്പേ നിയമത്തിലുണ്ടായിരുന്ന വകുപ്പു് ഈ സ്ഥലത്തു് കൊള്ളിക്കണം എന്നാണ് ഭേദഗതി. ജന്മിയുടെ അവകാശം മുഴുവനും കുടിയാനു വാങ്ങാനുള്ള അവസരം ഉണ്ടാകണം. അതിനെ തടയുന്ന നിബന്ധനകൾ എടുത്തുകളയണം. മലബാർ-കൊച്ചി ഭാഗങ്ങളിലെ സ്ലാം ഹോംസ്റ്റെഡ്സിനു് ലംപ്സം കൊടുത്തിട്ടു് കുടിയാന്മാർ ഭൂമി വിലയ്ക്കു് വാങ്ങണമെന്നാണ് ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. കാർഷികപരിഷ്കരണം കാർഷികപരിഷ്കരണം എന്ന സംഗീതം ആലാപിക്കുന്ന കാലത്തോളം ഈ സരിഗമയും തുടരാതിരിക്കാൻ നിർവ്വാഹമില്ല. ഇവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു ഘട്ടംവരെ അതു് തുടരുകതന്നെ ചെയ്യും. കടുത്ത ഒരു അനീതിയാണ് ഇവിടെ പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്ലാം ഹോംഡിംഗ്സിന്റെ കുടിയാന്മാർ അനുഭവിച്ചുകൊണ്ടിരുന്ന ഒരവകാശം എടുത്തുകളയാൻ പാടില്ല.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : സരിഗമ എന്നു പറയുന്നതു് കാളരാഗത്തിന്റെ അനുഭൂതിയാണോ ?

ശ്രീ. ഈ. പി. ഗോപാലൻ : കാളയുടേതല്ല, മറെറാരു ജന്തുവിന്റെ രാഗമാണല്ലോ ഇപ്പോൾ കേട്ടതു് ?

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഇപ്പോൾ കേട്ടതു് കൊളംബിയ റിക്കാഡിന്റെ മാതിരിയാണല്ലോ, ചോദ്യം മാത്രമായിട്ടല്ല.

ശ്രീ. ഈ. പി. ഗോപാലൻ : രൂപവും ശബ്ദവും അതുതന്നെ. ഏതായാലും ഭൂരിപക്ഷംവരുന്ന കൃഷിക്കാക്കു് മൊത്തസംഖ്യ കൊടുത്തു ഭൂമിയുടെ അവകാശം വാങ്ങാനുള്ള എന്റെ ഭേദഗതി, ഇത്തരമൊരു നിയമത്തിൽ ഉൾക്കൊള്ളിച്ചേ മതിയാവൂ. സ്ലാം ഹോംഡർക്കു് നന്നു്. കുടിയാൻ ഭൂമിയുടെ ഉടമസ്ഥനാവുന്നതു് ഇത്തരം നിയമത്തിന്റെ ലക്ഷ്യമാകണം. കുടിയാനു് കിട്ടിക്കഴിഞ്ഞ അവകാശം നഷ്ടപ്പെടുത്താനും പാടില്ല. ഈ ഭേദഗതി അംഗീകരിക്കണം എന്നാണെന്റെ അപേക്ഷ.

ശ്രീമതി കെ. ആർ ഗൗരി: സർ, ടി. എ. തൊമ്മന്റെ 717–ാം നമ്പർ ഭേദഗതി ഇതാണ് 'In clause 51 (1), Explanation I shall be omitted and the figure 'II' in Explanation II shall be omitted.' ഇതു് അംഗീകരിക്കരുതെന്നു് അഭ്യർത്ഥിക്കുകയാണ്. കാരണം ശ്രീ. തൊമ്മനും, ശ്രീ. നാരായണക്കുറുപ്പും ഒക്കെ ഭേദഗതികൾ കൊണ്ടുവരുമ്പോൾ എഴുന്നേററു നിന്നു് അംഗീകരിക്കുന്നു എന്നു മന്ത്രി പറയുന്ന പാരമ്പര്യമുള്ളതുകൊണ്ടാണ് നേരത്തെ പറയുന്നതു്.

ശ്രീ. പി. ടി. ചാക്കോ: നല്ല ഭേദഗതികൾ എവിടെനിന്നു് വന്നാലും അതു് അക്സപ്ററു് ചെയ്യും. ആ ഭാഗത്തു നിന്നു വന്നാലും അതു് അക്സപ്ററു ചെയ്യുന്നുണ്ടല്ലോ ?

ശ്രീമതി കെ. ആർ. ഗൗരി: ചിലപ്പോൾ നല്ലതല്ലെങ്കിലും അംഗീകരിക്കുന്നു എന്നു ഞാൻ പറയുകയാണ്. അതുകൊണ്ടാണു അംഗീകരിക്കരുതെന്നു് പറയുന്നതു്. സാധാരണ റസ്യൂം ചെയ്യാനുള്ള അവകാശം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിരിക്കുന്നതു് ലാൻഡ് ലോർഡിനാണു്. അതുകൊണ്ടു് ഈ ക്ലാസ് ആവശ്യമില്ല എന്നാണു് പറയുന്നതു്''. Resumption ഉള്ള വകുപ്പു അംഗീകരിച്ചു് ഞങ്ങളെല്ലാം സക്കുലേറ്റു ചെയ്തിട്ടുണ്ടു്. അങ്ങനെ സക്കുലേറ്റു ചെയ്തതിൽ കാണുന്നതു ഇങ്ങനെയാണു്.

Person entitled to resumption:

(1) Small holder.

(2) Person entitled to fixity of tenure before 21st January 1961 by any other Act.

(3) Kanamdar.

(4) Landlord ഇൻറർമീഡിയറിക്കു് റെസ്യൂം ചെയ്യാനുള്ള അവകാശം കൊടുത്തിട്ടുണ്ടെന്നാണു ഈ വകുപ്പിൽനിന്നു എനിക്കു മനസിലാകുന്നതു്. സ്മാാം ഹോാംഡറിനാണു്, 1st preference. അതിൽ ഇൻറർമീഡിയറിസ് ഇല്ലാതെ വരുമൊ? അതിലും ഇൻറർമീഡിയറി എന്ന പദവിയിലുള്ള ഭൂമികൂടി കണക്കിലെടുത്താണു സ്മാാം ഹോാംഡർ ആരാണെന്നു് തിട്ടപ്പെടുത്തുന്നതു്. അതുപോലെ ഇൻറർമീഡിയറീസ് രണ്ടാം കാററിഗറിയിലും 3ലും ഉണ്ടു്. ഒരു പക്ഷെ ശ്രീ. തൊമ്മൻ പറയും ഇവരെല്ലാം റെസ്യൂം ചെയ്തുകഴിഞ്ഞാൽ കാംടിവേററിംഗ് ടെനൻറു് ആകുമല്ലോ എന്നു്. ഒരു എക്സ്പ്ലനേഷൻ ചേർത്തുകൊണ്ടു് യാതൊരു തകരാറും ഇല്ല. പായസത്തിനു് നെയ്യ് കൂടിയെന്നു വെച്ചു് മോശമാണെന്നു പറയുമോ. സംശയമില്ലാതെ എക്സ്പ്ലനേഷൻ നിൽക്കുകയാണു നല്ലതു്. അതുകൊണ്ടു ആ ഭേദഗതി അംഗീകരിക്കരുതെന്നഭ്യർത്ഥിക്കുന്നു.

രണ്ടാമത്തു് എനിക്കു പറയുവാനുള്ളതു് ശ്രീ. നാരായണൻ നമ്പ്യാരുടെ ഭേദഗതിയെ സംബന്ധിച്ചാണു്. ആ ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിയിൽ 'a cultivating tenant including the tenant of a kudiyiruppu entitled to fixity of tenure under this Act shall be entitled to purchase the right and interest of the landowner and the intermediaries if any in respect of the land comprised in his holding'' എന്നു പറയുന്നു. He is entitled to purchase എന്നു പറയുന്നു,, ഒരു ഡേററു നിശ്ചയിക്കണം. 'on the date of the commencement of this Act' എന്നു പറഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകും. ഈ വകുപ്പു എത്ര ശരിയായിട്ടു എഴുതിവച്ചാലും എല്ലാ വകുപ്പും ഒരുപോലെ ഒരു ദിവസം നടപ്പിൽ വരുത്തുവാൻ പ്രയാസമാണു്. പർച്ചേസ് റൈററു് വിനിയോഗിക്കുന്നതിനു് 6 മാസത്തിനുള്ളിൽ ഇതുപയോഗിച്ചിട്ടില്ലെങ്കിൽ അവരുടെ അവകാശം നഷ്ടപ്പെടും എന്നൊരു ഭേദഗതി വരുന്നുണ്ടു്. 52—ൽ on the date of the commencement of this Act എന്നു പറഞ്ഞാൽ സെക്ഷൻ 1 വേണമെങ്കിൽ തിരുത്താമെന്നു പറഞ്ഞാൽ ഇതു് കൊടുക്കേണ്ട വകുപ്പു് വേറെയാണു്. ആ വകുപ്പിനും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടു്. പർച്ചേസ് റൈററിനുള്ള ആപ്ലിക്കേഷൻ കൊടുക്കുന്നതിലേക്കു വേറൊരു വകുപ്പു് എഴുതിച്ചേർത്തിട്ടുണ്ടു്. അതു് അതുപോലെതന്നെ അംഗീകരിക്കുന്നില്ല. ആപ്ലിക്കേഷൻ കൊടുക്കുന്ന ഡേററു് മുതൽ പർച്ചേസിനുള്ള പണം കൊടുക്കുന്ന എന്നു അംഗീകരിക്കുന്നില്ല. പിന്നെ അതു കഴിഞ്ഞിട്ടു് ഡിക്രി വരുന്നദിവസം മുതൽ എന്നു പറയുന്നു. ഞാൻ ആപ്ലിക്കേഷൻ കൊടുത്ത തീയതി മുതൽ പർച്ചേസ് ചെയ്തതായി പരിഗണിക്കണമെന്ന അഭിപ്രായക്കാരിയാണു്. അപ്പീൽ കൊടുക്കുന്നതിനു ആപ്ലിക്കേഷൻ കൊടുക്കുന്നതിനു എവിടെയെങ്കിലും പ്രൊവിഷൻ ഉണ്ടായിരിക്കണം. അതു മറെറാരു വിധത്തിലാണു്. ആ വിധത്തിൽ അതു മാററണം. എൻെറ 1255 നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല. അതേ സമയം ശ്രീ. പി. വി. കുഞ്ഞുണ്ണിനാരുടെ ഭേദഗതി മൂവ് ചെയ്തിട്ടുണ്ടു്. ഭേദഗതി നമ്പർ 721. അതായതു് സബ് ക്ലാസ് 3 ഡിലീററു ചെയ്യണമെന്നുള്ളതു്. ഇതിനെപ്പററി പറയുമ്പോൾ പിന്നെയും ക്ലാസ് 17-ൻെറ ഡിസ്കഷനിലേക്കു് പൊയ്പ്പോകുകയാണു്. ക്ലാസ് 17 അംഗീകരിച്ചുകഴിഞ്ഞു. അതുകൊണ്ടു് റിപ്പീററു് ചെയ്യുകയാണെന്നു പറയും. ആവർത്തനം കുറക്കാമെങ്കിലും ചില വസ്തുതകൾ ആവർത്തിച്ചു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

മന്ത്രി ഫെയർ റെന്റിനെ സംബന്ധിച്ചുള്ള ക്ലാസ് 27-ൽ അംഗീകരിച്ചതു് ഭേദഗതി 1070 ആണു്. അതിൽ സ്മാൾ ഹോൾഡറെ സംബന്ധിച്ച പ്രായോഗികമായിട്ടുള്ള റെന്റു് നിശ്ചയിക്കുന്നതിനുള്ള പ്രൊവിഷൻ എഴുതി ചേർത്തിട്ടുണ്ടു്. അതിലെ പ്രസക്തമായ ഭാഗം ഞാൻ വായിക്കുകയാണു്. 'Notwithstanding anything contained in sub section (1)' the fair rent in respect of a holding, where the cultivating tenant or an intermediary is holding under a small holder, shall, at the option of the small holder be-

(a) the rent calculated at the rates specified in Schedule III applicable to the class of lands comprised in the holding; or

(b) where the fair rent in respect of the holding has been determined under any law in force immediately before the 21st January, 1961, such fair rent, or, where fair rent has not been so determined, 75 per cent of the contract rent.

സർ, ഇതിൽ സ്മാൾ ഹോൾഡറിനു വേണ്ട റെന്റു് ഏതാണെന്നു തീരുമാനിക്കുവാനുള്ള അവകാശം സ്മാൾ ഹോൾഡറിനു കൊടുത്തുകഴിഞ്ഞു. അപ്പോൾ കാൺട്രാക്റ്റ് റെന്റു് ഷെഡ്യൂൾ മൂന്നു പ്രകാരമുള്ള റെന്റിനെക്കാൾ കുറവാണെങ്കിൽ സാധാരണയായി സ്മാൾ ഹോൾഡർക്കു് കോടതിയിൽ അപേക്ഷ കൊടുക്കാം. അങ്ങനെ ഷെഡ്യൂൾ മൂന്നുപ്രകാരമുള്ള റെന്റു കൊടുക്കുവാനുള്ള സാദ്ധ്യതയുണ്ടു്. മലബാർ ടെനൻസി നിയമപ്രകാരം ഫെയർ റെന്റു് കണക്കാക്കുന്നൊരു കാലം ഉണ്ടായിരുന്നു. മൂന്നുകൊല്ലംവരെ അങ്ങനെ ഫെയർറെന്റു് നിശ്ചയിക്കുവാനുള്ള അവകാശമുണ്ടായിരുന്നു. അതു കഴിഞ്ഞിട്ടു ഫെയർ റെന്റു് കൂട്ടുന്നതിനു അപേക്ഷ കൊടുക്കുവാനുള്ള അവകാശം ലാൻഡ് ലോർഡിനു് മലബാർ ടെനൻസി നിയമപ്രകാരം ഉണ്ടായിരുന്നു. അതു പ്രകാരം അപേക്ഷ കൊടുക്കുകയും ഫെയർ റെന്റു് കൂട്ടുകയും ചെയ്തിട്ടുണ്ടു്. 36-ാം വകുപ്പിനു് കുറുപ്പിന്റെ ഭേദഗതിയിൽ ഉണ്ടായിരുന്ന പ്രസക്തമായഭാഗം മലബാറിലുണ്ടായിരുന്ന നിയമം അംഗീകരിക്കണമെന്നാണു്. അന്നു അംഗീകരിക്കുവാൻ ഇടയാക്കിയ വസ്തുതകളെപ്പോലെ തന്നെ മലബാർ ടെനൻസി നിയമത്തിൽ ഈ വകുപ്പുള്ളതുകൊണ്ടു് കാൺട്രാക്റ്റ് റെന്റു് ഫെയർ റെന്റായിട്ടു അംഗീകരിക്കണമെന്നു് കുറുപ്പു് ഭേദഗതിയിൽ പറയുന്നുണ്ടു്. രണ്ടാമതു് ഞാൻ മൂവുചെയ്ത ഭേദഗതിയുടെ അടിസ്ഥാനതത്വം അംഗീകരിച്ചതുകൊണ്ടാണു ഞാൻ ആ ഭേദഗതി അംഗീകരിക്കുന്നതു്. ഒന്നുകിൽ വർദ്ധിച്ച കാൺട്രാക്റ്റ് റെന്റു് അല്ലെങ്കിൽ ഫെയർ റെന്റു് ഇതു് പാട്ടം കൂട്ടുന്നതിനുള്ള പ്രൊവിഷൻ ആണു്. ചെറുകിടക്കാരന്റെ പേരിലായാലും കുടിയാന്റെ അദ്ധ്വാനം തട്ടിയെടുക്കുന്നതു ശരിയല്ല എന്ന അഭിപ്രായമാണു് എനിക്കുള്ളതു്. കുടിയാൻ അദ്ധ്വാനിക്കുന്നതിന്റെ ഫലം ജന്മിക്കുകൂടി കൊടുക്കണമെന്നാണു് ഈ വകുപ്പിന്റെ അർത്ഥം. അപ്പോൾ സ്മാൾ ഹോൾഡറിനു മന്ത്രിയുടെ 1070 ഭേദഗതി പ്രകാരം കൊടുക്കാവുന്ന ആനുകൂല്യം കിട്ടും. മാത്രവുമല്ല, കുടിയാൻ അദ്ധ്വാനിക്കുന്നതിന്റെഫലം ജന്മിക്കുകൂടികിട്ടണമെന്നുള്ള തത്വത്തോടുപോലും അടിസ്ഥാനപരമായി ഞാൻ എതിരാണു്. 50 സെന്റു് ഒഴിപ്പിക്കുക എന്നുള്ളതു തെറ്റാണു്. ഏതായാലും 1070 അംഗീകരിച്ചുകഴിഞ്ഞതിനുശേഷം സ്മാൾഹോൾഡേഴ്സിനു കൊടുക്കേണ്ട അവകാശങ്ങളെ സംബന്ധിച്ച വരുന്നതു് ക്ലാസ് 51-ലാണു്. 51-ൽ സബ് ക്ലാസ് 3-ൽ ഇവിടെ ആവശ്യമായ ഭാഗം വായിക്കാം.

Where a cultivating tenant agrees under clause (ii), of sub section (2) that the small holder may exercise the right of resumption.

LIBRARY ARCHIVES Kerala Legislative Assembly

(i) the small holder shall, notwithstanding anything contained in the second proviso to section 17" ഇതും മുകളിലത്തെ സബ് സെക്ഷൻ 2–നെ അടിസ്ഥാനപ്പെടുത്തിയാണ്. അതിന് ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. ഭേദഗതി നമ്പർ 1622 അതു ഞാൻ വായിക്കാം.

(ii) where the landowner, or the intermediary is a small holder and the cultivating tenant was entitled to fixity of tenure before 21st January 1961 under any other law in force then, that cultivating tenant can, if he chooses, purchase the whole of the holding in his possession, if he pays twelve years rent as fixed in section 29 in a lump; or

(2) if the cultivating tenant and the small holder agrees, the cultivating tenant can surrender one half to the small holder and retain the other half, and in this case, the right, title, and interest of the small holder, over the holding retained by the tenant shall in consideration of the surrender of rights of fixity enjoyed by the tenant over the half surrendered to the small holder vest in the tenant free of all encumbrances created by the small holder or intermediaries, if any.'
ഇതിന്റെ തത്വം പഴയ കാർഷികബന്ധനിയമത്തിലേതാണ്, വാക്കുകളിൽ വ്യത്യാസം കാണും. മുഴുവൻ ഭൂമിയും വാങ്ങുമ്പോൾ ഇന്നത്തെ കൂട്ടിയ പാട്ടമനുസരിച്ചു പ്രതിഫലം കൊടുക്കണമെന്നു പറഞ്ഞിരിക്കുകയാണ്. അതുവ്യത്യാസമാണ്. ഞാൻ പറയുന്നതു് സ്മാൾ ഹോൾഡറിന്റെ കീഴിലുള്ള കുടിയാനെ പററിയാണ്. ഇതുപ്രകാരം വസ്തു മുഴുവനും വാങ്ങിക്കുവാൻ ഒരു കുടിയാൻ തീരുമാനിക്കുകയാണെങ്കിൽ അനുവദിക്കണമെന്നാണ്. എന്റെ അഭിപ്രായം സബ്ക്ലാസ് 2 പ്രകാരം പറയുന്നതു് ഇതു അംഗീകരിക്കണമെങ്കിൽ പകുതി ഒഴിഞ്ഞു കൊടുക്കണമെന്നുള്ളതാണ്. ആ പകുതി ഒഴിഞ്ഞുകൊടുക്കുകയാണെങ്കിൽ ആ പകുതിയെ സംബന്ധിച്ചു കൂടിയ റേററിലുള്ള പാട്ടം 16 ഇരട്ടി കാംപൻസേഷൻ കൊടുക്കയും വേണം. ചെറുകിട വസ്തു ഉടമസ്ഥന്റെ കുടിയാനായതിനാൽ ഇരട്ടി പിഴയാണ്. കുടിയാനു എൻഹാൻസ്ഡ് റേററിലുള്ളതായ റെൻറ് പകുതിക്ക് കൊടുക്കുകയും പർച്ചേസ് റൈററിനു വേണ്ടി പകുതി ഒഴിഞ്ഞു കൊടുക്കുകയും വേണം. അതു് 17–ൽ പറയുന്നുണ്ട്. കുടിയാനെ സംബന്ധിച്ചിടത്തോളം പകുതി ഇന്നു വാങ്ങിക്കണമെങ്കിൽ അതിനാഗ്രഹമുണ്ടെങ്കിൽ പകുതി ഒഴിഞ്ഞു കൊടുക്കുക. പകുതി ഒഴിഞ്ഞുകൊടുക്കുകയും ഇന്നത്തെ റെൻറിനെക്കാൾ കൂടുതൽ പ്രതിഫലം വാങ്ങിക്കൊണ്ടു മറേറ പകുതി വാങ്ങിക്കുക. അതാണു സബ്ക്ലാസ് 2-ൽ പറയുന്നതു്. അതുകൊണ്ടാണ് സബ്ക്ലാസ് 3 ആവശ്യമില്ല എന്നു പറഞ്ഞതു്. അതുകൊണ്ടു ഞാൻ പറയുന്നതു് ടെനൻറിനു ഒന്നുകിൽ മുഴുവനും എൻഹാൻസ്ഡ് റേററിൽ വാങ്ങാൻ അനുവദിക്കുക. പകുതി വിട്ടുകൊടുത്താൽ ആ പകുതിക്കു ജന്മം വിലയായി കുടിയാന്റെ സ്ഥിരത പ്രതിഫലമായി അനുവദിക്കുക രണ്ടു കൂട്ടരോടും എന്തെങ്കിലും ന്യായം ചെയ്യുക. പകുതി ഭൂമി കുടിയാനു എന്നു പറഞ്ഞാൽ മലബാർ ടെനൻസി നിയമപ്രകാരവും കൊച്ചിൻ വെറുംപാട്ട നിയമപ്രകാരവും സ്ഥിരാവകാശം കിട്ടിയിട്ടുള്ളവർ. ഈ നിയമങ്ങൾവച്ച് ജന്മിമാക്ക് ഉപയോഗിക്കാവുന്ന ഒഴിപ്പിക്കലുകൾ നടത്തിയതിന്റെ ബാക്കിയാണ്. ധാരാളം കുടിയാന്മാരെ ഒഴിപ്പിച്ചിട്ടുണ്ട്. 1929 മുതൽ 1956 അവസാനം വരെ അങ്ങനെ ഒഴിപ്പിക്കൽ നടന്നിട്ടുണ്ട്. അപ്പോഴാണു മലബാർ കുടിയായ്മ നിയമത്തിനു് ഭേദഗതി കൊണ്ടുവന്നതു്. അതുവരെ നോൺ പേമെൻറ് ഓഫ് റെൻറിനു് കാലാവധിയുടെ പേരിൽ എല്ലാം ഒഴിപ്പിച്ചിട്ടുണ്ട്. രേഖയില്ലാത്ത പാട്ടക്കാർ കൊച്ചിയിൽ വാരക്കാരായി മാറി. അങ്ങനെ കഴിഞ്ഞനിയമത്തിലും പ്രൊവിഷനുണ്ടായിരുന്നു. പല ഭേദഗതികളും പ്രക്ഷോഭണവും മററും വന്നതുകൊണ്ട് അവസാനം ഒഴിപ്പിക്കലിനു ഒരാശ്വാസം വന്നതാണ്. അതുപോലെതന്നെ കൊച്ചിൻ വെറുംപാട്ട കുടിയായ്മ നിയമം വന്നു കഴിഞ്ഞതിനുശേഷം രേഖയില്ലാതിരുന്നവർ മുഴുവനും വാരക്കാരായി മാറിയിരിക്കുകയാണ്. ഒഴിപ്പിക്കാവുന്നതെല്ലാം ഒഴിപ്പിച്ചു. ഈ ബില്ലിന്റെ അപൂർണ്ണത ഉപയോഗിച്ചുകൊണ്ട് മുഴുവൻ അവകാശങ്ങളും തട്ടിയെടുക്കുന്നതു് ജന്മികൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ളാണ്. വളരെ കൂടുതൽ ഒഴിപ്പിക്കപ്പെട്ടിട്ടുണ്ട്. അതും കഴിഞ്ഞതിനു ശേഷം ബാക്കിയുള്ള ഭൂമികളിൽ കുടിയാൻ സ്ഥിരത കിട്ടിയതിന്റെ പേരിൽ ഉറച്ചു നിൽക്കുകയാണ്. അവരെല്ലാം ഭൂമിയോടുള്ളസ്നേഹംമൂലം കോടതിയിൽപോയി കഴിഞ്ഞിട്ടുണ്ട്. 50-ലും അതിനുശേഷം 56—ലും നിയമം കൊണ്ടു വന്നു കഴിഞ്ഞതിനുശേഷം തൽക്കാലം രക്ഷപ്പെട്ടിട്ടുള്ള കുടിയാന്മാരെ സംബന്ധിച്ചു ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്നു പറയുന്നതു സാധൂകരിക്കത്തക്കതല്ല. എന്തൊക്കെ കൊടുത്താലും പിടിച്ചുനിൽക്കാനാണ് കുടിയാന്റെ ആഗ്രഹം. പകുതി എന്തായാലും ഒഴിഞ്ഞുകൊടുക്കണമെന്നു പറഞ്ഞാലും ഒഴിയുകയില്ല. അതു പരാതി രിക്കുവാൻ മന്ത്രി കൊണ്ടുവന്നിട്ടുള്ള എൻഹാൻസ്ഡ് റേറ്റനുസരിച്ചുള്ള കാംപെൻസേഷൻ കൊടുത്തുകൊണ്ടുള്ള ഭൂമി മുഴുവനും വാങ്ങാൻ അവരെ അനുവദിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതല്ല പകുതി ഒഴിഞ്ഞു കൊടുക്കുക എന്നു പറഞ്ഞാൽ അങ്ങോട്ടു് കൊടുക്കുന്നതിനു ബദൽ ഉണ്ടോ? കാംപെൻസേഷൻ വാങ്ങിക്കരുതെന്നു് പറഞ്ഞാൽ കാൺസ്റ്റിട്യൂഷണൽ ആകുമോ എന്നു ചോദിക്കും. ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളതു് കാൺസ്റ്റിട്യൂഷണൽ ആകത്തക്കവിധത്തിലാണ്. ഭേദഗതിപ്രകാരം ഫിക്സിറ്റി ഓഫ് റൈറ്റ് ഒഴിഞ്ഞുകൊടുക്കുന്നതും, ഉടമസ്ഥ് കൊടുക്കേണ്ട വിലയും ഒന്നാണെന്നു കണക്കാക്കുക. ജന്മിക്കു് ഭൂഉടമസ്ഥാവകാശം ഉണ്ട്. ഫിക്സിറ്റി കിട്ടിയ കുടിയാനു് അതിന്റെ അവകാശവും ഉണ്ട്. 1957—ലെ നിയമം പാസ്സാക്കിക്കഴിഞ്ഞതിനുശേഷം ജന്മിയുടെ അവകാശം നിശ്ചയിക്കുന്നതിനെക്കാൾ മതിപ്പു വിലയെക്കാൾ വളരെ കൂടുതൽ വില കുടിയാനു് കൊടുക്കേണ്ട അവകാശത്തിനുള്ള വിലയായിട്ടാണ കുടിയായ്മാവകാശം വിൽക്കുന്നതു്.

വാര കൃഷിക്കാരുടെ അവകാശം വിൽക്കുന്നുണ്ട്. അതുപോലെ ഇവിടെ മറ്റു കുടിയാന്മാരുടെ അവകാശങ്ങളും വിൽക്കുന്നുണ്ട്. എന്നാൽ ഈ രണ്ടും രണ്ടും ഒരുമിച്ചു എടുക്കാൻ ഇതുവരെ നോക്കിയിട്ടില്ല. അതു കൊണ്ടു് കുടിയാന്റെ അവകാശം കൂടി ഒരുമിച്ചു പരിഗണിക്കണം എന്നാണു് ഞാനെന്റെ ഭേദഗതി നിർദ്ദേശം കൊണ്ടു് ഉദ്ദേശിക്കുന്നതു്. എപ്പോഴും ഒരു ഭാഗം മാത്രം അംഗീകരിച്ചു അവകാശം കൊടുക്കുകയല്ല ഞങ്ങൾ ചെയ്തിട്ടുള്ളതു്. ഭൂമി മുഴുവൻ കൈവശം വയ്ക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. ക്ലാസ് 71-നു ഒരു ഭേദഗതി ഇന്നലെ ഡേബിറ്റ് ചെയ്തതിൽ അങ്ങനെ ഒരു ഭേദഗതി കാണുന്നുണ്ട്. ക്ലാസ് 71 മറ്റേവിധത്തിൽ മാറ്റി എഴുതണം എന്നു്. അതു കൊണ്ടാണ എന്റെ അമെൻറ്മെൻറ് 1534 'Provided that no declaration under this sub-section shall apply to a holding where the landowner or an intermediary is a small holder and the cultivating tenant was entitled to fixity of tenure immediately before the 21st January, 1961 under any law then in force.' എന്നു വച്ചാൽ സ്മാൾ ഹോൾഡറിനെ സംബന്ധിച്ച് കമ്പൽസറി വെസ്റ്റിംഗ് വരും എന്നുള്ള പ്രൊവിഷനുണ്ട്. അതുകൊണ്ടു അവർ എൻഹാൻസ്ഡ് റേറ്റ് കൊടുക്കണം, അതല്ല, കുടിയാൻ തന്നെ മുഴുവൻ വാങ്ങിക്കുകയാണെങ്കിൽ അവരും എൻഹാൻസ്ഡ് റേറ്റ് കൊടുക്കുക എന്നുള്ളതാണ്. അതല്ല പകുതി ഒഴിഞ്ഞുകൊടുത്തിട്ട് ആ ഫിക്സിറ്റി ആഫ് റൈറ്റ് ഉള്ളിടത്തു പകുതി പകുതി വാങ്ങിക്കുകയാണെങ്കിൽ കാംപെൻസേഷൻ അവിടെ improvement-നു് ഒഴിച്ചു വേണ്ട എന്നു വയ്ക്കണം.

It is applicable to all sorts of tenants and landlords അതുകൊണ്ടാണ് ഇതിൽ പ്രത്യേകമായിട്ട് എടുത്തുചേർക്കാത്തതു്. ഇതിൽ ജന്മിയുടെ കാര്യം മാത്രമെ വരുന്നുള്ളു. സർ, അതുകൊണ്ടു ആ ഭേദഗതി അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീമാൻ പി. വി. കുഞ്ഞുണ്ണിനായരുടെ 721-ാം ഭേദഗതി—സബ് ക്ലാസ് 3-ന്റെ ഭേദഗതി—ഞാൻ അനുകൂലിക്കുകയാണ്. പിന്നെ ആദ്യമെ ഞാൻ കൊടുത്ത ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. സർ, അതോടൊപ്പം എന്റെ 1621—ാം നമ്പർ ഭേദഗതിയും ശ്രീമാൻ ഗോപാലക്കുറുപ്പിന്റെ ഒരു ഭേദഗതി ഇതുപോലെതന്നെ അതായതു്, 1259 'No cultivating tenant of a holding comprised in any land excluded

LIBRARY ARCHIVES Kerala Legislative Assembly

from the provisions of ceiling, shall be entitled to purchase the right title and interest in respect of that holding.' കായൽ നിലങ്ങളെമാത്രമല്ല സീലിംഗിൽനിന്നും എക്സംപ്റ്റു് ചെയ്തിട്ടുള്ള എല്ലാ നിലങ്ങളെ സംബന്ധിച്ചുമാണു്. അതുകൊണ്ടു് അതു് ഒന്നുകൂടി ക്ലാറിഫൈ ചെയ്തിരിക്കുകയാണു്. 'Provided if any person holds or owns, or if heis a member of a family, that family holds or owns, lands exempted from the provisions of ceiling chapter to the extent if calculated in area, area above ceiling, applicable to individuals or families, and if such person or family holds other classes of lands as a cultivating tenant then, that person, or family is not entitled to purchase such lands, and he is bound to surrender the land to the Government. ഇതാണു് ഭേദഗതി 1621. സർ. ഈ സറണ്ടർ ചെയ്യുന്നതു് ആരാണെന്നാണു് ഞാൻ ഇതിൽ കൊടുത്തിരിക്കുന്നതു്. സർ, ഈ എക്സംപ്ഷൻ സീലിംഗ് ചാപ്റ്ററിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു് ശ്രീമാൻ നാരായണക്കുറുപ്പിന്റെ ഉദ്ദേശവും അതാണെന്നു് എനിക്കു് തോന്നുന്നു. കഴിഞ്ഞ എ. ഐ. സി. സി, സമ്മേളനം കഴിഞ്ഞതിനു ശേഷം സ്വത്തുക്കളെ സംബന്ധിച്ചു് ഒരു ക്രമീകരണവും അതു അനുഭവിക്കുന്നതിനു് ഏകദേശമായിട്ടുള്ള ഒരു സമീപനവും അതിനുള്ള നീക്കങ്ങളും ഉണ്ടാകുണമെന്നും, അതില്ലെങ്കിൽ സ്വത്തുക്കൾ ഒരു ഭാഗത്തുതന്നെ വന്നുകൂടുകയും ഇല്ലാത്തവർ ഇല്ലാത്തവരായിതന്നെ തുടരാനിടവന്നുകൂടുകയും ചെയ്താൽ സോഷ്യലിസത്തിനു് അതു പ്രതിബന്ധമുണ്ടാക്കുകയും അക്രമത്തിനു പ്രേരിപ്പിക്കുകയും ചെയ്യുമെന്നുള്ള ശ്രീ. നെഹ്റുവിന്റെയും, ശ്രീ. നന്ദായുടേയും അഭിപ്രായത്തെ ആദരിച്ചുകൊണ്ടു ഞാൻ അതിനൊരു ഭേദഗതി അവതരിപ്പിച്ചു എന്നേയുള്ളു. സോഷ്യലിസ്റ്റുശക്തികൾ എതിരായിട്ടു് നിൽക്കുന്ന ശക്തികൾ പുരോഗമനപരമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുമ്പോൾ അവർ പരാജയപ്പെട്ടുമെന്നു ശ്രീമാൻ സ്റ്റീഫൻ തന്നെ അടുത്ത കാലത്തു പ്രസംഗിച്ചതായി പത്രങ്ങളിൽ ഞാൻ കണ്ടിട്ടുള്ളതാണു്. സർ, നമ്മുടെ സീലിംഗ് ചാപ്റ്റർ വച്ചുകൊണ്ടു ഇങ്ങനെ സ്വത്തു ഒരു ഭാഗത്തേക്കു് കുന്നുകൂടുന്നതുകൊണ്ടു്........

<u>ശ്രീ. കെ. ഭാർഗ്ഗവൻ:</u> അദ്ദേഹം നിശ്ചയമായും അങ്ങനെ പറഞ്ഞിട്ടുള്ളതാണെന്നു പറയാമോ ?

<u>ശ്രീമതി കെ. ആർ. ഗൗരി :</u> ഞാൻ പത്രത്തിൽ കണ്ടിട്ടുള്ളതാണെന്നു് പറഞ്ഞല്ലോ. ഞാൻ ഈ 30-ാംനു-വരെ മി. സ്റ്റീഫനെ കാൺഗ്രസിലെ അംഗമായിട്ടും എ. ഐ. സി. സി. അംഗമായിട്ടുമാണല്ലോ മനസിലാക്കിയിട്ടുള്ളതു്. അതുകൊണ്ടു് പറയുകയാണു്. വേണമെങ്കിൽ മിസ്റ്റർ സ്റ്റീഫനു് നിഷേധിക്കാം.

അപ്പോൾ ആ നിലയിൽ ഈ സാമ്പത്തിക സമീകരണത്തിന്റെ ഉപാധികളൊക്കെ വരണമെങ്കിൽ സീലിംഗിൽനിന്നു് എക്സംപ്റ്റു ചെയ്തിട്ടുള്ളവക്കു് മററു വിധത്തിൽ സ്വത്തുക്കൾ ഉണ്ടോ എന്നുള്ളതിനെപ്പററിയല്ല ഞാനിവിടെ ടെനൻസിയെ സംബന്ധിച്ചു മാത്രമെ പറയുന്നുള്ളു. അങ്ങനെ സീലിംഗിന്റെ പ്രൊവിഷനിൽനിന്നും എക്സംപ്റ്റു് ചെയ്തിരിക്കുന്ന കുടുംബങ്ങൾക്കും വ്യക്തികൾക്കും സ്റ്റാൻേറർഡു് ഏക്കറെയായിട്ടോ മററു വിധത്തിലോ കണക്കാക്കുകയാണെങ്കിൽ അവരുടെ ഭൂമി സീലിംഗ് ഏരിയായിൽ കൂടുതൽ വരുന്നു എങ്കിൽ അങ്ങനെയുള്ള ആളുകൾക്കു് കൾട്ടിവേററിംഗ് ടെനൻറായിട്ടു് പർച്ചേസു് ചെയ്യാൻ അധികാരം കൊടുക്കരുതു്. അങ്ങനെയുള്ളവക്കു് ആ അവകാശം കൊടുക്കാൻ പാടില്ല. ആ ഭൂമി സറണ്ടർ ചെയ്തു ഈ ഷെഡ്യൂൾഡ് കാസ്റ്റ്സിലും മററും പെട്ട ഭൂമിയില്ലാത്തവക്കു് പതിച്ചുകൊടുക്കുന്നതിനു് വല്ലതും അല്പം ഭൂമി ലഭിക്കുമോ എന്നു നോക്കണം. ജന്മിക്കാണല്ലോ ഇവിടെ പരമപ്രാധാന്യം കൽപ്പിച്ചുകാണുന്നതു്. അപ്പോൾ ഈ കൈവശമുള്ള മിച്ചഭൂമി സറണ്ടർ ചെയ്യാനുള്ള വ്യവസ്ഥയുണ്ടാക്കണം. അതാണു് എന്റെ ഭേദഗതി 1621 കൊണ്ടുദ്ദേശിക്കുന്നതു്. അവരുടെ ജീവിതത്തിനു മററു ഭൂമികളുണ്ടു്. മററു ഭൂമികൾ എക്സംപ്റ്റു ചെയ്തിരിക്കുന്ന ഈ നിയമത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഈ ഒരു ലക്ഷത്തി മുപ്പത്താറായിരം ഏക്കറുള്ള കണ്ണൻ ദേവൻ പ്ലാന്റേഷനും മററു അതുപോലുള്ള കമ്പനികൾക്കും പർച്ചേസ് ചെയ്യാൻ അവകാശം കൊടുക്കുന്നുണ്ട്. അതുപോലെ മലയാളം പ്ലാന്റേഷൻ ഉടമകൾ, കായൽനിലങ്ങളിൽപ്പെട്ട ആർ. ബ്ലാക്കും, ഡി. ബ്ലാക്കും എല്ലാം തന്നെ. പക്ഷെ വേറെയാളുകളുടെ ഭൂമിയാണ് അവരുടെ കയ്യിൽ വച്ചിരിക്കുന്നത്. അപ്പോൾ കൾട്ടിവേററിംഗ് ടെനൻറു എന്നുള്ള നിലയിൽ അവർ കൈവശം വച്ചിരിക്കുന്നു. അതു സറണ്ടർ ചെയ്യണം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സർ, എന്റെ ഭേദഗതികൾ കൊണ്ടുദ്ദേശിക്കുന്നത്, 51-ാം വകുപ്പു സബ്ക്ലാസ് ഒന്നുമാത്രമേ ബാക്കി ആകൂ എന്നാണ്. ഒരു പ്രതിഷേധരൂപത്തിൽ ഞാൻ കൊടുത്തിട്ടുള്ള ഭേദഗതികളാണ് ഇതു്. ഒന്നാമത്തെ ഭേദഗതികൊണ്ടു പ്രൊവൈസോ എക്സ്പ്ലനേഷൻ എന്നുള്ളതു തടയുന്നു. രണ്ടാമത്തെ ഭേദഗതികൊണ്ടു രണ്ടാമത്തേ ക്ലാസ് എടുത്തുകളയുന്നു. മൂന്നാമത്തെ ഭേദഗതികൊണ്ടു മൂന്നാമത്തെ ക്ലാസ് എടുത്തുകളയുന്നു. ബാക്കിയുള്ളതു് 'Subject to the provisions of sub-section (2), a cultivating tenant (including the tenant of a Kudiyiruppu) entitled to fixity of tenure under section 13, shall be entitled to purchase the right, title and interest of the landowner and the intermediaries, if any, in respect, of the land comprised in his holding''. മാത്രമാണ്. യാതൊരു ഡിസ്ക്രിമിനേഷനും അതിനില്ല. എന്നാൽ അങ്ങനെ വരുമ്പോൾ അങ്ങേയ്ക്കു ചിന്തിച്ചുനോക്കിയാൽ സൂക്ഷിക്കാതെതന്നെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണും, എന്റെ ഭേദഗതി 1200-നു ശേഷമുള്ളതാണ്. അപ്പോൾ അതിനു മുമ്പായിട്ടു ചില ഭേദഗതികൾ മററു സുഹൃത്തുക്കൾ കൊടുത്തതായി ശ്രീമാൻ ഇ. പി. ഗോപാലന്റെയും ബഹുമാനപ്പെട്ട ഗൗരിഅമ്മയുടെയും ഭേദഗതികളുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഒരു മെമ്പറെ ശ്രീ എന്നും അതേസമയം മറെറാരു മെമ്പറെ ബഹുമാനപ്പെട്ട എന്നും സംബോധന ചെയ്യുന്നതുകൊണ്ടാണ്. അങ്ങനെ ഒരു മെമ്പറെ ബഹുമാനപ്പെട്ട എന്നു പറയാൻ വല്ല വ്യത്യാസവും മനസിൽവച്ചുകൊണ്ടാണോ?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ:

സാരമുള്ള വചനങ്ങൾ കേൾക്കിലും
നീരസാൎത്ഥമറിയുന്ന ദുർജ്ജനം
ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം.

അതു ഈ നിയമസഭയിൽ വളരെ കാണുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ പറഞ്ഞ വാചകങ്ങൾ അദ്ദേഹം കൊടുത്തിട്ടുള്ള വ്യാഖ്യാനങ്ങളും അൎത്ഥങ്ങളും കൊടുത്തുകൊണ്ടു കുഴപ്പമുണ്ടാക്കാൻ ശ്രമിക്കരുത്. അങ്ങനെ യാതൊന്നും ഉദ്ദേശിച്ചു ഞാൻ പറഞ്ഞതല്ല. സർ, അധികം ദീർഘമായ ഒരു പ്രസംഗം ചെയ്യാതെകണ്ടുതന്നെ ഇതിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയ്ക്കു വളരെ വ്യക്തമായി ഇതിനകം കാര്യം മനസ്സിലായിരിക്കും. മലബാറിലും കൊച്ചിയിലുമുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പഴയ കാർഷികബന്ധനിയമത്തിൽ വളരെ വ്യക്തമായ വകുപ്പുകൾ ഉണ്ടായിരുന്നു. ഇന്നു ഈ ചെറുകിടക്കാരുടെപേരിൽ അവക്കു കുറച്ചുകൂടി സഹഭാവപൂൎവ്വമായ ഒരു സമീപനം വേണം എന്നുള്ളതിന്റെ പേരിൽ കുടിയാൻ നാളിതുവരെക്കും അനുഭവിച്ച അവകാശങ്ങൾ നിരാകരിക്കുന്നതു വളരെ കുററകരമായ ഒന്നാണ്. മലബാറിലുള്ള കുടിയാന്മാൎക്കു ഈ അവകാശം കിട്ടിട്ടുള്ളതു് ആരുടെയും സൗജന്യംകൊണ്ടല്ലാ. ഒരു പോരാട്ടത്തിന്റെ ഫലമായി അനുവദിച്ചുകൊടുത്തിട്ടുള്ളതാണ്. അവരുടെ കുടിയാന്മാരുടെ അവകാശത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിധത്തിലുള്ള അംഗീകാരവും ഇന്നീ ചെറുകിടക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

കുടിയാന്മാരെ സംബന്ധിച്ചിടത്തോളം കൊടുത്തിട്ടില്ല. നേരെമറിച്ച് ജന്മിമാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവക്ക് വേണ്ടത്ര പരിഗണന കൊടുക്കുമ്പോൾ ഇവരുടെ അവകാശങ്ങൾ അംഗീകരിക്കാത്തിടത്തോളം ഈ ചെറുകിടക്കാർക്ക് കൊടുത്തിട്ടുള്ള സംരക്ഷണം നിൽക്കുമെന്നു എനിക്കു വിശ്വാസമില്ല. അതിനു് മാർഗ്ഗങ്ങൾ വേറെ നോക്കേണ്ടതുണ്ട്. അതിനു് പല ഭേദഗതികളും ഉണ്ട്. കുടിയാന്മാർ അവരുടേതാണെന്നു കരുതി കൈവശംവച്ച് അനുഭവിച്ചുവരുന്ന ഭൂമി 1961 ജനുവരി 21—ാം തീയതിക്ക് മുമ്പ് ഫിക്സിററി ഉള്ളതാണെങ്കിൽ പോലും അതില്ലെന്നു കരുതി ജന്മിക്ക് റിസംപ്ഷൻ അനുവദിക്കുന്നതാണ് സബ് സെക്ഷൻ 3. ഇതു് വളരെ അസംബന്ധമാണ്. ജന്മിയുടെ അവകാശം പാവനമാണ്; കുടിയാന്റെ അവകാശമോ? എത്രയോ വർഷമായി അവന്റെ ഭൂമിയാണെന്നു കരുതി അദ്ധ്വാനിച്ചുവരുന്ന ഭൂമിയിൽ അവനു് അവകാശമില്ല. ജന്മി ഒഴിപ്പിക്കുകയാണെങ്കിൽ ബാക്കിയുള്ളതിനാണ് അവനു് അവകാശം. ഇതിൽ ഒരു തെററിദ്ധാരണയുണ്ടെന്നു തോന്നുന്നു. മലബാറിൽനിന്നു് ചെറുകിടക്കാരുടെ പല പ്രതിനിധികളും ഇവിടെ വരുകയും ഞങ്ങളെ കാണുകയും ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ അൽപ്പംഭൂമി കൈവശം കിട്ടിയാൽ കൃഷിചെയ്തു നോക്കാമെന്നു വിചാരമുള്ള ആളുകൾ വളരെ കുറച്ചേയുള്ളു. പലക്കും ഒരു കഷണം ഭൂമി തിരിച്ചെടുത്തുകളയാമെന്നുള്ള ആഗ്രഹമില്ല. അവക്ക് പ്രതിഫലം ഒന്നായി കിട്ടിയാൽ മതിയെന്നുള്ള നിലയാണുള്ളതു്. പലരും കൃഷി ചെയ്യാൻതന്നെ പോകുന്നില്ല. കുടിയാനാണെങ്കിൽ ഭൂമി പോയാൽ തെരുവാധാരമല്ലാതെ മററു മാർഗ്ഗമൊന്നുമില്ലതാനും. അതുകൊണ്ടാണ് കുടിയാന്മാരും ചെറുകിടക്കാരും യോജിച്ച് ഒരു തത്വത്തിന്റെ അടിസ്ഥാനത്തിൽ ഏതു് സ്വീകരിക്കണമെന്നുള്ള വിവേചനാധികാരം കുടിയാനു് കൊടുത്താൽ യാതൊരു കുഴപ്പവും ഉണ്ടാകുകയില്ലെന്നു പറയുന്നതു്. അതു് ഇവിടെ അംഗീകരിച്ചിട്ടില്ല. അതിന്റെ ഫലമായി കുടിയാന്മാക്ക് വലിയ അപകടം വന്നുചേരുകയാണ്. വമ്പിച്ച പ്രക്ഷോഭണത്തിനു് കാരണമാകും. സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞിട്ടുള്ള കൃഷിക്കാരെ ഭൂമിയിൽനിന്നു ഒഴിപ്പിച്ചു പകുതി മാത്രമെ വാങ്ങാൻ പാടുള്ളുവെന്നു് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ല. അപ്പോൾ ഒരു ചോദ്യംവരാം. ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം സഹതാപപൂർവം പരിഗണിക്കണമെന്നാണല്ലൊ നിങ്ങൾ പറയുന്നതെന്നു ചോദിച്ചേക്കാം. അവർക്കു് സംഖ്യ ഒരുമിച്ചു കിട്ടിയാൽ ചെറിയ കച്ചവടമോ, കുടിൽവ്യവസായമോ അല്ലെങ്കിൽ മറെറന്തെങ്കിലും തൊഴിലോ ചെയ്യാൻ കഴിയും. അത്തരത്തിലുള്ള ഒരു വകുപ്പു ഇതിൽ കൊള്ളിച്ചിട്ടില്ല. അതുകൊണ്ടു് വാസ്തവത്തിൽ ആ നിലയിൽ നോക്കിയാലും ചെറുകിടക്കാർക്കു് ഇതുകൊണ്ടു് ഒരു സംരക്ഷണവും ലഭിക്കുന്നില്ല. കുടിയാന്മാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവർ പരമ്പരാഗതമായി കൃഷിചെയ്തുവരുന്ന ഭൂമി മാത്രമേയുള്ളു അവർക്കു്. എന്തുകൊണ്ടു് മററുള്ളവർ കൃഷി ചെയ്തില്ല. അവർ മററു ജോലികൾക്കു് പോകുകയാണു ചെയ്തിട്ടുള്ളതു്. കുടിയാൻ പകുതി അവർക്കു് വിട്ടുകൊടുക്കാമെന്നു സമ്മതിക്കുമ്പോൾ കുടിയാന്റെ അവകാശങ്ങൾ എങ്ങനെയാണ് അംഗീകരിക്കുക. ഒഴിപ്പിക്കാമെന്നാണു പറയുന്നതു്. കുടിയാന്റെ കൈവശംവച്ച ഭൂമിക്കു് അങ്ങോട്ടു പ്രതിഫലം കൊടുക്കണമെന്നാണു പറയുന്നതു്. ഞങ്ങളുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. ജന്മിയുടെ കാര്യം പറയുമ്പോൾ അതു വളരെ കട്ടിയാണ്. കുടിയാന്റെ കാര്യം ലൊട്ടയാണ്. ലൊട്ടയെന്നു പറഞ്ഞാൽ കഴമ്പില്ലാത്തതു എന്നാണു അർത്ഥം. കുടിയാന്റെ കാര്യത്തെപ്പററി പറയുമ്പോൾ യാതൊരു കഴമ്പുമില്ലാതെ അവരെ ദ്രോഹിക്കുന്നതിനു യാതൊരു മടിയും കാണിക്കുന്നില്ല. അതുകൊണ്ടാണ് ഇതിലെ സബ്ക്ലാസ് മൂന്നും ഉപേക്ഷിക്കണമെന്നു ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളതു്. അതെല്ലാം ഉപേക്ഷിച്ച് ഇവിടെ ബഹുമാനപ്പെട്ട ഗൗരിഅമ്മ കൊടുത്തിട്ടുള്ള ഭേദഗതി സ്വീകരിക്കണം. 1961 ജനുവരി 21—ാംതീയതിക്കു് കൈവശാവകാശം ലഭിച്ചിട്ടുള്ള കുടിയാന്മാരുടെ അവകാശം അംഗീകരിച്ചുകൊണ്ടു് കുടിയാന്മാർ അനുവദിക്കുകയാണെങ്കിൽ ജന്മിക്കു് പകുതി കൊടുക്കുമ്പോൾ മറേറപകുതി കുടിയായ്മ അവകാശത്തിന്റെ പ്രതിഫലമായി ജന്മി വിട്ടുകൊടുക്കുന്നതായി പരിഗണിച്ചുകൊണ്ടുള്ള ഭേദഗതിയാണ് അതു്. അങ്ങനെയാ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ)

യാൽ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ചെറുകിടക്കാർക്ക് ഒരു ലംപ്സം കിട്ടുന്നതിനും കൃഷി ശരിയായി നടത്തിക്കൊണ്ടു പോകുന്നതിനും സാധിക്കും. അതുകൊണ്ട് ആ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: അങ്ങനെ അന്യോന്യം പ്രതിഫലത്തിനു വേണ്ടി വിട്ടുകൊടുക്കുക എന്നുള്ളനയം സ്വീകരിക്കുമ്പോൾ ഒരു കൃഷി നിലത്തിൻ കുടിയാനു മാത്രമെ ചമയങ്ങൾ ഉള്ളുവെന്നു വരുമ്പോൾ അയാളെ അതു വളരെ എതിരായി ബാധിക്കുകയില്ലേ?

ശ്രീ. ടി.സി. നാരായണൻ നമ്പ്യാർ: ജന്മിയും കുടിയാനുമായുള്ള കാര്യം വരുമ്പോൾ ജന്മിക്ക് കുറെ വിഷമം അനുഭവിക്കേണ്ടിവരും. ചരിത്ര പരമായി ഈ രാജ്യത്ത് വന്നു ചേർന്നിട്ടുള്ളതാണു ജന്മിത്വം. ആ ജന്മിത്വ വ്യവസ്ഥ അവസാനിപ്പിക്കുമ്പോൾ അതിനു വിധേയരാകുന്ന ആളുകൾക്ക് ഗവണ്മെന്റിനും സമുദായത്തിനും വിഷമമുണ്ടാക്കാതെ എന്തു ചെയ്യാൻ കഴിയുമെന്നു ആലോചിക്കേണ്ടതാണ്.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: ഈ ഭേദഗതിയിലെ പ്രധാനപ്പെട്ട ഭാഗം മന്ത്രിയുടെ 1145-ാം നമ്പർ ഭേദഗതിയിൽ അംഗീകരിച്ചിട്ടുണ്ട്. പൊതുവിൽ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള വസ്തുവിൽ ആകെത്തന്നെ എല്ലാ കുടിയാന്മാർക്കും അവകാശം കൊടുക്കേണ്ടതില്ല എന്ന നിലയിൽ കായൽ പാടശേഖരങ്ങളിലെ കുടിയാന്മാരെയാണ് മന്ത്രിയുടെ ഭേദഗതിയിൽ കൊള്ളിച്ചിട്ടുള്ളത്. അതു് പൊതുവിൽ അംഗീകരിക്കണമെന്നാണ് എന്റെ നിർദ്ദേശം. അംഗീകരിക്കുന്നതോടൊപ്പം ശ്രീമതി ഗൗരിയമ്മയുടെ 1622-ാമത്തെ ഭേദഗതി കൂടി ചേർത്ത് ഇതു നടപ്പിലാക്കാൻ കഴിയുമെങ്കിൽ ഈ ഭൂപരിഷ്ക്കരണ നിയമം കൊണ്ടുദ്ദേശിക്കുന്ന പ്രധാനപ്പെട്ട ഒരു ലക്ഷ്യത്തിന്റെ അംശമെങ്കിലും നമുക്കു നടപ്പാക്കാൻ കഴിയും. മിച്ച ഭൂമിയെടുത്തു വിതരണം ചെയ്യുക എന്നുള്ള ഉദ്ദേശം കാർഷിക പരിഷ്ക്കരണത്തിനുണ്ട്. ഇത്തരം പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള വസ്തുക്കളിൽ ടെനന്റിനു പർച്ചേസ് റൈററ് കൊടുക്കാതെ ആ വക ഭൂമി ഗവണ്മെന്റിൽ സറണ്ടർ ചെയ്യാൻ ഇടയായാൽ ഭൂമിയില്ലാത്ത പാവപ്പെട്ട കൃഷിക്കാർ ചേർന്ന് കോവാപ്പറേററീവ് ഫാമിംഗ് സമ്പ്രദായം പരീക്ഷിക്കാനും നടപ്പാക്കാനും കഴിയും. സാധാരണ കുടിയാന്മാരിൽ നിന്നും എത്രയോ വ്യത്യസ്ഥപ്പെട്ട സ്ഥിതിയാണ് ഇത്തരം പാടശേഖരങ്ങളിലെയും പരിധിയിൽ നിന്നും ഒഴിവാക്കുന്ന തോട്ടങ്ങളിലെയും കുടിയാന്മാരുടെ സ്ഥിതി. കുട്ടനാട്ടിലെ സ്ഥിതി നോക്കുകയാണെങ്കിൽ ഏതാണ്ടു 24000 ഏക്കർ കായൽ കൃഷിയുടെ വസ്തു ഉടമസ്ഥന്മാർ രണ്ടായിരത്തോളം വരും. എന്നാൽ 2,000 ജന്മിമാരുടെ കുടിയാന്മാരുടെ എണ്ണം 400-നു അല്പം മുകളിലാണ്. ജന്മിമാർ രണ്ടായിരമെന്നും കുടിയാന്മാർ നാനൂറെന്നും പറയുമ്പോൾ സാധാരണ ആയിരക്കണക്കിനേക്കാളുള്ള ജന്മിമാരുടെ വസ്തുക്കൾ മൂന്നും, നാലും അഞ്ചും ഏക്കർ ഭൂമി പാട്ടത്തിനു കൈവശം വച്ചു കൃഷിചെയ്യുന്ന കുടിയാന്മാരെപ്പോലെയല്ലാ ഇവരെന്നു മനസ്സിലാക്കാം. കുട്ടനാട്ടിലെ പ്രത്യേക സാഹചര്യങ്ങളിൽ ചിലപ്പോൾ പതിനായിരക്കണക്കിനു രൂപ ചെലവാക്കി ബണ്ടുകൾ ശരിപ്പെടുത്തി എൻജിൻ ഉപയോഗിച്ചു വലിയ തോതിൽ കൃഷിചെയ്യാനേ സാധിക്കുകയുള്ളു. അതുകൊണ്ട് ചെറിയ വസ്തു ഉടമസ്ഥന്മാർക്ക് കൃഷിചെയ്യുക പ്രായേണ പ്രയാസമാണ്. അതുകൊണ്ടാണ് അതിൽ പണംമുടക്കി കൃഷിചെയ്യാവുന്ന ആളുകളെ ഏല്പിച്ചുകൊടുക്കാൻ ചെറിയ വസ്തു ഉടമസ്ഥന്മാർ തയ്യാറാകുന്നതു്. അങ്ങനെ കൊടുത്തിട്ടുള്ള ആളുകൾക്ക് പർച്ചേസ് റൈററുകൂടി കൊടുത്താൽ കുട്ടനാട്ടിലെ 24000 ഏക്കർ നിലങ്ങൾ ഇന്നു കൃഷിക്കാരായിട്ടുള്ള പത്തുനാനൂറു ആളുകളുടെ കയ്യിൽപോകും. പർച്ചേസ് റൈററ് കൊടുക്കാതിരിക്കുക എന്നുള്ളതു് മന്ത്രിയുടെ ഭേദഗതിയിൽ അംഗീകരിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഭൂമി ഗവണ്മെന്റിലേക്ക് എടുക്കാൻ നിയമമുണ്ടാക്കി ഗവണ്മെന്റിന്റെ പക്കൽ

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന നിലങ്ങൾ ആകെ ചേർത്തു് കൃഷിക്കാരുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കിക്കൂടേ? കൂട്ടുകൃഷി സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതു് കോൺഗ്രസിന്റെ തന്നെ അംഗീകൃത നയങ്ങളാണു്. അങ്ങനെ കൂട്ടുകൃഷി സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു പരീക്ഷണമെന്ന നിലയിൽ ഈ ഭൂമി ഗവണ്മെന്റിലേക്കു് നിക്ഷിപ്തമാകുന്ന വ്യവസ്ഥ ഉണ്ടാകുമെങ്കിൽ നമുക്കു് അതു വിജയകരമായി പരീക്ഷിക്കാവുന്ന ഒരു സന്ദർഭമാണിതു്. അതു നഷ്ടപ്പെടുത്തരുതു്. മറ്റൊന്നു്, തോട്ടങ്ങളിലുള്ള പാട്ടക്കാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പാട്ടം കൊടുക്കുന്നതു് വസ്തു കൃഷിചെയ്യാൻ കൊടുക്കുന്നതുപോലെയല്ലാ. വലിയ തോട്ടം ഉടമകൾ പാട്ടം കൊടുക്കുക പതിവില്ല. എന്നാൽ തോട്ടങ്ങളിലുള്ള ചില സാമ്പത്തിക ബാദ്ധ്യതകൾ അതിന്റെ ഈൽഡു് എടുക്കുന്നതിനുള്ള അവകാശം പണയം പോലെ കൊടുക്കുന്നുണ്ടു്. അങ്ങനെ ആദായം എടുക്കുന്നതിനു കൊടുത്തതും വസ്തുവിൽ അദ്ധ്വാനിച്ചു ആദായം എടുക്കുന്നതും രണ്ടും രണ്ടാണു്. ഉദാഹരണത്തിനു റബ്ബർവച്ചു ഒരു കൃഷിക്കാരൻ അതിന്റെ ഈൽഡു എടുക്കുന്നതിനു മുൻപു അതു പണയംവച്ചുവെന്നുവരും.

Mr. Speaker : Mr. Kurup, do you want more time to speak?.

Shri N. Gopala Kurup: Yes.

Mr. Speaker: Then you can continue at 4 o' clock.

The House will now adjourn and meet again at 4 p. m. today.

(The House adjourned at 1 p. m. and met again at 4 p. m. with Mr. Speaker in the Chair]

[4 P.M.] ശ്രീ. എൻ. ഗോപാലക്കുറുപ്പു്: സർ, ഈ ബില്ലുപാസ്സാക്കി നടപ്പാക്കുന്നതോടെ ഒരു ന്യൂറു്, ഭൂമിയില്ലാത്ത കർഷകർക്കെങ്കിലും ഭൂമി കൊടുക്കാൻ കഴിയണമെന്നാണു് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്. പൊതുവെ ഇവിടെ 'recast' ചെയ്തു അവതരിപ്പിച്ച പുതിയ ബില്ലു് നടപ്പായാൽ മിച്ച ഭൂമി എടുക്കാൻ ഇല്ലാത്ത ഒരു പരിതഃസ്ഥിതി വന്നുചേരും, കൂടുതൽ ഭൂമി മറ്റുള്ളവർക്കു വിതരണം ചെയ്യാനുള്ള ലക്ഷ്യം നടപ്പാക്കാൻ പ്രയാസമായിത്തീരും എന്നാണു കാണുന്നതു്. എന്റെ നിർദ്ദേശം അംഗീകരിക്കുകയാണെങ്കിൽ, ഒരു ലക്ഷപ്പറ നിലം കൂട്ടുകൃഷി സംപ്രദായത്തിൽ എടുത്തു കൃഷി ചെയ്യാൻ കഴിയും. കുട്ടനാടൻ പ്രദേശങ്ങളിലെ കൃഷിക്കാരുടെ പ്രത്യേകത ആദ്യം ഞാൻ സൂചിപ്പിച്ചു. അതിന്റെ ചില വിവരങ്ങൾകൂടി ഇവിടെ പറയുകയാണു്. ഏതാണ്ടു നാലായിരപ്പറ നിലം ഒരു കുടിയാനെന്ന നിലയിൽ കൃഷിചെയ്യുന്ന 'കവലക്കാരന്റെ' ജന്മിമാരുടെ എണ്ണം എഴുപതാണു്. എഴുപതു ജന്മിമാർ ഒരു കുടിയാനു് എന്ന ക്രമത്തിൽ ഉള്ള ഏതാണ്ടു് നൂറിൽ താഴെ പാട്ടക്കാരുടെ കൈവശമുള്ള നിലങ്ങളിൽ, അവർക്കു സ്ഥിരാവകാശം കൊടുക്കുന്നതിന്റെ ഫലമായിട്ടു് മറ്റൊരപകടം ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായിട്ടു നാം ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ നേട്ടം, യഥാർത്ഥത്തിൽ ചെല്ലേണ്ട സ്ഥാനത്തെല്ലാം ചെല്ലുന്നില്ല എന്നു സ്വയം വിമർശനം നടത്തുന്ന പ്ലാനിംഗ് കമ്മിഷനും, കേന്ദ്രഗവണ്മെന്റും അംഗീകരിച്ചിട്ടുണ്ടു്. ഏതാണ്ടു് രണ്ടു, മൂന്നു് ആഴ്ചകൾക്കു മുൻപു്, കേരളത്തിലേക്കുവന്ന, നാഷനൽ കോൺഗ്രസിന്റെ നിയുക്ത പ്രസിഡന്റു് ശ്രീ. കാമരാജനാടാർ പറഞ്ഞു: വികസന പ്രവർത്തനങ്ങളുടെ നേട്ടം, ഉണ്ടായിട്ടുണ്ടെങ്കിലും, അതിന്റെ വിതരണം വേണ്ടതു ശരിയായ രീതിയിൽ അല്ലെന്നു്. ഇവിടെ ഇങ്ങനെ കുറെ ആളുകളുടെ കൈയിലേക്കു കുറേ ഭൂമിയുടെ സ്ഥിരാവകാശം കൊടുക്കുന്നതിന്റെ ഫലമായിട്ടു് ഒരു അപകടം ഇനിയും ഉണ്ടാകും എന്നാണു് എനിക്കു തോന്നുന്നതു്. കുട്ടനാടൻ പുഞ്ചനിലങ്ങളുടെ വികസനത്തിനുവേണ്ടി, പ്രത്യേകമായി ചില പ്രോജക്റ്റുകൾ വഴി, ലക്ഷക്കണക്കിനു് രൂപാ പ്രതിവർഷം ചെലവാക്കിക്കൊണ്ടിരിക്കുകയാണു്. ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തുതന്നെ, തോട്ടപ്പള്ളി സ്പിൽവേ പത്തിരുപതു ലക്ഷം രൂപാ ചെലവാക്കി പൂർത്തിയാക്കി. ഇത്തരം പദ്ധതികളുടെയും, കായൽ റിക്ലമേഷൻ സ്കീമിന്റെയും ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. എൻ. ഗോപാലക്കുറുപ്പ്)

ഉല്പാദനം വർദ്ധിക്കുന്നുണ്ടെങ്കിലും, വർദ്ധിക്കുന്ന ഉല്പാദനം ആരിലേക്കു പോകുന്നു, എവിടെയാണ് അതു് ചെന്നു കുന്നുകൂടുന്നതു് എന്നു പരിശോധിച്ചാൽ, അൻപതിനായിരവും, അറുപതിനായിരവും പറ നിലം കൃഷി ചെയ്യുന്ന ഇതുപോലുള്ള കുടിയാന്മാരുടെ പോക്കററിലേക്കാണ് ഇത്തരം സ്കീമുകളുടെ നേട്ടം ചെന്നു വീഴുന്നതെന്നു മനസ്സിലാകും. വസ്തു കൃഷിക്കാർക്കു ശരിയായി വിതരണം ചെയ്യാതെ, കാർഷിക വികസനത്തിനുവേണ്ടി ചെലവാക്കുന്ന ഏതു തുകയുടേയും നേട്ടം, വസ്തു കൈവശക്കാരായി കഴിയുന്ന ചില ആളുകൾക്കു ഗുണമായിത്തീരുന്നു എന്നതാണു അനുഭവം. ഭൂപരിഷ്കരണം കൊണ്ടു്, ഭൂമി കൃഷിക്കാർക്കു വിതരണം ചെയ്താൽ മാത്രമേ, വികസന പ്രവർത്തനങ്ങളുടെ നേട്ടം സാധാരണ കൃഷിക്കാർക്കു് ഉണ്ടാകുകയുള്ളു. കൂട്ടുകൃഷി സഹകരണസംഘങ്ങൾ മുഖേന, കുട്ടനാട്ടിൽ, ജോലി ചെയ്യുന്ന കൃഷിക്കാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു്, അവരുടെ ഉടമസ്ഥതയിൽ അവിടത്തെ നിലം കൊണ്ടുവന്നാൽ, ആയിരം ഏക്കർ സ്ഥലത്തു് ചെറിയകൃഷിക്കാർക്കു സജീവമായി പങ്കെടുക്കാനും, ആ കൃഷിയിൽ നിന്നുള്ള നേട്ടം അവർക്കു പങ്കിട്ടെടുക്കാനും സാധിക്കുന്നതാണ്. അതാണ് എന്റെ നിർദ്ദേശം സ്വീകരിച്ചാൽ വരാവുന്ന ഏററവും പ്രധാനപ്പെട്ട ഒരു പ്രയോജനം. കൂട്ടുകൃഷി സഹകരണ സംഘപ്രസ്ഥാനത്തിന്റെ പ്രയോജനത്തെപ്പററിയും, വികസനപ്രവർത്തനങ്ങളുടെ ആവശ്യകതയെപ്പററിയും പൊതുവേ അംഗീകരിച്ചിട്ടുള്ള തത്വം ഈ ഗവണ്മെൻറും സ്വീകരിക്കുന്നുണ്ടെങ്കിൽ, എന്റെ നിർദ്ദേശം സ്വീകരിക്കുന്നതിനു വൈമനസ്യം കാണിക്കേണ്ട കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം. സോഷ്യലിസത്തെപ്പററിയും, കൂട്ടുകൃഷിയെപ്പററിയും, മററും സഹ്യപർവ്വതത്തിനപ്പുറത്തു വാചാലമായി പ്രസംഗിക്കുന്നവർ, സഹ്യപർവ്വതത്തിനിപ്പുറത്തേക്കു വരുമ്പോൾ സോഷ്യലിസവും, കൂട്ടുകൃഷിസഹകരണസംഘപ്രസ്ഥാനവും അവരുടെ കൂറിനു പററാത്ത ഭാവത്തിൽ മൗനം അവലംബിക്കുകയാണ്. ഒരു പരീക്ഷണം എന്ന നിലയിലെങ്കിലും അതു ഇവിടെ പ്രയോഗിക്കാൻ ഗവണ്മെൻറു തയാറാകുന്നില്ല.

Mr. Speaker: Mr. Gopala Kurup, you may explain your amendment specifically.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: കായംകുളം കായൽ റിക്ലമേഷൻ പദ്ധതി രണ്ടു ലക്ഷത്തിൽപ്പരം രൂപ ചെലവാക്കി പൂർത്തിയാക്കിയിട്ടുണ്ടു്. അതു സഹകരണാടിസ്ഥാനത്തിൽ കൂട്ടുകൃഷിക്കു ഏല്പിക്കാൻ, ഒരു പരീക്ഷണമെന്ന നിലയ്ക്കെങ്കിലും ഗവണ്മെൻറു തയ്യാറായിട്ടില്ല. അതുകൊണ്ടാണ് ഇപ്പോൾ, കുട്ടനാട്ടു പ്രദേശത്തെ നിലങ്ങൾ ഒന്നു പരീക്ഷിക്കാൻ ഗവണ്മെൻറു തയ്യാറാകുമോ എന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശം വച്ചതു്. സർ, ഈ കാര്യം ഞാൻ ഊന്നിപ്പറയുന്നതു്, ഇങ്ങനെയൊരു പരീക്ഷണത്തിനു് ഈ ഗവണ്മെൻറു തയ്യാറാകുന്നില്ലെങ്കിൽ, ഈയിടെ ജയ്പ്പൂരിൽ പാസ്സാക്കിയ സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ, സോഷ്യലിസവും, കൂട്ടുകൃഷി സഹകരണപ്രസ്ഥാനവും ഗവണ്മെൻറിന്റെ ഒരു പാളിസിയെന്ന നിലയിൽ ഈ ഗവണ്മെൻറു അംഗീകരിക്കുന്നില്ല എന്നു സമ്മതിക്കേണ്ടിവരും. അതുകൊണ്ടു് ഒരു പാളിസിയുടെ പ്രശ്നം ഇതിൽ ഉണ്ടെന്നു മനസ്സിലാക്കി, ആ പാളിസി ഈ ഗവണ്മെൻറു് അംഗീകരിക്കുന്നുണ്ടെങ്കിൽ ഈ ഭേദഗതി സ്വീകരിക്കണമെന്നും, അങ്ങനെ കുട്ടനാട്ടിലെ ആയിരം ഏക്കർ ഭൂമി കൂട്ടുകൃഷി സമ്പ്രദായത്തിൽ കൃഷിചെയ്യാൻ സൗകര്യം ഉണ്ടാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, സ്ലാംഹോംഡേഴ്സിന്റേതടക്കം ടെനന്റിന്റെ കൈവശമുള്ള, മുഴുവൻ ഭൂമിയും പർച്ചേസു ചെയ്യാനുള്ള അവകാശം മുൻപു കിട്ടിയിരുന്നതാണ്. മുൻപ് ഇവിടെ ചിലർ സംസാരിച്ചതുപോലെ, കാർഷികബന്ധനിയമം 18-ാംവകുപ്പനുസരിച്ചു് ടെനന്റിനു് മൂന്നു ചോയ്സു കൊടുത്തിട്ടുണ്ടായിരുന്നു. ഒന്നുകിൽ, റെൻറു കൊടുത്തുകൊണ്ടു്

ടെനൻറിനു് ടെനൻറായിത്തന്നെ കഴിയാം; അല്ലെങ്കിൽ, പകുതി സറണ്ടർ ചെയ്തിട്ടു് പകുതി വാങ്ങിക്കാം; അല്ലെങ്കിൽ മുഴവൻ ഭൂമിയും ടെനൻറിനു് വിലയ്ക്കു വാങ്ങാം. ഈ മൂന്നു ചോയിസ് ഇരിക്കുമ്പോൾ, ബഹുഭൂരിപക്ഷം ടെനൻറ്സും, അവരുടെ കൈവശമുള്ള ഭൂമി വിലയ്ക്കു വാങ്ങാനാണു് ആഗ്രഹിച്ചതു്. ക്ലാസ്സ് 18 അനുസരിച്ചുതന്നെ, ട്രിബ്യൂണലിൻെറ മുൻപിൽ വന്നതു്, ഏതാണ്ടു് 18000 അപേക്ഷകൾ ആയിരുന്നുവെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. മുൻപു് അസംബ്ളിയിൽതന്നെ ഒരു ചോദ്യത്തിനുത്തരമായി വ്യക്തമാക്കിയിട്ടുണ്ടു്; മൊത്തം 23000 അപേക്ഷകൾ പർച്ചേസിനുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നു്. അതിൽ, ക്ലാസ്സ് 36 അനുസരിച്ചു് കുടിയിരിപ്പു വിലയ്ക്കു വാങ്ങാൻ അയ്യായിരം അപേക്ഷകൾ ഉണ്ടായിരുന്നു. ബാക്കിയുള്ള പതിനെണ്ണായിരം അപേക്ഷകൾ, നമ്മുടെ രാജ്യത്തു് ട്രിബ്യൂണലിൻെറ മുൻപാകെ വന്നതു് ടെനൻറിൻെറ കൈവശമിരുന്ന ഭൂമി വിലയ്ക്കു വാങ്ങാൻ ആയിരുന്നുവെന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങനെ അന്നു അവരെല്ലാം ട്രിബ്യൂണലിൻെറ അടുക്കൽ കേസ്സു് കൊടുത്തു് നൂറു കണക്കിനു രൂപയും ചെലവാക്കി ചില കേസുകൾ വിധിയായതിനുശേഷം, അവർക്കു് ആ അവകാശം നിഷേധിക്കുന്ന ഒരു നടപടിയും ഒരിക്കലും ശരിയല്ല.

മി. സ്പീക്കർ : ഇതിനുമുൻപു പലരും പറഞ്ഞ കാര്യങ്ങൾതന്നെയാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ, ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. ഈ ബില്ലു് ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതാണു്, നിലവിലുണ്ടായിരുന്ന നിയമത്തിൽ, കൃഷിക്കാർക്കു് അനുവദിച്ചിട്ടുള്ള യാതൊരു ആനുകൂല്യവും നിഷേധിക്കുകയില്ല എന്നു്. ഇപ്പോൾ അതിനു വിരുദ്ധമായി ചില വകുപ്പുകൾ ഇതിൽ കാണുന്നതുകൊണ്ടാണു പ്രത്യേകം എടുത്തു പറയുന്നതു്. കർഷകർ സമരംചെയ്തു നേടിയെടുത്ത പല അവകാശങ്ങളും ഇന്നു എടുത്തുകളയുകയാണു്. യാതൊരു തരത്തിലും അതിനോടു യോജിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടാണു് ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

സർ, തിരുവിതാംകൂർ ഭാഗത്തെയും, മലബാർ, കൊച്ചി പ്രദേശങ്ങളിലെയും ഭൂമിയുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ, താരതമ്യപ്പെടുത്തി നോക്കിയാൽ, വളരെ വ്യത്യസ്തമാണെന്നു കാണാം, തിരുവിതാംകൂർ ഭാഗത്തേക്കു് ഈ അവകാശം ഒരു പക്ഷേ കുടിയാനു കൊടുക്കുന്നില്ലെങ്കിൽതന്നെയും, കൊച്ചിയിലെയും, മലബാറിലെയും കർഷകർക്കു് സ്ഥിരാവകാശം കിട്ടിയിരുന്നതു് ഒരുകാലത്തും നഷ്ടപ്പെടുകയില്ലെന്നാണു് അവർ വിശ്വസിച്ചിരുന്നതു്, അവിടത്തെ കർഷകരുടെ ആഗ്രഹത്തിനെതിരായി, വിശ്വാസത്തിനെതിരായി, അഭിലാഷങ്ങൾക്കെതിരായി ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു ശരിയല്ല എന്നാണു് എനിക്കു പറയാനുള്ളതു്. ടെനൻറു് പകുതി ഭൂമി വിട്ടുകൊടുത്താൽ മാത്രമേ ബാക്കി പകുതിവിലയ്ക്കു വാങ്ങാൻ പററുകയുള്ളു. അതു ശരിയല്ല. കുറഞ്ഞപക്ഷം കൊച്ചിയിലെയും, മലബാറിലെയും കുടിയാന്മാർക്കെങ്കിലും ഇന്നു് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ തുടന്നു അനുഭവിക്കാൻ വ്യവസ്ഥ ചെയ്യണമെന്നു് അഭ്യർത്ഥിക്കുകയും അതിനുവേണ്ടി ഈ ഭേദഗതി അവതരിപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ : സർ, എൻെറ ഭേദഗതി, റിസംപ്ഷനു വേണ്ടിയുള്ള കാലാവധി, കഴിയുന്നത്ര ചുരുക്കി കിട്ടണമെന്നാണു്. ഇതിനെ സംബന്ധിച്ചു് സംസാരിക്കുമ്പോൾ, ഒരു തടസ്സവാദം ഈ സഭയിൽ ഉന്നയിച്ചുകാണാറുള്ളതു്, പലതവണ ഇവിടെ ചർച്ച് നടന്നിട്ടുള്ള കാര്യങ്ങൾ വീണ്ടും പരാമർശനവിഷയമാകുന്നു എന്നതാണു്. അതു ശരിയാണു്. പല പ്രാവശ്യം ചർച്ച ചെയ്യപ്പെടാത്ത ഒരു കാര്യവും, ഈ നിയമത്തിൽ ഇല്ലെന്നുതന്നെ പറയാം. ഈ ബില്ലിലെ ഓരോ ഭാഗവും, ഡഫനിഷനെ സംബന്ധിച്ചിടത്തോളമുള്ള ചർച്ചയിൽതന്നെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഇതിൻെറ ചർച്ചയ്ക്കു ഒരു പരിമിതി വേണം എന്നു പറയുന്നതിൽ വലിയ കാര്യമുണ്ടെന്നു എനിക്കു ബോദ്ധ്യമില്ല.

2/747 V

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മി. ഭാർഗ്ഗവൻ : അങ്ങനെ ഒരു തടസ്സവാദം ഉന്നയിച്ചതല്ല. Sense of proportion വേണമെന്നേ പറഞ്ഞിട്ടുള്ളു.

ശ്രീ. കെ. ഭാർഗ്ഗവൻ : 'Sense of Proportion' ചിലർക്കു കൂടുതൽ ഉണ്ടായെന്നുവരും, ചിലർക്കു കുറവാണെന്നു വരും. അതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടാകും, ഓരോരുത്തരും അവരവരുടെ ആഗ്രഹം അനുസരിച്ചാണു് അത്തരം അഭിപ്രായങ്ങളിൽ എത്തുക. ഇതുകൊണ്ടുണ്ടാകുന്ന വൈഷമ്യം എന്താണെന്നു വച്ചാൽ, ഇത്ര ലഘുവായി ഈ കാര്യങ്ങൾ ചർച്ചചെയ്തു മുമ്പോട്ടു പോകാൻ ചിലർക്കു ആഗ്രഹം കാണും, മററു ചിലർക്കു അതു പോരാ എന്നു തോന്നും. എങ്ങനെയെങ്കിലും സമയം ലാഭപ്പെടുത്തി എടുത്തു് ഇതു ചർച്ചചെയ്തു പാസ്സാക്കിയെടുക്കണമെന്നായിരിക്കും ചിലരുടെ ആഗ്രഹം. വേഗം പാസ്സാക്കിയെടുത്താൽ വൈഷമ്യം കുറഞ്ഞിരിക്കുമെന്നാഗ്രഹിക്കുന്നുണ്ടു്; അതല്ല കൂടുതൽ സമയം ചർച്ചചെയ്തു കഴിയുന്നത്ര ന്യൂനതകൾ പരിഹരിക്കണമെന്നു വിചാരമുള്ളവർ കാണും. അതെല്ലാം അവനവൻെറ വികാരത്തേയും വിശ്വാസത്തേയും ആശ്രയിച്ചിരിക്കുന്ന കാര്യമാണു്. ഏതായാലും ഈ കാര്യത്തെ സംബന്ധിച്ചു് ചിലതൊക്കെ പറയാതിരിക്കാൻ നിവൃത്തിയില്ല. പുതിയ കാര്യങ്ങൾ മാത്രമേ പറയാവൂ എന്നു പറഞ്ഞാൽ, ഒരു മനുഷ്യനും വളരെ പുതിയ കാര്യങ്ങൾമാത്രം പറയാൻ സാധ്യമല്ലെന്നാണു് എൻെറ വിശ്വാസം. മററാരും പറയാത്ത കാര്യം, ഈ നിയമസഭയിൽ എന്നല്ല, ഒരു നിയമസഭയിലും ആർക്കും പറയാൻ ഉണ്ടാവുമെന്നു തോന്നുന്നില്ല. പലപ്പോഴായി ആവർത്തിച്ചാവർത്തിച്ചു പറയാത്ത കാര്യങ്ങളല്ലാതെ, പുതിയ കാര്യങ്ങൾ നിയമസഭയിൽ പറയാൻ സാധിക്കുകയില്ലെന്നാണു് എനിക്കു തറപ്പിച്ചു പറയാനുള്ളതു്.

മി. സ്പീക്കർ : കഴിയുന്നതും ആവർത്തനം കൂടാതെ കഴിക്കണമെന്നേ പറഞ്ഞിട്ടുള്ളു; അതൊരു തടസ്സവാദമായി കണക്കാക്കേണ്ട.

ശ്രീ കെ. ഭാർഗ്ഗവൻ : അങ്ങു അങ്ങനെ പറഞ്ഞതായിട്ടല്ല ഞാൻ സൂചിപ്പിച്ചതു്. പല കാര്യങ്ങളും നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ചു്.......

ശ്രീ. പി. ടി. ചാക്കോ : ആവർത്തനം പാടില്ലെന്നു റൂളിംഗുണ്ടായാലും. എപ്പോഴെല്ലാം ആവർത്തനം ആകാം എന്നു സ്ഥാപിക്കാൻവേണ്ടി പ്രസംഗിക്കുന്നതു് മറെറാരു നിയമസഭയിലും ഉണ്ടാകുകയില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ആർക്കുവേണമെങ്കിലും, ഒരു കാര്യം ആവർത്തനമാണെന്നു സ്ഥാപിക്കാൻ കഴിയും. എപ്പോഴെങ്കിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾ വീണ്ടും പറയേണ്ടതായി നിയമസഭയിൽ അവസരം ഉണ്ടാകും. അതുകൊണ്ടു് ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആവർത്തനം കൂടാതെ സാദ്ധ്യമല്ല.

സർ, ഭൂമി സറണ്ടർചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം, കുടിയാൻ പകുതി കൊടുത്താൽ മാത്രമേ, സ്ഥിരാവകാശം സ്ഥാപിക്കാൻ ഇന്നത്തെ നിലയിൽ അവകാശമുള്ളു. ഒരു വർഷത്തിനകം അതിനുവേണ്ടി ട്രിബ്യൂണലിൽ അപേക്ഷ ബോധിപ്പിക്കണമെന്നുണ്ടു്, അതു്, ആ കാലാവധി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണു്. ലാൻഡ് ട്രിബ്യൂണലിൽ പോയാൽ വളരെയധികം കാലതാമസം ഉണ്ടാകും, ഒരു തീരുമാനം എടുക്കാൻ. ആ തീരുമാനത്തിന്മേൽ പിന്നെ അപ്പീൽ പോകാമെന്നുണ്ടു്.

ക്ലാസ്സ് 17-നു് വിധേയമായി റിസംപ്ഷൻ റൈററു് ഉപയോഗിക്കാൻ വളരെയധികം കാലതാമസം ഉണ്ടാകും. അതിൻെറ ഫലമായി കുടിയാനു് കൃഷിഭൂമിയിൽ കൃഷിയിറക്കുന്നതിനു് വൈഷമ്യം ഉണ്ടാകും. കൈവശാവകാശം നഷ്ടപ്പെടുമെന്നു് വന്നാൽ കുടിയാൻ കൃഷിയിറക്കാൻ തയ്യാറാകുകയില്ല. ഈ ബില്ലനുസരിച്ചു് സ്മാൾഹോൾഡേഴ്സിൻെറ ഡെഫിനിഷനിൽ വരുന്നതാണു് നമ്മുടെ നാട്ടിലെ ജന്മിമാരിൽ അധികംപേരും. സ്ഥിരാവകാശം കൊടുക്കുന്നതിനു് വേണ്ടി തീരുമാനം എടുക്കുന്നതിനുള്ള കാലാവധി പരമാവധി ചുരുക്കാൻ നമുക്കു് കഴിഞ്ഞില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തു് കാർഷികോൽപാദനത്തിൽ സാരമായ തകരാറുകളുണ്ടാകും. കുടിയാനു് കാർഷികരംഗത്തുള്ള ഉടമാവകാശത്തേയും കൈവശാവകാശത്തേയും സംബന്ധിച്ചു് ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനിശ്ചിതാവസ്ഥ ഇതിലെ പതിനെട്ടാംവകുപ്പിലും അൻപത്തിയൊന്നാം വകുപ്പിലും ഉണ്ട്. ആ വസ്തുക്കളെ സംബന്ധിച്ച് വേണ്ടത്ര ശ്രദ്ധയോടുകൂടി ഇവിടെ ചർച്ച ചെയ്തിട്ടില്ലെന്നുള്ളതാണ് എന്റെ ആക്ഷേപം. കാർഷിക പരിഷ്കരണം കൊണ്ട് സാധാരണ എല്ലാവരും പ്രതീക്ഷിക്കുന്നതു് കാർഷികോൽപ്പാദനം അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതാണ്. പക്ഷെ ഈ നിയമത്തിൽ കുടിയാന് താൽക്കാലികവും അനിശ്ചിതവുമായ സ്ഥിരാവകാശവും കൈവശാവകാശവും വരുന്നതുകൊണ്ട് നമ്മുടെ കാർഷികോൽപാദനത്തിൽ സാരമായി കുറവു സംഭവിക്കും. കൃഷിക്കാരന് ഭൂമിയിൽ സ്ഥിരാവകാശവും കൈവശാവകാശവും കൊടുത്ത് നമ്മുടെ കാർഷികോൽപാദനം പരമാവധി മെച്ചപ്പെടുത്തണമെന്നുള്ളതു് ഈ സഭയിൽ ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിച്ചിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്തുള്ള അനവധി ഏക്കർ ഭൂമികളെ സംബന്ധിച്ചുള്ള കൈവശാവകാശത്തിനും, ഉടമാവകാശത്തിനും തക്കങ്ങളുണ്ടാകും. അങ്ങനെ തർക്കങ്ങൾ ഉണ്ടാകുന്നതു് കാർഷികപരിഷ്കരണത്തെ സാരമായി ബാധിക്കും. നമ്മുടെ കാർഷിക സാമൂഹ്യസാമ്പത്തികഘടനയിൽ സമീപകാലത്തു് സാരമായി ബന്ധപ്പെടുത്തേണ്ടുന്ന ഒരു കാര്യത്തെപ്പറ്റിയാണ് ഇവിടെ ഇപ്പോൾ ചർച്ച ചെയ്യുന്നതെന്നുള്ള വസ്തുത ഈ സഭയിലെ അംഗങ്ങൾ വിസ്മരിക്കരുതെന്നാണ് എനിക്കു് പറയുവാനുള്ളതു്. ലാൻഡ് ട്രിബ്യൂണലിലേക്കു ഒരു അപേക്ഷ കൊടുത്താൽ അതിനൊരു തീരുമാനം എടുക്കാൻ വളരെ കാലതാമസം ഉണ്ടാകും. അതിന്റെ ഫലമായി ലാൻഡ് ട്രിബ്യൂണലുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവന്നു. എന്നിട്ടും കാലതാമസം ഉണ്ടാകുന്നുവെന്നും അതുകൊണ്ടു ഇനിയും ട്രിബ്യൂണലുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ഉള്ള ഒരു മുറവിളി സംസ്ഥാനത്തുണ്ടായി. ലാൻഡു് ട്രിബ്യൂണലിൽ കൊടുക്കുന്ന അപേക്ഷകളിൽ, എല്ലാ നൂലാമാലകളും കടന്നുവരുമ്പോൾ ഒരു തീരുമാനം എടുക്കുന്നതിനു് വളരെയധികം വർഷങ്ങൾ എടുക്കും. അതിനിടയിൽ കൃഷിയിറക്കാൻ കൃഷിക്കാർ തയാറാകുന്നില്ല. അതിന്റെ ഫലമായി നമ്മുടെ കാർഷികോൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു. ഇതാണ് ഞാൻ പറയുന്നതു്, ഈ ബില്ലിനെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ നടക്കുന്ന ഘട്ടത്തിൽ വളരെ വേഗത്തിൽ നിസ്സാരമായി പാസ്സാക്കേണ്ട ഒന്നല്ല ഇതെന്നു്. ഇവിടെ ചിലരുടെ വാദങ്ങൾ കേട്ടാൽ തോന്നും വളരെ വേഗത്തിൽ ഇതെല്ലാം പാസ്സാക്കണമെന്നും എന്തോ സാങ്കേതികമായ കാര്യങ്ങളെ ഇതിലുള്ളുവെന്നും. ആ ഒരു വാദം ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല കുടിയാനു് റിസംപ്ഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. ഈയിടെ ഹൈദരാബാദിൽ ഒരു ഭൂപരിഷ്കരണനിയമം പാസ്സാക്കി. അതിന്റെ ഫലമായി നാൽപത്തിയേഴ് ശതമാനത്തിലധികം കുടിയാന്മാരെ ഒഴിപ്പിക്കാനെ ഉപകരിച്ചിട്ടുള്ളുവെന്നു്, അതിന്റെ ഫലങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു് നിയമിച്ച കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇത്തരം വകുപ്പുകൾ വെയ്ക്കുമ്പോൾ ഏതു ഉദ്ദേശത്തോടുകൂടിയാണ് വെയ്ക്കുന്നതു് അതിന്റെ നേരെ വിപരീതമായ ഫലം ഉണ്ടാക്കരുതെന്നാണ് എനിക്കു് പറയുവാനുള്ളതു്. ഭൂമിയിൽ കൃഷിക്കാരനു് ഉടമാവകാശം കൊടുക്കണമെന്നും അവരെ ഒഴിപ്പിക്കാൻ പാടില്ലെന്നും അതിനാവശ്യമായ ഒരു ഭൂനയമാണ് ആവശ്യമെന്നും പ്ലാനിംഗ് കമ്മീഷൻ എത്രയോ തവണ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ഭൂപരിഷ്കരണത്തിന്റെ ഉദ്ദേശങ്ങളെ പരാജയപ്പെടുത്താനേ ഈ ഒഴിപ്പിക്കലുകൾ കൊണ്ടു സാധിക്കുകയുള്ളു. ഈ ബില്ലിൽ കൊടുത്തിരിക്കുന്ന വകുപ്പുകളിലെല്ലാം കുടിയാന്മാരെ ഒഴിപ്പിക്കുന്നതിനുള്ള പഴുതുകൾ വെച്ചിട്ടുണ്ട്. അതിനെ വളരെ ശക്തമായി എതിർക്കാതിരിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല. ഈ വകുപ്പുപ്രകാരം സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാരെ ഒഴിപ്പിച്ചെടുക്കാനുള്ള പഴുതുകൾ ഉള്ളതുകൊണ്ടാണ് ഞങ്ങൾ വീണ്ടും വീണ്ടും ഇതിനെ എതിർക്കുന്നതു്.

മറ്റൊരു കാര്യം എനിക്കു് പറയുവാനുള്ളതു് തിരുവിതാംകൂറിലെ കുടിയാന്മാരെ സംബന്ധിച്ചും മലബാറിലെ കുടിയാന്മാരെ സംബന്ധിച്ചും അവർക്കുള്ള റിസംപ്ഷൻ റൈറ്റിനെ സംബന്ധിച്ചുമാണ്. തിരുവിതാംകൂറിലെ കുടിയാന്മാരെ സംബന്ധിച്ച് നോക്കുകയാ

[ശ്രീ. കെ. ഭാർഗ്ഗവൻ]

ണെങ്കിൽ അവർക്ക് ഇന്നുവരെ കൈവശാവകാശമോ സ്ഥിരതയോ കിട്ടിയിട്ടില്ല. ജന്മിക്ക് എപ്പോൾ വേണമെങ്കിലും കുടിയാന്മാരെ ഇറക്കിവിടാൻ സാധിക്കും. പക്ഷെ മലബാറിലെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല. മലബാർ കുടിയായ്മ നിയമപ്രകാരം അവിടെയുള്ള കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരത കിട്ടി കഴിഞ്ഞിട്ടുണ്ട്. അവിടെയുള്ള ഒരൊററ കുടിയാനും ഇനി ഭൂമി ഒഴിഞ്ഞുകൊടുക്കേണ്ടിവരുമെന്നു ഒരു പ്രതീക്ഷയേയില്ല. മാത്രമല്ല മലബാറിലെ ജന്മിമാർക്കാണെങ്കിൽ കുടിയാന്മാരുടെ കൈവശമുള്ള ഭൂമി ഒഴിപ്പിച്ചെടുക്കണമെന്നുള്ള വിചാരവും ഇല്ല. പിന്നെ ഇപ്പോൾ ശ്രീ. ചാക്കോ ഈ നിയമം കൊണ്ടുവന്നു് അവർക്കു് ഒഴിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കി കൊടുത്തിരിക്കുകയാണു്. അവിടെയുള്ള ജന്മിമാർക്കാണെങ്കിൽ പാട്ടം ജാസ്തി കിട്ടണമെന്നുള്ള ഒരു വിചാരമേയുള്ളു. കുടിയാന്മാരെ ഒഴിപ്പിക്കാൻ സാധിക്കുമെന്നു് പ്രതീക്ഷിക്കാത്ത ഒരു വിഭാഗം ജന്മിമാർ മലബാറിലുണ്ടു്. അവിടെയുള്ള കുടിയാന്മാരെ സംബന്ധിച്ചു് ഈ നിയമസഭയിൽ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണു്. തിരുവിതാംകൂറിലും മലബാറിലും കുടിയാന്മാർക്ക് അവകാശം കൊടുക്കുന്നതിൽ ഒരു യൂണിഫാമിററി കൊടുക്കുന്നതിനു വേണ്ടിയാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നാണു് ശ്രീ. ചാക്കോ പറയുന്നതു്. അങ്ങനെ ഒരു യൂണിഫാമിററി ഉണ്ടാക്കുന്നതിനുവേണ്ടി മലബാറിലെ കുടിയാന്മാർ ഇന്നു് അനുഭവിച്ചുവരുന്ന അവകാശങ്ങളെല്ലാം തന്നെ ഇല്ലായ്മ ചെയ്യാൻ പോകുകയാണു്. എന്നു മാത്രമല്ല ഒരു പുതിയ ലെജിസ്ലേഷൻ ഉണ്ടാക്കുമ്പോൾ നാം പുതിയ തത്വങ്ങൾ സ്വീകരിക്കേണ്ടതാവശ്യമാണു്. അതിന്റെ ഉദ്ദേശം എന്താണോ അതു് നടപ്പിലാക്കാൻ കഴിയുകയും വേണം. അല്ലാതെ നിയമത്തിൽ കൊണ്ടുവരുന്ന തത്വങ്ങളൊന്നുംതന്നെ നടപ്പിലാക്കാൻ കഴിയാത്തവയായിരിക്കരുതു്. ഈ വകുപ്പുകളെല്ലാം കൊണ്ടുവരുമ്പോൾ അതെല്ലാം നടപ്പിലാക്കാൻ കഴിയാത്തതു് ആരുടെയും ശാഠ്യം കൊണ്ടല്ല എന്നാൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന മിക്ക വകുപ്പുകളും നടപ്പിലാക്കാൻ സാധിക്കാത്തവയാണു്. കൈവശമിരിക്കുന്ന ഭൂമിയിൽ പകുതി ജന്മിക്കു് ഒഴിഞ്ഞുകൊടുക്കണമെന്നും പകുതി ഭൂമിയുടെ നഷ്ടപരിഹാരം കൊടുത്തു് ആ ഭൂമി കുടിയാനു് എടുക്കണമെന്നുമാണു് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അങ്ങനെ നഷ്ടപരിഹാരം കൊടുത്തു് പകുതി ഭൂമി കൈയേൽക്കാൻ ഒരൊററ കുടിയാനും തയാറാകുകയില്ല. ഇങ്ങനെ പോയാൽ ഈ റിസംപ്ഷൻ റൈററു് എവിടെ ചെന്നു നിൽക്കുമെന്നാണു് ഞാൻ ചോദിക്കുന്നതു്. മന്ത്രി വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി, സ്മാൾഹോൾഡേഴ്സിനു ഈ ബില്ല് കൊണ്ടു് നന്മചെയ്യാൻ പോകുന്നുവെന്നു്. പക്ഷെ സ്മാൾഹോൾഡേഴ്സിനു് ഇതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. പിന്നെ സ്മാൾ ഹോൾഡേഴ്സ് എന്നു് വിശേഷിപ്പിക്കുന്ന ജന്മിമാരെ സഹായിക്കാൻവേണ്ടിയാണു് ഈ വകുപ്പുകൊണ്ടു് ഉദ്ദേശിക്കുന്നതെങ്കിൽ, ആ ഉദ്ദേശം ഒട്ടുംതന്നെ നടപ്പിലാകാൻ പോകുന്നതുമില്ല. ഇങ്ങനെ നടപ്പിലാകാൻ സാദ്ധ്യമല്ലാത്ത വകുപ്പുകൾ നിയമത്തിൽ എഴുതിവെയ്ക്കുന്നതു് ആരുടെ കണ്ണിൽ മണ്ണിടാനാണെന്നാണു് ഞാൻ ചോദിക്കുന്നതു്. പിന്നെ സ്മാൾഹോൾഡറെ രക്ഷിക്കാൻ വേണ്ടിയാണെങ്കിൽ അതു് പ്രത്യേകമായി എഴുതിവെയ്ക്കാവുന്നതാണു്. ഇവിടത്തെ ഉദ്ദേശം അതല്ല. ആ ഉദ്ദേശങ്ങൾ ഒന്നുംതന്നെ നടപ്പിലാകാൻ പോകുന്നതുമില്ല.

ശ്രീ. കെ. എം. ജോർജ്ജ് : പഴയ അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ തിരുവിതാംകൂറിലെ കുടിയാന്മാരുടെ കൈവശമിരിക്കുന്ന ഭൂമിയിൽനിന്നും പകുതി ഭൂമി ഒഴിപ്പിക്കാമെന്നു എഴുതിവെച്ചിരുന്നതിന്റെ ഉദ്ദേശവും ഇതുതന്നെയാണോ ?

ശ്രീ. കെ. ഭാർഗ്ഗവൻ: തിരുവിതാംകൂറിലെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളവും മലബാറിലെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളവും വ്യത്യാസമുണ്ടു്. ആ വ്യത്യാസങ്ങൾ ശ്രീ. ജോർജ്ജിനു് അറിഞ്ഞുകൂടാത്തതുകൊണ്ടാണോ എന്നോടു ചോദിച്ചതു്. പകുതി ഭൂമി പർച്ചേസ് ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം തിരുവിതാംകൂറിലെ കുടിയാന്മാർക്ക് കിട്ടുന്നത് അവരെ സംബന്ധിച്ചിടത്തോളം വലിയ ഒരു നേട്ടമാണ്. എന്നാൽ മലബാറിലെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അതില്ല. കാരണം മലബാറിലെ കുടിയാന്മാർക്കാണെങ്കിൽ അവർക്ക് ഇപ്പോൾതന്നെ ഭൂമിയിൽ സ്ഥിരാവകാശം കിട്ടിയിരിക്കുകയാണ്. അങ്ങനെ സ്ഥിരാവകാശം കിട്ടിയിരിക്കുന്നവരുടെ കൈവശമുള്ള ഭൂമിയിൽനിന്നും പകുതി ജന്മിക്ക് ഒഴിഞ്ഞുകൊടുക്കണമെന്നും, പകുതിഭൂമി പ്രതിഫലസംഖ്യ കൊടുത്തു വാങ്ങിക്കണമെന്നും പറഞ്ഞാൽ അവരെ സംബന്ധിച്ചിടത്തോളം അതു് ഒരു വലിയ അനീതിയായിരിക്കും. ഈ നിയമപ്രകാരം കുടിയാന്മാർ എല്ലാ കാലത്തും കുടിയാന്മാരായി തുടരാനുള്ള സാഹചര്യമാണുണ്ടാക്കിയിരിക്കുന്നത്. ടെനൻറ് എല്ലാ കാലവും ടെനൻറായി തുടരുന്നതിന് സഹായിക്കുന്ന ഒരു വകുപ്പാണ് ഇതു്. ഇങ്ങനെയുള്ള വകുപ്പുകൾ കൊണ്ട് കാർഷികപരിഷ്കരണം നടപ്പിൽ വരുത്താമെന്ന് വിചാരിക്കുന്നത് ശരിയല്ല. ടെനൻസി സമ്പ്രദായം ശാശ്വതമായി നിലനിറുത്തുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്ന് പറയാനും ഗവൺമെൻറ് തയാറാകുന്നില്ല. ഭൂപരിഷ്കരണത്തിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമല്ല ഇതു്. ടെനൻറിന് പർച്ചേസ് റൈററ് കൊടുക്കുക, അവർക്ക് ഭൂമിയിൽ ഉടമാവകാശം കൊടുക്കുക എന്നുള്ളതാണ് കാർഷികപരിഷ്കരണത്തിൻെറ ഉരകല്ലും മർമ്മപ്രധാനവുമായ ഭാഗം. അതു മനസ്സിലാക്കാൻ ഗവൺമെൻറു ഭാഗത്തിരിക്കുന്നവർ ശ്രമിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളതു്. ശ്രീ. നാരായണക്കുറുപ്പ് തന്നെ ചില ഭേദഗതികൾ ഇതിന് കൊടുത്തിട്ടുണ്ട്. അദ്ദേഹം അതൊന്നും മൂവുചെയ്യാത്തതുകൊണ്ട് ഞാൻ അതിനെപ്പററി കൂടുതലായിട്ടൊന്നും പറയുന്നില്ല. ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ചോദിക്കുകയുണ്ടായി, കുടിയാന് മാത്രം സംരക്ഷണം ചെയ്തുകൊടുത്താൽ ജന്മിമാർക്ക് പ്രയാസങ്ങൾ ഉണ്ടാകുകയില്ലേയെന്ന്. ജന്മിമാർക്ക് പ്രയാസമില്ലാത്ത രീതിയിലുള്ള ഒരു ഭൂനയബില്ല് കൊണ്ടുവരാൻ ആക്കെങ്കിലും സാധിക്കുമോ? ആരെങ്കിലും അങ്ങനെ കൊണ്ടുവന്നിട്ടുണ്ടോ? ജന്മിമാർക്ക് പ്രയാസങ്ങൾ ഉണ്ടാകുകയില്ലേയെന്നുള്ള വാദങ്ങൾ ഒന്നുംതന്നെ യഥാർത്ഥത്തിലുള്ള വാദങ്ങളല്ലയെന്നാണ് എനിക്ക് പറയുവാനുള്ളതു്. ഇതു് കർഷകരെ ദ്രോഹിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു വ്യവസ്ഥയാണ്. ഇതു് കർഷകരെ നന്നാക്കാൻവേണ്ടിയുള്ളതല്ല, ഭൂപരിഷ്കരണത്തിന് അടിസ്ഥാനപരമായ വ്യവസ്ഥയല്ല ഇതു്. ഇതിനെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, എൻെറ ഒന്നാമത്തെ ഭേദഗതിയുടെ ഉള്ളടക്കം ശ്രീ. ഭാർഗ്ഗവൻെറ ഭേദഗതിയുടേതു തന്നെയാണ്. രണ്ടാമതു്, കാർഷികബന്ധബില്ലിലെ 15—ാം വകുപ്പിൽ രണ്ടാം ഉപവകുപ്പിൽ സ്ഥിരാവകാശം ലഭിച്ചു കഴിഞ്ഞ കുടിയാന്മാർക്ക് നൽകിയിരുന്ന മൂന്നു ചായിസുകളുണ്ട്. ഈ ക്ലാസിനെക്കുറിച്ച് പറയുമ്പോൾ പ്രധാനമായി ഇതിലുള്ള എതിർപ്പിൻെറ അടിസ്ഥാനം എന്താണെന്നു ഇവിടെ പറഞ്ഞുകഴിഞ്ഞു. അതു് ഇനിയും പറയുകയാണെങ്കിൽ ആപൽക്കരമായിപ്പോകും. ഈ ബില്ലിലെ ഏററവും പ്രധാനമായിട്ടുള്ള ഒരു വകുപ്പാണ് ഇതെന്നുള്ളതു് ഇതിനുമുമ്പുതന്നെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. സ്ഥിരാവകാശം അനുഭവിച്ചുകൊണ്ടിരുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം—നിയമപരമായി ഒന്നിലധികം തവണ അവകാശം അനുവദിച്ചു കൊടുത്തുകഴിഞ്ഞതിനുശേഷം—അവരുടെ അവകാശം തിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പാണ് ഇതിൽ നിൽക്കുന്നതു്. അങ്ങനെ സ്ഥിരാവകാശം നിയമപരമായി ലഭിച്ച കുടിയാന്മാരുടെ അവകാശം എടുത്തുകളയുന്നതിനുവേണ്ടിയുള്ള ഒരു നിയമം, ഈ ഭാഗത്തുനിന്നു പറഞ്ഞതുപോലെ, അതൊരു പുരോഗമനപരമായ കാർഷികപരിഷ്കാരമാവുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനുമുമ്പത്തെ ആക്ററിനെക്കുറിച്ച് പറയുമ്പോൾ, അതിൽ തകരാറുകളുണ്ട്, രേണപരമായ കുഴപ്പങ്ങളുണ്ട്, അതുകൊണ്ട് പുതിയ ബിൽ വേണമെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളതു്. അടിസ്ഥാനതത്വങ്ങളിൽ മാററം വരുത്തുന്നതല്ലെങ്കിൽ ...രം മറിച്ച് എന്തെങ്കിലും മാററങ്ങൾ തത്വപരമായി ഈ ബില്ലിൽ വരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണപിള്ള]

ത്തുന്നപക്ഷം അത് കുടിയാന്മാർക്ക് അനുകൂലമായി മാത്രമേ ആയിരിക്കുകയുള്ളുവെന്നും ഈ സഭയിൽ പല തവണ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. പക്ഷെ ഈ വകുപ്പിനെ സംബന്ധിച്ച് മന്ത്രിക്ക് എന്താണ് പറയുവാനുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിയമപരമായി കിട്ടിയ അവകാശങ്ങളെ കുടിയാന്മാരിൽനിന്നെടുത്ത് ജന്മിക്ക് കൂടുതൽ അധികാരം കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പെന്നുള്ള നിലയിലാണ് ഞങ്ങൾക്ക് ഇതിനോട് ശക്തിയായ പ്രതിഷേധമുള്ളത്. അതുകൊണ്ടു തന്നെയാണ് ആവർത്തിച്ചാവർത്തിച്ച് ഇതു പറയേണ്ടിവരുന്നത്. ഇനിയും ഇതിനെസംബന്ധിച്ച് പറയേണ്ടിവരും. അതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഗവണ്മെന്റ് ഈ വകുപ്പിനെ സംബന്ധിച്ചുള്ള ഇന്നത്തെ നിലപാട് മാററണം. മാററിയിട്ട് തിരിച്ചെടുക്കാനുള്ള അവകാശം ജന്മിമാർക്ക് കൊടുത്തിട്ടുള്ളത് പിൻവലിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. കൂടുതലായി ഞാനൊന്നും പറയുന്നില്ല.

ശ്രീ. ആർ. കൃഷ്ണൻ: ഞാൻ ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ പിൻതാങ്ങുന്നു. സർ, ഈ വകുപ്പ് വായിച്ചാൽ പ്രത്യക്ഷത്തിൽ തോന്നുന്ന അപകടമല്ല ഇതിനകത്തുള്ളത്. വളരെയധികം കുടിയാന്മാർക്ക് ദോഷകരമായ ഒരു വകുപ്പാണ് ഇത്. യഥാർത്ഥത്തിലുള്ള ചെറുകിടക്കാർ കാർഷികബന്ധനിയമംകൊണ്ട് കഷ്ടപ്പെടുന്നു എന്നു പറഞ്ഞ് അവരുടെ കണ്ണീർ തുടയ്ക്കാൻവേണ്ടിയാണെന്നു പറഞ്ഞുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഈ ബില്ലിലെ ഒരു പ്രധാനപ്പെട്ട വകുപ്പാണ് ഇത്. ഈ വകുപ്പ് നടപ്പിൽ വരുത്തിയാൽ യഥാർത്ഥത്തിലുള്ള ചെറുകിടക്കാർ മാത്രമല്ല വൻകിടക്കാരായ മിക്കവരും ഈ വകുപ്പിനെത്തുടർന്നും ഇതിനുമുമ്പ് പാസ്സാക്കിയിട്ടുള്ള വകുപ്പിനെത്തുടർന്നും ചെറുകിടക്കാരായി മാറുകയും, അവർ കുടിയാന്മാരെ ഞെക്കിപ്പിഴിഞ്ഞ് അരിച്ചെടുത്ത് പാട്ടം ഈടാക്കാനും കേവലം പകുതി ഭൂമി പോലും കുടിയാന്റെ കൈവശമുള്ളത് വിട്ടുകൊടുക്കാനുമുള്ള ഒരു അവസരം ഉണ്ടാകുമെന്നുള്ള നിലയിൽ ഞങ്ങൾ ഇതിനെ ശക്തിയായി എതിർക്കുകയാണ്. സർ, ഈ വകുപ്പ് നടപ്പിൽ വരുവാൻ പോകുന്നില്ല. കാരണമെന്താണെന്നു വച്ചാൽ ഈ ബില്ലിലെ മൂന്നാം ഷെഡ്യൂൾ അനുസരിച്ച് മര്യാദപ്പാട്ടം കണക്കാക്കുന്നതിൽ അതിന്റെ 16 ഇരട്ടി പ്രതിഫലം കൊടുക്കേണ്ടിവരിക എന്നു പറഞ്ഞാൽ യഥാർത്ഥത്തിൽ അതു കൊടുക്കാൻ മിക്ക കുടിയാന്മാർക്കും സാമ്പത്തിക കഴിവില്ല എന്നതുതന്നെ ഇന്നത്തെ കരാർപാട്ടത്തിന്റെ പത്തിരട്ടിയോ കേവലം പന്ത്രണ്ടിരട്ടിയോ കൊടുത്താൽ ഇന്നുള്ള മാർക്കററുവിലയായി. ഈ മാർക്കററുവിലയ്ക്ക് വേണ്ടത്ര ഭൂമി വാങ്ങാൻകിട്ടുമെന്നിരിക്കെ ഈ വകുപ്പുപ്രകാരം അധികവില കിട്ടാവുന്ന ജന്മിയെ സഹായിക്കുന്നതെന്തിന്? ഈ തോതനുസരിച്ച് 16 ഇരട്ടി പ്രതിഫലം കൊടുത്ത് ഇതു വാങ്ങണമെങ്കിൽ പകുതി ജന്മിക്ക് ഒഴിഞ്ഞുകൊടുക്കണം. ഒരു നിയമം പാസ്സാക്കിയിട്ട് രണ്ടു കൊല്ലം കഴിയുമ്പോഴേക്കും ഒരു നിയമസഭയ്ക്ക് ആ നിയമത്തെത്തന്നെ മാററാൻ കഴിവുണ്ടെങ്കിൽ ഈ ബിൽ ആക്ററായി നടപ്പിൽ വന്നുകഴിഞ്ഞാലും അതു പിന്നെയും മാററുവാൻ കഴിയുമെന്നു ധരിക്കുന്ന കുടിയാന്മാർ ഈ വകുപ്പനുസരിച്ച് പർച്ചേസ്റൈററ് ഉപയോഗിക്കാൻ തയ്യാറാവുകയില്ല. അതുകൊണ്ട് ഇതു നടപ്പിൽ വരുവാൻ പോകുന്നില്ല. അതുകൊണ്ട് ജന്മിക്കു കൂടുതൽ പാട്ടം കിട്ടുമോ എന്നു ചോദിച്ചാൽ ഒരൊററ പൈപോലും കൂടുതൽ പാട്ടം കിട്ടുകയുമില്ല. ഒരൊററ മണി നെല്ലുപോലും കൂടുതൽ പാട്ടം കൊടുക്കാൻ കുടിയാൻ തയ്യാറാകയില്ല. ഇതു് കുടിയാനും ജന്മിക്കും വളരെ ദ്രോഹകരമായിട്ടുള്ള ഒരു വകുപ്പാണ്. കുടിയാനെയും ജന്മിയെയും കോടതി കയററിച്ച് തമ്മിൽ തല്ലിക്കാമെന്നല്ലാതെ ഇതുകൊണ്ട് യാതൊരു ഗുണവും കിട്ടാൻപോകുന്നില്ല. ഇതു നടപ്പിലാക്കിയാൽ കൂടുതൽ കുഴപ്പവും കൂടുതൽ ബുദ്ധിമുട്ടുണ്ടാകുമെന്നല്ലാതെ ഈ തോതു നിലനിൽക്കാൻ പോകുന്നില്ല. അതുകൊണ്ട് ശ്രീ. ടി. സി. നാരായണൻ നമ്പ്യാരുടെ ഭേദഗതി അംഗീകരിച്ച് വകുപ്പിൽ ആവശ്യമായ മാററം വരുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഈ. ബലറാം: ഈ വകുപ്പ് എടുത്തു കളയണമെന്നു ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. പക്ഷേ അതു മൂവ് ചെയ്യാതെ ഇവിടെ കൊണ്ടു വന്നിട്ടുള്ള മററു ഭേദഗതികളെ പിൻതാങ്ങിക്കൊണ്ടു് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനി അങ്ങോട്ടുള്ള എൻെറ കടമ വളരെ ലളിതമായ ഒന്നാണ്, അതു് എല്ലാററിനേയും എതിർക്കുക എന്നുള്ളതാണ്. ഈ ബില്ലിലുള്ള എല്ലാ ക്ലാസിനെപ്പററിയും ഇനി ചർച്ചയ്ക്കു വരുമ്പോഴും എൻെറ ഒരൊററ ജോലി എതിർക്കുക എന്നുള്ളതാണ്. ഇനി ഈ ബിൽ നന്നാക്കാൻ ബ്രഹ്മാവു് വിചാരിച്ചാലും സാധിക്കുമെന്ന വിശ്വാസം എനിക്കില്ല. ഗുണംപിടിച്ച ഒരു കാര്യവും ഈ ബിൽകൊണ്ടു് ഈ രാജ്യത്തു് ഉണ്ടാകാനും പോകുന്നില്ല. ആളുകളെ പററി ഞാൻ പലതും പറയും. ഇതു പറയുവാൻ കാരണം പ്രധാനമായി ഈ ക്ലാസു് തന്നെയാണ്. സർ, ഇതു് നടപ്പിലാക്കുക എങ്ങനെയാണെന്നാണു് ഞാൻ ഇതുവരെ ആലോചിച്ചുകൊണ്ടിരുന്നതു്. ഏതായാലും രാജ്യത്തിൻെറ നാനാഭാഗങ്ങളിലും നൂറുകണക്കിനു് ലാൻഡ് ട്രൈബ്യൂണലുകൾ അടിയന്തിരമായി ഗവൺമെൻറു് നിശ്ചയിക്കേണ്ടിവരും. കാരണം ഈ ചെറുകിടക്കാരെന്നു പറയുന്ന ജന്മിമാർക്കു് മുഴുവനും പാട്ടം വർദ്ധിപ്പിക്കുവാൻ അങ്ങേയററത്തുള്ള അവസരം നൽകിയിരിക്കുകയാണ്. മലബാറിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ പാട്ടം നൽകുന്നതിനെ സംബന്ധിച്ചു് ഏതൊരു നിയമം വന്നാലും, രാജ്യത്തിൽ എന്തൊക്കെ മാററം വന്നാലും, സ്വതന്ത്രാപാർട്ടി തന്നെ ഒരുപക്ഷേ ഇൻഡ്യയുടെ ഭരണം ഏറെറടുക്കേണ്ടിവന്നാലും, അതു സാധിക്കുകയില്ലെന്നാണു് എൻെറ വിശ്വാസം, എന്നാലും പാട്ടം വർദ്ധിക്കുമെന്നു് ആരും വിശ്വസിച്ചിരുന്നില്ല. ഇപ്പോഴും അവർ വിശ്വസിക്കുന്നതു് പാട്ടം വർദ്ധിക്കുമെന്നുതന്നെയാണ്. പാട്ടം വർദ്ധിക്കുകയില്ല, പാട്ടം വർദ്ധിപ്പിക്കുവാനുള്ള യാതൊരു സൗകര്യവും ഈ ബിൽകൊണ്ടു് ഉണ്ടാകുകയില്ല, നിലവിലുള്ള കുടിയാന്മാരുടെ അവകാശങ്ങളും പരിപൂർണ്ണമായി സംരക്ഷിക്കപ്പെട്ടുമെന്നൊക്കെ മലബാർകാരായ എം. എൽ. എ. മാരെല്ലാംതന്നെ നാട്ടനീളെ ഈ ബില്ലിനെ വിമർശിക്കുന്ന മദ്ധ്യേ പ്രസംഗിച്ചു നടന്നതായി പത്രങ്ങളിൽ വന്നിട്ടുണ്ട്. ഈ പാട്ടം കൂട്ടുമെന്നൊക്കെ പറയുന്നതു് ഒരു പ്രചരണമാണെന്നാണു് അന്നവർ പറഞ്ഞു നടന്നതു്. അങ്ങനെ പാട്ടം കൂട്ടാൻ പോകുന്നില്ല, യാതൊരു കാരണവശാലും അങ്ങനെ ചെയ്യുകയില്ല എന്നൊക്കെ ആവർത്തിച്ചു് ഉറപ്പിച്ചു പ്രസംഗിച്ചു നടന്ന പലരും വിശേഷിച്ചും എൻെറ സ്നേഹിതനായ ശ്രീമാൻ പി. മാധവൻ പല സ്ഥലത്തുവച്ചും ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്നു് ഒരക്ഷരവും ഈ ക്ലാസിനെതിരായി പറഞ്ഞു കാണാത്തതിൽ വ്യസനമുണ്ട്. ഒരൊററ നയാപൈസപോലും പാട്ടം വർദ്ധിപ്പിക്കുവാൻ പോകുന്നില്ല എന്നാണു് അവിടെയുള്ളവരെ വിശ്വസിപ്പിച്ചിരുന്നതു്. ആ വിശ്വാസങ്ങളൊക്കെ തെററിപ്പോയി എന്നു് ഇപ്പോഴും ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ഭൂമിയിൽ അധികം പാട്ടം കൊടുക്കാൻ ഇടവരുമെന്നോ, ഇതുവരെയായി സ്ഥിരമായി അനുഭവിച്ച ഭൂമികൾക്കു് ഉറപ്പില്ലായ്മ വരുമെന്നോ ഇതൊന്നും ആരും പ്രതീക്ഷിച്ചതല്ല. ഒരു കാര്യം ഏതായാലും അവിതർക്കിതമായ രീതിയിൽ തെളിഞ്ഞു, പാട്ടം കൂട്ടുമെന്നുള്ളതു്. ഒരിരട്ടിയും രണ്ടിരട്ടിയും പത്തിരട്ടിയുമല്ല വർദ്ധിക്കാൻ പോകുന്നതു്. ഒരു ശ്രുപ്പയ്ക്കു താഴെ പാട്ടം കൊടുത്തിരുന്ന കുടിയാന്മാർ ഈ ഫെയർ റെൻറു് ഫിക്സ് ചെയ്യാനുള്ള അവകാശം ജന്മിക്കു് നൽകപ്പെട്ടതിൻെറ ഫലമായി എത്രയോ ഇരട്ടി പാട്ടം കൊടുക്കാൻ ഇടവരുന്നതാണ്. പാട്ടം വർദ്ധിപ്പിക്കാൻ ഉടൻതന്നെ ജന്മിമാർ ട്രൈബ്യൂണലുകളിൽ ഹർജി കൊടുക്കും. അങ്ങനെ ആയിരക്കണക്കിനും പതിനായിരക്കണക്കിനും ഹർജികൾ ട്രൈബ്യൂണലുകളിൽ വരും. മലബാറിൽ വ്യവഹാരങ്ങളുടെ ഒരു വെള്ളപ്പൊക്കംതന്നെ ഉണ്ടാകും. അവിടെയൊക്കെ ചെറുകിട ജന്മിമാർ കോടതിയിൽ പോകും. ഇങ്ങനെ ആയിരക്കണക്കിനും പതിനായിരക്കണക്കിനും കേസ്സുകളുടെ ഒരു ഫ്ളഡ് ഗേററു തുറന്നുവിടലാണു് അവിടെ ഉണ്ടാകാൻ പോകുന്നതു്. പ്രത്യക്ഷത്തിൽ നോക്കിയാൽ കാണുന്നതു് മലബാറിലെ കുടിയായ്മാവകാശത്തിൻെറ വില ഇടിച്ചുതകർക്കുകയാണു് ചെയ്യുന്നതു് എന്നാണ്. മുമ്പത്തെ കാര്യം പറയുകയാണെങ്കിൽതന്നെ ഭൂപണയബാങ്കിലായാലും ശരി, കോവാപ്പറേറീവു് സൊസൈററികളിലാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

യാലും ശരി, പണം ഇടപാടുകാരിലായാലും ശരി, 500 രൂപ തരണമെന്നു പറഞ്ഞാൽ കുടിയാന് അവകാശം ഉണ്ടായിരുന്നാൽ കൊടുക്കും. ഏതാണ്ട് ജന്മത്തിന്റെ വിലയുടെ മുക്കാൽഭാഗം കടമായി കൊടുക്കും. കോവാപ്പറേറ്റീവ് സൊസൈററികൾക്കാണെങ്കിൽ കുടിയായ്മാവകാശം പണയം വച്ചാൽ മതി. ഇനി ഒരു കൈവശക്കാരനും കുടിയായ്മാവകാശം പണയം വച്ച് മലബാറിൽ കടം വാങ്ങാൻ കഴിയുകയില്ല. കാരണം ഭൂമിയിൽ സ്ഥിരാവകാശമില്ല. കടവായ്പയ്ക്കുള്ള സൗകര്യങ്ങളെ പൂർണ്ണമായും ഈ ക്ലാസ് ഇല്ലാതാക്കിയിരിക്കുന്നു. കുടിയായ്മാവകാശം വില കുറഞ്ഞതും, ജന്മാവകാശം വില കൂടിയതുമാണെന്നു വന്നിരിക്കുന്നു. വളരെ കഷ്ടമായിപ്പോയി. എല്ലാം അസ്തമിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇതു ഭൂപരിഷ്ക്കരണമാണെന്നു പറയണമെങ്കിൽ എങ്ങനെ സാധിക്കുമെന്ന് എനിക്കറിയുകയില്ല. ഇതിലുള്ള ഒരൊററ ക്ലാസിനേയും ഒരു നിയമസഭാസാമാജികൻ എന്നുള്ള നിലയിൽ ഞാൻ അനുകൂലിക്കാൻ പോകുന്നില്ല. എല്ലാം വായിച്ചു നോക്കി. കുടിയാന്മാരുടെ അവകാശം നഷ്ടപ്പെടുത്താമെന്നല്ലാതെ അവർക്ക് ഇതുകൊണ്ട് യാതൊരു ഗുണവും കിട്ടാൻ പോകുന്നില്ല. ഇങ്ങനെ ഒരു നിയമം കേരളത്തിലുണ്ടാകുമെന്നു മലബാറിലെ കൃഷിക്കാർ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല. ഈ നിയമം നടപ്പിലാക്കാൻ കഴിയുമോ എന്ന് എനിക്കറിഞ്ഞുകൂട. അതുകൊണ്ട് ഞാൻ യാതൊരു ഭേദഗതിയും കൊടുക്കുന്നില്ല. ഞാൻ ഇതിനെ പരിപൂർണ്ണമായി എതിർക്കുകയാണ്.

ശ്രീ. ആർ. രാഘവമേനോൻ: സ്പീക്കർ സർ, കാർഷികബന്ധനിയമം ഇപ്പോൾ ഇവിടെ കൊണ്ടുവന്നതിനെപ്പററി പല വിമർശനങ്ങളും കേൾക്കുകയുണ്ടായി. ഈ കാര്യത്തെ സംബന്ധിച്ച് നല്ലവണ്ണം ആലോചിച്ചു പറയുന്ന അഭിപ്രായമാണെന്നു തോന്നുന്നില്ല. മലബാറിലെ കാര്യം എനിക്കറിയാം. ബാക്കിയുള്ള സ്ഥലങ്ങളിലെ സ്ഥിതിയും കുറേക്കാലമായി കാർഷികബന്ധനിയമംമൂലം എനിക്കറിയാൻ സാധിച്ചിട്ടുണ്ട്. കുടിയാനു സ്ഥിരാവകാശം കൊടുക്കുക, കുടിയാന് സർവ്വാവകാശവും കൊടുക്കുക അല്ലെങ്കിൽ ഒന്നും നടക്കുകയില്ല എന്നാണ് ഇവർ പറയുന്നതു്. ഇതു് പാർട്ടിയുടെ പ്രചരണത്തിനു വേണ്ടിമാത്രം പറയുന്ന ഒന്നാണ്. ഇതു് വെറും പ്രോപ്പഗണ്ടയല്ലാതെ മറെറാന്നുമല്ല. മലബാറിൽ സ്ഥിരാവകാശം കൊടുക്കുന്നതിന് ഞങ്ങൾക്കു വിരോധമില്ല. എന്നാൽ സ്ഥിരാവകാശംകൊണ്ട് ഭൂവുടമസ്ഥന്റെ ഭൂമി ഒരിഞ്ചുപോലും ഉടമസ്ഥനു കൊടുക്കാതെ സർവ്വ അവകാശവും കുടിയാനാണ് എന്ന വാദം എന്തായാലും ശരിയല്ല. ഭൂപരിഷ്കരണം രണ്ടു കൂട്ടർക്കും ഒരുപോലെ വേണം. ഭൂമിയുടെ ഉടമസ്ഥനായിരിക്കുന്ന ആൾക്കു് ഭൂമിയിൽ യാതൊരു അവകാശവും ഇല്ലെന്നുവച്ചാൽ അതു് അനീതിയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മലബാറിൽ കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമി ഏതെങ്കിലും അവസരത്തിൽ ഒഴിപ്പിച്ചെടുക്കാൻ സാധിക്കുമെന്ന് ഏതെങ്കിലും ജന്മി വിചാരിച്ചിട്ടുണ്ടോ, ഈ ബിൽ വരുന്നതിനു മുമ്പ്?

ശ്രീ. ആർ. രാഘവമേനോൻ: ഭൂമി ഒഴിപ്പിക്കുന്ന സമ്പ്രദായം അവിടെയില്ല. അവിടെ കുടിയാനും ജന്മിയും യോജിച്ചുകൊണ്ടാണ് പോകുന്നതു്. ഇപ്പോഴും അങ്ങനെതന്നെയാണ്. യാതൊരു തരക്കേടും വന്നിട്ടില്ല. ഇപ്പോൾ തരക്കേടുണ്ടാക്കുന്നതു് നിങ്ങളെപ്പോലുള്ളവരാണ്. നിങ്ങളെപ്പോലുള്ളവർ ജന്മിക്കു പാട്ടം കൊടുക്കണ്ടാ, കുടിയാന് ഉടമസ്ഥാവകാശം ഏല്പിച്ചുതരാം, പാട്ടം കൊടുക്കുന്നതു തെററാണ് എന്നൊക്കെ പറഞ്ഞു് അവിടെ ലഹള ഉണ്ടാക്കുകയാണ്. മുഴുവൻ കുടിയാനു കൊടുത്താൽ ജന്മിക്കും ജീവിക്കണ്ടേ? അതല്ല വേണ്ടതു്. നമ്മൾ നിയമമുണ്ടാക്കുമ്പോൾ ഉടമസ്ഥനും കുടിയാനും ഒരുപോലെ അവകാശം കൊടുക്കണം. കൃഷി ചെയ്താൽ പാട്ടം കൊടുത്താൽ മതി എന്ന് കുടിയാനും ജന്മിയുമായി സമ്മതിച്ചിട്ടുള്ളതാണ്. നേരേമറിച്ച് ജന്മിക്കു പാട്ടം കൊടുക്കാതെ, ഭൂവുടമസ്ഥന്നു് പാട്ടവും കൊടുക്കുകയില്ല, പകുതി

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയും കൊടുക്കുകയില്ലെന്നു പറയുന്നതു് ശരിയല്ല. ഭൂവുടമസ്ഥനു് എന്തിനാണു് ഭൂമി വിട്ടുകൊടുക്കുന്നതു്, അവരാണോ ഭൂമി സൃഷ്ടിച്ചതു്, അവനാണോ അദ്ധ്വാനിക്കുന്നതു് ഞങ്ങളല്ലേ എന്നൊക്കെ ചോദിക്കാൻ തുടങ്ങിയാൽ രക്ഷയൊന്നുമില്ല. പണ്ടു് ഇങ്ങനെയൊന്നുമായിരുന്നില്ല.

മി. സ്പീക്കർ : മെമ്പർ അമെൻഡ്മെൻറിനെ ഒപ്പോസു ചെയ്തു സംസാരിക്കുകയാണോ, സപ്പോർട്ടുചെയ്തു സംസാരിക്കുകയാണോ ?

ശ്രീ. ആർ. രാഘവമേനോൻ : ഞാൻ ബില്ലിനെപ്പററിയാണു് സംസാരിക്കുന്നതു്.

മി. സ്പീക്കർ : ബില്ലിനെപ്പററി സംസാരിക്കേണ്ട. അമെൻഡ്മെൻറിനെപ്പററി സംസാരിച്ചാൽ മതി.

ശ്രീ. ആർ. രാഘവമേനോൻ: ഞാൻ പറയുന്നതു് ഈ നിയമം കഴിയുന്നിടത്തോളം മര്യാദയായിട്ടുള്ള ഒരു നിയമമാണു് എന്നാണു. ജന്മിക്കു് പാട്ടം കിട്ടുന്നതുമര്യാദയായിട്ടു കിട്ടാൻ വല്ലതും ഈ ബില്ലിൽ ചെയ്യുന്നുണ്ടു്. ഇതിൽ എല്ലാവരുടെയും എല്ലാ അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു എന്നു ഞാൻ പറയുന്നില്ല. കുടിയാനു് സ്ഥിരാവകാശം കൊടുത്താൽ എന്തോ മഹൽക്കാര്യം സാധിച്ചു മട്ടിലാണു് ഇവർ പറയുന്നതു്. കുടിയാനും ഭൂവുടമസ്ഥനും തമ്മിലുള്ള സ്നേഹം നശിപ്പിക്കുക മാത്രമാണു് ഇവർ ചെയ്യുന്നതു്. അതുകൊണ്ടു് ഇതു ഭയപ്പെടേണ്ട ഒരു നിയമമല്ല. ഈ നിയമംകൊണ്ടു് കുടിയാനു് കഴിയുന്നിടത്തോളം സകല ഗുണങ്ങളും ചെയ്തിട്ടുണ്ടു്. സ്ഥിരാവകാശം കൊടുത്തിട്ടുണ്ടു്. ഒന്നുകിൽ സ്ഥിരാവകാശമുള്ള കുടിയാനായിരുന്നുകൊള്ളണം, അല്ലെങ്കിൽ ഒഴിഞ്ഞുകൊടുക്കണം. കൃഷിക്കാരനു് കൃഷി ചെയ്യാനുള്ള സൗകര്യം കൊടുക്കുന്നുണ്ടു്. കൃഷി ചെയ്യാൻ മനസ്സില്ലെങ്കിൽ ഒഴിഞ്ഞുകൊടുക്കട്ടെ. ഭൂവുടമസ്ഥനാണെന്നു പറഞ്ഞുകൊണ്ടു അയാളുടെ ഭൂമിയെല്ലാം കുടിയാനു വെറുതെ കൊടുക്കാൻ സാധിക്കുമോ? ഭക്ഷണത്തിനുവേണ്ടിയിട്ടു് ഭൂവുടമസ്ഥനു് ഒഴിപ്പിക്കാൻ സാധിക്കാതെവന്നാൽ എന്താണു ചെയ്യുക. നമ്മുടെ രാജ്യം കൃഷിയെ ആശ്രയിച്ചു നിൽക്കുന്ന രാജ്യമാണു്. കൃഷി ചെയ്യാതെ ലഹളയുണ്ടാക്കിക്കൊണ്ടു് നടന്നാൽ രാജ്യം നശിക്കും അല്ലാതൊരു ഗുണവുമില്ല. പ്ലാനിംഗ് കമ്മിഷനും ഭൂവുടമസ്ഥന്മാർക്കു ഒന്നും കൊടുക്കേണ്ട എന്നു പറഞ്ഞിട്ടില്ല. "Every small holder must be allowed to resume his entire holding". ഭൂവുടമസ്ഥന്മാരെ മുഴുവൻ നശിപ്പിച്ചിട്ടു് കുടിയാനു് അവകാശം കൊടുക്കണമെന്നു് പ്ലാനിംഗ് കമ്മിഷൻ പറഞ്ഞിട്ടില്ല, അതുകൊണ്ടു് ഇങ്ങനെയൊന്നും പറഞ്ഞിട്ടു കാര്യമില്ല. നിയമം കൊണ്ടുവരുമ്പോൾ രണ്ടു കൂട്ടർക്കും ഗുണം കിട്ടണം. കുടിയാൻ ഒന്നുകിൽ പാട്ടം കൊടുക്കണം, അല്ലെങ്കിൽ പകുതി ഒഴിഞ്ഞു കൊടുക്കണം. അതല്ലാതെ മുഴുവനും ഞങ്ങൾക്കുള്ളതാണെന്നു പറഞ്ഞാൽ അതു ശരിയല്ല. ഇങ്ങനെ മനുഷ്യനു നിരക്കാത്ത നിലയിൽ രാജ്യസ്നേഹമില്ലാത്ത സമുദായസ്നേഹമില്ലാത്ത രീതിയിൽ ഒരു നിലപാടു് ആരും എടുക്കരുതു്. രണ്ടുകൂട്ടർക്കും നല്ലതായ ഒരു നിയമം കൊണ്ടുവരണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ നിറുത്തുന്നു.

Shri P. T. Chacko : Sir, I am accepting amendment No. 717, moved by Shri T. A. Thomman, along with my amendment. The reason why I accept amendment No. 717 is this, Sir. At first, when this clause was drafted, the definition of a cultivating tenant was not the same as it was finally accepted by this House. Only a person who actually cultivated the land could have become a cultivating tenant according to the then definition. Now a person who is actually in possession, even if he does not cultivate it, becomes a cultivating tenant. Here, the contingency contemplated is this. An intermediary after resuming the land may not have begun cultivation. In such a case according to the original definition, he could not be called a cultivating tenant. Therefore, a doubt would have arisen, whether such intermediaries who resumed

LIBRARY ARCHIVES Kerala Legislative Assembly

(Shri P. T. Chacko)

the right of the cultivating tenants would get the rights of the cultivating tenant under this Section, i. e. the purchase right. Now a tenant who is actually in possession of the land is a cultivating tenant. Explanation I is not necessary. It says "An intermediary who has resumed any land comprised in his holding under this Act, or to whom possession of any land has been surrendered under section 49, shall be deemed to be the cultivating tenant in respect of such land for the purposes of this sub-section."

Here, this would have been necessary if the original definition was accepted. Otherwise, an intermediary who gets possession by resumption or by surrender from the cultivating tenant would not have become a cultivating tenant. Now it is not necessary.

ശ്രീമതി കെ. ആർ. ഗൗരി: കൾട്ടിവേററിംഗ് ടെനൻസിന്റെ possession മാത്രമല്ല, സെലക്ററു കമ്മിററി കൊണ്ടുവന്നതും നിയമസഭ അംഗീകരിച്ചതും.

"and who is entitled to cultivate" എന്നവതും. അല്ലാതെ പൊസഷൻ മാത്രമല്ല.

Shri P. T. Chacko: Sir, I know that Smt. Gouri has some allergy on that definition. Most of the other amendments seek to take away the advantages that were conferred upon the small-holder by this Legislature by virtue of the sections which were already passed. I do not want to dwell on that point elaborately because this was more than once debated in this House, and I had the privilege of making the position of the Government very clear. Some of the members have even began to curse me now. Well, I have learnt that there would be gnashing of teeth and pouring of curses in Hell. I am also experiencing that now. What is it that I have done in this section? In the Agrarian Relations Bill, as reported by the Select Committee, section 15 (3) gives three choices to the tenant. I may be permitted to read once again just to remind the hon. members who are now cursing me what the provision was.

It reads, "(3) Where the land comprised in the holding is situate in Malabar or Cochin the tenant holding under a small holder may at his option,—

(a) surrender to the small holder one-half in extent of the land comprised in the holding and retain the other half; or

(b) elect to continue as tenant in respect of the entire holding ;"

Then there is another choice also. Was it intended, when this was drafted, that this should also become effective; was it intended that a tenant should actually surrender one half of the property and retain the other half; or was it intended that the tenant should remain as a tenant without actually exercising the right of purchase. When this was drafted, if I should ascribe at least honesty to the authors of this Bill, these were intended and now what else have I done? Now, Government have given the first two choices. The same choices are there to the

LIBRARY ARCHIVES Kerala Legislative Assembly

tenants in the Malabar and Cochin areas. What are the advantages? The tenant can surrender half and allow the land-lord to resume and receive compensation in accordance with the provisions of the Compensation for Improvements Act.

Smt. K. R. Gouri: Sir, one question.

Shri P. T. Chacko: I should like to follow my predecessor Smt. Gouri's, example sometimes, and I don't want to yield to everybody. Sir, what is it that the Government have done here? Only just followed the same line. The tenant in the Malabar and Cochin area can either retain half and surrender the other half and purchase the one-half retained by him. He will also get compensation according to the Compensatin for Improvements Act.

<u>ശ്രീ. കെ. കൃഷ്ണപിള്ള</u>: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ കാർഷികബന്ധനിയമം സെലക്റ്റ് കമ്മിറ്റി റിപ്പോർട്ടുചെയ്തതനുസരിച്ച് വായിച്ചപ്പോൾ ഒരു കാര്യം വിട്ടുകളഞ്ഞു അതായത്.—

> 'where both the small holder and the tenant agree, the tenant shall be entitled to surrender one half of the holding to the small holder and retain the other half.'

എന്നുള്ള അതിന്റെ ആക്റ്റിലുള്ള ഭാഗം അദ്ദേഹം മനപ്പൂർവ്വം വിട്ടുകളഞ്ഞു. ഇങ്ങനെ കാര്യങ്ങൾ മുഴുവൻ തെളിച്ചുപറയാതെ കുറെഭാഗം ഒളിച്ച് വച്ചുകൊണ്ട് സഭക്ക തെറ്റിദ്ധാരണ ഉണ്ടാക്കുന്നതു ഓർഡറിലാണോ?

Mr. Speaker: The Hon. Minister was referring to the report of the former Select Committee.

Shri P. T. Chacko: With great respect to you Sir, some of the teachers can only make other people understand. It is very difficult for another man to make a teacher understand certain things. Some of them are very clever and they will make students understand everything. For poor people like me to make a teacher understand something and especially where some question of law are also involved, it is difficult. That is all what I can say.

Mr. Speaker: Teachers have a good capacity to understand.

Shri P. T. Chacko: Yes Sir, that is what I said that they have their own capacity. But I was referring to my incapacity to make some teachers understand a question of law. I was reading from the Agrarian Relations Bill. These two choices were there. Was it not intended that this should become effective? My argument is that if it was intended that this should become effective, the same is what I have done. The tenant is having two choices. He can remain as a tenant or he can purchase half of it. In this case, i. e. under the present Bill, the tenant will be in a more advantageous position and he will get compensation and solatium also. Therefore, do not curse me, if anybody is to be cursed for this provision, I humbly submit, that I am not the person to be cursed.

My friends were-even though such questions have no relation to this provision-referring to socialism and other things. Well, I was thinking that the Opposition has now adopted a non-capitalist way to socialism and not the old way of having democratic revolution and then the socialist revolution. Well, I may be wrong. I know very little about

LIBRARY ARCHIVES Kerala Legislative Assembly

(Shri P. T. Chacko)

their methods and tactics and theories. But I was thinking that they have adopted a way of non-capitalist path to socialism if that be so, the tall talk about socialism in connection with provision is silly. Anyway, this has absolutely no bearing on the provisions of this Bill. Sir, I request the House to approve the section with my amendment and the amendment No. 717, moved by Shri T. A. Thomman.

There is a practice here that after my reply some people would begin to argue again. I am not intending to answer any further questions on this matter.

Mr. Speaker : Shri P. K. Narayanan Nambiar, do you press your amendment.

Shri P. K. Narayanan Nambiar : I press my amendment.

5 p.m.]

The amendment No. 711 of Shri P. K. Narayanan Nambiar was put and lost.

Shri O. Koran: Sir, I demand a poll.

A poll was taken when the House divided as follows :

AYES—31

1	Shri C. Achutha Menon	18	Shri P. V. Kunhunni Nayar
2	,, P. C. Adichan	19	,, P. K. Narayanan Nambiar
3	,, P. Balachandra Menon	20	,, T. C. Narayanan Nambiar
4	,, C. K. Balakrishnan	21	,, P. Narayanan Thampi
5	,, N. E. Balaram	22	,, P. C. Raghavan Nair
6	,, K. Bhargavan	23	,, A. K. Ramankutty
7	,, D. Damodaran Potti	24	,, T. K. Ramakrishnan
8	,, E. P. Gopalan	25	,, E. M. Sankaran Namboodiripad
9	,, N. Gopala Kurup	26	,, Ponnara Sreedhar
10	Smt. K. R. Gouri	27	,, P. S. Srinivasan
11	Shri K. V. John	28	,, R. Sugathan
12	,, O. Koran	29	,, M. M. Sundaram
13	,, M. Krishnan	30	,, M. V. Vasu
14	,, R. Krishnan	31	,, P. Viswambharan
15	,, K. Krishna Pillai		
16	,, S. Kumaran		
17	,, P. K. Kunjachan		

NOES—49

1	Shri K. C. Abraham	11	Shri G. Chandrasekhara Pillai
2	,, K. T. Achuthan	12	,, P. C. Cherian
3	,, K. K. Balakrishnan	13	,, K. A. Damodara Menon
4	,, P. C. Balakrishnan Nambiar	14	,, T. A. Dharmaraja Iyer
5	,, R. Balakrishna Pillai	15	,, P. R. Francis
6	,, T. O. Bava	16	,, K. M. George
7	,, N. Bhaskaran Nair	17	,, P. Gopalan
8	Dr. K. M. Chacko	18	,, M. P. Govindan Nair
9	Shri P. Chacko	19	,, Vayala Idicula
10	,, P. T. Chacko		

LIBRARY ARCHIVES Kerala Legislative Assembly

20 Shri Thomas John
21 ,, George Joseph Podipara
22 ,, P. S. Karthikeyan
23 ,, K. G. Karunakara Menon
24 ,, N. S. Krishna Pillai
25 ,, P. Kumaran
26 ,, K. Kunhambu
27 ,, C. Kunhikrishnan Nair
28 ,, M. Kunhikannan Nambiar
29 Smt. Kusumam
30 ,, Leela Damodara Menon
31 Shri P. Madhavan
32 ,, V. Madura
33 ,, M. M. Mathai
34 ,, C. A. Mathew
35 Shri T. Murugesan
36 ,, M. Narayana Kurup
37 ,, Kuroor Neelakantan Namboodiripad
38 ,, E. P. Poulose
39 ,, R. Raghava Menon
40 ,, M. Ravindranath
41 ,, R. Sankar
42 Smt. O. T. Sarada Krishnan
43 ,, K. R. Saraswathi Amma
44 Shri Shamsuddin
45 ,, K. T. Thomas
46 ,, T. A. Thomman
47 ,, P. P. Ummer Koya
48 ,, K. R. Vijayan
49 ,, K. K. Viswanathan

Neutrals—4

1. Shri Hamid Ali Shemnad
2. ,, K. Hassan Gani
3. ,, C. M. Kutty
4. ,, Mohsin Bin Ahmed

Mr. Speaker : For the amendment—31

Against the amendment—49

Neutrals—4

The amendment is lost.

Shri O. Koran: Sir, I press my amendment.

Amendment No. 714 moved by Shri O. Koran was put and lost.

Amendment No. 715 moved by Shri O. Koran was put and lost.

Mr. Speaker : The question that the Amendment No. 717 moved by Shri T. A. Thomman, namely:

'In clause 51 (1), Explanation I shall be omitted and the figure ,II' in Explanation II shall be omitted' was put and carried.

Mr. Speaker : Do you press your amendments?

Shri P. V. Kunhunni Nair: Yes, I press.

Amendment No. 719 moved by Shri P. V. Kunhunni Nair was put and lost.

Amendment No. 721 moved by Shri P. V. Kunhunni Nair was put and lost.

Mr. Speaker : Mr. E. P. Gopalan, do you press your amendment ?

Shri E. P. Gopalan : I press my amendment.

Amendment No. 1087 moved by Shri E. P. Gopalan was put and lost.

Shri E. P. Gopalan ; Sir, I demand a poll.

A poll was taken when the House divided as follows:—

LIBRARY ARCHIVES Kerala Legislative Assembly

AYES—31

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, P. Balachandra Menon
4 ,, C. K. Balakrishnan
5 ,, N. E. Balaram
6 ,, K. Bhargavan
7 ,, D. Damodaran Potti
8 ,, E. P. Gopalan
9 ,, N. Gopala Kurup
10 Smt. K. R. Gouri
11 Shri K. V. John
12 ,, O. Koran
13 ,, M. Krishnan
14 ,, R. Krishnan
15 ,, K. Krishna Pillai
16 ,, S. Kumaran
17 ,, P. K. Kunjachan
18 Shri P. V. Kunhunni Nayar
19 ,, P. K. Narayanan Nambiar
20 ,, T. C. Narayanan Nambiar
21 ,, P. Narayanan Thampi
22 ,, P. C. Raghavan Nair
23 ,, A. K. Ramankutty
24 ,, T. K. Ramakrishnan
25 ,, E. M. Sankaran Namboodiripad
26 ,, Ponnara G. Sreedhar
27 ,, P. S. Srinivasan
28 ,, R. Sugathan
29 ,, M. M. Sundaram
30 ,, M. V. Vasu
31 ,, P. Viswambharan

NOES—50

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. K. Balakrishnan
4 ,, P. C. Balakrishnan Nambiar
5 ,, R. Balakrishna Pillai
6 ,, T. O. Bava
7 ,, N. Bhaskaran Nair
8 Dr. K. M. Chacko
9 Shri P. Chacko
10 ,, P. T. Chacko
11 ,, G. Chandrasekhara Pillai
12 ,, P. C. Cherian
13 ,, K. A. Damodara Menon
14 ,, T. A. Dharmaraja Iyer
15 ,, P. R. Francis
16 ,, K. M. George
17 ,, P. Gopalan
18 ,, M. P. Govindan Nair
19 ,, Vayala Idicula
20 ,, A. L. Jacob
21 ,, Thomas John
22 ,, George Joseph Podipara
23 ,, P. S. Karthikeyan
24 ,, K. G. Karunakara Menon
25 ,, N. S. Krishna Pillai
26 Shri P. Kumaran
27 ,, K. Kunhambu
28 ,, C. Kunhikrishnan Nair
29 ,, M. Kunhikannan Nambiar
30 Smt. Kusumam
31 ,, Leela Damodara Menon
32 Shri P. Madhavan
33 ,, V. Madura
34 ,, M. M. Mathai
35 ,, C. A. Mathew
36 ,, T. Murugesan
37 ,, M. Narayana Kurup
38 ,, Kuroor Neelakantan Namboodiripad
39 ,, E. P. Poulose
40 ,, R. Raghava Menon
41 ,, M. Ravindranath
42 ,, R. Sankar
43 Smt. O. T. Sarada Krishnan
44 ,, K. R. Saraswathi Amma
45 Shri Shamsuddin
46 ,, K. T. Thomas
47 ,, T. A. Thomman
48 ,, P. P. Ummer Koya
49 ,, K. R. Vijayan
50 ,, K. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

Neutrals—4

1. Shri Hamid Ali Shemnad
2. ,, K. Hassan Gani
3. ,, C. M. Kutty
4. ,, Mohsin Bin Ahmed

Mr. Speaker : For the Amendment—31
Against the amendment—50
Neutrals—4
The Amendment is lost.

Amendment No. 1243 moved by Smt. K. R. Gouri was put and lost.

Amendment No. 1621 moved by Smt. K. R. Gouri was put and lost.

Amendment No. 1622 moved by Smt. K. R. Gouri was put and lost

Amendment No. 1259 moved by Shri N. Gopala Kurup was by leave withdrawn.

Amendment No. 1249 moved by Shri T. C. Narayanan Nambiar was by leave withdrawn.

Amendment No. 1526 moved by Shri P. K. Kunjachan was put and lost.

Amendment No. 1545 moved by Shri K. Bhargavan was put and lost.

Amendment Nos. 1546 and 1548 moved by Shri K. Krishna Pillai were put and lost.

The amendment (No. 1525) moved by the Minister was put and carried, namely:—

In Clause 51, sub-clause (2), the following portion shall be omitted, namely;

"(i) Where the landowner or an intermediary is a religious, charitable or educational institution of a public nature, the right of the cultivating tenant to purchase the right, title and interest of the landowner and intermediaries shall be subject to the provisions of sections 63 to 69:

(ii) and

In clause 51, in sub-clause (3) for the words, brackets and figure "clause (ii) of sub-section (2)", the word, brackets and figure "sub-section (2)" shall be substituted.

The question that Clause 51, as amended, stand part of the Bill was put and carried.

Clause 51, as amended, was added to the Bill.

New Clause after Clause 51

Mr. Speaker: Amendment 1478 is a repetition of amendment No. 1237 after clause 50 and so it is barred.

LIBRARY ARCHIVES Kerala Legislative Assembly

Clause 52

Mr. Speaker: The following amendments may be moved:

Amendment No. 1527 by Shri P. T. Chacko, 725 and 1089 by Shri M. Narayana Kurup, 726 by Shri K. V. Narayanan, 1260 and 1623 by Smt. K. R. Gouri and 1262 by Shri P. C. Raghavan Nair.

Amendment Nos. 727 and 1261 are the same as amendment No. 726.

Shri M. Narayana Kurup: I move 725 only.

725. In clause 52 (1), after the words 'may apply, add, within one, year of the commencement of this Act.

Shri P. T. Chacko: I move amendment, No 1527

In clause 52, sub-clause (2), for the words, brackets and figures clause (ii) of sub-section (2) of section 51, 'the words' brackets and figures "sub-section (2) of section 51" shall be substituted.

Smt. K. R. Gouri: I move the following amendent:—

1260. In clause 52 (1), in line four, after 'intermediaries under section 51, add "and tenants of kudiyiruppu."

1623. In clause 52, add an explanation at the end.

"Explanation. For the purpose of this clause, interest in property will include, the interest of a kudikidappukaran also."

Shri P. C. Raghavan Nair: I do not move my amendment.

ശ്രീ. എം. നാരായണക്കുറുപ്പ്; സർ, എന്റെ ഭേദഗതി ഈ ആക്റ്റ് നടപ്പായി ഒരു കൊല്ലത്തിനകം കൊടുക്കണം എന്നുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, എന്റെ ഭേദഗതി നമ്പർ 1623 നെപ്പറ്റി ഞാൻ പറയുകയാണ്. 1623 Add at the end: "*Explanation*: For the purpose of this clause, interest in property will include, the interest of a kudikidappukaran also" എന്നാണ്. ഇതിൽ ക്ലാസ് 52-ൽ പർച്ചേസ് പ്രൈസ് "to be distributed to the landlord and intermediaries"

ഇതിൽ കക്ഷികളെ ചേർക്കേണ്ടത് ആരെയൊക്കെയാണെന്നുവരും. ഇപ്പോൾ interested ആയിട്ടുള്ളവർക്ക് നോട്ടീസുമൊക്കെ കൊടുക്കുമ്പോൾ ആ ഭൂമിയിൽ കുടികിടപ്പുകാരനുണ്ടെങ്കിൽ അയാൾക്കും നോട്ടീസ് കൊടുക്കേണ്ടതാണ്. കുടികിടപ്പുകാരന്റെ നിർവ്വചനത്തിൽ "that has no interest in land" എന്നു ചേർത്തിരിക്കുന്നസ്ഥിതിക്ക് കുടികിടപ്പുകാരൻ എന്നുള്ള നിലയിൽ അയാളെക്കൂടി കക്ഷിചേർത്തു നോട്ടീസുമൊക്കെ കൊടുത്തില്ലെങ്കിൽ കെട്ടിടം ആരുടേതാണെന്നു തർക്കംവരും. കെട്ടിടം മററുള്ളവരുടേതാണെന്ന വിധിയുണ്ടാകും. അതുകൊണ്ട് കാർഷികബന്ധനിയമത്തിൽ നോട്ടീസു കൊടുക്കേണ്ടത് ആർക്കൊക്കെ എന്നു പറയുന്നുണ്ട്. അതിൽ കുടികിടപ്പുകാരനു നോട്ടീസുകൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടായിരുന്നു. ഒരുപക്ഷേ, ഇതുപോലെയുള്ള കേസ്സുകൾ ഉണ്ടാകുകയാണെങ്കിൽ കുടികിടപ്പുകാരനെക്കൂടി കക്ഷിചേർക്കണമെന്നുള്ള ഉദ്ദേശത്തിലാണ്, ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

എന്റെ ഭേദഗതി 1260 ആവശ്യമില്ല.

Shri P. T. Chacko: Sir, I do not accept any of the amendents. The amendent moved by Mr. Narayana Kurup restricts the tenant's right to purchase. The entire scheme is that the tenant should be given the freedom to purchase. There is another

LIBRARY ARCHIVES Kerala Legislative Assembly

section in the Bill which provides for compulsory vesting of the ownership on the tenant. Therefore I think this may go against the entire scheme in the Bill. I do not accept any of the amendments; of course excepting the one which I have moved.

Shri M. Narayana Kurup: Sir I do not press my amendments.

Amendment No. 725 moved by Shri M. Narayana Kuru by leave, withdrawn.

Smt. K. R. Gouri: Sir, I do not press my amendment No. 1260

Amendment No. 1260 moved by Smt. K. R. Gouri was, by leave withdrawn.

Amendment No. 1623 moved by Smt. K. R. Gouri was put and lost.

Amendment No. 1527 moved by the Minister, namely: In clause 52, sub-clause (2), for the words brackets and figures "clause (ii) of sub-section (2) of section 51" the words brackets and figures "sub-section (2) of section 51" shall be substituted was put and carried.

The question that Clause 52, as amended, stand part of the Bill was put and carried.

Clause 52, as amended, was added to the Bill.

Clause 53

Mr. Speaker: The following amendments may be moved. Amendment No. 728 and 731 by Shri N. E. Balaram, 729 by Shri K. Hassan Gani, 1090 by Shri E. P. Gopalan, 1263 by Smt. K. R. Gouri, 1264 by Shri T. K. Ramakrishnan, 1267 by Shri K. Krishnan, 1268 by Shri N. Gopala Kurup, 1270 by Shri R. Krishnan, 1528 by Shri P.K. Kunjachan 1552, 1555, 1557 and 1558 by Shri P. S. Srinivasan, 1554 by Shri K. Bhargavan, 1556 by Shri K. Krishna Pillai.

Amendment Nos. 1265, 1266, 1549 and 1551 are the same as Amendment 728. Amendment No. 1269 is the same as Amendment No. 731. Amendment No. 1550 is the same as Amendment No. 1090 Amendment No. 1553 is the same as Amendment No. 1552.

Shri N. E. Balaram: Sir, I move the following amendments:—

728. In clause 53 (i), delete "sixteen" and substitute 'twelve'.

731. In clause 53, add the following as Explanation II:

Explanation II: For the purpose of this section where in respect of a holding the fair rent fixed under any law in force before the commencement of this Act is higher than the rent which was payable under the contract of tenancy the contract rent shall be deemed to be the fair rent fixed under such law."

Shri K. Hassan Gani: I move amendment No. 729.

In clause 53, after sub-clause (i), add the following proviso:

"Provided in exercising such purchase, the cultivating tenant need say only twelve times the fair rent in respect of nilams".

Shri E. P. Gopalan: I move amendment No. 1090. In clause 53 (i) delete the word "Sixteen" and substitute 'fourteen'.

2/747/V.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri: I do not move my amendment.

Shri T. K. Ramakrishnan: I move amendmend No. 1264.

In clause 53 (i), delete "Sixteen" and substitute 'ten'.

Shri N. Gopala Kurup: I move amendment No. 1268 :

In clause 53, after (iii) and before the Explanation add a new proviso.

"Provided in the case of kanam tenants the purchase price shall be eight times in respect of the holding, the value of structures, wells and embankments of a permanent nature constructed by the landlord or intermediaries, if any".

Shri R. Krishnan: I move amendment No. 1270.

In clause 53 after the Explanation add a new sub-clause as follows:

"(2) Every tenant of a kudiyiruppu shall be entitled to purchase the rights of the landlord in the kudiyiruppu free of all encumbrances on payment of twelve times the 75% of the annual rent payable by him in twelve equal annual instalments together with interest at 4½% per annum on the amount outstanding at the time of the payment of each instalment."

Shri. P. K. Kunjachan: I move amendment No. 1528.

In clause 53, sub-clause (i) substitute "twelve" for 'sixteen' and insert after the word 'rent' the following:

"or seventy-five percent of the contract rent whichever is less".

Shri P. S. Srinivasan: I move :

1552. In clause 53, item (ii) delete the words " wells and embankments".

1555. In clause 53, item (iii) for 'one-half' substitute "one-third".

1557. In clause 53, item (iii) instead of the words, 'belonging to' substitute the words "planted by".

1558. In clause 53, Explanation, line six, between the words 'price' and 'and' insert the words "unless it is specified in the contract of tenancy".

Shri K. Bhargavan: I move amendment No. 1554.

In clause 53 add the following as the (iii) and renumber:

"(iii) the value of wells and embankments of a permanent nature belonging to the landowner or the intermediaries if they are necessary for the convenient enjoyment of the holding";

Shri K. Krishna Pillai: I move amendment No. 1556.

In clause 53, item (iii) for 'one-half' substitute "one-fourth".

<u>ശ്രീ. എൻ. ഇ. ബലറാം</u> : ഈ ക്ലാസ്സ്, പ്രതിഫലം എന്തായിരിക്കണമെന്നു പറയുന്ന ക്ലാസ്സാണ്. ഭൂമി കൃഷിക്കാരനു നൽകുകയാണു ഭൂപരിഷ്കരണനിയമത്തിന്റെ ഉദ്ദേശം. അങ്ങനെ ചെയ്യുമ്പോൾ ജന്മിക്കു പ്രതിഫലം നൽകേണ്ടിവരും. അതിന്റെ തോതുഎന്തായിരിക്കണമെന്നാണു ഇപ്പോൾ നാം ചർച്ച ചെയ്യുന്നതു്. എങ്ങനെ പ്രതിഫലം നിശ്ചയിക്കാം. അതിനു രണ്ടുമാർഗ്ഗങ്ങൾ ഉണ്ടു്. കൃഷിക്കാർക്കു പ്രതിഫലസംഖ്യ കൊടുത്തു കൊണ്ടു് അവരുടെ അവകാശം വാങ്ങാനുള്ള പ്രോത്സാഹനം കിട്ടാനുള്ള നിലയ്ക്കു പ്രതിഫലം നിശ്ചയിക്കുന്നമാർഗ്ഗം ഒന്നു്. പ്രതിഫലത്തിന്റെ തോതു അസാദ്ധ്യമായി കയററിവച്ചാൽ, ഏതാണ്ടു് മാർക്കററു് വിലയോളം വില നിശ്ചയിച്ചുകൊണ്ടുള്ള വില

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചുകഴിഞ്ഞാൽ, ആ പ്രതിഫലം കൊടുത്തു അവകാശം വാങ്ങാൻ പ്രോത്സാഹനം ലഭിക്കാതെപോകുന്നു എന്നുള്ളമാർഗ്ഗം വേറെയാണ്. ഇതിൽ കാർഷിക ബന്ധനിയമത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ള വ്യവസ്ഥ വളരെ നീതിപൂർവ്വകമായിരുന്നു. കാർഷികബന്ധനിയമത്തെപ്പററി ഇവിടെ പ്രസംഗിച്ചതുകൊണ്ട് ഇനി ഫലമുണ്ടെന്നു തോന്നുന്നില്ല. ഈ ബില്ലിൻെറ പരിശോധനയും രണ്ടാം വായനയും കഴിയുംതോറും അതിൻെറ ഓരോ തത്വങ്ങളും വളരെ അഗാധതലത്തിൽതന്നെ കുഴിച്ചുമൂടപ്പെടുകയാണ്. അതുകൊണ്ട് അതു സംബന്ധിച്ചുള്ള സ്മരണയ്ക്ക് വലിയ അർത്ഥവും പ്രയോജനവും ഉണ്ടെന്നു തോന്നുന്നില്ല എങ്കിലും പറഞ്ഞുപോകുകയാണ്. ഈ സംസ്ഥാനത്തെ ജനപ്രതിനിധികളെല്ലാം കൂടി അംഗീകരിച്ചതും കേന്ദ്ര ഗവണ്മെൻറിൻെറയും പ്ലാനിംഗ് കമ്മീഷൻെറയും ഒക്കെ സമ്മതം സിദ്ധിച്ചതും കുറെക്കാലം കേരളത്തിൽ നടപ്പിലിരുന്നതുമായ നിയമത്തിൽ പ്രതിഫലത്തിൻെറ തോതു പറഞ്ഞിട്ടുണ്ടായിരുന്നു. ആ പ്രതിഫലം കൊടുത്തു ഭൂമി വാങ്ങാം എന്നുള്ള ഉദ്ദേശത്തോടെ വളരെ അധികം ഹർജികൾ ലാൻഡ് ട്രിബ്യൂണൽമുമ്പാകെ കൊടുത്തിരുന്നു. അതിൽ ചിലതിന്മേൽ വിധി സമ്പാദിക്കയും ചെയ്തിരുന്നു.

ആ പ്രതിഫലത്തോതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തെ കൃഷിക്കാർക്ക് ഒരഭിപ്രായമുണ്ട്. ആ പ്രതിഫലത്തോതുതന്നെ കുറച്ചധികമാണെങ്കിലും ഒരു സമ്പ്രദായം അവസാനിക്കുകയല്ലേ? അതുകൊണ്ട് ആ പ്രതിഫലം കൊടുത്തു് ഭൂമിയുടെ ഉടമകളായി മാറാൻ കഴിയും. അതാണവരുടെ അഭിപ്രായം. ഈ രാജ്യത്തെ സമ്പത്ത് വർദ്ധിപ്പിക്കാനും കുറെ ഐശ്വര്യമുള്ള ഒരു നാളെ കെട്ടിപ്പടുക്കാനും കഴിയും. അങ്ങനെ കുടിയാന്മാരായ കൃഷിക്കാർ ആശ്വസിച്ചിരുന്നപ്പോഴാണ് ഒരു ഇടിവാൾപോലെ കാർഷികപരിഷ്കരണ ബിൽ വന്നത്. ഇത് ഒരു ഇടിവാളാണെന്നു പറഞ്ഞാൽ യാതൊരു അത്ഭുതത്തിനും അവകാശമില്ല. ഇതു പറയുമ്പോൾ ചില ആളുകൾക്ക് പുഛമോ, പരിഹാസമോ ഉച്ചതിരിഞ്ഞാൽ മററുവല്ല അനുഭവമോ ഒക്കെ ഉണ്ടാകും. നിർലോഭമായി ജന്മിമാരുടെ അനുഗ്രഹം ലഭിക്കുമ്പോൾ അതിൽ കുറച്ച് പരിഹാസം തോന്നും. കാരണം മന്ത്രി നിൽക്കുന്നത് ആ കൂട്ടക്കാർക്കുവേണ്ടിയാണ്. ഞങ്ങൾ നിൽക്കുന്നത് അവർക്കുവേണ്ടിയല്ല. കുടിയാന്മാർക്കുവേണ്ടിയാണ്. നേരത്തെ മന്ത്രി പറയുകയുണ്ടായി അദ്ദേഹത്തെ ശപിച്ചതുകൊണ്ട് എന്താണ് പ്രയോജനമെന്ന്. അതുകൊണ്ട് പ്രയോജനമില്ല. ഞാൻ പറഞ്ഞമാതിരി നിർലോഭമായ അനുഗ്രഹം ജന്മിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ ശാപം കൊണ്ട് ഒരു പ്രയോജനവുമില്ല. വിശേഷിച്ചും ആദർശങ്ങൾ എന്തു പറഞ്ഞാലും ജീവിതത്തിൽ കുറെയൊക്കെ പ്രായോഗിക ബുദ്ധിയോടുകൂടി ചിന്തിക്കണമെന്നവാദക്കാരനാണ് മന്ത്രി. ഈ രാജ്യത്തെ ജന്മിമാരുടെ അനുഗ്രഹം കുടിയാന്മാരുടെ ശാപത്തേക്കാൾ വിലപ്പെട്ടതാണ്. അത് വളരെ കർക്കശമാണെങ്കിലും പ്രായോഗികമാണ്. നിലനിന്നു പോകാൻ പററിയതാണ്. ഏതായാലും മറിച്ച് ചിന്തിക്കുന്ന ഒരാളാണ് ഞാൻ. ജന്മിമാരുടെ അനുഗ്രഹം അത്ര നല്ലതല്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇതിലുള്ള പ്രതിഫലത്തോതും കാർഷികബന്ധ നിയമത്തിലെ തോതും ഞാൻ കണക്കുകൂട്ടി നോക്കി. കാർഷികബന്ധ നിയമ പ്രകാരം കൊടുക്കേണ്ട പ്രതിഫലത്തിൻെറ ഇരട്ടികൊടുത്താൽ മാത്രമേ ഈ നിയമപ്രകാരം കുടിയാന് ഭൂവുടമയായി മാറാൻ കഴിയൂ. കുടിയാന്മാർ ഭൂമിയിൽ ഉടമകളായി മാറണമെന്ന് രണ്ടു പ്രകാരത്തിൽ ധരിക്കാം. വളരെക്കാലമായി ഈ ഫ്യൂഡൽ സമ്പ്രദായം നശിക്കണമെന്നുള്ള മുറവിളി ഈ രാജ്യത്തുണ്ട്. അപ്പോൾ ഭരണാധികാരികൾക്ക് അതു ചെവിക്കൊള്ളാതെ നിവൃത്തിയില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും ഇതിനൊരു പരിഹാരം കാണത്തക്കവിധത്തിലുള്ള ചില നടപടികളെങ്കിലും എടുക്കണം. അങ്ങനെ ഈ രാജ്യത്തു വളർന്നുവരുന്ന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഒക്കെ സമ്മർദ്ദത്തിൻെറ ഫലമായി ചിലപ്പോൾ ചില നടപടികൾ എടുത്തു എന്നു വരും. അങ്ങനെ ഒരു സമീപനമാണ് ഈ കാർഷിക പരിഷ്കരണത്തിൽ അടങ്ങിയിട്ടുള്ളത്. ഇതിൽ ഭൂമി കുടിയാന്മാർക്ക് വാങ്ങാനുള്ള അവകാശം കൊടുക്കുന്നു, അതേയവസരത്തിൽ മിക്കവാറും കുടിയാന്മാർക്ക് താങ്ങാൻ കഴിയാത്ത സംഖ്യയാണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളത്. ഇനി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

അങ്ങനെ ഒരു സംഖ്യ കൊടുത്തുതന്നെ കുടിയാന്മാർ വാങ്ങുകയാണെങ്കിൽ ഈ കാർഷികപരിഷ്കരണംമൂലം ആ പണം വാങ്ങുന്ന ഒരുകൂട്ടം വൻ മുതലാളിമാർ ഉണ്ടാകും. ഈ രാജ്യത്തെ സാമൂതിരിക്കും ചിറക്കൽ തമ്പുരാനും, കോട്ടയം തമ്പുരാനും, ഇവിടെയുള്ള ആളുകളെ എനിക്കറിയാൻ പാടില്ല, അങ്ങനെയുള്ള ഒരുപിടി ജന്മിമാർക്ക് 16 ഇരട്ടി പ്രതിഫലം കൊടുക്കണം. അത്തരക്കാർ കോടീശ്വരന്മാരാകും. ഇല്ലെങ്കിലും ലക്ഷക്കണക്കിന് വരുമാനമുള്ളവരായി മാറും. കുടിയാന്മാർ കുറെ വിഷമിക്കേണ്ടിവരും. ചിലരുടെ സർവ്വസ്വവും നശിക്കും. ചിലരുടെ കന്നുകാലികളുംവരെ വിൽക്കേണ്ടിവരും. മററു ചിലരുടെ കുട്ടികളെ പഠിപ്പിക്കാൻ നിവൃത്തിയില്ലാതെ വലയും. അങ്ങനെയെല്ലാം ഒരു ഭാഗം ബുദ്ധിമുട്ടുമ്പോൾ മറുഭാഗത്ത് കോടിക്കണക്കിനു രൂപ സമ്പാദിക്കുന്ന മുതലാളിമാർ വളർന്നുവരും. അതു് ക്യാപ്പിററലിസ്ററു വീത്താണ് (മുതലാളിത്തമാർഗ്ഗം എന്നർത്ഥം). അതിനെപ്പററി എ. ഐ. സി. സി. യിൽ പരാമർശനമുണ്ടായി. ഈ ഭാഗത്തുനിന്നും എ. ഐ. സി. സി. യെക്കുറിച്ച് പറയുമ്പോൾ............

Mr. Speaker: We will now adjourn and re-assemble after 5 minutes.

(The Assembly adjourned at 5-40 p. m. and re-assembled at 5-45 p. m.)

ശ്രീ. എൻ. ഈ. ബലറാം: സർ, എന്റെ ഭേദഗതി അവതരിപ്പിച്ചതിനുശേഷം, അതിന്റെ വിശദാംശങ്ങളിലേക്ക് പോകാം. പാട്ടത്തിന്റെ 16 ഇരട്ടി പ്രതിഫലം കൊടുക്കണമെന്നുള്ളതിനു പകരം, 12 ഇരട്ടി എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. നാം ഫെയർ റെൻറു കണക്കാക്കിയ തത്വവും, പർച്ചേസു റൈററുമായി എന്താണു ബന്ധമെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. കാർഷികബന്ധനിയമപ്രകാരമുള്ള പ്രതിഫലത്തോതും, ഈ നിയമത്തിലെ പ്രതിഫലത്തോതും വ്യത്യസ്തമാണ്. കാർഷികബന്ധനിയമത്തിലും, ഈ പുതിയ ബില്ലിലും ഫെയർ റെൻറു നിശ്ചയിച്ചിരിക്കുന്നതു് ചില വ്യത്യസ്തതത്വങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇറിഗേഷന്റെ ഫലമായിട്ടുണ്ടാകുന്ന വിളവു വർദ്ധനവിന്റെ അടിസ്ഥാനത്തിൽ പാട്ടം വർദ്ധിപ്പിക്കാൻ പാടില്ലെന്നു കാർഷികബന്ധനിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. ഇതിൽ അങ്ങനെയല്ല. ജലസേചനസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പാട്ടം വർദ്ധിപ്പിക്കാമെന്നുണ്ട്. കാർഷികബന്ധനിയമത്തിൽ, രണ്ടു വിളവും ഒരുപോലെയല്ല കണക്കാക്കിയിരുന്നതു്. പ്രധാനപ്പെട്ട വിളവിന്റെ പകുതി രണ്ടാമത്തെ വിളവു" എന്ന തത്വമാണ് നാം അംഗീകരിച്ചിരുന്നതു്, ഇതിൽ അങ്ങനെയല്ല, രണ്ടു വിളവും ഒരുപോലെ പരിഗണിക്കുകയാണ്. അങ്ങനെവരുമ്പോൾ, മൊത്തത്തിൽ പറഞ്ഞാൽ, കാർഷികബന്ധനിയമപ്രകാരം, ഒരേക്കറിന് മുപ്പതു പറ പാട്ടമാണ് നിശ്ചയിച്ചിരുന്നതു്— മലബാർ ഭാഗത്തെ കഥയാണ് ഞാൻ പറയുന്നതു്. കുടിയായ്മ, സ്ഥിരാവകാശം മുതലായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേക സ്വഭാവവും, പാരമ്പര്യവും പരിചയവുമാണ് ആ ഭാഗത്തുള്ളതു്. മലബാറിൽ, കുടിയായ്മ അവകാശം കിട്ടിയ നിയമപ്രകാരം അവകാശം കിട്ടിയ കുടിയാന്മാരാണുള്ളതു്. അവരെ ഈ ഭാഗത്തുള്ള കുടിയാന്മാരെപ്പോലെ കണക്കാക്കുന്നതു ശരിയായിരിക്കുകയില്ല. അങ്ങനെ വരുമ്പോൾ, മലബാർ തുടങ്ങിയ ഭാഗങ്ങളിൽ, മര്യാദപ്പാട്ടം നിശ്ചയിക്കുകയും, ട്രിബ്യൂണലിൽ വിധിയുണ്ടാകുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരേക്കറിനു 30 പറയിലധികം പാട്ടം വരാൻ ഇടയില്ല. 16 ഇരട്ടി പ്രതിഫലമെന്നു നിശ്ചയിച്ചാൽ, 1400 രൂപാ പ്രതിഫലം കൊടുക്കേണ്ടതായി വരുമായിരുന്നു കാർഷികബന്ധനിയമപ്രകാരം. പുതിയ നിയമപ്രകാരം അതു കണക്കാക്കിയാൽ, രണ്ടു വിളവും ഒരുപോലെ കണക്കാക്കുകയും, ജലസേചനസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പാട്ടം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 30 പറ നെല്ലിന്റെ സ്ഥാനത്തു്

LIBRARY ARCHIVES Kerala Legislative Assembly

60 പറനെല്ല് പാട്ടം കൊടുക്കേണ്ടിവരും. അങ്ങനെ വരികയാണെങ്കിൽ, പ്രതിഫലം 1400-ന്റെ ഇരട്ടി 2800 രൂപയാകും. മലബാറിനെ സംബന്ധിച്ചിടത്തോളം ഈ തുക വൻപിച്ച വിലയാണ്. മലബാറിനേക്കാൾ വസ്തുവിന് ഇരട്ടി വരെ വില ഇവിടെയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മലബാർ ഭാഗത്ത് എവിടെയും ഒരേക്കർ വസ്തുവിന് 3000 രൂപയിൽ അധികം വില കൊടുക്കേണ്ടിവരികയില്ല. പാക്കേജ് പദ്ധതി നടപ്പാക്കിയ പാലക്കാട്ട് ജില്ലയിലായാലും ഒരേക്കറിന് മൂവായിരം രൂപയിൽ കൂടുതൽ വില കൊടുക്കേണ്ടിവരികയില്ല. ഏററവും നല്ല വിലയെന്നു കരുതാവുന്ന മാർക്കററു വില ഏക്കറിന് അവിടെ മൂവായിരം രൂപയാണെന്നു കരുതാം. ശ്രീ. നാരായണക്കുറുപ്പും അതു സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. അങ്ങനെ അവിടത്തെ മാർക്കററു റേററ് മൂവായിരം രൂപയേ ഉള്ളു എങ്കിൽ, പ്രതിഫലം രണ്ടായിരത്തി എണ്ണൂറ് രൂപാ കൊടുക്കണമെന്നു നിശ്ചയിച്ചാൽ, അത് എന്തിനാണെന്നുള്ളതു വളരെ വ്യക്തമാണ്; കുടിയാനെ സഹായിക്കാൻ അല്ല. 1931-ൽ കറാച്ചി സമ്മേളനത്തിൽ, ഭൂപരിഷ്ക്കരണത്തെ സംബന്ധിച്ച മനോഹരമായ മുദ്രാവാക്യങ്ങൾ മുഴക്കിയ കാൺഗ്രസ്സിന്റെ ആദർശങ്ങൾ ഇന്നു ശ്രീ. പി. ടി. ചാക്കോയ്ക്കു സ്വീകാര്യമായിരിക്കുമോ എന്നു സംശയിക്കുകയാണ്. നാഗപ്പൂർ പ്രമേയം ശ്രീ. ചാക്കോയ്ക്കും കൂട്ടർക്കും യാതൊരു ഉത്തേജനമോ, പ്രേരണയോ ഈ നിയമനിർമ്മാണത്തിൽ ഉണ്ടാക്കിയിട്ടില്ലെന്നു കാണുന്നതു ഖേദകരമാണ്. കാൺഗ്രസ്സിന്റെ നാഗപ്പൂർ പ്രമേയത്തിലും, കറാച്ചി പ്രമേയത്തിലും 'ഭൂമി കർഷകന്' എന്ന മനോഹരമായ മുദ്രാവാക്യവും കുടിയാന്മാർക്ക് മോഹനങ്ങളായ ആനുകൂല്യങ്ങളെപ്പററിയുള്ള വാഗ്ദാനങ്ങളും ഉണ്ടായിരുന്നു. ആ പ്രമേയങ്ങൾക്കൊന്നും തങ്ങൾ ഉത്തരവാദികളല്ല, കേരളത്തിലെ കാൺഗ്രസ്സുകാർക്ക് അതൊന്നും സ്വീകാര്യമല്ല എന്ന മട്ടിലാണ് ഇവിടെ പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നത്. കാർഷികബന്ധനിയമപ്രകാരം, കുടിയാന് സ്ഥിരാവകാശം കിട്ടിയ ഭൂമി വിലയ്ക്കു വാങ്ങുന്നതിന് അവകാശമുണ്ടായിരുന്നു. സന്താനപരമ്പരകളായി കൈവശം വച്ചിരുന്ന ഭൂമി, പുതിയ നിയമപ്രകാരം ഒരു പരിധിവരെ ജന്മിക്കു ഉപേക്ഷിച്ചുകൊടുക്കേണ്ടതായി വരുന്നു. അങ്ങനെ വരുമ്പോൾ, അഞ്ചിലൊരുഭാഗം കുടിയാനും, അഞ്ചിൽ നാലുഭാഗം ജന്മിക്കും എന്ന ക്രമത്തിലാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 3000 ക. മാർക്കററു വിലയുള്ള ഭൂമിക്ക് 2800 ക. പ്രതിഫലം നൽകേണമെന്നു പറഞ്ഞാൽ കാര്യം വ്യക്തമാണ്. ഭൂമിയുടെ വിലയുടെ 4/5 ഭാഗം ജന്മിക്കും 1/5 ഭാഗം കുടിയാനും എന്നാണിതിന്റെ അർത്ഥം. ജന്മിത്തം ഏതോ ദിവ്യമായ ഒരു അവസ്ഥയാണെന്നുള്ള ആ പഴയ ധാരണ ഇനിയും മാറിയിട്ടില്ല. ഫ്യൂഡൽ മാതൃകയിലുള്ള ഈ ഭൂ വിതരണം കുടിയാനെ സാരമായി ബാധിക്കുന്ന തരത്തിലുള്ളതാണ്. 1963-ൽ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നു, കുടിയാനെ സഹായിക്കുന്നു എന്ന ഭാവത്തിൽ, ഇത്തരം വകുപ്പുകൾ പാസ്സാക്കാൻ ശ്രമിക്കുന്നതു കാൺഗ്രസ്സിന്റെ തത്വങ്ങൾക്കുതന്നെ വിരുദ്ധമാണ്. ഭൂമിയിൽ, കുടിയാനു സ്ഥിരാവകാശം നൽകണമെന്നുള്ള കാര്യത്തിൽ, കാൺഗ്രസ്സും. കമ്മ്യൂണിസ്ററു പാർട്ടിയും, പി. എസ്. പി. യും എല്ലാം യോജിക്കുന്നുണ്ട്. ഒരു പാർട്ടിയിലും പെടാത്ത എത്രയോ കർഷകർ വളരെക്കാലം സമരം ചെയ്തു, പലരും രക്തസാക്ഷികളായി നേടിയെടുത്ത അവകാശങ്ങളാണ് ഈ ബിൽ മൂലം നിഷേധിക്കുന്നത്. ചരിത്രപ്രസിദ്ധമായ കർഷകപ്രക്ഷോഭണത്തെ വിസ്മരിച്ചിട്ട്, ഇപ്പോൾ കാൺഗ്രസ്സുകക്ഷി, നാൺക്യാപ്പിററലിസ്ററു കക്ഷിയെന്നു ഭാവിച്ച് ജന്മിമാർക്കുവേണ്ടി ഇങ്ങനെയൊരു നിയമം കൊണ്ടുവന്നത് കുടിയാന്മാരുടെ നിലവിലുള്ള ആനുകൂല്യങ്ങളെ നിഷേധിക്കുന്നതായതുകൊണ്ട് ഞങ്ങൾക്ക് അതിനെ പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല. സർ, ഇങ്ങനെ കുടിയാന്മാരെ സഹായിക്കാനെന്ന ഭാവത്തിൽ, ജന്മിമാർക്കു നന്മചെയ്യാൻ ഇവർ ശ്രമിക്കുമ്പോൾ, ചെറുകിടക്കാർക്കുവേണ്ടിയാണ് ഈ പരിശ്രമമെന്നു ബോധപ്പെട്ടിരുന്നെങ്കിൽ അത്ര വലിയ ആക്ഷേപത്തിനു വകയില്ലായിരുന്നു. പക്ഷേ, അങ്ങനെയല്ല. മുപ്പതിനായിരപ്പറയും, അൻപതിനായിരപ്പറയും, ലക്ഷപ്പറയും നെല്ല് പാട്ടം വാങ്ങുന്ന വൻകിട ജന്മിമാർക്കുവേണ്ടിയാണ് ഇങ്ങനെ കുടിയാന്മാരുടെ അവകാശങ്ങളിൽ കൈവയ്ക്കുന്നത്. ചെറുകിട ജന്മിമാർക്കുവേണ്ടി ഇങ്ങനെ ആനുകൂല്യം ചെയ്യാൻ ഗവണ്മെന്റ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

കുറെ മനസ്സിലാക്കാമായിരുന്നു. കേരളത്തിലെ പ്രമാണികളായ കുറേ വൻകിട ജന്മിമാർക്കുവേണ്ടി, ഹിന്ദുക്കളും, മുസ്ലിങ്ങളും, ക്രിസ്ത്യാനികളുമായ കുറേ വലിയ ജന്മിമാർക്കുവേണ്ടിയാണ് ഈ നിയമം ഈ രൂപത്തിൽ തയ്യാറാക്കി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. അങ്ങനെ ഇന്നു കൈവശമുള്ളതിന്റെ അഞ്ചിൽ നാലുഭാഗം ജന്മിക്കും, അഞ്ചിലൊരുഭാഗം കുടിയാനും നൽകുന്നതിന് വ്യവസ്ഥചെയ്യുന്ന ഈ നിയമം, പാവപ്പെട്ട കർഷകന്റെ അവകാശങ്ങളെ പാടേ ഇല്ലായ്മ ചെയ്യുന്ന ഒന്നായിത്തീരുന്നതാണ്. ശ്രീ. ചാക്കോയും, അദ്ദേഹത്തിന്റെ അനുയായികളും, ഭൂരിഭാഗം കുടിയാന്മാരെയും ദ്രോഹിക്കുന്ന ഈ നിയമം കൊണ്ടുവന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ജന്മിമാരുടെ നിർല്ലോഭമായ അനുഗ്രഹം ഭൗതികമായും, ആത്മികമായും അദ്ദേഹത്തിനുണ്ടാകുമെങ്കിലും, ഈ ഭാഗത്തിരിക്കുന്ന ഞങ്ങളുടെ ശാപംകൂടി ഉണ്ടാകുമെന്നുള്ള വസ്തുത മറക്കരുത്. നമ്മളെല്ലാം കേരളത്തിൽ ജീവിക്കുന്നവരാണ്; ജീവിക്കേണ്ടവരാണ്. ഈ രാജ്യത്തിനു ഒരു ചരിത്രമുണ്ട്. നമ്മുടെ ഭരണഘടന തയ്യാറാക്കിയ അവസരത്തിൽ, ജന്മിമാർക്ക് പ്രതിഫലം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രധാനമന്ത്രി, ഒരു നയാപൈസപോലും കൊടുക്കേണ്ടാ എന്ന അഭിപ്രായക്കാരനായിരുന്നു.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ എവിടെ പറഞ്ഞിരിക്കുന്നു ?

ശ്രീ. എൻ. ഈ. ബലറാം : അതു ഞാൻ പറയാം. സർ, ഭരണഘടന തയാറാക്കിയപ്പോൾ, അതിന്റെ നേതൃത്വം ഡാക്ടർ അംബത്കർക്കായിരുന്നുവല്ലോ.
6 P. M. ഭരണഘടനാ നിർമ്മാണക്കമ്മിററിയിൽ, കാൺഗ്രസ്സുകാരുടെ ഇടയിൽ മൂന്നുതരം അഭിപ്രായഗതിക്കാരുണ്ടായിരുന്നു. അതിൽ, പ്രതിഫലം കൊടുക്കേണ്ടാ എന്ന അഭിപ്രായക്കാരനായിരുന്നു പ്രധാനമന്ത്രിയെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിഫലം നിർബന്ധപൂർവ്വം കൊടുക്കണമെന്ന അഭിപ്രായം, പരേതനായ സർദാർ പട്ടേലിനുണ്ടായിരുന്നുവത്രേ. ശ്രീ. പന്തിനും പ്രതിഫലം കൊടുക്കുന്നതിൽ അനുകൂലമായ അഭിപ്രായമല്ല ഉണ്ടായിരുന്നത്. ഈ കാര്യങ്ങൾ അന്നത്തെ രാജ്യസഭാ പ്രൊസീഡിംഗ്സു പരിശോധിച്ചാൽഅറിയാം. അങ്ങനെ ഭരണഘടനയിൽ, പ്രതിഫലത്തെപ്പററി ഭിന്നാഭിപ്രായത്തോടുകൂടി കാൺഗ്രസ്സ് നേതാക്കന്മാർ ഒരു തീരുമാനത്തിലെത്തിയതാണെങ്കിലും, കാലം വളരെ ചെന്നിട്ട്, ജനാധിപത്യത്തിന്റെ ഭരണം ഇത്രയും പുരോഗമിച്ചതിനുശേഷം, 1963—ൽ, കാൺഗ്രസ്സിന്റെ അനുയായികളായ ഇന്നത്തെ കേരളത്തിലെ ഭരണാധികാരികൾ ഇങ്ങനെ ജന്മികൾക്കു കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന ഒരു നിയമം പാസ്സാക്കി എടുക്കാൻ ശ്രമിക്കുന്നതു കാണുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. ഇവർ ഭൂപരിഷ്ക്കരണത്തിന്റെ പേരിൽ, ഇവിടെ കുടിയായ്മ എന്നെന്നും നിലനിൽക്കാനുള്ള ശ്രമം നടത്തുകയാണെന്നു തോന്നിപ്പോകുകയാണ്. ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ച്, കുടിയാന്മാരിൽനിന്നു, കോടിക്കണക്കിനു, ലക്ഷക്കണക്കിനു രൂപാ പ്രതിഫലമായി ജന്മിമാർക്ക് വാങ്ങിക്കൊടുത്താൽ, അങ്ങനെ വൻപിച്ച തുകകൾ വാങ്ങുന്ന ഏതെങ്കിലും ജന്മി, രാജ്യത്തിനു അഭിവൃദ്ധിയുണ്ടാകുന്ന ഏതെങ്കിലും വ്യവസായം ഈ നാട്ടിൽ തുടങ്ങുകയോ, ഒരു ഫാക്ടറി സ്ഥാപിക്കുകയോ, അങ്ങനെ തൊഴിലില്ലാത്തവർക്കു തൊഴിൽ നല്കി രാജ്യത്തെ സാമ്പത്തിക പരാധീനത അല്പമെങ്കിലും പരിഹരിക്കുകയോ ചെയ്യാനുള്ള ഒരു ശ്രമവും നടത്തുമെന്നു പ്രതീക്ഷിക്കാനില്ല. അങ്ങനെയൊരു അനുഭവം ഇവിടെ ഉണ്ടായിട്ടില്ല. അവർ പ്രതിഫലമായി വാങ്ങുന്ന പണം അനാവശ്യമായി ധൂർത്തടിച്ചുകളയുകയാണ്. ജന്മിമാർ ഇങ്ങനെ വാങ്ങുന്ന പണം രാജ്യത്തിന്റെ പുനർനിർമ്മാണത്തിനു പററിയ വിധത്തിൽ ഏതെങ്കിലും വ്യവസായം തുടങ്ങുന്നതിനു വ്യവസ്ഥചെയ്തിരുന്നുവെങ്കിൽ, ആ വിധത്തിലെങ്കിലും കുറേ പ്രയോജനം പ്രതീക്ഷിക്കാമായിരുന്നു. പാവപ്പെട്ട കുടിയാന്മാർക്ക് പാട്ടം വദ്ധിപ്പിച്ച്, പാട്ടപ്പണം കൊണ്ടു ഒന്നോ, രണ്ടോ നമ്പൂതിരിമാരൊഴികെ മററുള്ളവരെല്ലാം ആ പണം വാങ്ങി ധൂർത്തടിക്കുകയും ചെയ്യുന്ന അനുഭവമാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. പാട്ടപ്പണം കൊണ്ടുള്ള ഒരൊററ ബാങ്കു നെടുങ്ങാടി ബാങ്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നു രണ്ടു നമ്പൂതിരിമാർ ഒന്നു രണ്ടു ഫാക്ടറികൾ ഉണ്ടാക്കി. മററെല്ലാവരും പാട്ടപ്പണം വാങ്ങിധൂർത്തടിച്ചു. പാവപ്പെട്ട കുടിയാന്മാർക്കു് പാട്ടം വർദ്ധിപ്പിച്ചിട്ടു്, കോടീശ്വരന്മാരായ ജന്മിമാരെ സഹായിക്കുന്ന ഈ നിയമം, നാൺ ക്യാപ്പിററലിസ്ററു് കക്ഷിയാണെന്ന ഭാവത്തിൽ കാൺഗ്രസ്സുഭരണകക്ഷി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിനെ ഞങ്ങൾക്കു് എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ ബില്ലിലെ പ്രതിഫലത്തോളു മുതലാളിത്തത്തെ വളർത്തുന്ന രീതിയിലുള്ളതാണു്. Non Capitalist path—നെ ബഹുമാനപ്പെട്ട മന്ത്രി പരിഹസിച്ചതായി തോന്നി കമ്മ്യൂണിസ്ററു് പാർട്ടി Non Capitalist path നെ (മുതലാളിത്തേതരരീതിക്കു്) വേണ്ടിയാണു നിൽക്കുന്നതു്. അതു പ്രകാരം പ്രതിഫല തുക കുറയും. കൃഷിക്കാർക്കു് കൊടുക്കാവുന്നത്രയേ പ്രതിഫലം നിശ്ചയിക്കാവൂ. അതിനുശേഷം കൃഷിക്കാർക്കു് സഹകരണസംഘം ഉണ്ടാക്കാം. അതിനവരെ സഹായിക്കണം. അങ്ങനെ നാട്ടിൻപുറത്തു് മുതലാളിത്തം വളരുന്നതിനെക്രമേണ ഇല്ലാതാക്കാം. ഇതാണു് Non Capitalist path. നേരെ മറിച്ചു കനത്ത പ്രതിഫലം നൽകുന്ന ജന്മിമാരെ മുതലാളിമാരാക്കുന്നതു് തെററായ മാർഗ്ഗമാണു്. അതിനാൽ എന്റെ ഭേദഗതി എങ്കിലും സ്വീകരിക്കാൻ അപേക്ഷ.

രണ്ടാമത്തെ ഭേദഗതി എന്താണെന്നു വെച്ചാൽ ഫെയർ റെൻറു് പതിനാലു് ഇരട്ടി കൊടുക്കണമെന്നു് പറയുന്നതിനു് ഒരു എക്സ്പ്ലനേഷൻ വേണമെന്നാണു്. കാൺട്രാക്ററു് റെൻേറാ അതു് പ്രകാരം നിശ്ചയിക്കുന്ന ഫെയർ റെൻേറാ ഏതാണു് കുറവു് അതു് കൊടുക്കണമെന്നു് നിശ്ചയിക്കണം. പതിനാലു് ഇരട്ടി ജന്മാവകാശത്തിനുവേണ്ടി കൊടുക്കാൻ സമ്മതിക്കുന്നവർ അതു് കാൺട്രാക്ററു് റെൻറിനു പകരം ഫെയർ റെൻറാക്കണമെന്നു പറയുമെങ്കിൽ അതു് ഉയർത്തിക്കൂടാ. ഫെയർ റെൻറിന്റെ പതിനാറു് ഇരട്ടി കൊടുക്കണമെന്നു പറഞ്ഞാൽ അതു് കൊടുക്കേണ്ടതു് ഈ രാജ്യത്തിലെ പാവപ്പെട്ട കർഷകർ, ഈ രാജ്യത്തിലെ കുടിയിരുപ്പു് എന്നു പറയുന്ന പാവപ്പെട്ടവർ, വിശേഷിച്ചും അവരിൽ ഒരു നല്ല ശതമാനം ഹരിജനങ്ങളാണു്, അവർക്കു് ഈ പതിനാറു് ഇരട്ടി കൊടുത്തു് ജന്മാവകാശം വാങ്ങണമെന്നു പറഞ്ഞാൽ സാധിക്കുകയില്ല. അതുകൊണ്ടു് പതിനാറു് ഇരട്ടി എന്നുള്ളതിൽ കുറച്ചെങ്കിലും കുറവു് ചെയ്യണം. കാർഷികപരിഷ്ക്കരണം നടപ്പിലാക്കുന്ന എല്ലാ രാജ്യങ്ങളിലും ഈ തത്വം സ്വീകരിച്ചിട്ടുള്ളതാണു്. എന്നാൽ മാത്രമേ കാർഷികോൽപ്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കുകയുള്ളൂ. പല തോതിൽ റേററു് നിശ്ചയിക്കാൻ നിർബന്ധിക്കുകയാണെങ്കിൽ അതു് തെററാണു്. മാത്രമല്ല കാർഷികപരിഷ്ക്കരണത്തിന്റെ ഗുണം കർഷകർക്കു് ലഭിക്കാതെയും പോകും. അതുകൊണ്ടു് കാർഷികപരിഷ്ക്കരണം എന്നുള്ള മുദ്രാവാക്യം തന്നെ നടപ്പിലാക്കണമെങ്കിൽ എന്റെ ഈ ഭേദഗതികൾ സ്വീകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. കെ. ഹസ്സൻ ഗനി : സർ, ശ്രീ. ബലറാം പാടത്തു പണിയെടുക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ അനുഭവിക്കുന്ന കഷ്ടതകളെസംബന്ധിച്ചെല്ലാം ഇവിടെ വ്യക്തമാക്കുകയുണ്ടായി. എന്റെ അമെൻറുമെൻറു കൊണ്ടു് ഉദ്ദേശിക്കുന്നതു് നിലങ്ങളെ സംബന്ധിച്ചിടത്തോളം ഫെയർ റെൻറിന്റെ പന്ത്രണ്ടു് ഇരട്ടി മാത്രമേ പ്രതിഫല സംഖ്യ കൊടുക്കേണ്ടതുള്ളൂ എന്നാക്കണമെന്നാണു്. മലബാറിനെ സംബന്ധിച്ചിടത്തോളം കൃഷിഭൂമിയിൽ ഇന്നത്തെ നിരക്കു തന്നെ വളരെ കൂടുതലാണു്. കാൺട്രക്ററു് റെൻറു് ആയാലും മലബാറിലെ ടെനൻസി ആക്ടിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥയിലായാലും ശരി ഇന്നു് അവർ കൊടുക്കുന്ന പാട്ടം വളരെ കൂടുതലാണു്. അങ്ങനെ കണക്കു കൂട്ടി നോക്കുമ്പോൾ പതിനാറു് ഇരട്ടിയെന്നുള്ളതു് വളരെ കൂടുതലാണു്. കാർഷികബന്ധ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു് ഏക്കറിനു് 1500 ഉറുപ്പിക ആകുമെങ്കിൽ ഇന്നത്തെ വ്യവസ്ഥയനുസരിച്ച ഏകദേശം രണ്ടായിരം, രണ്ടായിരത്തിയഞ്ഞൂറു ക്രൂപയോളം വരുമെന്നാണു് എന്റെ അഭിപ്രായം. അതു് തിരുവിതാംകൂർ, കൊച്ചി ഭാഗങ്ങളിൽ എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ചു് എനിക്കു് കൂടുതലായിട്ടു് ഒന്നും അറിയാൻ കഴിഞ്ഞിട്ടില്ലെങ്കിലും മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻഗനി]

വളരെ കൂടുതലാണു്. ഗാർഡൻ ലാൻഡിനെ സംബന്ധിച്ചിടത്തോളം കാൺട്രാക്ററു് റെൻറു് ഫെയർ റെൻറിൽ കുറയാനിടയുണ്ടു്. കുടിയാൻ വൃക്ഷങ്ങളും മററും വെച്ചുണ്ടാക്കിയ ചില സ്ഥലങ്ങളിൽ ഏക്കറിനു് നാലണയും, എട്ടണയും ഒരു രൂപയും ഒക്കെ മാത്രമേ പാട്ടമായിട്ടുള്ളു. അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടു ഉണ്ടാകുകയില്ലെങ്കിലും പാടത്തു് പണിയെടുക്കുന്ന കുടിയാനെ സംബന്ധിച്ചിടത്തോളം അവക്കു് ഭൂമി പർച്ചെയ്സ് ചെയ്യുന്നതിനുള്ള വിഷമതകളുണ്ടാകും. അതുകൊണ്ടു് ഇന്നു് വെച്ചിരിക്കുന്ന പ്രതിഫല സംഖ്യ ഫെയർ റെൻറിൻെറ പതിനാറു് ഇരട്ടിയിൽ നിന്നും പന്ത്രണ്ടു് ഇരട്ടിയായി നിലങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും കുറവു ചെയ്യണമെന്നാണു് എനിക്കു് ബഹുമാനപ്പെട്ട മന്ത്രിയോടു് പറയുവാനുള്ളതു്. കാരണം അവരാണു് ഇന്നു് ഏററവും കഷ്ടതകൾ അനുഭവിക്കുന്ന കുടിയാന്മാർ. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി എൻെറ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഈ. പി. ഗോപാലൻ: സർ, എൻെറ ഭേദഗതി 1090-ാംനമ്പർ ഭേദഗതിയാണു്. ഭേദഗതിയിൽ പറയുന്നതു് In clause 53 (i), delete the word 'sixteen' and substitute 'fourteen' എന്നാണു്. ഈ ബിൽ കാർഷിക പരിഷ്ക്കരണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ബിൽ ആകുന്നമെങ്കിൽ, ഈ 51-ാം വകുപ്പു് ഭേദഗതി ചെയ്തേ മതിയാവൂ. ടെനൻസി ലെജിസ്ലേഷൻ ആണെങ്കിൽ കാര്യം വേറെയാണു്. തക്കമില്ല. ഇവിടെ ടെനൻസി അവകാശം നിജപ്പെടുത്തുന്നതും ഫെയർറെൻറു് ഫിക്സ് ചെയ്യുന്നതും ഒരു പ്രത്യേക ഉദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിവേണം. ആ ഉദ്ദേശം എന്താണെന്നുവച്ചാൽ കുടിയാനെക്കൊണ്ടു ഭൂമി വാങ്ങിപ്പിക്കുക എന്നുള്ളതുതന്നെ. ആ ഉദ്ദേശം വച്ചുകൊണ്ടു് നോക്കുമ്പോൾ പർച്ചേസ് റൈററിൻെറ കാര്യം വളരെ പ്രധാനപ്പെട്ട ഒന്നായിത്തീരും. പർച്ചെയ്സ് നടക്കുമോ ഇല്ലയോ എന്നതിൻെറ ഉരകല്ലാണു് ഈ 51-ാം വകുപ്പു്. ഈ ബില്ലിൽ അംഗീകരിച്ചിട്ടുള്ള തത്വം ഫെയർറെൻറു കണക്കാക്കി അതിൻെറ 16 ഇരട്ടി പ്രതിഫലം കണക്കാക്കണമെന്നാണു്. ആ തത്വം സ്വീകരിക്കുന്ന അവസരത്തിൽ ഒരു പക്ഷം പിടിച്ചിട്ടുണ്ടെന്നു് വ്യക്തമായും കാണാൻകഴിയും. ഗ്രോസ്പ്രൊഡ്യൂസിൻെറ ഡെഫനിഷൻ ജന്മിയുടെ പക്ഷംപിടിച്ചു നിന്നു. ഗ്രോസ് പ്രൊഡ്യൂസിൻെറ ഡഫനിഷനുണ്ടാകുന്ന പ്രത്യാഘാതങ്ങൾ മുഴുവനും പുറത്തുവന്നിട്ടില്ല. ഇനി വരാൻപോകുന്ന വകുപ്പുകളിലും പക്ഷംപിടിക്കുന്നതു് കാണാം. ഗ്രോസ് പ്രൊഡ്യൂസ് കണക്കാക്കുന്നതിൽ ഇന്നു നിലവിലുള്ള നിയമത്തിൽനിന്നും വിട്ടു് വ്യക്തമായും ജന്മിയുടെഭാഗത്തേയ്ക്കു് ചായ്വു് ഉണ്ടായിരിക്കുകയാണു്. അതുകൊണ്ടു കുടിയാനു് എതിരായ നിലയുണ്ടാകുന്നു. ഗ്രോസ് പ്രൊഡ്യൂസിൻെറ തോതിന്മേലാണു് പാട്ടം കണക്കാക്കുന്നതു് എന്നു് വരുമ്പോൾ കുടിയാനെതിരായി, ജന്മിയുടെ പക്ഷം പിടിച്ചിട്ടുണ്ടെന്നും കുടിയാൻെറ കയ്യിൽനിന്നു് കൂടുതൽ വാങ്ങി ജന്മിക്കു് കൊടുക്കാൻ കോപ്പിടുകയാണെന്നും തെളിഞ്ഞിരിക്കുന്നു. ഗ്രോസ്പ്രൊഡ്യൂസ് കണക്കാക്കി, അതിൽനിന്നു് ഫെയർറെൻറു് കണക്കാക്കി, അതിൻെറ 16 ഇരട്ടിയാണു് പ്രതിഫലം എന്നു് നിശ്ചയിച്ചിരിക്കുന്നു. പതിനാറിരട്ടി എന്നതു് പതിനാലിരട്ടിയെന്നാക്കണമെന്നാണു് എൻെറ ഭേദഗതി. ഈ ബില്ലിലെ പ്രധാനപ്പെട്ട പല വകുപ്പുകളിലും തീരുമാനമെടുക്കുന്ന അവസരത്തിൽ നിഷ്പക്ഷത പാലിച്ചിട്ടുള്ള ശ്രീ. ഹസ്സൻഗനിപോലും ഇക്കാര്യത്തിൽ നിലങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും ഫെയർറെൻറിൻെറ പന്ത്രണ്ടു് ഇരട്ടി ആക്കണം പ്രതിഫലസംഖ്യ എന്നു പറഞ്ഞിട്ടുണ്ടു്. നിലങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും മര്യാദപ്പാട്ടത്തിൻെറ പതിനാറു് ഇരട്ടി പ്രതിഫലം കൊടുക്കണമെന്നുള്ളതു് കുടിയാനെ സംബന്ധിച്ചിടത്തോളം പർച്ചേസു് ചെയ്യുന്നതിനു് വിഷമമാണെന്നും അദ്ദേഹം പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസൻഗനി : മലബാറിനെ സംബന്ധിച്ചിടത്തോളം അവിടത്തെ കുടിയാന്മാർക്ക് അനുകൂലമായിട്ടുള്ള കാര്യങ്ങൾ വരുമ്പോൾ ഞാൻ നിഷ്പക്ഷത പാലിക്കും. അല്ലാതെ വരുമ്പോൾ ആവശ്യമായ കാര്യങ്ങൾ പറയുകയും ചെയ്യും. അല്ലാതെ എല്ലാത്തിനും ബഹളമുണ്ടാക്കുകയില്ല.

ശ്രീ. പി. ടി. ചാക്കോ : അല്ലെങ്കിൽ പിന്നെ തിരുവിതാംകൂറിൽനിന്നു് പോയി മലബാറിൽനിന്നു് ജയിച്ചവരാൻ സാധിക്കുമോ ?

ശ്രീ. ഇ. പി. ഗോപാലൻ : ഈ തക്കത്തിൽ ഞാൻ ഇടപെടണമോ ?

മി. സ്പീക്കർ : ആ തക്കത്തിൽ ശ്രീ. ഗോപാലൻ ഇടപെടേണ്ട ആവശ്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : ഞാൻ ഇടപെടുന്നില്ല. മര്യാദപ്പാട്ടത്തിന്റെ പതിനാറു് ഇരട്ടി പ്രതിഫലം കൊടുക്കണമെന്നു പറഞ്ഞാൽ ശ്രീ. എൻ. ഇ. ബലറാം വ്യക്തമാക്കിയിട്ടുള്ളതുപോലെ മാർക്കറ്റുവിലയോ അല്ലെങ്കിൽ അതിനെക്കാൾ അല്പം കൂടുതലോ കൊടുക്കേണ്ടിവരിക എന്നാണർത്ഥം. കണക്കുകൾ അങ്ങിനെയാണു് പറയുന്നതു്. അവിടെയാണു് ഗ്രോസ്സ്പ്രൊഡ്യൂസിന്റെ വിശദീകരണം കൊണ്ടുചെന്നെത്തിച്ചതു്. മാർക്കറ്റുവിലയോ അതിനെക്കാൾ കുറച്ചു കൂടുതലോ കൊടുക്കേണ്ടിവരുന്ന സ്ഥിതി ഉണ്ടെങ്കിൽ പിന്നെ പർച്ചേസ് ചെയ്യാൻ സൗജന്യം ചെയ്യുന്നു എന്നു പറയുന്നതിനർത്ഥമില്ല. ഗ്രോസ് പ്രൊഡ്യൂസിന്റെ കാര്യത്തിൽ, കൂടുതൽ വന്നു. അതിന്റെ പതിനാറിരട്ടിയുമായി വർദ്ധനവുതന്നെ. ഇതിനെപ്പററി പറയുമ്പോൾ 1957-ലെ കാർഷികബന്ധബില്ലിന്റെ ചർച്ചാവേളയിലേക്കാണു് എന്റെ ഓർമ്മ പോകുന്നതു്. കേരളത്തിൽ നടപ്പിലാകുന്ന കാർഷിക പരിഷ്ക്കരണത്തിൽ ഒരു കാര്യം ശ്രദ്ധിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയും മററുള്ളവരും ഇപ്പുറത്തിരുന്നു് പറഞ്ഞിട്ടുണ്ടു്. കുടിയാനു് ഭൂമി സ്വന്തമായി വാങ്ങിക്കാൻ സൌകര്യമുണ്ടാക്കണമെന്നു് തുടരെത്തുടരെ വാദിച്ചുകേട്ടിട്ടുണ്ടു്. ആ വാദത്തിന്റെ സാക്ഷാൽക്കാരമാണു് ഇവിടെ ഒപ്പിച്ചിട്ടുള്ളതെന്നാണു് എനിക്കു് തോന്നുന്നതു്. പണമുള്ളവർക്കു് ഭൂമി സ്വച്ഛന്ദം വാങ്ങാൻ സൗകര്യമുണ്ടാക്കികൊടുത്താൽ മതി എന്ന വാദം ചെന്നെത്തിയതു് കൈവശക്കാരനു് ഭൂമി വാങ്ങാൻ സൗകര്യമില്ലാത്ത സ്ഥിതിയിലാണു്. കൈവശക്കാരനു് ഭൂമി കിട്ടണമെന്നല്ല. പണമുള്ളവനു് ഭൂമി വാങ്ങാൻ കിട്ടണം. അതു സാധിക്കുന്നു. കുടിയാനു് തന്റെ കൈവശഭൂമി വാങ്ങാനൊട്ടു പററുന്നുമില്ല. പണമുള്ളവനു് ഭൂമി വാങ്ങിക്കൂട്ടാൻ സൗകര്യമുണ്ടു്. കുടിയാനെ ഭൂമിയുടെ ഉടമസ്ഥനാക്കുമെന്നതു് പൊള്ളയായ പ്രഖ്യാപനം മാത്രം. പണക്കാർക്കു് ഭൂമി കിട്ടണമെന്നല്ലാതെ, കുടിയാനു് ഭൂമിയിൽ ഉടമാവകാശം കിട്ടണമെന്ന താല്പര്യമില്ല. ഇതിന്റെ പേരാണു് ഡെമോക്രാററിക്ക്സോഷ്യലിസം. ഡെമോക്രാററിക്കു് സോഷ്യലിസം എന്ന കള്ളനാണ്യവും കൊണ്ടാണു് പുറപ്പെട്ടിട്ടുള്ളതു്. സോഷ്യലിസവുമായിട്ടിതിനു് യാതൊരു ബന്ധവുമില്ല. ഈയിടെ ജയ്പ്പൂരിൽവച്ചു് എ. ഐ. സി. സി. കൂടിയ സന്ദർഭത്തിൽ സോഷ്യലിസ്റ്റ് പാറേറണിനെ ഒന്നു റീ അസസ്സ് ചെയ്യാൻ ശ്രമിച്ചതായി കാണാൻ കഴിഞ്ഞു. ഈ ബില്ലിൽ സോഷ്യലിസ്ററു് ആശയത്തിന്റെ പ്രതിഫലനമുണ്ടോ? ജന്മിപക്ഷപാതം എന്തു സോഷ്യലിസമാണു്. സോഷ്യലിസത്തെ റീ അസസ്സ് ചെയ്യുന്നതിങ്ങിനെയാണോ ? സ്വന്തം പ്രവൃത്തി ഡെമോക്രാററിക്ക്സോഷ്യലിസവുമായി ഒന്നു തട്ടിച്ചുനോക്കുന്നതു് നല്ലതാണു്. ആത്മാർത്ഥതയുണ്ടോ എന്നു് അപ്പോൾ തെളിയും. കമ്മ്യൂണിസ്ററുകാർ നോൺ ക്യാപിററലിസ് പാത്തു് ഫലപ്രദമല്ലെന്നുകണ്ടാൽ മാററിക്കൊള്ളും. സോഷ്യലിസ്ററു് ലക്ഷ്യത്തിൽ വിശ്വസിക്കുന്നവരാണെന്നു പറഞ്ഞു നടക്കുന്നവർക്കു് യഥാർത്ഥത്തിൽ അതിൽ വിശ്വാസമുണ്ടോ? ഇല്ല. അവർ സോഷ്യലിസത്തിന്റെ പരമവിരോധികളാണു്. സോഷ്യലിസത്തിന്റെ കുപ്പായം മാത്രമുണ്ടു്. ഉള്ള മുഴുവനും വിഷം. പോയിപ്പോയി എവിടെ എത്തി. ജന്മി-നാടുപ്രമാണിപക്ഷപാതം വ്യക്തമാകുന്ന ഈ

[ശ്രീ. ഇ. പി. ഗോപാലൻ]

ബില്ലിന്റെ പ്രണേതാക്കൾക്ക് സോഷ്യലിസവുമായി ഒരു ബന്ധവുമില്ല. സോഷ്യലിസത്തിനെതിരാണെങ്കിൽ അതു പറയാൻ ധൈര്യം വേണം. ഈ ബില്ലിൽ മുഴച്ച് നിൽക്കുന്നതു് ജന്മിപ്രേമമാണ്. സോഷ്യലിസ്റ്റ് പാറേറണല്ല.

<u>ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ</u> : ഡെമോക്രാററിക്ക് സോഷ്യലിസത്തിനു് ആൾട്ടർനേററീവായി വല്ല സജഷനും ഉണ്ടോ ?

<u>ശ്രീ. ഇ. പി. ഗോപാലൻ</u> : ആൾട്ടർനേററീവ് സജഷൻ ഇവിടെ പറയുന്നില്ല. ഇവിടെ ഈ ബില്ലിന്റെ കാര്യമാണുള്ളതു്. പറയുന്നതൊന്നു്, വിശ്വസിക്കുന്നതു് വേറൊന്നു്, പ്രവൃത്തിയിൽ കൊണ്ടുവരുന്നതു് മറെറാന്നു്. ഇതാണ് ഇപ്പോഴം ഡെമോക്രാററിക്ക് സോഷ്യലിസത്തിന്റെ സ്റ്റാൻഡേഡ്. അതിന്റെ പ്രതിഫലനം ഈ ബില്ലിൽ വ്യക്തമായും കാണാം.

അധികാരത്തിലിരിക്കുന്ന കാൺഗ്രസിനു് ഈ രാജ്യത്തു് ഡെമോക്രാററിക്ക സോഷ്യലിസം നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പിടിപാടുണ്ടോ ? ജയപ്പൂരിൽ കൂടിയ എ. ഐ. സി. സി. സമ്മേളനം സോഷ്യലിസത്തിന്റെ കാര്യം ഊന്നിപ്പറഞ്ഞതായി പത്രങ്ങളിൽ കണ്ടു. കാർഷികപരിഷ്ക്കാരം രണ്ടു കൊല്ലത്തിൽ പൂർണ്ണമായി നടപ്പാക്കുമെന്നും പറയപ്പെടുന്നു. കോൺഗ്രസ്സിന്റെ ഡെമോക്രാററിക്ക് സോഷ്യലിസത്തിന്റെയും കോൺഗ്രസ്സ് മോഡൽ കാർഷികപരിഷ്ക്കാരത്തിന്റേയും നിദർശനമായി ഈ ബിൽ വർത്തിക്കുന്നു. കൃഷിക്കാരുടെ കയ്യിൽനിന്നും കൂടുതൽ പ്രതിഫലം വാങ്ങി ജന്മിക്ക് കൊടുക്കാൻ കരാർ എടുത്തിരിക്കുന്നു ഇവർ. ഈ വകുപ്പ് അതിന്റെ തെളിവാണെന്നു പറയണം. യാതൊരു കാരണവശാലും ഈ നിയമമനുസരിച്ച് കുടിയാൻ ഭൂമി പർച്ചേസ് ചെയ്യരുതു് എന്നു് ശട്ടം കെട്ടിയമാതിരിയുണ്ടു്. അഥവാ വല്ലവരും പർച്ചേസ് ചെയ്യാൻ വിചാരിക്കുകയാണെങ്കിൽ ജന്മിക്ക് കൂടുതൽ പണം കൊടുക്കണം. പോരേ ? അങ്ങനെയുള്ള ഒരു നിലപാടാണു് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം മന്ത്രി എടുത്തിട്ടുള്ളതെന്നു് രേഖപ്പെടുത്തട്ടെ. സർ, ജന്മിതാല്പര്യസംരക്ഷണം കാർഷികനിയമമാവില്ല. ബഹുമാനപ്പെട്ട ചില മെംബർമാർ പ്രതീക്ഷിച്ചിരുന്നപോലെ, ചുവടുമാററിച്ചവിട്ടുമെന്നു് ഞാൻ കരുതുന്നില്ല. ഇളകാൻവയ്യാത്തവിധം ജന്മിത്തോട്ടം ഉടമതാല്പര്യം ഇവരെ കെട്ടിയിട്ടിരിക്കുന്നു. പലതും പറച്ചിലാണു്. യാഥാർത്ഥ്യം കുടിയാനു് ദ്രോഹവും. മലബാർ ഭാഗത്തെ നല്ല ഒരു വിഭാഗം കുടിയാന്മാരോടു കാട്ടുന്ന അനീതി ഭയങ്കരമാണു്. 16 ഇരട്ടി എന്നതു് ചുരുക്കിയാലല്ലാതെ, ഭൂമി പർച്ചേസ് ചെയ്യുവാൻ കുടിയാൻ മുന്നോട്ടു വരുന്ന കാര്യം സംശയമാണു്. നടപ്പുകുടിയാന്റെ കഴുത്തിൽ കയററിവയ്ക്കാനുദ്ദേശിക്കുന്ന ഭാരം ലഘൂകരിക്കാൻ പററുമോ എന്നു് നോക്കുകയാണു്. ജന്മിപക്ഷപാതംകൊണ്ടു് കണ്ണുകാണാതായവർ ഇതു് സമ്മതിക്കുന്നില്ല. എന്തു ന്യായീകരണമാണിതിനുള്ളതെന്നറിയേണ്ടതുണ്ടു്. ആ നിലയിൽ 16 ഇരട്ടി എന്നുള്ളതു് 14 ഇരട്ടിയായി എങ്കിലും ചുരുക്കണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഇവിടെനിന്നു അങ്ങോട്ടു വരുന്ന വകുപ്പുകളുടെ നില പരിശോധിച്ചാൽ, 12 ഇരട്ടിയായയാലും ജന്മിമാർക്കു് നിലവിലുള്ള, നിയമത്തെക്കാളും മെച്ചമാണുണ്ടാവുക എന്നു കാണാം. കിട്ടുന്ന വില ഏറിയാൽ ഭൂമി വാങ്ങാൻ പററില്ല. ഇന്നു നിലവിലുള്ള നിയമം മൂലം കിട്ടുന്ന പ്രതിഫലത്തെക്കാളുമധികം കൊടുത്താൽ പോരേ? ഈ ബില്ലിൽ വിഭാവനം ചെയ്യുന്ന പ്രതിഫലത്തോതു് വല്ലാതെ കൂടുതലാണു്. ഞങ്ങൾ അവതരിപ്പിച്ച ഭേദഗതികളിൽ മര്യാദപ്പാട്ടത്തിന്റെ 12 ഇരട്ടി കൊടുത്താൽ മതിയെന്നും വ്യക്തമാക്കുന്നുണ്ടു്.

<u>ശ്രീ. പി. ടി. ചാക്കോ</u> : ഈ കരാർ എന്നു പറഞ്ഞതു് എന്താണെന്നു മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : അതു് ഇപ്പോൾ മനസ്സിലാകുകയില്ല. കുറേ കഴിയുമ്പോൾ മനസ്സിലാകും. അതു് എന്റെ അഭിപ്രായത്തിൽ ജന്മിമാർക്കു് കൂടുതൽ പ്രതിഫലം വാങ്ങിക്കൊടുക്കാമെന്നു് ഏററിട്ടുണ്ടു്. അതാണു് കരാറെന്നു പറഞ്ഞതു്; പച്ച മലയാളത്തിലാണു് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : ഏതായാലും ശ്രീ. ഗോപാലനെ അതു് ഏല്പിക്കാൻ ഒക്കുകയില്ലല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ : എന്നെ ഏൽപ്പിക്കാൻ ഒക്കുകയില്ല. അതേല്ക്കാൻ ഞാൻ ആളുമല്ല. കൂടുതൽ പ്രതിഫലം നൽകുന്നതിനു് ഞാനെതിരാണു്. പ്രതിഫലത്തോതു് അധികമാണു്. അതു് നിഷേധിക്കാൻ കഴിയുമോ ?

ശ്രീ. പി. ടി. ചാക്കോ : ഈ ആരോപണം പണ്ഡിററു് നെഹ്റുവിനു് അയച്ചുകൊടുത്തുകൂടേ ?

ശ്രീ. ഇ. പി. ഗോപാലൻ : പണ്ഡിററു് നെഹ്റുവിനു് അയച്ചുകൊടുത്തിടത്തോളം മതിയായി. ഇനി ആർക്കും അയച്ചുകൊടുക്കേണ്ട കാര്യമില്ല. ഞാനിപ്പറഞ്ഞതൊരാരോപണമല്ല ; സത്യമായ കാര്യമാണു്. ആരോപണത്തിനിവിടെ കാര്യമൊന്നുമില്ല. ഈ ഭാഗത്തുനിന്നു് ഈ ഭേദഗതികൾകൊണ്ടു് ഉദ്ദേശിക്കുന്നതു് കുടിയാന്മാരുടെ തലയിൽ വീഴുന്ന ഭാരം ചുരുക്കുന്നതിനാണു്. ഫെയർ റെൻറിന്റെ തോതു കണക്കാക്കുന്ന ഷെഡ്യൂൾ എടുത്തു പരിശോധിക്കുമ്പോൾ പാട്ടത്തോതു കൂടുതലാണു്. അതുകൊണ്ടു് പ്രതിഫലവും കൂടും. ഈ ബിൽ അതു് സാധിക്കാനുദ്ദേശിച്ചുണ്ടാക്കിയതാണു്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ബിൽ ആകെ ഒന്നു വായിച്ചുനോക്കിയാൽ ഉണ്ടാകുന്ന ഇംപ്രഷൻ, ഇവിടെ സാക്ഷാൽക്കരിക്കുന്നു. ജന്മികൾ കൂടുതൽ പ്രതിഫലം വാങ്ങിക്കൊടുക്കണം എന്നു തന്നെ. ഓരോ വകുപ്പിനെ സംബന്ധിച്ചും ചർച്ച ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മേൽപ്പോട്ടും കീഴ്പ്പോട്ടും ചെന്നു മുട്ടുന്നതു് നിശ്ചയമായും ഈ കേന്ദ്രസത്യത്തിലാണു്. അതിന്റെ ആക്കത്തുക്കം ഈ വകുപ്പിൽ വ്യക്തമായി ദർശിക്കാൻ കഴിയും. അതുവച്ചു് പരിശോധിക്കുമ്പോൾ 12 ഇരട്ടി എന്നു സ്വീകരിച്ചാൽപോലും ജന്മിമാർക്കു് യാതൊരു കാരണവശാലും നിലവിലുള്ള നിയമപ്രകാരം കിട്ടുന്നതിനേക്കാൾ കുറഞ്ഞ പ്രതിഫലമല്ല കിട്ടുന്നതു്; കൂടുതല്ലാണു്. അതിനുപോലും തയ്യാറില്ലെന്നു വന്നാൽ ഈ ബില്ലിലെ 'land to the tiller' എന്നുള്ള ഉദ്ദേശം നിഷ്ഫലമായിത്തീരും. ഇടത്തട്ടുകാരൻ ഇല്ലാതാവുകയല്ല. നേർമറിച്ചു് നിലനിൽക്കുകയാണിതിന്റെയെല്ലാം ഫലം. ഇതാണോ നിലപാടു്? എങ്കിൽ തുറന്നു പറയുക. ഫെയർറെൻറു് വർദ്ധിപ്പിക്കുന്നതിനു് ചില ന്യായങ്ങളെല്ലാം പറയുന്നതു കേട്ടു. ഫെയർറെൻറു് എന്തിനു് വർദ്ധിപ്പിക്കണം ? നിലവിലുള്ള പാട്ടം ഒരു കാര്യത്തിലും കൂട്ടാൻ പാടില്ല. ഒരു രൂപയും രണ്ടു രൂപയും മൂന്നു രൂപയും ഒക്കെ പാട്ടം നിശ്ചയിച്ചിട്ടുള്ളതിനെപ്പററി പരാതി പറഞ്ഞിട്ടെന്തുകാര്യം. തരിശുഭൂമികൾ ഏറെറടുക്കുമ്പോൾ അത്രയൊക്കെ പാട്ടം കൊടുത്താൽപോരേ? അതു ധാരാളമാണു്. തെങ്ങും കമുകും വച്ചു് പിടിപ്പിച്ചു് അനുഭവങ്ങളുണ്ടാക്കിയാൽ കൂടുതൽ പാട്ടം കൊടുക്കണമെന്നില്ല. തരിശുസ്ഥലങ്ങൾ ഏറെറടുത്തു് അദ്ധ്വാനിച്ചു് വിഭവങ്ങളുണ്ടാക്കിയാൽ അതിന്റെ തോതിൽ പാട്ടം കൂട്ടിക്കൊടുക്കണമെന്നു പറയുന്നതു് തികച്ചും ജന്മിപക്ഷപാതമാണു്. ഭൂമിക്കു് അഭിവൃദ്ധി ഉണ്ടാകുന്നതിന്റെ തോതിൽ പാട്ടം കൂട്ടുന്നതു് ധൃഷ്ടതയല്ലേ ? അതു് തെററല്ലേ ? 25—ഓ 30—ഓ കൊല്ലം മുൻപു് പുല്ലുപോലും മുളയ്ക്കാതെ കിടന്ന സ്ഥലങ്ങൾ വേണ്ടപോലെ ഇംപ്രൂവ് ചെയ്തു ചമയിച്ചാൽ, അതിനു പാട്ടം കൂടുതൽ കൊടുക്കേണ്ടിവരുന്നതു് കഷ്ടമാണു്. നിശ്ചയമായും ചില കേസ്സുകളിൽ നിശ്ചയിച്ച പാട്ടം ചെറുതാണു്. ഭൂമിയുടെ ഉടമസ്ഥന്മാർക്കുപോലും ഉണ്ടായ അഭിവൃദ്ധിയുടെ തോതിൽ പാട്ടം കൂട്ടിക്കിട്ടണമെന്നു ശാഠ്യമില്ല. പാട്ടം കുറവായ കേസ്സുകളിൽ പ്രതിഫലസംഖ്യ ചെറുതായിരിക്കും. പ്രതിഫലം വർദ്ധിപ്പിക്കാൻ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

കണ്ടമാനം പാട്ടം കൂട്ടാൻ പറയുമോ? പ്രതിഫലം കൂട്ടാൻവേണ്ടി പാട്ടം വർദ്ധിപ്പിക്കുകയാണ ചെയ്യുന്നതു്. എന്തിനാണീപ്പണിക്കു നിൽക്കുന്നതു്? ഒരേക്കർ തെങ്ങിൻതോപ്പിന്റെ പാട്ടം നാലോ അഞ്ചോ രൂപയാണെങ്കിൽ അതിന്റെ പ്രതിഫലം 60-ഓ 66-ഓ രൂപയല്ലേ വരികയുള്ളുവെന്നു് ചോദിക്കുമായിരിക്കാം. അതു് കുറച്ചു വർദ്ധിപ്പിച്ചാൽ എന്താണു് എന്നല്ലേ വാദം? കൊല്ലത്തിൽ, ആയിരമോ രണ്ടായിരമോ രൂപ കിട്ടുന്നതാണു്. പ്രതിഫലം കുറച്ചു കൂട്ടാനാണു് ഈ വാദഗതിയൊക്കെ കൊണ്ടുവരുന്നതു്. കുടിയാന്റെ തലയിൽ കൂടുതൽ ഭാരം കയററിവെയ്ക്കാൻ. ഇവിടെ ബഹു: ഹസ്സൻഗനിയുടെ ഭേദഗതിയിൽ സൂചിപ്പിക്കുന്നതുപോലെ പ്രധാനമായി ഇതു ചെന്നുതട്ടുന്നതു് നെൽക്കൃഷിയെയാണു്. ഈ ബില്ലിലെ റേറില്‍ പ്രതിഫലം നിശ്ചയിച്ചാൽ നെൽ കൃഷിക്കാരൻ ഭൂമി വാങ്ങുകയില്ല—തീർച്ച. കൃഷി അഭിവൃദ്ധിപ്പെടുത്തിയാൽ ആപത്തായി എന്നുള്ള നിലയാണു്. പാട്ടം കൂടും. പ്രതിഫലവും കൂടും. അവർക്കു് ഒരൊററ മാർഗ്ഗമേ ഇന്നുള്ളു. പാട്ടം കുറയുവാൻ, പ്രതിഫല സംഖ്യ കുറയുവാൻ ഒരൊററ മാർഗ്ഗം മാത്രമേ ഉള്ളു. ഉൽപ്പാദനം കഴിവതും കുറയ്ക്കുക. ഉൽപ്പാദനം കുറച്ചാൽ, പാട്ടം കുറയും. പാട്ടം കുറഞ്ഞാൽ പ്രതിഫല സംഖ്യയും കുറയും. ഇങ്ങിനെയൊരു സ്ഥിതിയിലേക്കെത്തിക്കാൻ പാടുണ്ടോ കാര്യങ്ങൾ? വിശേഷിച്ചും ഈ കാലഘട്ടത്തിൽ? ഇതു് ആവത്തനമായിരിക്കാം. എന്നാലും സത്യമാണു്.

മി. സ്പീക്കർ: ഇതു് മൂന്നാമത്തെ പ്രാവശ്യമാണു് ആവത്തനം.

ശ്രീ. ഈ. പി. ഗോപാലൻ: ആയുർവ്വേദവിധിപ്രകാരം ആവത്തനം കൊണ്ടു് ഗുണം വർദ്ധിക്കുകയേ ഉള്ളു. ക്ഷീരബലതന്നെ 101 ആവർത്തിച്ചാൽ ഗുണം കൂടുമല്ലോ. ഈ ബില്ലിന്റെ ആപത്തു വ്യക്തമാകാൻ ആവത്തനം കൂടിയേ കഴിയു എന്നതാണു് നില.

അപ്പോഠം ഗ്രോസ് പ്രൊഡ്യൂസും ഫെയർറെൻറും പ്രതിഫലസംഖ്യയും ഒക്കെ പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണു്.

സർ, ഒരു കൊല്ലത്തെ വിളവിന്റെ അടിസ്ഥാനത്തിലാണു് മര്യാദപ്പാട്ടം കണക്കാക്കുന്നതെന്നു് ബില്ലിൽ സ്വീകരിച്ചിട്ടുള്ള തത്വം വ്യക്തമാണു്. വിളവു കുറയ്ക്കണമെന്നല്ലേ ഈ ബില്ലു് പഠിപ്പിക്കുന്ന പാഠം. വിളവു കുറച്ചാൽ പാട്ടം ചുരുങ്ങും. പാട്ടം ചുരുങ്ങിയാൽ കുറഞ്ഞ പ്രതിഫലം കൊടുത്താൽ മതി. അതുകൊണ്ടു് ഉല്പാദനം പത്തുക്കൊണ്ടു ചുരുക്കണം എന്നല്ലേ ഈ ബില്ലിന്റെ വകുപ്പുകഠംകൊണ്ടു കൃഷിക്കാർ പഠിക്കേണ്ടതു്? എഫ്. ഏ. സി. ററി.യുടെ വളം വാങ്ങി ഉപയോഗിക്കരുതു്. നല്ല വിത്തു ഉപയോഗിക്കരുതു്. അങ്ങിനെ ചെയ്താൽ, നെല്ലു കൂടുതലുണ്ടാകും. അപ്പോഠം, പാട്ടവും കൂടും. പ്രതിഫലവും കൂടും. വേദനയോടുകൂടിയാണു് ഞാനിതു പറയുന്നതു്. കാഞ്ഞിരപ്പുഴ അണക്കെട്ടിന്റെ പ്രവൃത്തി ഉടനെ തുടങ്ങണമെന്നാവശ്യപ്പെടുന്നുണ്ടു്. വററി വരണ്ടു കിടക്കുന്ന വയലുകഠംക്കു് വെള്ളം കിട്ടിയാൽ നെല്ലു കൂടുതലുണ്ടാകും. അങ്ങിനെയുണ്ടാകുന്ന നെല്ലിന്റെ നല്ലൊരോഹരി പാട്ടമായി വസൂലാക്കണമെന്നല്ലേ ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്? അതുകൊണ്ടുതന്നെ കൃഷിക്കാർ പറയും കാഞ്ഞിരപ്പുഴ അണക്കെട്ടിലെ വെള്ളം പത്തുകൊല്ലം കിട്ടിയാൽ മതി. ഇന്നു ഈ നിലയിൽ പാട്ടം കണക്കാക്കട്ടെ. എന്നിട്ടു മതി വെള്ളം. കൃഷിക്കാരന്റെ താല്പര്യം അതല്ലേ? പാട്ടം കൂട്ടാനും പ്രതിഫലം കൂട്ടാനുമുള്ള നിങ്ങളുടെ ശ്രമത്തിന്റെ പ്രത്യാഘാതം ഭയങ്കരമാണു്. ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കാൻ പോകുന്നതാണിതു്. കാഞ്ഞിരപ്പുഴ അണക്കെട്ടു തൽക്കാലം വേണ്ട എന്നു കൃഷിക്കാരെക്കൊണ്ടു പറയിപ്പിക്കണമെങ്കിൽ കാര്യത്തിന്റെ ഗൗരവം എത്രത്തോളമെത്തി എന്നറിയണം. വിളവു് കൂടുതലുണ്ടായാൽ അതനുസരിച്ചു് ഗ്രോസ് പ്രൊഡ്യൂസ് കണക്കാക്കും. അതനുസരിച്ചു് പ്രതിഫലവും കണക്കാക്കും. അതുകൊണ്ടാണു് കൂടുതൽ ഉല്പാദിപ്പിക്കുന്നതു് കർഷകനു് ആപത്തായി മാറുന്നതു്. ഈ കാലത്തു് ഇത്തരം ഒരു നിയമം കൊണ്ടുവന്നതിനു്

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് പേരു പറയേണ്ടതു്? ഒരുവിധം ലക്കുള്ളവർ ഇതു ചെയ്യുകയില്ല എന്നുള്ളതു് വ്യക്തമാണ്. ഉൽപ്പാദന വർദ്ധനവിനെപ്പററി പറയുന്നതിൽ വല്ല ആത്മാർത്ഥതയുമുണ്ടോ? എല്ലാം കഴിവും ഉപയോഗിച്ചു് വിളവു് അഭിവൃദ്ധിപ്പെടുത്തുക, വിശേഷിച്ചും ഭക്ഷ്യധാന്യങ്ങൾ കൂടുതൽ ഉണ്ടാക്കുക എന്നു പറയുന്നതു് എന്തു കണ്ടിട്ടാണെന്നു കൃഷിക്കാർ ചോദിച്ചാൽ മറുപടി എങ്ങനെ പറയും? ഒരു സീരിയസ് ലജിസ്ലേഷനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ നില മാററണം. പാട്ടം കൂട്ടാനും പ്രതിഫലം വർദ്ധിപ്പിക്കാനും ഒരുമ്പെടരുതു്, നിലവിലുള്ള നിയമം മാററുന്നതും ഈ ബിൽ ഇത്ര ധൃതിപിടിച്ചു പാസ്സാക്കിയെടുക്കാൻ നോക്കുന്നതും എന്തിനാണെന്നു് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നുണ്ടു്. ഈ നിലപാടുതന്നെ തുടർന്നാൽ അതു് ഈ രാജ്യത്തെ ഉൽപ്പാദനത്തെ ബാധിക്കുമെന്നു് ഞാൻ വളരെ ഗൗരവത്തോടുകൂടി താക്കീതു ചെയ്യുന്നു. ഈ നിയമത്തിന്റെ പ്രത്യേക ഉദ്ദേശങ്ങളും ഇതുകൊണ്ടുവന്നു ചേരുന്ന ആപത്തുകളും തക്ക സമയത്തു ചൂണ്ടിക്കാണിക്കേണ്ട ചുമതലയുണ്ടു്. കൃഷിക്കാരനു് സ്വന്തം രക്ഷക്കു് ഉൽപ്പാദനം കുറയ്ക്കുകയാണ് നല്ലതെന്ന സത്യം തുറന്നുപറയാതിരിക്കാൻ പററുമോ? അങ്ങനെ പറയിപ്പിക്കാൻ വഴിവെച്ചു കൊടുക്കുന്നവർക്കു് ഇനിയും കാര്യം മനസ്സിലാവുന്നില്ലല്ലോ എന്നോർത്തു ഞാൻ വ്യസനിക്കുകയാണ്. വേദന നിറഞ്ഞ ഈ പരമാർത്ഥം ഊന്നിപ്പറയേണ്ടതിവിടെ വച്ചല്ലേ? നമ്മുടെ രാജ്യരക്ഷയേയും രാജ്യാഭിവൃദ്ധിയേയും സാരമായി ബാധിക്കും ഈ ബിൽ എന്ന കാര്യം മറക്കാതിരിക്കുക. ഈ 53-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇത്രയേ ഉദ്ദേശമുള്ളു, 16 എന്നുള്ളതു് 14 ആയിട്ടെങ്കിലും ചുരുക്കുക. വിശേഷിച്ചു് നിലങ്ങളെ സംബന്ധിച്ചിടത്തോളം, നെൽകൃഷിയെ സംബന്ധിച്ചിടത്തോളം നിർബന്ധപൂർവ്വം 12 ഇരട്ടിയായി ചുരുക്കണം. ഇല്ലെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നെല്ലുൽപ്പാദനം കാര്യമായി കുറയുമെന്നു ഭയപ്പെടുന്നു. തിരുവനന്തപുരം മുതൽ തൃശ്ശൂർ ജില്ല വരെയുള്ള ജില്ലകളിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ പകുതിയിലധികം നെല്ലു് ഉൽപ്പാദിപ്പിക്കുന്ന ജില്ലയാണ് പാലക്കാടു ജില്ല എന്നു കാണാൻ കഴിയും. ഗവണ്മെൻറിന്റെ തന്നെ കണക്കുകളിൽ നിന്നാണിതു് എടുത്തതു്. കേരളത്തിന്റെ നെല്ലറയാണെന്നവകാശപ്പെടുന്ന പാലക്കാട്ടു ജില്ലയിൽ ഈ നിയമം വരുത്തിവെയ്ക്കുന്ന വിന പറഞ്ഞാലൊടുങ്ങാത്തതാണ്. മന്ത്രി ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ? പാലക്കാട്ടെ നെല്ലുൽപ്പാദനം കുറയാനിടയായാലത്തെ സ്ഥിതിയെന്താവുമെന്നാലോചിച്ചിട്ടുണ്ടോ? അതിനു വഴിവെച്ചു കൊടുക്കുന്ന ഈ ബില്ലും ഈ വകുപ്പും വേണ്ടവിധം മാററിത്തീർത്തേ പററൂ. പാക്കേജ് പദ്ധതി നടപ്പാക്കിത്തുടങ്ങിയ ജില്ലയാണ് പാലക്കാട്ടു്. നെൽകൃഷി ഇനിയും അഭിവൃദ്ധിപ്പെടുത്താൻ അവിടെ സാദ്ധ്യതകൾ ധാരാളമാണ്. അതിനു തടസ്ഥം നിൽക്കും ഈ ബില്ലെന്നു് ഞാനുറപ്പിച്ചുപറയുന്നു. കൂടുതൽ വിളവുണ്ടാക്കാൻ തടസ്ഥം ചെയ്യുന്നതാണ് ഈ ബിൽ എന്നു ഞാൻ കുററപ്പെടുത്തുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുകയല്ലാതെ, തടസ്ഥം ചെയ്യുന്ന പണി നിർത്തണം. നെൽവയലുകളുടെ പ്രതിഫലം 12 ഇരട്ടിയാക്കണമെന്നു പൊതുവിൽ അംഗീകരിക്കപ്പെടുമെന്നാണ് കാണുന്നതു്. പ്രതിഫലത്തോതു കുറക്കണമെന്നു് ഞാൻ വീണ്ടും ആവശ്യപ്പെടുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 16 എന്നുള്ളതു് മര്യാദപ്പാട്ടത്തിന്റെ 10 ഇരട്ടി എന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ഭേദഗതിക്കാധാരമായ കാര്യങ്ങൾ മുമ്പിവിടെ സൂചിപ്പിച്ചു കഴിഞ്ഞതാണ്. പാട്ടം കഴിഞ്ഞപ്രാവശ്യത്തെ നിയമത്തിൽ ഉള്ളതിനെ അപേക്ഷിച്ചു് പലതോതിലും കൂടുന്നുണ്ടെന്നുള്ള വസ്തുത ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞതാണ്. എന്തു ന്യായം പറഞ്ഞാലും ശരി ഈ വസ്തുത വസ്തുതയായിട്ടുതന്നെ അവശേഷിക്കുകയാണ്. മലബാർ ഭാഗത്തു് മൊത്ത വിളവിന്റെ ആറിലൊന്നും ചില ഭാഗങ്ങളിൽ തൃശ്ശൂർ ജില്ലയിൽ അഞ്ചിലൊന്നും ഒക്കെ ആയിരുന്ന പാട്ടത്തോതു് ഏകീകരിച്ചു് ഇപ്പോൾ നാലിലൊന്നാക്കിത്തീർത്തതിന്റെ പേരിൽ പാട്ടം കൂടിയിട്ടുണ്ടു്. ജലസേചന പദ്ധതികളുടെ പ്രയോജനം ജന്മിമാർക്കുകൂടി ഉപയോഗിക്കത്തക്ക നിലയിൽ മൊത്തവിളവു് കണക്കാക്കണമെന്ന വ്യവസ്ഥ അംഗീകരിച്ചതിന്റെ ഫലമായി രണ്ടു വിളവും കണക്കാക്കുന്ന സമയത്തു് മലബാർ കുടി

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

യായ്മ നിയമത്തിലുണ്ടായിരുന്ന വ്യവസ്ഥയിൽ രണ്ടാം വിളയുടെ പകുതി കണക്കാക്കി വന്നിരുന്നതു് വേണ്ടെന്നു വച്ചതിന്റെ ഫലമായും ഇങ്ങനെ പല തരത്തിലും മൊത്തവിളവിന്റെ നാലിലൊന്നു് എന്നു കണക്കാക്കിയതോടു കൂടി പാട്ടത്തിന്റെ തോതു വളരെയധികം കൂടിയിട്ടുണ്ടു്. ഇങ്ങനെ പാട്ടത്തിന്റെ തോതു കൂട്ടി ജന്മിമാക്കു് കൂടുതൽ പാട്ടം ഈടാക്കികൊടുക്കുക എന്ന കാര്യമാണു് ഈ ബില്ലിൽ ചെയ്യുന്നതു്. ഞങ്ങൾ ഈ നിയമത്തെ സംബന്ധിച്ചു് ആദ്യം ജനറൽ ഡിസ്കഷൻ നടന്ന സന്ദർഭത്തിലും ഡെഫനിഷൻ ക്ലാസ് ഡിസ്കസ് ചെയ്ത സന്ദർഭത്തിലും ഒക്കെ പറഞ്ഞ കാര്യങ്ങൾതന്നെ ഇതിന്റെ അവസാനംവരെ പരാമർശിക്കപ്പെട്ടു എന്നു വരും. കാരണം കുടിയാനു കൂടുതൽ ദോഷവും ജന്മിമാക്കും അതുപോലുള്ള ഭൂസ്വത്തുടമകൾക്കും കൂടുതൽ ഗുണവും ചെയ്യുന്ന എന്നുള്ളതാണു് അടിസ്ഥാനപരമായ ഈ ബില്ലിന്റെ നേരെയുള്ള വിമർശനം. ഈ വിമർശനം ശരിയാണെന്നു മനസ്സിലാകത്തക്ക ഉദാഹരണങ്ങൾ ഓരോ വകുപ്പുകളും വരുന്ന അവസരത്തിൽ എടുത്തുകാണിക്കേണ്ടതുണ്ടു്. അത്തരത്തിലാണു് ഈ നിയമം തയ്യാറാക്കിയിരിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രി ഇതിനു മറുപടി പറയുന്ന സമയം വളരെയധികം അലസമായി ഇതെല്ലാം ഇങ്ങനെ പോകും, അടിസ്ഥാന രഹിതമായ ആക്ഷേപങ്ങൾ എന്നൊക്കെ ഒററ വാക്കിൽ പറഞ്ഞതുകൊണ്ടായില്ല. ധൈര്യമുണ്ടോ, എങ്കിൽ വസ്തുനിഷ്ടമായി വിശദീകരിക്കുന്നതിനുള്ള ബാദ്ധ്യത അദ്ദേഹത്തിനുണ്ടു്. ഈ നിയമസഭ വെറുതെ സമയം കളയുന്നതിനു വേണ്ടിയുള്ളതല്ല. രാജ്യത്തു് വളരെയധികം ജോലികൾ തീർക്കാനുള്ള ഈ സന്ദർഭത്തിൽ നിയമസഭ കുറെയധികം നീട്ടണമെന്നുള്ള നിർബന്ധം ആർക്കും ഇല്ല. ധാരാളം പണച്ചെലവാണു്. ജനങ്ങളുടെ പണം ഇങ്ങനെ അനാവശ്യമായി ചെലവാക്കുന്നതു് നല്ലതല്ല. പണച്ചെലവു് അധികമാകുന്നു എന്നുണ്ടെങ്കിൽ ദീർഘമായി ചർച്ചചെയ്തു് പാസ്സാക്കിയ ഒരു നിയമമല്ലേ പഴയ നിയമം, അതു മതിയായിരുന്നല്ലോ. വളരെയധികം പണം ചെലവുചെയ്തു് രാജ്യത്തിന്റെ സമ്പത്തു് വളരെയധികം വ്യയം ചെയ്തു് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമം മാററി മറെറാരു നിയമം കൊണ്ടുവരുന്ന സന്ദർഭത്തിൽ എന്താണു് വന്നുഭവിച്ചതു് എന്നു് തെളിയിക്കേണ്ട ബാദ്ധ്യത ഗവണ്മെന്റിനുണ്ടു്. ആ ബാദ്ധ്യത ഗവണ്മെന്റിനു ബോദ്ധ്യപ്പെടുത്താൻ സാധിക്കാത്ത നിലയിൽ ജന്മിമാക്കു് അനുകൂലമായ ഒരു നിലപാടാണു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. ഈ ആനുകൂല്യം ആവർത്തനത്തെ സംബന്ധിച്ചു് പറഞ്ഞപ്പോൾ ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞതുപോലെ ആയുർവേദത്തിലെ ക്ഷീരബല 101 പ്രാവശ്യം ആവർത്തിച്ചാൽ മാറാത്ത ചില രോഗങ്ങൾ മാറും. വൈദ്യൻ കല്പിക്കുന്ന ഒരു ചികിത്സ എന്ന നിലയ്ക്കു് ആ ചികിത്സയ്ക്കു പ്രയോജനമുണ്ടെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു് ആവർത്തനം എന്നുള്ള നിലയ്ക്കു് തള്ളിക്കളയാതെ ബഹുമാനപ്പെട്ട മന്ത്രി വളരെ ചുമതലാബോധത്തോടുകൂടിയുള്ള ഒരു സമീപനം എടുക്കണമെന്നാണു് എന്റെ അഭ്യർത്ഥന. ചെറുകിട ജന്മിമാരുടെ കാര്യമെടുക്കുമ്പോൾ വേണ്ടത്ര നീതി കാണിച്ചില്ല എന്നു പറഞ്ഞുകൊണ്ടു് ഈ വ്യവസ്ഥ ഈ രീതിയിൽ കൊണ്ടുവരാൻ സാധിക്കുമോ? കാർഷിക ബന്ധനിയമത്തിൽ രണ്ടുകൂട്ടരോടും നീതി കാണിക്കണമെന്നാണു് പറയുന്നതു്. രണ്ടുകൂട്ടരോടും നീതി കാണിക്കത്തക്ക വിധത്തിലുള്ള അടിസ്ഥാന തത്വമാണു് അതിലുള്ളതു്. പ്രതിഫലം കൂടാതെ ജന്മിത്വം അവസാനിപ്പിക്കുക എന്നുള്ളതു് കോൺഗ്രസ്സും അംഗീകരിച്ചിരുന്ന മുദ്രാവാക്യമായിരുന്നു, അതൊരു സമൂഹ സംഘടനയായിരുന്ന സന്ദർഭത്തിൽ. പിന്നെ ഭരണഘടനാതത്വം അംഗീകരിച്ചതോടുകൂടി മുദ്രാവാക്യത്തിൽ ചില മാററങ്ങൾ വന്നിട്ടുണ്ടു്. ഇപ്പോഴും പ്രതിഫലം കൂടാതെ ജന്മിത്വം അവസാനിപ്പിക്കണമെന്നു് ആരും പറയുകയില്ല. പക്ഷേ പ്രതിഫലത്തിന്റെ തോതു് ഇപ്പോൾ പാസ്സാക്കപ്പെട്ട ബില്ലിൽ വളരെയധികം കൂട്ടിയിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ സ്വീകരിച്ചിട്ടുള്ളതു് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമോ, കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശമോ, അതല്ലെങ്കിൽ കോൺഗ്രസ്സിന്റെ നിർദ്ദേശമോ, അതല്ല ജന്മിമുതലാളിമാരുടെ നിർദ്ദേശമോ ഏതാണെന്നു് അദ്ദേഹംതന്നെ

പറയണം. പക്ഷേ ജന്മിയുടെ നിർദ്ദേശമാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. കുടിയാനും കൃഷിക്കാരനും വളരെയധികം ദ്രോഹം ചെയ്യുന്ന പല വകുപ്പുകളിൽ ഒന്നു് എന്നുള്ള നിലയ്ക്കു് ഇതിനെ ഞാൻ ശക്തിയായി എതിർക്കുകയും പണ്ടത്തെ തോതു വരത്തക്ക നിലയിൽ ഈ ഭേദഗതി അംഗീകരിക്കുകയും ചെയ്യണമെന്നാണു് എന്റെ അഭ്യർത്ഥന.

ശ്രീ. എൻ. ഗോപാലക്കുറുപ്പു്: സർ, ഞാൻ എന്റെ 1268-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിരിക്കയാണു്:

In clause 53, after (iii) and before the explanation add a new proviso:

"Provided in the case of kanam tenants the purchase price shall be eight times the fair rent in respect of the holding, the value of structures, wells and embankments of a permanent nature constructed by the land lord or intermediaries, if any". എന്നുള്ള

ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് ടെനൻസിയെ രണ്ടു തരത്തിൽ വേർതിരിക്കണം എന്നാണു്. വെറും പാട്ടക്കാരും, കാണപ്പാട്ടക്കാരും എന്ന രണ്ടു തരത്തിൽ. അതിനു എനിക്കു അടിസ്ഥാനമായി എടുത്തു കാണിക്കുവാനുള്ളതു് കാണം ടെനൻസി വളരെ പഴക്കമുള്ളതും വസ്തു ആകെ ഒരു തരത്തിലും മെച്ചപ്പെടുത്തുന്നതിനുമുമ്പുള്ള ഘട്ടത്തിൽ കാണാർത്ഥമെന്നുള്ള പേരിലും മററു പല പേരിലും ഇന്നത്തെ വിലയിൽ പകുതിയോളമെങ്കിലും വരുന്ന ഒരു തുക പ്രതിഫലം പററിക്കൊണ്ടു് എടുത്തിട്ടുള്ളതുമാണു്. കാണം വസ്തുക്കളിൽ നിന്നും ഇതിനും പുറമേ പൊളിച്ചെഴുത്തു നടത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നതിന്റെ ഫലമായിട്ടു് പല വസ്തുക്കളും പൊളിച്ചെഴുതിയതിന്റെ ഫലമായിട്ടു അതിന്റെ വിലയോളം കൊടുക്കുകയും ചെയ്തുകഴിഞ്ഞു. ഇനി ഇപ്പോൾ പറയുന്നതു അനുസരിച്ചാണെങ്കിൽ അന്നു നിശ്ചയിച്ചിരുന്ന ഒരു ചെറിയ തുക കാണപ്പാട്ടമായും മററു പല കാഴ്ചകളായും കൊടുത്തിരിക്കുന്നതിനു പുറമെ പൊളിച്ചെഴുത്തു ഫീസ് തുടങ്ങി മററു പലതും കൊടുത്തു കഴിഞ്ഞതിനു ശേഷം, അങ്ങനെ യഥാർത്ഥത്തിൽ വിലയോളം വരുന്ന ഒരു സംഖ്യ കൊടുത്തു കഴിഞ്ഞതിനു ശേഷം ഫെയർ റെൻറിന്റെ 16 ഇരട്ടിയോളം പിന്നീടു കൊടുക്കണമെന്നു പറഞ്ഞാൽ അതിൽ അനീതി വരുമെന്നാണു് എന്റെ അഭിപ്രായം. മലബാർ പ്രദേശത്തു ജന്മം റൈററു കൊടുത്താൽ വില കിട്ടുകയില്ല എന്നും തിരുവിതാംകൂർ പ്രദേശത്തു് ടെനൻസി റൈററു കൊടുത്താൽ വില കിട്ടുകയില്ല എന്നും ഉള്ള വ്യത്യാസം പറഞ്ഞതുപോലെ കാണം വസ്തുക്കളുടെ ജന്മാവകാശം വിലയ്ക്കു കൊടുത്താലും വാങ്ങാൻ ആളുകൾ തിരുവിതാംകൂർ പ്രദേശത്തു് ഇല്ല. കാരണം കാണം വസ്തുക്കളുടെ ജന്മാവകാശത്തിനു അത്രമാത്രമേ തിരുവിതാംകൂർ പ്രദേശത്തുള്ളവർ വില കല്പിച്ചിട്ടുള്ളു. ഈ ബിൽ അവതരിപ്പിക്കുന്നതിനും മുമ്പു്, കാർഷിക ബന്ധ നിയമം ചർച്ചചെയ്യുന്നതിനു എത്രയോ മുമ്പു മുതൽ കാണം വസ്തുക്കളിൽ ആകെ സ്ഥിരാവകാശം കുടിയാനു കൊടുത്തു കഴിഞ്ഞതാണു്. അത്തരം വസ്തുക്കളിൽ കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചതുപോലെ ഗവണ്മെൻറുതന്നെ പണയമായിസ്വീകരിച്ചുകൊണ്ടു കടം വരെ എടുക്കുന്നുണ്ടു്. ആ വസ്തുക്കളിൽ ഇനിയും വിലയോളം വരുന്ന ഒരു തുക പ്രതിഫലമായി കൊടുത്തു അർത്ഥമില്ലാത്ത ജന്മാവകാശം വാങ്ങിക്കണമെന്നു കൊണ്ടുവരുന്നതു നീതീകരിക്കത്തക്കതല്ലാത്തതുകൊണ്ടു് കാണം ടെനൻസി വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഫെയർ റെൻറിന്റെ എട്ടിരട്ടിയിൽ കവിയാത്ത തുക മാത്രമേ നിശ്ചയിക്കാവൂ. ഇതിൽ വസ്തു ഉടമസ്ഥനു എത്രയോ തലമുറയ്ക്കുമുമ്പു് അവരുടെ തണ്ടപ്പേരിൽ ഉണ്ടായിരുന്ന അർത്ഥം കഴിഞ്ഞു. അവർ അറിയാതെ കുടിയാനിൽ നിന്നും വസ്തുക്കളുടെ ജന്മികൾക്കു് ധാരാളം പ്രതിഫലം കിട്ടാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതു അനാവശ്യമാണു്. ഈ രണ്ടു ടെനൻസിയേയും രണ്ടു തരത്തിൽ കണക്കാക്കണമെന്നു കാണിക്കുവാൻ വേണ്ടിയാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി കുടിയിരിപ്പുകാരെ സംബന്ധിച്ചുള്ളതാണ്. വില കണക്കാക്കുന്നതു ഫെയർ റെൻറിൻെറ 12 ഇരട്ടിയുടെ 75 ശതമാനം ആയിരിക്കണമെന്നും, അതിനുള്ള പലിശ കണക്കാക്കുന്നതു് നാലര ശതമാനം ആയിരിക്കണമെന്നുമാണ് ഞാൻ അതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ നിയമം വരുന്നതിനും എത്രയോ കൊല്ലം മുമ്പു ഉണ്ടായിരുന്ന കുടിയിരുപ്പുകൾ പരിശോധിച്ചാൽ നാലണ മുതൽ 8 അണ 1 ഉറുപ്പികവരെ പാട്ടം നിശ്ചയിച്ചിട്ടുണ്ടാകും. വസ്തുവാണെങ്കിൽ ഒരു പതിനഞ്ചോ, മുപ്പതോ, എഴുപത്തഞ്ചു സെൻറാ കൂടിയാൽ ഒരു ഏക്കർ വരേയോ കാണും. ഇങ്ങനെയുള്ള കുടിയിരിപ്പുകൾക്കു് നാലണ പാട്ടം നിശ്ചയിച്ചിട്ടുണ്ടെങ്കിൽപോലും മുമ്പുള്ള ഉടമസ്ഥന്മാർ അവ വാങ്ങുകയില്ല. അടുത്തുള്ള ജന്മിയാണെങ്കിൽ തൽക്കാലം ചോദിച്ചു എന്നു വരാം. അല്ലെങ്കിൽ ആ കുടിയിരിപ്പിൽ വല്ല പച്ചക്കറികളും, വാഴക്കുല, ചേന മുതലായവയും കൊണ്ടു കൊടുക്കുകയാണെങ്കിൽ അതു പാട്ടമായിട്ടു അംഗീകരിക്കും. അതൊരു പ്രശ്നമല്ല. അങ്ങനെയുള്ള കുടിയിരിപ്പുകൾക്കു് ഇന്നു നമ്മൾ ഈ വകുപ്പിൽ അംഗീകരിച്ചിരിക്കുന്ന വകുപ്പുപ്രകാരം വരാൻ പോകുന്ന മര്യാദപ്പാട്ടം എങ്ങനെയിരിക്കുമെന്നു പരിശോധിക്കുമ്പോഴാണ് അതിൻെറ ഭയങ്കരത മനസ്സിലാകുന്നതു്. കുടിയാൻ വച്ചുപിടിപ്പിക്കുന്ന തെങ്ങു്, നാലോ അഞ്ചോ ചിലപ്പോൾ ആറോ ഏഴോ തെങ്ങുകൾ ഓരോ കുടിയിരിപ്പിലും ഉണ്ടായിരിക്കും. പാലക്കാട്ടെ കിഴക്കൻ താലൂക്കിൽ തെങ്ങു വച്ചുപിടിപ്പിക്കാൻ വളരെ പ്രയാസമാണ്. കാരണം വേനൽക്കാലത്തു നാലഞ്ചുമാസം വെള്ളം കോരി ഒഴിച്ചു് പിടിപ്പിക്കണം. അല്ലെങ്കിൽ തെങ്ങു പിടിക്കുകയില്ല. അത്ര പ്രയാസപ്പെട്ടിട്ടാണ് ഉണ്ടാക്കുക. 1921—ലെ നിയമം, 1954—ലെ നിയമം, 1960—ലെ നിയമം ഇതൊക്കെ വരുന്നതിനുമുമ്പുതന്നെ കുടിയാൻ വച്ചുപിടിപ്പിക്കുന്ന തെങ്ങുകൾക്കു ജന്മി പാട്ടം ചോദിക്കില്ലെന്നവകാശം പറയുകയില്ല; പിന്നെ നാലണ പാട്ടം ഉണ്ടു്. അതും ജന്മി ചോദിക്കുകയാണെങ്കിൽ കൊടുക്കും, ഇല്ലെങ്കിൽ കേസ്സ് ഇല്ല. ഇപ്പോൾ പാസ്സാക്കിയിട്ടുള്ള വകുപ്പുപ്രകാരം പത്തു തെങ്ങു ഒരു കുടിയാൻ വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അതിൻെറ പത്തിലൊന്നു മര്യാദപാട്ടം നിശ്ചയിച്ചു അതിൻെറ പതിനാറിരട്ടി പ്രതിഫലമായിട്ടു കൊടുക്കണമെങ്കിൽ എന്താണ് സ്ഥിതി. മുൻ നിയമമനുസരിച്ചു നാലണ, അതിൻെറ ഒൻപതു ഇരട്ടി അതുപ്രകാരമുള്ള കുടിയിരിപ്പുവിലയ്ക്കു് വാങ്ങാനുള്ള വകുപ്പു കഴിഞ്ഞ നിയമത്തിൽ നടപ്പിലായതിനുശേഷവും വളരെ ചുരുക്കം ആളുകൾ മാത്രമേ ഹർജി കൊടുത്തിട്ടുള്ളു. കാരണം ജന്മാവകാശം ഒരത്യാവശ്യമായി കുടിയിരിപ്പുകാർ കരുതിയില്ല. അല്ലെങ്കിൽ അത്ര ചെറിയ തുകപോലും അവരുടെ കയ്യിലില്ല. ഇപ്പോൾ ഈ വകുപ്പിൻെറ ഫലമായി വരുന്ന ധാരാളം തുക ജന്മികൾ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനു ലാൻറു ട്രൈബ്യൂണലുകളിൽ അപേക്ഷ കൊടുക്കുകയാണെങ്കിൽ സാധിക്കുമെന്നുള്ളതുകൊണ്ടു് കുടിയാൻ കൊടുക്കേണ്ടതായിട്ടു വരും ഈ വ്യവസ്ഥ അനുസരിച്ചു്. അങ്ങനെ മര്യാദപ്പാട്ടം കണക്കാക്കുന്ന അവസരത്തിൽ ഓരോ കുടിയിരിപ്പിനും 20 രൂപയോ, 35 രൂപയോ മര്യാദപ്പാട്ടമായി വരും. ജന്മികൾ സാധാരണ പാട്ടം ഉപേക്ഷിക്കുന്നതു് വെറും നാലണയായതുകൊണ്ടാണ്. ഈ 25 രൂപയോ 35 രൂപയോ പാട്ടം കിട്ടുമെങ്കിൽ ആരാണ് അതു ഉപേക്ഷിക്കുക. ഒരു ജന്മിയും ഉപേക്ഷിക്കുകയില്ല. മലബാർ ഭാഗത്തു ഹരിജനങ്ങൾ മുഴുവൻതന്നെയും ഇത്തരത്തിലുള്ള കുടിയിരിപ്പുകാരാണ്. ഇത്തരം പാട്ടം നിശ്ചയിക്കുന്നതു അവരോടു ചെയ്യുന്ന വലിയ ഒരു വഞ്ചനയാണ്. വേണമെന്നു ജന്മികൾ ആവശ്യപ്പെട്ടിട്ടില്ല. ശ്രീ. രാഘവമേനോനുപോലും അറിവുണ്ടായിരിക്കുകയില്ല ഇത്രയും വലിയ ഒരു തുക പാട്ടമായിട്ടു കിട്ടാനുണ്ടെന്നുള്ള വസ്തുത. ജലസേചനപദ്ധതികളുടെ കനാലും മററും പോകുന്ന ഭാഗത്തുള്ള സ്ഥലങ്ങളിൽ മിക്കവെറും കുടിയിരുപ്പു പറമ്പുകൾ ഒരു ഭാഗം ഇരിപ്പു നിലങ്ങളായി മാറിയിട്ടുണ്ടാവും. ജലം കിട്ടാത്ത സ്ഥലങ്ങൾ വെട്ടിക്കിളച്ചു വല്ല കൃഷിയും ചെയ്തിരിക്കും. നിലങ്ങളിൽനിന്നും 25 പറ നെല്ലു കിട്ടാൻ സൗകര്യം ലഭിച്ചിരിക്കും. ഇവയെല്ലാം ഇത്തരത്തിൽ പ്രതിഫലം കൊടുക്കണമെന്നു പറഞ്ഞാൽ ജന്മിയും, കുടിയാനും ഇതുവരെ ആലോചിച്ചിട്ടില്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാകും, അതു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഭയങ്കരമാണ്. ഇതുമാതിരി രണ്ടുമൂന്നു ഭേദഗതികൾ ഞാൻ കൊണ്ടുവന്നിട്ടുണ്ട്, എനിക്കു മുമ്പു സംസാരിച്ച സ്നേഹിതന്മാരുടെ അഭിപ്രായത്തിനു സമാന്തരമായിട്ട്. പതിനാറിരട്ടി 12 ഇരട്ടിയാക്കണമെന്നുള്ളതാണ് അതിൽ ഒന്ന്. അങ്ങനെ പന്ത്രണ്ടു ഇരട്ടിയാക്കുകയാണെങ്കിൽത്തന്നെയും ഇന്നത്തെ മാർക്കറ്റുവിലയെക്കാൾ കൂടുതലാണ്. വെറും പറമ്പുകൾ മലബാർ പ്രദേശത്തുള്ളതു, ഏക്കറിനു 250 രൂപ കൊടുത്താൽ എത്ര വേണമെങ്കിലും കിട്ടും ടൗൺ ഒഴിച്ചു ബാക്കിയുള്ള സ്ഥലത്തു. വെറും പറമ്പിനെ സംബന്ധിച്ചു ഉൽപ്പന്നത്തിന്റെ എട്ടിലൊന്നു മര്യാദപ്പാട്ടം കണക്കാക്കി പതിനാറിരട്ടി കൊടുക്കണമെന്നു പറഞ്ഞാൽ അതു കമ്പോള നിരക്കിൽനിന്നും കൂടുതൽ ആകും. ഈ പറമ്പുകളിൽ നിലക്കടല, കിഴങ്ങ് മുതലായവ കൃഷി ചെയ്തിട്ടുണ്ടായിരിക്കും. എൻ. ഈ എസ്. ബ്ലോക്ക് വന്നതുകൊണ്ടും ഗ്രാമസേവകന്മാർ ഇറങ്ങി പ്രവർത്തിക്കുന്നതുകൊണ്ടും യാതൊരു സ്ഥലവും തരിശായി ഇടരുതെന്നു അവിടുള്ള കൃഷിക്കാർക്കു തോന്നിയിട്ടുണ്ട് ഇപ്പോൾ അതിന്റെയൊക്കെ ഫലമായിട്ടു തരിശിടാതെ എന്തെങ്കിലും കൃഷി ചെയ്തിട്ടുണ്ടാകും. അപ്പോൾ ഈ നിയമത്തിന്റെ ഷെഡ്യൂളിൽ പറയുന്നപ്രകാരം മര്യാദപ്പാട്ടം നിശ്ചയിച്ച് അതിന്റെ 16 ഇരട്ടി വില കണക്കാക്കുകയാണെങ്കിൽ മലബാർ ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഭയങ്കരമാണ്. വെറുംപാട്ട കുടിയാന്റെ കൈവശം ഉള്ള ഭൂമി കുടിയാനു വിൽക്കുവാൻ മിക്ക ജന്മികളും തയ്യാറാണ്. പക്ഷേ ഈ വകുപ്പ് നടപ്പിൽ വരുകയാണെങ്കിൽ അങ്ങനെ വിൽക്കേണ്ടതില്ല എന്നു ജന്മി തീരുമാനിക്കും. കുടിയാന്റെ കൈവശമുള്ള ഇരുപ്പു നിലത്തിനു ഇന്നു ജന്മികളാവശ്യപ്പെടുന്ന മാർക്കറ്റുവില 35 പറ നെല്ല് പാട്ടത്തിന് 1000 രൂപയാണ്. ഇതേ വസ്തുക്കൾക്ക് ഈ വകുപ്പുപ്രകാരം മര്യാദപ്പാട്ടം കണക്കാക്കി ആറര ശതമാനം പലിശ കൊടുക്കണമെന്നൊക്കെ പറയുമ്പോൾ അതു മാർക്കറ്റുവിലയുടെ ഇരട്ടിയോടടുക്കും. ഇതു ഒരിക്കലും ജന്മി പ്രതീക്ഷിച്ചിട്ടുള്ളതല്ല. കുടിയാനു കൊടുക്കുവാൻ കഴിയാത്തതുമാണ്. കരാറുപാട്ടം കൊടുക്കുവാൻ മഴക്കേടുകൊണ്ടും കാലക്കേടുകൊണ്ടും സാധിക്കാതെവരുമ്പോഴാണ് മിക്കവർക്കും പാട്ടബാക്കി വരിക. അങ്ങനെയുള്ള കുടിയാൻ പതിനാറിരട്ടിയോടു അടുക്കുന്ന ഒരു തുക പ്രതിഫലം കൊടുക്കണമെന്നു പറഞ്ഞാൽ അതു കുടിയാനെക്കൊണ്ടു സാധിക്കാത്തതാണ്. അവരിൽനിന്നും ആറര ശതമാനം നിരക്കിൽ പലിശ ഈടാക്കുന്നതാണെന്നു പറഞ്ഞാൽ വലിയ തകരാർ ഉണ്ടാകും. മുമ്പു ഒരു നിയമവും ഇല്ലാതിരുന്ന കാലത്തു തുടങ്ങിവച്ച ഏർപ്പാടിന്റെ ഫലമായിട്ടു എന്തെങ്കിലും ആനുകൂല്യം കുടിയാനു ലഭിച്ചിരുന്നുഎങ്കിൽ ഈ 63-ൽ സോഷ്യലിസം നടപ്പിലാകുന്ന അവസരത്തിൽ അവർക്കു ലഭിക്കുന്നതു ഇതാണോ എന്നു നാം ഓർക്കണം. എന്നാൽ ഒരു സംഗതിയുണ്ട്. ജന്മികൾക്കുവേണ്ടിയാണ് ഞങ്ങൾ ഇതു തുടങ്ങുന്നതെന്നു ഭരണകക്ഷിയിൽ ആരും പറയുന്നില്ല. കുടിയാനുവേണ്ടിയാണെന്നു പറയുന്നുമുണ്ട്. ഇതു കാണുമ്പോൾ എനിക്കു ഒരു കാര്യം ഓർമ്മയിൽ വരികയാണ്. ശ്രീരാമന്റെ പാദുകപട്ടാഭിഷേകം. ശ്രീരാമനെ കാട്ടിലയച്ചിട്ടു ഭരതൻ ശ്രീരാമന്റെ മെതിയടികൾ കൊണ്ടുവന്നു പട്ടാഭിഷേകം ചെയ്തു രാജ്യം ഭരിച്ചിരുന്നു. അതുപോലെ ജന്മികളുടെ പാദുക പട്ടാഭിഷേകമാണ് ഈ ബിൽ പാസ്സാക്കുന്നതിൽ കാൺഗ്രസ് കക്ഷി സ്വീകരിച്ചിരിക്കുന്ന നിലപാട്. ഇങ്ങനെ ജന്മികളെ രക്ഷിക്കാനും കുടിയാന്മാരെ നശിപ്പിക്കുവാനും കൽപ്പിച്ചുകൂട്ടി കൊണ്ടുവന്നിരിക്കുന്ന ഈ വകുപ്പു മാററിയേ തീരൂ. ഞാൻ അതിനെ എതിർക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കാമ്പൻസേഷൻ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് ഇപ്പോൾ ഇവിടെ ചർച്ച നടത്തുന്നതു. സർ, ഇതു ഈ ബില്ലിലെ ഏററവും പ്രധാനപ്പെട്ട ഒരു വകുപ്പാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇന്നു ഭൂഉടമ ബന്ധങ്ങളെ സാരമായി ബാധിക്കുന്ന ഒരു നിയമം നമ്മുടെ രാജ്യത്തു കൊണ്ടുവരികയാണ്. സർ, ഇത്രമാത്രം പ്രാധാന്യമർഹിക്കുന്ന ഒരു നിയമനിർമ്മാണം ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ ആവശ്യങ്ങളുമായി എങ്ങനെ പൊരുത്തപ്പെടുന്നുണ്ടെന്നു നാം ആലോചിക്കണം. എന്റെ സ്നേഹിതൻ ശ്രീമാൻ ബലറാം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറ

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

ഞ്ഞതുപോലെ സ്വാതന്ത്ര്യസമരം നടന്ന കാലഘട്ടത്തിൽ നമ്മുടെ ദേശീയ നേതാക്കന്മാർക്കുണ്ടായിരുന്ന അഭിപ്രായം എന്തായിരുന്നു എന്നു കണക്കിലെടുക്കണം. നമ്മുടെ മഹത്തായ ഭരണഘടനയുടെ വിധാതാക്കൾക്കുണ്ടായിരുന്നതായ അഭിപ്രായങ്ങൾ എന്താണെന്നുള്ളതും നാം ആലോചിക്കേണ്ടതുണ്ട്. ഇവിടെ ഇതുവരെ നടന്ന ഡിസ്കഷന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ നാം പ്രത്യേകമായി ആലോചിക്കണം. പ്ലാനിംഗ് നാം അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. കാൺഗ്രസ് അംഗീകരിച്ചിട്ടുള്ള നയം ഇവിടെ സോഷ്യലിസം വളരെ വേഗം നടപ്പാക്കണമെന്നുള്ളതാണ്. അതോടൊപ്പംതന്നെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ അങ്ങേയററം പ്രാധാന്യം കൊടുക്കണമെന്നും തീരുമാനിച്ചിട്ടുള്ള കാര്യങ്ങളാണ്. അങ്ങനെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു ഈ നിയമനിർമ്മാണം എത്രമാത്രം ഉപയോഗപ്പെടുത്താം എന്നുള്ള കാര്യവും ആലോചനാവിഷയമായിട്ടുള്ളതാണ്.

ഇവിടെ കാമ്പൻസേഷൻ കൊടുക്കുന്നതിനെപ്പററി പറയുമ്പോൾ ഈ ജന്മിമാർക്കു പഴയ കാലത്തു ഇവിടത്തെ ഭൂമി ഇത്രയധികം എങ്ങനെ കിട്ടി, ഈ ജന്മിമാരുടെ കയ്യിൽ എങ്ങനെ വന്നുചേർന്നു എന്നുള്ളതുംകൂടി നാം അന്വേഷിക്കേണ്ടതാണ്. അന്നു ഭരണാധികാരികളുടേയും, ബ്രിട്ടീഷ് മേൽക്കോയ്മ ഉണ്ടായിരുന്ന കാലത്തു അവരുടെയും സ്നേഹാദരങ്ങൾക്കു പാത്രമായിട്ടുള്ള ആളുകൾക്ക് ആയിരക്കണക്കിനും പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും ഏക്കർ ഭൂമി ദാനമായിട്ടും ഇനാമായിട്ടും കിട്ടി സ്വന്ത ഉടമാവകാശം സമ്പാദിച്ചിട്ടുള്ളതാണ്. നേരെമറിച്ച് ഈ രാജ്യത്തെ അന്നത്തെ ഭരണാധികാരികളുമായി ബന്ധപ്പെടാൻ കഴിയാത്ത ആളുകൾക്ക് നമ്മുടെ നാട്ടിലെ ഭൂമിയിൽ ഉടമാവകാശം ഉണ്ടായില്ല എന്നുള്ളതാണ് വസ്തുത. അന്നത്തെ ഭരണത്തിന്റെ അടിസ്ഥാനത്തിൽമാത്രം ഈ ജന്മിമാർക്കു കിട്ടിയിട്ടുള്ള ഭൂമിക്കു ഇന്നു നഷ്ടപരിഹാരം കൊടുക്കുമ്പോൾ ഇത്ര ഭീമമായ ഒരു തുക ഭൂമിയോടു മല്ലടിച്ചും, ഭൂമിയിൽ അദ്ധ്വാനിച്ചും ഫലഭൂയിഷ്ഠമാക്കിയും ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുള്ള കൃഷിക്കാർ കൊടുക്കണം എന്ന ഒരു നിയമം വന്നാൽ അതു കൊടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഇതു കാര്യമായി ആലോചിക്കണം എന്നു പറയുന്നതു്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ സിൽബന്ധികളായിരുന്നവർക്കു ലക്ഷക്കണക്കിനേക്കർ ഭൂമി സ്വന്തമായി പതിച്ചുകൊടുത്തിട്ടുണ്ട്. ഞാൻ ചോദിക്കുകയാണ്, ഈ കവളപ്പാറ മൂപ്പിൽനായർക്കും കല്യാട്ടുതറവാട്ടുകാർക്കും, അതുപോലെയുള്ള ആളുകൾക്കുംമററും രണ്ടു ലക്ഷവും അതിൽ കൂടുതലും ഏക്കർ ഭൂമി എങ്ങനെ ഉണ്ടായി എന്ന്. നാം ആലോചിച്ചിട്ടുണ്ടോ അവർക്കെല്ലാം ലക്ഷക്കണക്കിനേക്കർ ഭൂമി എങ്ങനെ സ്വന്തമായി എന്ന് ? ചെറുകിടക്കാർക്കുമാത്രം അൽപ്പം കൂടുതൽ കോമ്പൻസേഷൻ കൊടുക്കണമെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാം. നേരെമറിച്ചു സ്വന്തമായി ഭൂമി കണ്ടിട്ടില്ലാത്ത ആളുകൾക്കു ആ ഭൂമിയിൽ അദ്ധ്വാനിച്ചിട്ടില്ലാത്തവർക്ക് ഇന്ന് ഇവിടെ സോഷ്യലിസം പ്രഖ്യാപിച്ചിരിക്കുന്ന കാലഘട്ടത്തിൽ അമിതമായ നഷ്ടപരിഹാരം കൊടുക്കണമെന്നു പറഞ്ഞാൽ അതു അംഗീകരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, ഒരു പായിന്റ് ആഫ് ആർഡർ. ഞങ്ങൾ കാലത്തും വൈകുന്നേരവും ഇങ്ങനെ ഇരിക്കണമെന്നു പറഞ്ഞാൽ കുറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇപ്പോൾ മണി ഏഴു കഴിഞ്ഞിരിക്കുന്നു. ഇനിയും ഇതുസംബന്ധിച്ചു കുറെ അമെന്റുമെന്റുകൾ അവതരിപ്പിച്ചിട്ടുള്ളവർക്കു സംസാരിക്കേണ്ടതുണ്ട്. അതുകൊണ്ടു ബാക്കികാര്യങ്ങൾ നാളെ പറയാം എന്നു തീരുമാനിച്ചാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : ഈ ക്ലാസ് ഇന്നു കഴിയുകയില്ല. ക്ലാസ് 34 പാസ്സാക്കാതെ ഇതു പാസ്സാക്കാൻ കഴിയുകയില്ല.

ശ്രീ. സി. അച്ചുതമേനോൻ: ശ്രീമാൻ കുഞ്ഞച്ചന്റെ പ്രസംഗം കഴിഞ്ഞാൽ നിറുത്താം. കാലത്ത് എട്ടു മണിമുതൽ ഒരു മണിവരെയും, പിന്നീട് നാലു മുതൽ ഏഴുവരേയും, അതുകഴിഞ്ഞിട്ടും ഇരിക്കണം എന്നു പറഞ്ഞാൽ നാളെ കാലത്തു പിന്നെയും ഇതു തുടങ്ങണം.

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ</u> : സർ, ഈ ക്ലാസ്സിനെ സംബന്ധിച്ചിടത്തോളം വളരെയേറെ കാര്യങ്ങൾ സംസാരിക്കാനുണ്ട്. അങ്ങനെ ഒരു ക്ലാസ് തീർന്നതിനുശേഷം പിരിയാം എന്നു തീരുമാനിച്ചാൽ ഇതേപ്പററി സംസാരിക്കുന്നവരുടെ അഭിപ്രായസ്വാതന്ത്ര്യത്തെപ്പോലും തടയുകയാണ്.

അങ്ങനെ യഥാർത്ഥത്തിൽ ഇന്നു ഈ കാമ്പൻസേഷൻ കൊടുക്കുന്ന രീതിയെ ഒരുപ്രകാരത്തിലും അംഗീകരിക്കാൻ സാധിക്കുകയില്ല. അതു മാത്രമല്ല.... ....

7 P. M.] **Mr. Speaker :** Mr. Kunjachan, you may please explain your amendment.

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ</u> : ജന്മിക്കു കൂടുതൽ ഭൂമി സ്വന്തമായി ഉള്ളതുകൊണ്ടും അതിൽ അയാൾ അദ്ധ്വാനം ചെയ്തിട്ടില്ലാ എന്നുള്ള നിലയ്ക്കും ആ ആളിനു കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നതിൽ ഒരു ന്യായവുമില്ല. കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നതു് ജന്മിയുടെ അവകാശം കുടിയാനു വിട്ടുകൊടുക്കുന്നതിനാണ്. അതേസമയം നമ്മുടെ രാജ്യത്തു കൃഷിക്കാർക്ക് അവരുടെ അദ്ധ്വാനത്തിനു പ്രാധാന്യം കൊടുക്കണോ എന്നുള്ളതും ആലോചിക്കണം. തീർച്ചയായും അതിനു പ്രാധാന്യം കൊടുക്കണം. പ്രാധാന്യം കൊടുക്കേണ്ടതു ഏതു നിലയിലാണ് എന്നു നോക്കണം. കാർഷികോൽപ്പാദനം നമ്മുടെ രാജ്യത്തു വർദ്ധിപ്പിക്കണം എന്നുള്ളതാണ് നമ്മുടെ പരമപ്രധാനമായ ലക്ഷ്യം. അതു എങ്ങനെ വർദ്ധിപ്പിക്കണം. ഈ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു ഈ നിയമനിർമ്മാണം എങ്ങനെ സഹായകമാകും എന്നു കൂടി നാം പരിചിന്തിക്കേണ്ടതുണ്ട്. ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം മുമ്പുണ്ടായിരുന്ന പാട്ടം കൃഷിക്കാർ കൊടുത്താൽ പോരാ. കൃഷിക്കാർ പാട്ടത്തിന്റെ 16 ഇരട്ടിയാണ് കാമ്പൻസേഷൻ കൊടുക്കേണ്ടിവരുന്നതു്. അതിന്റെ ഫലമായി ഭൂമിയിൽ അദ്ധ്വാനിക്കുന്നതിനുള്ള പ്രോത്സാഹനം കുറയും. കാരണം ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ പാട്ടം നിശ്ചയിക്കുന്നതുകൊണ്ട് ഉൽപ്പാദനം കുറഞ്ഞാൽ പാട്ടം നിശ്ചയിക്കുന്നതു കുറയും. അങ്ങനെ പാട്ടം കുറയുകയാണെന്നുണ്ടെങ്കിൽ കാമ്പൻസേഷൻ കുറയും. നേരെ മറിച്ചാണെങ്കിൽ ഉൽപ്പാദനം വർദ്ധിക്കുമ്പോൾ റെന്റു കൂടും, റെന്റു കൂടുമ്പോൾ കാമ്പൻസേഷൻ കൊടുക്കേണ്ടതു കൂടും, അപ്പോൾ ഭൂമിയുടെ റെന്റു കൂട്ടാതിരിക്കാൻ കൃഷിക്കാരൻ നോക്കുമെന്നുള്ളതാണ് വസ്തുത. അങ്ങനെ കാർഷികോൽപ്പാദനവും ഈ നിയമനിർമ്മാണവുമായി വളരെ ബന്ധപ്പെട്ടിട്ടുണ്ടെന്നു കാണാം. പഴയകാലത്തെ ബില്ലിൽ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ റെന്റാണ് ഇപ്പോൾ കൊടുക്കേണ്ടിവരുന്നതു്. അതുകൊണ്ട് കൃഷിക്കാർ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നോക്കുകയില്ലാ, കാരണം, ഇപ്പോൾ ഭൂമി വിലയ്ക്കു വാങ്ങാൻ....

Mr. Speaker: You may please talk about the amendment.

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ</u> : കാമ്പൻസേഷൻ കൊടുക്കുന്ന കാര്യംതന്നെയാണു ഞാൻ പറയുന്നതു്.

<u>മി. സ്പീക്കർ</u> : അതു മനസ്സിലായി. മെമ്പറുടെ അമെൻറുമെൻറു് എന്താണ് ?

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ</u> : ഇവിടെ അമെൻറുമെൻറു നേരത്തേ മൂവ് ചെയ്തിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : അമെൻറുമെൻറിനെപ്പററി പറയാനുള്ളതു പറയണം.

<u>ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ</u> : ഏതു വകുപ്പിനെപ്പററിയാണ് ഈ പറയുന്നതെന്നു പറയാമോ ?

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ</u> : ഇവിടെ വന്നു ഇരുന്നുകഴിഞ്ഞാൽ വല്ലതും ശ്രദ്ധിക്കണം. ഞാൻ പറയുന്നതു ക്ലാസ് 53 അമെൻറുമെൻറു 1528. ഇന്നത്തെ നിലയ്ക്കു എത്രയോ അധികം കാമ്പൻസേഷൻ കൊടുക്കേണ്ടിവരുന്നുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

ഒരു പ്രകാരത്തിലും വർദ്ധിപ്പിക്കാൻ പാടില്ല. ഫെയർറെൻറിൻെറ 16 ഇരട്ടി എന്നുള്ളതു 12 ഇരട്ടിയോ അല്ലെങ്കിൽ കാൺട്രാക്ട്റെൻറിൻെറ 75 ശതമാനമോ whichever is less ൻെറ 12 ഇരട്ടിയോ കാമ്പൻസേഷൻ കൊടുക്കാവൂ. എന്നുള്ളതാണ് ഇന്നിപ്പോൾ 12 ഇരട്ടി എന്നു പറഞ്ഞാൽ.............

മി. സ്പീക്കർ: ന്യായങ്ങൾ എല്ലാം പറഞ്ഞല്ലോ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇനിയും പറയാം. ഇത്ര അധികം കാമ്പൻസേഷൻ കൊടുക്കേണ്ടിവരുന്നതിൻെറ ഫലമായി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോത്സാഹനം കുറയും. കാർഷികോൽപ്പാദനവുമായി ബന്ധപ്പെടുത്തിയാണ് റെൻറു നിശ്ചയിക്കുന്നതു്. അപ്പോൾ റെൻറു കുറച്ചുകൊടുത്താൽ കാമ്പൻസേഷൻ കുറയുമെന്നുള്ളതുകൊണ്ട് കാർഷികോൽപ്പാദനം കുറയ്ക്കുക എന്നുള്ള ഒരു ടെൻഡൻസിയിലേക്ക് നമ്മുടെ രാജ്യത്തെ കൃഷിക്കാർ പോകും. അങ്ങനെ ഇവിടെ കാർഷികോൽപ്പാദനം കുറയ്ക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നതു എത്രമാത്രം ശരിയാണ്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണമെന്നു ഒരുഭാഗത്തു പറയുകയും, എന്നാൽ അവർക്കു അതിലേക്കു പ്രോത്സാഹനം നൽകുന്നതിനു പകരം അവർ കൂടുതൽ കാമ്പൻസേഷൻ കൊടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്യുന്നതുകൊണ്ട് ഉല്പാദനം കുറയുകയും, അതിൻെറ ഫലമായി റെൻറു കുറയുകയും, അതോടുകൂടി കാമ്പൻസേഷൻ കൊടുക്കേണ്ടിവരുന്നതു കുറയുകയും ചെയ്യും. ഇതു രണ്ടും പരസ്പരവിരുദ്ധങ്ങളായ കാര്യങ്ങളാണ്. അതുകൊണ്ട് റെൻറിൻെറ 16 ഇരട്ടി എന്നുള്ളതു മാററീട്ട് 12 ഇരട്ടി എന്നാക്കണം.

Mr. Speaker: We have six more amendments. I do not think it will be possible to finish the Clause tod y. The House will now adjourn and meet again at 8 a. m. on Tuesday, the 19th November 1963.

The House adjourned at 7.10 p. m. to meet again at 8 a. m. on Tuesday the 19th November 1963.

LIBRARY ARCHIVES Kerala Legislative Assembly